# ചേലോറ ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം




വികസന രേഖ -1996


ചേലോറ ഗ്രാമപഞ്ചായത്ത്
N
W
E
S
വാരംപുഴ
വാർഡ്-11
കാഞ്ഞാങ്കോട്
മുണ്ടേരി പഞ്ചായത്ത്
വാർഡ്-3
വലിയന്നൂർ
പുഴാതി
പഞ്ചായത്ത്.
വാർഡ്-10
പള്ളിപ്രം
വാർഡ്-1
വാരം
സെൻട്രൽ
വാർഡ് 2
വാരം
വാർഡ് 4
വലിയന്നൂർ ഈസ്റ്റ്
വാർഡ്-12
ചേലോറ
നോർത്ത്
എളയാവൂർ പഞ്ചായത്ത്
വാർഡ്-9
ചേലോറ
വാർഡ് 5
മാച്ചേരി
വാർഡ്-8
പെരിങ്ങളായി
വാർഡ്-6
കാപ്പാട്
ചെമ്പിലോട്
പഞ്ചായത്ത്
വാർഡ്-7
തിലാന്നൂർ
എടക്കാട്
പഞ്ചായത്ത്

144 - 6

# ജനകീയാസൂത്രണ പദ്ധതി

# ചേലോറ ഗ്രാമ പഞ്ചായത്ത്

# വികസന രേഖ - 1996

*"സൃഷ്ടിപരമായ പ്രവർത്തനം വെറും തൊഴിൽദാന പരിപാടിയല്ല. അതിന്റെ ലക്ഷ്യമാർഗ്ഗങ്ങൾ ദയയോ ഭിക്ഷാദാനമോ അല്ല; ജനങ്ങളിൽ സ്വാശ്രയബോധവും ഇച്ഛാശക്തിയും വളർത്തി അവരെ കർമോൻമുഖരാക്കുകയാണ്. അവരുടെ കഴിവും ശക്തിയും വളരണം. അധികാര കേന്ദ്രങ്ങളെ നിയന്ത്രിക്കാനും ദുർവിനിയോഗത്തെ ചെറുക്കാനും ജനങ്ങൾ ശക്തിയാർജ്ജിക്കണം."*

*-ഗാന്ധിജി*

## വികസനസെമിനാർ - 1996

**ഡിസംബർ 8 ഞായറാഴ്ച**

**ഗവ: ഹൈസ്കൂൾ, ചേലോറ**

*ഏതൊരിന്ത്യയിൽ ഏതു ദരിദ്രനും ഇതെൻെറ രാജ്യമാണെന്ന ബോധമുണ്ടാകുമോ, ഏതൊരു രാജ്യത്തിൻെറ രൂപീകരണത്തിൽ അവർക്ക് ഫലപ്രദമായ പങ്കുണ്ടാകുമോ, ഏതൊരു രാജ്യത്തിൽ ഉയർന്നവനെന്നും താഴ്ന്നവനെന്നുമുള്ള വ്യത്യാസം ഉണ്ടാവുകയില്ലയോ, ഏതൊരു രാജ്യത്തിൽ എല്ലാ സമുദായങ്ങളും പരിപൂർണ്ണമായ സൗഹാർദ്ദത്തോടുകൂടി അധിവസിക്കുമോ, അങ്ങനെയുള്ള ഒരിന്ത്യയ്ക്കു വേണ്ടി ഞാൻ പ്രയത്നിക്കുന്നു; അതാണ് ഞാൻ സ്വപ്നം കാണുന്ന ഇന്ത്യ.*

**– ഗാന്ധിജി**

# വിഷയവിവരം

1. ആമുഖം

2. പഞ്ചായത്ത് - പൊതുവിവരങ്ങളും ഭരണചരിത്രവും

3. സാമൂഹിക-സാംസ്കാരിക ചരിത്ര പശ്ചാത്തലം

4. ഭൂപ്രകൃതിയും വിഭവങ്ങളും

5. സാമൂഹിക സാമ്പത്തിക മേഖലകൾ

5-1 കൃഷിയും ജലസേചനവും

5 - 2 മൃഗസംരക്ഷണവും മൽസ്യബന്ധനവും

5 - 3 വ്യവസായം

5 - 4 വിദ്യാഭ്യാസം

5 - 5 പൊതുജനാരോഗ്യവും കുടിവെള്ളവും

5 - 6 ഗതാഗതം ഊർജ്ജം

5 -7 പാർപ്പിടവും, സാമൂഹ്യക്ഷേമവും

5 - 8 സംസ്കാരം

5 - 9 വനിത

5 - 10 സഹകരണം

5 - 11 പട്ടികജാതി- പട്ടിക വർഗ്ഗക്ഷേമം

5 - 12 വിഭവസമാഹരണം

6. ഉപസംഹാരം

# ചേലോറ ഗ്രാമ പഞ്ചായത്ത്

## ഭരണസമിതി

| | | | |
|---|---|---|---|
| സി. ചന്ദ്രൻ മാസ്റ്റർ | - | പ്രസിഡണ്ട് | (മെമ്പർ 9-ാം വാർഡ്) |
| എം. പി. പ്രദീപ് മാസ്റ്റർ | - | വൈ: പ്രസിഡണ്ട് | (മെമ്പർ 3-ാം വാർഡ്) |
| കല്ലേൻ ദാമോദരൻ | - | സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ | (മെമ്പർ 2-ാം വാർഡ്) |
| പി. പി. അശോകൻ | - | | മെമ്പർ 1-ാം വാർഡ് |
| പി. കുട്ടികൃഷ്ണൻ | - | | ,, 4-ാം വാർഡ് |
| വി. സി. നളിനി ടീച്ചർ | - | | ,, 5-ാം വാർഡ് |
| സുമാ ബാലകൃഷ്ണൻ | - | | ,, 6-ാം വാർഡ് |
| കെ. കൗസല്യ | - | | ,, 7-ാം വാർഡ് |
| എ. വി. അബ്ദുൾറഹിമാൻ | - | | ,, 8-ാം വാർഡ് |
| എ. പവിത്രൻ | - | | ,, 10-ാം വാർഡ് |
| എ. ബി. അബ്ദുൾഖാദർ | - | | ,, 11-ാം വാർഡ് |
| കെ. ഉഷ | - | | ,, 12-ാം വാർഡ് |

# ആമുഖം

നമ്മുടെ രാജ്യം സ്വാതന്ത്ര്യത്തിൻെറ 50-ാം വാർഷികം ആഘോഷിക്കുവാൻ ഒരുങ്ങുകയാണ്. രാജ്യത്തിൻെറ സർവ്വതോമുഖമായ വികസനത്തിനായി എട്ട് പഞ്ചവൽസര പദ്ധതികൾ നടപ്പിലാക്കി കഴിഞ്ഞു. എന്നിട്ടും ഈ പദ്ധതികൾ വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കാൻ പൂർണ്ണമായും കഴിഞ്ഞില്ല എന്നതാണ് യാഥാർത്ഥ്യം. അതിനുള്ള പ്രധാന കാരണം പദ്ധതികളുടെ ആസൂത്രണത്തിലോ നിർവ്വഹണത്തിലോ ജനപങ്കാളിത്തം ഉണ്ടായിരുന്നില്ല എന്നതാണ്. കേരളത്തിലെ വികസനരംഗം ഇന്ന് രൂക്ഷമായ പ്രതിസന്ധികളിലൂടെ കടന്നുപോകുകയാണ്. സേവന മേഖലയിൽ ഏറെ മുന്നോട്ടു പോയിട്ടുണ്ടെങ്കിലും കാർഷിക വ്യാവസായിക മേഖലയിൽ രൂക്ഷമായ ഉൽപ്പാദന മുരടിപ്പും തത്ഫലമായി തൊഴിലില്ലായ്മ ഉൾപ്പെടെയുള്ള സങ്കീർണ്ണ പ്രശ്നങ്ങളും നാം അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്.

കേരളത്തിൻെറ ഭക്ഷ്യവിളകളുടെ ഉത്പാദനം ആവശ്യത്തിൻെറ മൂന്നിൽ ഒന്നു മാത്രമാണ് . കർഷകരാണെങ്കിൽ നാണ്യവിളകളിലാണ് കൂടുതൽ താൽപ്പര്യം കാണിക്കുന്നത്. കാൽ നൂറ്റാണ്ടായി ഉത്പാദന ക്ഷമതയിൽ യാതൊരു വർദ്ധനവും ഉണ്ടായിട്ടില്ല. നമ്മുടെ കാർഷിക മേഖലയിലെ ഉത്പാദനക്ഷമത അഖിലേന്ത്യാ ശരാശരിയുടെ നേർപകുതി മാത്രമാണ്.

വ്യാവസായിക മേഖല ഇതിലേറെ പരിതാപകരമായ അവസ്ഥയിലാണ്. വൈദ്യുതിയുടെയും മറ്റു പശ്ചാത്തല സൗകര്യങ്ങളുടെയും ലഭ്യത ഉറപ്പു വരുത്താൻ സാധിക്കാത്തതുകൊണ്ട് പ്രാദേശികമായി സുലഭമായ അസംസ്കൃത പദാർത്ഥങ്ങളെ അടിസ്ഥാനമാക്കിയിട്ടുള്ള വ്യവസായങ്ങൾ പോലും ഇവിടെ വളർന്നിട്ടില്ല. വ്യാവസായിക കാർഷികരംഗത്ത് വേണ്ടത്ര വളർച്ച ഇല്ലാത്തതിനാൽ തൊഴിലില്ലായ്മ ഭയാനകമായി വളർന്നുകൊണ്ടിരിക്കുകയാണ്.

ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി വൻതോതിൽ നിക്ഷേപമുണ്ടായിട്ടുണ്ട്. സ്ഥാപനങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുമുണ്ട്. എങ്കിലും അവയിൽനിന്ന് ലഭ്യമായ സേവനങ്ങളുടെ ഗുണഫലങ്ങൾ സമൂഹത്തിൽ സമതുലിതമായി പങ്കുവെക്കപ്പെടുന്നില്ല.

ജനങ്ങളുടെ യഥാർത്ഥ പ്രശ്നങ്ങൾ എന്തൊക്കെ എന്നു പഠിക്കുന്നതിനും, അവരുടെ അടിയന്തിരാവശ്യങ്ങൾ മനസ്സിലാക്കുന്നതിനും, ആസൂത്രണം ഏറ്റവും അടിത്തട്ടിൽനിന്നുതന്നെ ആരംഭിക്കേണ്ടിയിരിക്കുന്നു. അതിനുള്ള അനുകൂല സാഹചര്യം ഇപ്പോൾ സംജാതമായിരിക്കുകയാണ്.

73, 74 ഭരണഘടനാഭേദഗതിയെ തുടർന്ന് നിലവിൽ വന്ന പഞ്ചായത്തീരാജ്-നഗരപാലികാനിയമങ്ങൾ അതിന്റെ എല്ലാ ഉദ്ദേശ്യ ശുദ്ധിയോടുംകൂടി നടപ്പിൽ വരുത്തുവാൻ സംസ്ഥാന സർക്കാർ തയ്യാറായിരിക്കുന്നു. മഹാത്മജി വിഭാവനംചെയ്ത ഗ്രാമ സ്വരാജ് എന്ന സങ്കൽപ്പം സാക്ഷാത്കരിക്കുവാൻ അരനൂറ്റാണ്ടിനുശേഷമെങ്കിലും ഇവിടെ അവസരം ഒരുങ്ങുകയാണ്.

സേവനമേഖലയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ നിലനിൽക്കണമെങ്കിൽ ഉത്പാദനരംഗത്ത് ദ്രുതഗതിയിലുള്ള വളർച്ച അനിവാര്യമാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടിയാണ് കേരള സർക്കാർ ഒമ്പതാം പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും കഴിഞ്ഞകാലങ്ങളിൽനിന്ന് വ്യത്യസ്തമായ സമീപനം സ്വീകരിച്ചിട്ടുള്ളത്. അതായത് ആസൂത്രണം സമഗ്രവും ജനകീയവും വികേന്ദ്രീകൃതവും ആകണമെന്ന് തീരുമാനിച്ചത്.

1996 ആഗസ്ത് 17-ാം തീയതി (ചിങ്ങം 1) തിരുവനന്തപുരത്ത് ബഹു: മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ ഉദ്ഘാടനംചെയ്ത ജനകീയാസൂത്രണ പരിപാടിയുടെ സുപ്രധാന ഘട്ടത്തിലാണ് നാം ഈ റിപ്പോർട്ട് ചർച്ച ചെയ്യുന്നത്. നമ്മുടെ പഞ്ചായത്തിലെ മണ്ണിനേയും മനുഷ്യനേയും പഠിച്ച്, സ്വാശ്രയത്വം കൈവരിക്കുക എന്ന ലക്ഷ്യത്തോടെ വികസന പ്രവർത്തനങ്ങൾ ആസൂത്രണംചെയ്യുന്നതിനുള്ള ചർച്ചയ്ക്ക് വേണ്ടി തയ്യാറാക്കിയ ഈ പഞ്ചായത്ത് വികസനരേഖ ജനസമക്ഷം സമർപ്പിച്ചുകൊള്ളട്ടെ.

ജനകീയാസൂത്രണം എന്ന ആശയത്തെ ജനങ്ങൾ വളരെ പ്രതീക്ഷയോടും ഉത്സാഹത്തോടുംകൂടിയാണ് സ്വാഗതംചെയ്തിട്ടുള്ളത്. 12 ഗ്രാമസഭകളിലും അതാത് പ്രദേശത്തെ വികസന പ്രശ്നങ്ങളെക്കുറിച്ചും അവയുടെ പരിഹാരങ്ങളെക്കുറിച്ചും ഗഹനമായ ചർച്ച നടന്നിട്ടുണ്ട്. ചില വാർഡുകളിൽ ജനകീയാസൂത്രണം എന്ന ആശയത്തെക്കുറിച്ചും വ്യക്തമായ ധാരണ ജനങ്ങളിൽ ഉണ്ടാക്കാൻ കഴിയാത്തതുകാരണം ജനപങ്കാളിത്തം കുറവായിരുന്നു. എന്നാലും ഫലപ്രദമായ ചർച്ചകൾ നടന്നിട്ടുണ്ട്. ജനസംഖ്യയിൽ പകുതിയിലേറെ സ്ത്രീകളാണെങ്കിൽ പൊതുരംഗത്ത് അവരുടെ പങ്കാളിത്തം കുറവാണ്. ചില ഗ്രാമസഭകളിലും ഈ കുറവ് കാണപ്പെട്ടു. പൊതുരംഗത്തേക്ക് കടന്നുവരാൻ സ്ത്രീകൾക്കുള്ള വിമുഖത ഗ്രാമസഭകളിലെ പങ്കാളിത്തത്തിലും പ്രതിഫലിച്ചിട്ടുണ്ട്. ഉത്പാദന സേവന മേഖലകളെ 12 വിഷയങ്ങളായി തരംതിരിച്ചാണ് ഗ്രാമസഭകളിൽ ചർച്ച നടന്നത്.

1. കൃഷി, ജലസേചനം
2. മൃഗസംരക്ഷണം, മത്സ്യബന്ധനം
3. വിദ്യാഭ്യാസം
4. കുടിവെള്ളം, ആരോഗ്യം
5. വ്യവസായം
6. ഗതാഗതം, ഊർജ്ജം
7. പാർപ്പിടവും, സാമൂഹ്യക്ഷേമവും
8. സംസ്കാരം
9. വനിതാക്ഷേമം
10. സഹകരണം
11. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം
12. വിഭവസമാഹരണം

ജില്ലാതലത്തിലും, പഞ്ചായത്ത്തലത്തിലും പരിശീലനം ലഭിച്ചവരുടെ നേതൃത്വത്തിലാണ് ഗ്രാമസഭകളിൽ ചർച്ച നടന്നത്. അതിൽനിന്ന് ഉരുത്തിരിഞ്ഞുവന്ന വിവിധ പ്രദേശങ്ങളിലെ പ്രശ്നങ്ങളെക്കുറിച്ചും വികസന സാദ്ധ്യതകളെക്കുറിച്ചും ലഭിച്ച അറിവുകളും, വിവിധ ഓഫീസുകളിൽനിന്നും മറ്റും ശേഖരിച്ചിട്ടുള്ള പഞ്ചായത്തിനെ സംബന്ധിച്ച വിവരങ്ങളും, പരിശീലകരും ഭരണസമിതി അംഗങ്ങളും ഉൾപ്പെട്ട സംഘങ്ങൾ ഗ്രാമസഭകളിൽ തലങ്ങും വിലങ്ങും നടന്നു ശേഖരിച്ച ഭൂപ്രകൃതി സംബന്ധിച്ച വിവരങ്ങളും എല്ലാ വിശകലനംചെയ്ത് തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

## പഞ്ചായത്തിനെക്കുറിച്ചുള്ള പൊതുവിവരങ്ങളും ഭരണചരിത്രവും

***പൊതുവിവരങ്ങൾ:***

| | | |
|---|---|---|
| 1. | പഞ്ചായത്തിൻെറ പേര് | : ചേലോറ |
| 2 | വില്ലേജുകളുടെ പേരുകൾ | : ചേലോറ, വലിയന്നൂർ |
| 3. | ബ്ലോക്ക്, പഞ്ചായത്ത് ഡിവിഷനുകൾ | : ചേലോറ, വാരം, അതിരകം |
| 4. | ജില്ലാതല പഞ്ചായത്ത് ഡിവിഷനുകൾ | : അഞ്ചരക്കണ്ടി, മുണ്ടേരി |
| 5. | ബ്ലോക്ക് പഞ്ചായത്ത് | : എടക്കാട് |
| 6. | താലൂക്ക് | : കണ്ണൂര് |
| 7. | റവന്യൂ ഡിവിഷൻ | : തലശ്ശേരി |
| 8. | ജില്ല | : കണ്ണൂര് |
| 9. | അസംബ്ലി മണ്ഡലം | : എടക്കാട് |
| 10. | ലോകസഭാ മണ്ഡലം | : കണ്ണൂർ |
| 11. | വിസ്തീർണ്ണം | : 21 . 18 ചതുരശ്ര കി. മീറ്റർ |
| 12. | ജനസംഖ്യ | : 31091 (1991 സെൻസസ്) |

(16 ശതമാനം ദശവാർഷിക വളർച്ചാ നിരക്ക് പരിഗണിച്ചാൽ ഇപ്പോഴത്തെ ജനസംഖ്യ 34000 കവിയും)

1991 ലെ സെൻസസ് അനുസരിച്ച് പുരുഷൻമാർ : 15116

സ്ത്രീകൾ : 15975

| | | | |
|---|---|---|---|
| അതിരുകൾ : | വടക്ക് | - | മുണ്ടേരി പഞ്ചായത്ത്, വാരം പുഴയുടെ ഭാഗം |
| | കിഴക്ക് | - | ചെമ്പിലോട്, മുണ്ടേരി പഞ്ചായത്തുകൾ |
| | തെക്ക് | - | എളയാവൂർ, എടക്കാട് പഞ്ചായത്തുകൾ |
| | പടിഞ്ഞാറ് | - | എളയാവൂർ, പുഴാതി പഞ്ചായത്തുകൾ |

| | |
|---|---|
| വാർഡുകളുടെ എണ്ണം | : 12 |
| പ്രസിഡണ്ടിൻെറ പേര് | : ശ്രീ. സി. ചന്ദ്രൻ മാസ്റ്റർ |
| വൈസ് പ്രസിഡണ്ടിൻെറ പേര് | : ശ്രീ. എം. പി. പ്രദീപ് മാസ്റ്റർ |

# ഭരണചരിത്രം

ചേലോറ പഞ്ചായത്ത് രൂപീകൃതമായത് 1951 ലെ മദ്രാസ് പഞ്ചായത്ത് നിയമം അനുസരിച്ചായിരുന്നു. ഇപ്പോൾ പഞ്ചായത്തിൽ ഉൾപ്പെട്ടിട്ടുള്ള ചേലോറ, വലിയന്നൂർ എന്നീ രണ്ടു വില്ലേജുകളും അന്ന് വെവ്വേറെ പഞ്ചായത്തുകളായിരുന്നു. 1960 ൽ കേരള പഞ്ചായത്ത് ആക്ട് നിലവിൽ വരികയും 1962 ജനവരിയിൽ ഈ ആക്ട് അനുസരിച്ച് രണ്ടു പഞ്ചായത്തുകളും സംയോജിപ്പിച്ച് ഇന്നത്തെ ചേലോറ പഞ്ചായത്തിന് രൂപം നൽകുകയും ചെയ്തു. ആദ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് 1963 ലാണ് നടന്നത്. 1964 ൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിൽ വന്നു.

പുനഃസംഘടിപ്പിക്കുന്നതിനു മുമ്പ് ചേലോറ പഞ്ചായത്തിൻേറയും വലിയന്നൂർ പഞ്ചായത്തിൻേറയും പ്രസിഡണ്ടുമാർ യഥാക്രമം യശഃശരീരരായ സി. സി. കൃഷ്ണനും, കെ. പി. ദാമോദരനും ആയിരുന്നു. പുനഃസംഘടനക്കുശേഷം രൂപംകൊണ്ട ചേലോറ പഞ്ചായത്തിൻെറ ആദ്യ പ്രസിഡണ്ട് വലിയന്നൂർ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന കെ. പി. ദാമോദരൻ തന്നെയായിരുന്നു. ആ തെരഞ്ഞെടുപ്പിൽ വിവിധ രാഷ്ട്രീയ പാർട്ടികൾ യോജിച്ച് ഓരോ വാർഡിലും ഓരോ പൊതു സ്ഥാനാർത്ഥിയെ നിർത്തുകയും വോട്ടെടുപ്പ് കൂടാതെ അവർ ഏകകണ്ഠമായി തെരഞ്ഞെടുക്കപ്പെടുകയുമാണുണ്ടായത്. 1964നുശേഷം 1979 ൽ മാത്രമാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നത്. കെ. പി. ദാമോദരൻ 15 വർഷം ചേലോറ പഞ്ചായത്തിൻെറ പ്രസിഡണ്ടായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1979 മുതൽ 1984 വരെ ശ്രീ. ആറുകണ്ടി ഭരതൻ പഞ്ചായത്ത് പ്രസിഡണ്ടായി. 1984 മുതൽ 1988 വരെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് ബോർഡ് ഉണ്ടായിരുന്നില്ല. 1988 മുതൽ 1995 വരെ വീണ്ടും ശ്രീ. ആറുകണ്ടി ഭരതൻെറ നേതൃത്വത്തിലുള്ള പഞ്ചായത്ത് ബോർഡായിരുന്നു അധികാരത്തിലുണ്ടായിരുന്നത്. ശ്രീ. സി. ചന്ദ്രൻ മാസ്റ്ററുടെ നേതൃത്വത്തിൽ നിലവിലുള്ള ഭരണസമിതി അധികാരം ഏറ്റെടുത്തത് 1995 ഒക്ടോബർ 2 നായിരുന്നു.

## പഞ്ചായത്തിൽ താഴെ പറയുന്ന സർക്കാർ ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു.

1. പഞ്ചായത്താഫീസ്
2. കൃഷിഭവൻ
3. ഗ്രാമ വികസന ഓഫീസ്
4. ചേലോറ വില്ലേജ് ഓഫീസ്
5. വലിയന്നൂർ വില്ലേജ് ഓഫീസ്
6. പ്രാഥമികാരോഗ്യകേന്ദ്രം, ചേലോറ
7. പ്രാഥമികാരോഗ്യകേന്ദ്രം (ഹോമിയോ) പള്ളിപ്രം
8. കുടുംബക്ഷേമ കേന്ദ്രം, മതുക്കോത്ത്
9. കുടുംബക്ഷേമ കേന്ദ്രം, കാപ്പാട്
10. വാരം പോസ്റ്റാഫീസ്
11. കാപ്പാട് പോസ്റ്റാഫീസ്
12. ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രം, മതുക്കോത്ത്
13. ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രം, കാപ്പാട്
14. K. S. E. B. 110 K. V. സബ് സ്റ്റേഷൻ, ഗസ്റ്റ് ഹൗസ്

# 3. സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ ഈ പഞ്ചായത്തിലെ ജനങ്ങൾ മുഖ്യമായും കൃഷിയെ ആശ്രയിച്ച് ജീവിച്ചവരായിരുന്നു. ഭൂരിഭാഗം കൃഷിയിടങ്ങളും അറയ്ക്കൽ, ചിറക്കൽ രാജവംശങ്ങളുടേയും വിവിധ ദേവസ്വങ്ങളുടേയും ചില നായർ തറവാടുകളുടേയും ജന്മസ്വത്തായിരുന്നു. ഇവിടുത്തെ ഭൂരിഭാഗം ജനങ്ങളും ഈ ജന്മികളുടെയും ദേവസ്വത്തിൻേറയും കുടിയാൻമാരും സ്വന്തമായി ഭൂമിയില്ലാത്ത കർഷക തൊഴിലാളികളുമായിരുന്നു. പരമ്പരാഗതമായ കുലത്തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആശാരി, കൊല്ലൻ, തട്ടാൻ, കുശവൻ തുടങ്ങിയ ജനവിഭാഗങ്ങളുമുണ്ടായിരുന്നു. വിവിധക്ഷേത്രങ്ങളിലേയും കാവുകളിലേയും ഉത്സവങ്ങളും അനുഷ്ഠാന കലകളും ജനങ്ങളുടെ സാംസ്കാരിക പാരമ്പര്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. വിവിധ സമുദായങ്ങൾക്ക് തനതായ ദേവാലയങ്ങൾ ഉണ്ടായിരുന്നു. ഹിന്ദു, മുസ്ലീം എന്നീ രണ്ട് മതവിഭാഗങ്ങളാണ് പ്രധാനമായും ഇവിടെയുള്ളത്.

1930-40 കാലഘട്ടത്തിലാണ് കൈത്തറി, ബീഡി, ചുരുട്ട് മുതലായ തൊഴിലുകൾ ഇവിടെ അഭിവൃദ്ധിപ്പെട്ടത്. ഈ കാർഷികേതരമായ തൊഴിലുകൾ അഭിവൃദ്ധിപ്പെട്ടപ്പോഴാണ് ജനങ്ങളിലൊരു സാമൂഹ്യമാറ്റത്തെപ്പറ്റിയുള്ള ചിന്ത വേരൂന്നിയത്. ജാതീയമായ ഉച്ചനീചത്വം, അയിത്തം, മറ്റ് അനാചാരങ്ങൾ ഇവയ്ക്കെതിരായ ചിന്താഗതി വളർന്നുവരുന്നത് ഈ കാലഘട്ടത്തിലാണ്. ശ്രീനാരായണ ഗുരുവിൻെറ സന്ദേശം, ദേശീയ പ്രസ്ഥാനത്തിൻെറ അലയൊലികൾ എന്നിവ നമ്മുടെ ഗ്രാമത്തിലെ ജനങ്ങളേയും ഏറെ സ്വാധീനിച്ചിട്ടുണ്ട്. മറ്റു പല പ്രദേശങ്ങളിലും അയിത്താചാരങ്ങൾ നിലനിൽക്കുമ്പോൾ പോലും നമ്മുടെ പഞ്ചായത്തിലെ പല ഭാഗങ്ങളിലും അത്തരം ആചാരങ്ങൾ താരതമ്യേന കുറവായിരുന്നു. ഈ സാമൂഹ്യ മാറ്റം പുരോഗമന പ്രവർത്തനങ്ങളിൽ ജനങ്ങളുടെ ഐക്യം ഊട്ടിയുറപ്പിക്കുന്നതിന് സഹായകമായി. ദേശീയ പ്രസ്ഥാനത്തിൻെറ പൊതുധാരയിലേക്ക് നമ്മുടെ പ്രദേശത്തെ ജനങ്ങൾ പ്രവേശിക്കുന്നത് മുപ്പതുകളിലാണ്. സ്വാതന്ത്ര്യസമരത്തിൻെറ ഭാഗമായി നടന്ന പ്രക്ഷോഭങ്ങളുടെ പ്രധാന കേന്ദ്രങ്ങളൊന്നും നമ്മുടെ പഞ്ചായത്തിലില്ലെങ്കിലും ഏതാനും ചില മഹദ് വ്യക്തികൾ പ്രക്ഷോഭങ്ങളിൽ പങ്കാളികളായിട്ടുണ്ട്. ശ്രീ. വി. പി. രാമൻനായർ ചേലോറ, ശ്രീ. അപ്പുക്കുഞ്ഞൻ അടിയോടി, യശഃശരീരരായ സി. ഒ. നാരായണൻ നമ്പ്യാർ, INA എന്നറിയപ്പെടുന്ന കെ. വി. കുഞ്ഞിരാമൻ, ചിമ്മിണിയൻ കൃഷ്ണൻ ( INA ) കുന്നുമ്മൽ കുഞ്ഞിരാമൻ നമ്പ്യാർ കാപ്പാട്, എം. സി. ഗോപിയേട്ടൻ തങ്കെക്കുന്ന്, ടി. കെ. രാഘവൻ തുടങ്ങിയവർ നമ്മുടെ പഞ്ചായത്തിൻെറ യശസ്സുയർത്തിയവരാണ്.

നാൽപതുകളിൽ കേരളത്തിൽ കർഷക പ്രസ്ഥാനങ്ങൾ രൂപംകൊള്ളുന്ന സമയത്ത് ചേലോറ പഞ്ചായത്തിലും അതിൻെറ ചലനങ്ങൾ അനുഭവപ്പെടുകയുണ്ടായി. ഇന്ന് നിലവിലുള്ള ബഹുജന സംഘടനകളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും എല്ലാം അതിൻെറ ഉൽപ്പന്നങ്ങളാണ്.

മേൽപ്പറഞ്ഞ സാംസ്കാരികോന്നമനത്തിന് സഹായകമായിട്ടുള്ള മറ്റൊരു ഘടകം 19-ാം നൂറ്റാണ്ടിൻെറ അവസാന ദശകങ്ങളിൽ തന്നെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കപ്പെട്ട എലിമെൻററി സ്കൂളുകളാണ്. പ്രാഥമിക വിദ്യാഭ്യാസം നേടുക എന്നതു മാത്രമായിരുന്നു അക്കാലത്തെ വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ (5-ാം തരത്തിനു മുകളിൽ ) പഞ്ചായത്തിൽ ആരംഭിക്കുന്നത് നാൽപതുകളിലാണ്.

ആരോഗ്യ രംഗത്ത് ചില പ്രസിദ്ധരായ നാട്ടുവൈദ്യന്മാരുടെ സേവനം ലഭ്യമായിരുന്നു. സംസ്ഥാനത്തിന് പുറത്ത് പോലും പ്രശസ്തിയുള്ള കരിമ്പാലൻ വൈദ്യന്മാർ എന്നറിയപ്പെട്ടിരുന്ന വൈദ്യ കുടുംബം നമ്മുടെ പഞ്ചായത്തിലായിരുന്നു. കേളൻ വൈദ്യർ, അമ്പുവൈദ്യർ, ഗോവിന്ദൻ വൈദ്യർ, കോരൻ വൈദ്യർ എന്നിവർ അവരിൽ പ്രധാനികളായിരുന്നു. അവർ പ്രതിഫലനത്തിലുപരി സേവന രംഗത്ത് മുൻതൂക്കം കൊടുത്തവരായിരുന്നു. അലോപ്പതി ചികിത്സാ സൗകര്യം കണ്ണൂരിലുള്ള ധർമ്മാശുപത്രി വന്നതിന് ശേഷമാണ് ലഭിച്ചു തുടങ്ങിയത്. വലിയന്നൂരിലെ അച്ചുതൻ വൈദ്യരും തിലാന്നൂർ സത്രം കേന്ദ്രമാക്കി വിഷ വൈദ്യശാല നടത്തിയ കേളൻ വൈദ്യരും പ്രസിദ്ധ വിഷ വൈദ്യന്മാരായിരുന്നു.

മൂന്ന് ദശകങ്ങൾക്ക് മുമ്പ് വരെ ഗ്രാമീണരുടെ വീടുകൾ ഭൂരിഭാഗവും ഓലമേഞ്ഞതും മൺകട്ടകൾകൊണ്ട് നിർമ്മിച്ചതും തീരെ സൗകര്യം കുറഞ്ഞവയുമായിരുന്നു. ഓടുമേഞ്ഞ ഭവനങ്ങൾ

അപൂർവ്വം ചില സമ്പന്ന ജന്മികുടുംബങ്ങൾക്ക് മാത്രമുള്ളതായിരുന്നു. അടുത്ത കാലത്തായി സമൂലമായ മാറ്റം സംഭവിച്ചു കൊണ്ടിരിക്കുകയാണ്. കാർഷിക ജോലിയിൽ മാത്രം ഏർപ്പെട്ടിരുന്ന കാലത്ത് വസ്ത്രത്തിൻെറ ആവശ്യം പരിമിതമായിരുന്നു. അധിക പുരുഷൻമാരും ഷർട്ട് ധരിക്കാത്ത തനി ഗ്രാമീണരായിരുന്നു. ഇന്ന് നേരെ മറിച്ച് ഫേഷൻ ഭ്രമം ജീവിത നിലവാരത്തെ തന്നെ തകിടം മറിക്കുന്ന അവസ്ഥയിൽ എത്തിയിരിക്കുന്നു.

ഗതാഗതത്തിൻെറ കാര്യത്തിൽ ഈ പഞ്ചായത്ത് വളരെ പിന്നോക്കമായിരുന്നു. കണ്ണൂർ-മട്ടന്നൂർ പ്രധാന റോഡല്ലാതെ ഗ്രാമീണ റോഡുകൾ വളരെ കുറവായിരുന്നു. മൂന്ന് ദശകങ്ങൾക്ക് മുമ്പ് കുട്ടികൾ കാൽനടയായാണ് സ്കൂളിൽ പോയിരുന്നത്. കേരള പിറവിക്കുശേഷം യാത്രാസൗകര്യങ്ങളുടെ കാര്യത്തിൽ വമ്പിച്ച കുതിച്ചുചാട്ടം ഉണ്ടായിട്ടുണ്ട്.

കഴിഞ്ഞ അര നൂറ്റുണ്ടിനിടയിൽ തരിശായ കിടന്നിരുന്ന ഭൂമികളിൽ തെങ്ങ്, കശുവണ്ടി തുടങ്ങിയ കൃഷി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ഉത്പാദന ക്ഷമത കുറവായതിനാൽ കൃഷി ആദായകരമല്ലാതായിതീരുന്നു. തത്ഫലമായി കർഷകർക്ക് കൃഷിയോടുള്ള ആഭിമുഖ്യം കുറഞ്ഞുവരികയാണ്. ശാസ്ത്ര സാങ്കേതികരംഗത്ത് രാജ്യത്തുണ്ടായിട്ടുള്ള നേട്ടങ്ങൾക്കനുസൃതമായി വ്യാവസായികരംഗത്ത് നമ്മുടെ പഞ്ചായത്തിന് ഒരു നേട്ടവും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ആരോഗ്യമേഖലയിൽ ഒരു P.H.C. ഉണ്ടെങ്കിലുംപഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യാനുസരണം ചികിൽസ പ്രദാനം ചെയ്യുന്നതിൽ അവിടെയുള്ള സൗകര്യങ്ങൾ തികച്ചും അപര്യാപ്തമാണ്. ഹൈസ്കൂൾ വിദ്യാഭ്യാസം വരെ നേടാൻ സൗകര്യം ഇവിടെയുണ്ട്. എന്നാൽ പഠനത്തിൻെറ ഗുണനിലവാരം ഇനിയും മെച്ചപ്പെടേണ്ടിയിരിക്കുന്നു.

ചേലോറ പഞ്ചായത്തിൻെറ നെല്ലറയെന്ന് വിശേഷിപ്പിക്കാവുന്ന വാരം കൈപ്പാട് മേഖല ഇന്ന് വെറും പാഴ്ഭൂമിയായിരിക്കുന്നു. കൊടുംവേനലിലും തെളിനീരൊഴുക്കിയിരുന്ന നീർച്ചാലുകൾ നമ്മുടെ വയലുകളെ ജലസമ്പന്നമാക്കിയിരുന്നു. വിഭവങ്ങളുടെ ശരിയായ വിനിയോഗക്രമം തെറ്റിച്ചതാണ് ഇന്നുള്ള പ്രതിസന്ധിക്ക് കാരണം. ഉചിതമായ സ്ഥലജലമാനേജ്മെൻറിലൂടെ കാർഷിക മേഖലയിൽ ഉത്പാദന വളർച്ച നേടേണ്ടതുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ സേവന മേഖലകളിലും 21-ാം നൂറ്റാണ്ടിൻെറ നിലവാരത്തിലെത്താൻ നമ്മൾ ഏറെ പരിശ്രമിക്കേണ്ടിയിരിക്കുന്നു.

## 4. ഭൂപ്രകൃതിയും വിഭവങ്ങളും

ഈ പഞ്ചായത്ത് സമുദ്രനിരപ്പിൽനിന്ന് ശരാശരി 7 1/2 - 8 മീറ്റർ ഉയരത്തിലുള്ള പ്രദേശമാണ്. ഭൂപ്രകൃതി അനുസരിച്ച് മുഖ്യമായും പഞ്ചായത്തിനെ അഞ്ച് മേഖലകളായി തിരിക്കാം. 1. ഉയർന്ന സമതലം. 2. ചരിവു പ്രദേശം 3. പൊയിലുകൾ (വയലോരങ്ങൾ) 4. വയലുകൾ 5. ചതുപ്പുനിലങ്ങൾ (കൈപ്പാട്) പഞ്ചായത്തിൻെറ വിസ്തൃതിയിൽ പകുതി ഭാഗം ചരിവുകളാണ് നാലിൽ ഒരു ഭാഗം വയലുകളും ചതുപ്പുനിലങ്ങളും ശേഷിക്കുന്ന ഭാഗം ഉയർന്ന സമതലങ്ങളുമാണ്. ഇവിടെ ഭൂരിഭാഗം സ്ഥലത്തേയും മൺതരം ലാറ്ററേറ്റ് (വെട്ടുകൽമണ്ണ്) ആണ്. ചതുപ്പുനിലങ്ങളിൽ കളിമണ്ണ് കലർന്ന എക്കൽ മണ്ണാണുള്ളത്. വർഷത്തിൽ ശരാശരി 3200 മി. മീ. മഴ ലഭിക്കുന്ന വടക്കൻ ഇടനാട് മേഖലയിൽപ്പെട്ട പഞ്ചായത്താണ് നമ്മുടേത്. ജൂൺ മുതൽ നവംബർ മധ്യം വരെ മഴ ലഭിക്കുമെങ്കിലും ഡിസംബർ മുതൽ ഏപ്രിൽ വരെ മഴയുടെ ലഭ്യത വളരെ കുറവാണ്. സാമാന്യം നല്ല മഴ ലഭിച്ചിട്ടും നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം തോടുകളും ഡിസംബർ അവസാനമാകുമ്പോഴേക്കും വരണ്ടുപോകുന്നു.

## പഞ്ചായത്തിലെ മഴവിവര പട്ടിക

**അവലംബം - 8 കി. മീ. അകലെയുള്ള കണ്ണൂർ കാലാവസ്ഥ നിരീക്ഷണ കേന്ദ്ര റിപ്പോർട്ട്**

| മാസം | 1990 | 1991 | 1992 | 1993 | 1994 | 1995 | 1996 |
|---|---|---|---|---|---|---|---|
| ജനവരി | --- | --- | --- | --- | --- | --- | --- |
| ഫിബ്രവരി | --- | --- | --- | --- | --- | --- | --- |
| മാർച്ച് | --- | --- | --- | --- | --- | --- | 000.4 |
| ഏപ്രിൽ | 0002.8 | 036.7 | 10.6 | 0002.0 | 116.8 | 016.3 | 053.2 |
| മെയ് | 671.7 | 303.5 | 206.6 | 143.7 | 47.1 | 269.1 | 072.2 |
| ജൂൺ | 648.9 | 1200.8 | 1128.1 | 988.5 | 1679.7 | 700.6 | 1095.6 |
| ജൂലൈ | 873.6 | 1408.4 | 906.2 | 1003.2 | 1424.1 | 822.3 | 1035.7 |
| ആഗസ്ത് | 527.8 | 603.9 | 978.8 | 389.8 | 597.6 | 477.8 | 0466.6 |
| സപ്തംബർ | 110.5 | 326.0 | 204.9 | 083.2 | 197.2 | 129.8 | 0310.6 |
| ഒക്ടോബർ | 280.5 | 390.3 | 192.9 | 433.5 | 419.0 | 100.0 | 0225.4 |
| നവംബർ | 055.4 | 034.0 | 467.3 | 046.9 | 16.3 | 138.4 | 052.4 |
| ഡിസംബർ | --- | --- | --- | 204.8 | --- | 238.4 | --- |
| ആകെ | 3171.2 | 4303.6 | 4095.4 | 3295.6 | 4547.8 | 2892.7 | 3311.9 |

**ജലം ആഗിരണം ചെയ്യുന്നതിനുള്ള** ശേഷി താരതമ്യേന കൂടുതലുള്ള മണ്ണാണ് നമ്മുടെ പ്രദേശത്തുള്ളത്. **എന്നാൽ ചരിവുകൾ കൂടുതലായതിനാൽ** മഴവെള്ളം വളരെ പെട്ടെന്ന് ഒഴുകിപ്പോകുന്നു. മഴവെള്ളം **ഭൂമിയിലേക്ക് കിനിഞ്ഞിറങ്ങാനുള്ള** സാവകാശം ലഭിക്കുന്നില്ല. പണ്ടുകാലത്ത് കരപ്രദേശങ്ങളിൽ **ഉണ്ടായിരുന്ന ജൈവാവരണം** ജലം വലിച്ചെടുക്കാൻ സഹായകമായിരുന്നു. തത്ഫലമായി മഴക്കാലം **കഴിഞ്ഞാലും താഴ്ന്ന** പ്രദേശങ്ങളിൽ നീരുറവ കാണാമായിരുന്നു. കടുംകൃഷിരീതി അവലംബിച്ചതും **ജലഉപഭോഗം** മൊത്തത്തിൽ വർദ്ധിച്ചതും നീരുറവകളില്ലാതാകാൻ കാരണമായിട്ടുണ്ട്. സമഗ്രമായ ഒരു **ജലസംരക്ഷണ** പദ്ധതിയിലൂടെ മാത്രമേ ഇന്നത്തെ ജലദൗർലഭ്യം പരിഹരിക്കാൻ സാധിക്കുകയുള്ളു.

**സസ്യാവരണം:-** ഉയർന്ന സമതലങ്ങൾ പൊതുവെ പുൽമേടുകളാണ്. ഡിസംബർ മുതൽ മെയ്‌വരെ വരണ്ടുകിടക്കുന്നു. ചരിവ് പ്രദേശങ്ങളിൽ തെങ്ങ്കൃഷിയുണ്ട്. മാവ്, പ്ലാവ്, കശുമാവ് തുടങ്ങിയ വൃക്ഷങ്ങളും മറ്റു സസ്യജാലങ്ങളും ഇവിടെ നന്നായി വളരുന്നു.. ഇവിടുത്തെ മിക്കവാറും പുരയിടങ്ങൾ ചരിവു പ്രദേശങ്ങളിലും ഉയർന്ന സമതലങ്ങളിലുമാണ്. ഈ പഞ്ചായത്തിലെ താഴ്ന്ന സമതലങ്ങൾ മിക്കവാറും വയലുകളാണ്. വയലോരങ്ങളിൽ (പൊയിലുകളിൽ) കവുങ്ങും, വാഴയും, മരച്ചീനിയും കൃഷി ചെയ്യപ്പെടുന്നു. വയലുകളിൽ മുമ്പുകാലത്ത്നെല്ല്‌രണ്ടുവിള എടുത്തശേഷം വേനൽക്കാല പച്ചക്കറി കൃഷി വ്യാപകമായിരുന്നു. ഉഴുന്നും മറ്റു പയർവർഗ്ഗങ്ങളും കൃഷിചെയ്യാറുണ്ട്. പഞ്ചായത്തിന്റെ വടക്കെ അതിർത്തിയായ വാരം പുഴയുടെ തീരത്ത് 65 ഹെക്ടർ കൈപ്പാട് ഒരുകാലത്ത് നെൽക്കൃഷിക്ക് പേരുകേട്ടതായിരുന്നു. ഇന്ന് അവിടെ കന്നുകാലികൾക്കുള്ള കോട്ടപ്പുല്ലു മാത്രമാണുള്ളത്. നാഗത്താംകം ശിവക്ഷേത്രത്തോടനുബന്ധിച്ചുള്ള ഒരു ഹെക്ടറോളം വിസ്തൃതിയുള്ള ഒരു സ്വാഭാവിക വനമുണ്ട്. ജൈവ വൈവിധ്യത്തിന്റെ കലവറയായി ഇതിനെ കരുതാം. ജലസംരക്ഷണത്തിന് വനമേഖല എത്രത്തോളം ഉപകരിക്കുമെന്നതിന് ഉത്തമ ദൃഷ്ടാന്തമാണ് ഇത്.

## ഭൂവിനിയോഗത്തെ സംബന്ധിച്ച വിവരങ്ങൾ

| വില്ലേജ് | പുരയിടം ഏക്കറിൽ | നിലം | പുറമ്പോക്ക് | തരിശ് | ആകെ. |
|---|---|---|---|---|---|
| വലിയന്നൂർ | 1348.08 | 813.77 | 258.34 | ----- | 2420.15 |
| ചേലോറ | 1334.95 | 443.45 | 49.14 | 982.61 | 2797.14 |
| ആകെ | 2682.99 | 1257.22 | 307.48 | 982.61 | 5217.29 |

ഒന്നാം വിള------------------130 ഹെക്ടർ

രണ്ടാം വിള -----------------170 ഹെക്ടർ

മൂന്നാം വിള -----------------ഇല്ല.

## *1991ലെ സെൻസസ് വിവരങ്ങൾ*

| ഇനം | പുരുഷൻമാർ | സ്ത്രീകൾ | ആകെ. |
|---|---|---|---|
| കൃഷിക്കാർ | 170 | 72 | 242 |
| കർഷകത്തൊഴിലാളികൾ | 740 | 369 | 1136 |
| മൃഗപരിപാലനം, മത്സ്യബന്ധനം | 143 | 7 | 150 |
| ചെങ്കൽ,കരിങ്കൽ തൊഴിലാളികൾ | 30 | ----- | 30 |
| കുടിൽ വ്യവസായം | 35 | 13 | 48 |
| മറ്റ് ഉത്പാദന മേഖലകൾ | 2004 | 363 | 2367 |
| നിർമ്മാണതൊഴിലാളികൾ | 590 | 37 | 627 |
| മറ്റു സേവനങ്ങൾ | 645 | 337 | 982 |
| ഭാഗികമായി തൊഴിലുള്ളവർ | 319 | 201 | 520 |
| തൊഴിലില്ലാത്തവർ | 8570 | 14520 | 23090 |

# ചേലോറ ഗ്രാമപഞ്ചായത്ത്

## സർക്കാർ സ്ഥാപനങ്ങൾ




1. പഞ്ചായത്താഫീസ്
2. പ്രാഥമികാരോഗ്യ കേന്ദ്രം മതുക്കോത്ത്
3. ചേലോറ ഹൈസ്കൂൾ
4. കൃഷിഭവൻ
5. ഗ്രാമവികസന ഓഫീസ്
6. കുടുംബക്ഷേമ കേന്ദ്രം, മതുക്കോത്ത്
7. വലിയന്നൂർ വില്ലേജ് ഓഫീസ്
8. ഐ. സി. ഡി. പി. സെന്റർ മതുക്കോത്ത്
9. ചേലോറ വില്ലേജ് ഓഫീസ്
10. കുടുംബക്ഷേമ കേന്ദ്രം കാപ്പാട്
11. P.H.C. ഹോമിയോ, പള്ളിപ്രം
12. KSEB സബ്സ്റ്റേഷൻ മുണ്ടയാട്
13. വാരം പോസ്റ്റാഫീസ്

# ഭൂപ്രകൃതി



> *''കൃഷിയെ അഭിവൃദ്ധിപ്പെടുത്തുക ഒരു രാഷ്ട്രത്തിൻെറ ഒന്നാമത്തെ ചുമതലയായിരിക്കണം. ഇന്ത്യയിലെ രാഷ്ട്രീയവും സാമ്പത്തികവുമായ നയം കൃഷിയെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. അതിൻെറ ഫലമായി കൃഷി ആദായകരമല്ലാത്ത ഒരു തൊഴിലായി തീർന്നിരിക്കുന്നു..''*
>
> *-ഗാന്ധിജി*

5-1

# കൃഷിയും ജലസേചനവും

ചേലോറ പഞ്ചായത്തിലെ കാർഷിക മേഖലയ്ക്ക് അതിബൃഹത്തായ ചരിത്രമുണ്ട്. ജന്മികുടുംബങ്ങളുടേയും ദേവസ്വങ്ങളുടേയും ചിറക്കൽ കോവിലകം, അറക്കൽ രാജവംശം തുടങ്ങിയ നാട്ടുരാജാക്കൻമാരുടേയും വകയായുള്ള ഭൂമിയിലെ കുടിയാന്മാരായിരുന്നു കൃഷിക്കാർ. വാരം പാട്ടം, വാശി,നുരി, വെച്ചുകാണൽ തുടങ്ങി കാർഷിക മേഖലയിലെ ചൂഷണത്തിൻെറ വിവിധ രൂപങ്ങൾ സുദീർഘമായ കർഷക സമരങ്ങളുടെ ഫലമായി അവസാനിപ്പിക്കപെട്ടു. തങ്ങൾ വിയർപ്പൊഴുക്കി അദ്ധ്വാനിച്ച് പൊന്നു വിളയിച്ച കൃഷിഭൂമിയുടെ ഉടമകളായി മാറാൻ കർഷകർക്ക് സാധിച്ചു. ഭൂപരിഷ്കരണനിയമങ്ങൾ നടപ്പിലാക്കപ്പെട്ടതിനു മുമ്പ് ഭൂവുടമകളുടെ എണ്ണം ഇന്നത്തേതിനേക്കാൾ വളരെ കുറവായിരുന്നു. എന്നാൽ ഇന്ന് ഭൂവുടമ കളുടെ എണ്ണം വർഷന്തോറും കൂടി വരികയാണ്. തത്ഫലമായി ഓരോ വ്യക്തിയുടെയും കൈവശമുള്ള ഭൂമിയുടെ അളവ് കുറഞ്ഞു വരുന്നു.

## ഭൂവുടമസ്ഥതയുടെ വിവരം

| വിസ്തീർണ്ണംവില്ലേജ് | 1-10സെൻറ് | 10-25 സെൻറ് | 25-50 സെൻറ് | 50-100 സെൻറ് | 1-2 ഏക്കർ | 1-2 ഏക്കർ | 2-5ഏക്കറിനുമേൽ |
|---|---|---|---|---|---|---|---|
| വലിയന്നൂർ | 300 | 1200 | 805 | 700 | 150 | 100 | 20 |
| ചേലോറ | 1435 | 2558 | 1816 | 996 | 278 | 35 | 25 |
| ആകെ | 1735 | 3758 | 2621 | 1696 | 1778 | 135 | 45 |

11768 ഭൂവുടമസ്ഥരിൽ 8114 പേരും 50 സെൻറിൽ കുറഞ്ഞ ഭൂമിയുള്ളവരാണ്. അതായത് 70%ത്തിനടുത്ത് ഭൂവുടമസ്ഥരുടെ 30% അര ഏക്കറിൽ കൂടുതൽ ഭൂമിയുള്ളവരാണ്.

ഭൂപരിഷ്ക്കരണം സാമൂഹ്യ വളർച്ചയെ വളരെയധികം സഹായിച്ചിട്ടുണ്ട്. കൃഷിഭൂമി തുണ്ടുകളാക്കപ്പെട്ടതിൻെറ ഒരു പ്രധാന കാരണം അണുകുടുംബങ്ങളുടെ വ്യാപനമാണ്. തുണ്ടുകളാ ക്കപ്പെടുന്ന കൃഷിഭൂമിയിൽ ഉത്പാദന ക്ഷമത കുറയുന്നു എന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. കൃഷി ഭൂമിയുടെ കേന്ദ്രീകൃത ഉടമസ്ഥാവകാശം ഉത്പാദന വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നു എന്നു കരുതപ്പെട്ടിരുന്നു. എന്നാൽ കൃഷിഭൂമി അമിതമായി തുണ്ടുകളാക്കപ്പെടുന്നതും ഉത്പാദന വളർച്ചയ്ക്ക് സഹായകരമല്ലെന്ന് കാണാൻ കഴിയും.

**ഉത്പാദന വളർച്ചയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങൾ:**

1. ഭൂവുടമസ്ഥരിൽ പലരും കാർഷിക വൃത്തിയിൽ തത്പരരല്ല. അവരുടെ മുഖ്യ തൊഴിൽ മറ്റൊന്നായിരിക്കും.

2. പലരും ഭൂമിയെ കേവലം ഒരു ക്രയ വിക്രയ വസ്തുവായി കരുതുന്നു.

3. കാർഷിക മേഖല പൊതുവെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ ഫലമായി കൃഷി അനാകർഷകമായിത്തീരുന്നു.

4. പുതിയ തലമുറക്ക് കാർഷിക വൃത്തിയോടുള്ള താത്പര്യകുറവ്.

5. കാർഷിക വൃത്തിയിൽ ഏർപ്പെടുന്നവർക്ക് മറ്റുതൊഴിൽ മേഖലയിലേതുപോലെ തൊഴിൽ സുരക്ഷിതത്വമോ, മെച്ചപ്പെട്ട ആനുകൂല്യങ്ങളോ ലഭിക്കുവാനുള്ള സാഹചര്യം ഇല്ല.

നമ്മുടെ പഞ്ചായത്ത് ഭക്ഷ്യോത്പാദനരംഗത്ത് സ്വയം പര്യാപ്തമല്ല. പഞ്ചായത്തിൻെറ മൊത്തം വിസ്തൃതിയുടെ ഏകദേശം നാലിലൊന്നുഭാഗം നെൽകൃഷിക്കനുയോജ്യമായതാണ്. ഇവിടെ ഒരു വർഷത്തിൽ 545 ടൺ നെല്ല് ഉത്പാദിപ്പിക്കുന്നതായി കൃഷിഭവൻ രേഖകൾ സൂചിപ്പിക്കുന്നു. ആളോഹരി 320 ഗ്രാം എന്ന് കണക്കാക്കിയാൽ 35000ത്തോളം വരുന്ന ജനങ്ങൾക്ക് ഒരു വർഷം 4088 ടൺ ഭക്ഷ്യധാന്യം ആവ ശ്യമാണ്. നമ്മുടെ ഉത്പാദനം ആവശ്യത്തിൻെറ 1/8 ഭാഗം മാത്രമാണ് ഇതിൽ നിന്ന് വ്യക്തമാകുന്നു. നെല്ലുൽപാദനം വൻതോതിൽ വർദ്ധിപ്പിക്കേണ്ടതിൻെറ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

നെൽകൃഷിമാത്രമല്ല, മരച്ചീനി, വാഴ,തെങ്ങ്, കവുങ്ങ്, കശുവണ്ടി, പച്ചക്കറികൾ, പയർവർഗ്ഗങ്ങൾ തുടങ്ങിയ എല്ലായിനം കൃഷികളും അഭിവൃദ്ധിപ്പെടുത്തേണ്ടതുണ്ട്. രണ്ടു വിള നെൽകൃഷി കഴിഞ്ഞാൽ വയലുകളിൽ പച്ചക്കറി, ഉഴുന്ന്, മുതിര എന്നിവ വ്യാപകമായി കൃഷിചെയ്തിരുന്നു. ചേലോറ വില്ലേജിലെ വയലുകളിലും വലിയന്നൂരിൽ കുമ്പായി വയലിലും വ്യാപകമായി പച്ചക്കറി കൃഷിചെയ്തിരുന്നു. പച്ചക്കറികൃഷിയിൽ പ്രധാനഇനം വെള്ളരി ആയിരുന്നു. ഫിബ്രവരി, മാർച്ച്,ഏപ്രിൽ മാസങ്ങളിൽ വയലുകളിൽ ഉത്സവ പ്രതീതി ജനിപ്പിച്ചുകൊണ്ട് നടന്നുവന്നിരുന്ന പച്ചക്കറികൃഷി ഇപ്പോൾ നാമമാത്രമായിരിക്കുന്നു. ഗതകാലസ്മരണകളിൽ മായാതെ കിടക്കുന്ന ആ ഉത്സാഹശീലം വീണ്ടെടുക്കാൻ ജനകീയാസൂത്രണ പ്രക്രിയയിലൂടെ നമുക്ക് സാധിക്കണം. അമിതമായി കീടനാശിനി തളിച്ച് അശാസ്ത്രീയ വളപ്രയോഗം നടത്തി ഉത്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ മാർക്കറ്റിൽ നിന്ന് വാങ്ങി ഉപയോഗിക്കുമ്പോൾ നമ്മുടെ ആരോഗ്യം അനുദിനം ഭീഷണി നേരിടുന്നു എന്ന തിരിച്ചറിവ് ഉണ്ടാകാനും സ്വന്തം ആവശ്യത്തിന് പച്ചക്കറികൾ ഉത്പാദിപ്പിക്കുന്ന ഒരു സ്വാശ്രയസംസ്ക്കാരത്തിലേക്ക് ജനതയെ നയിക്കുവാനുമുള്ളതാകണം നമ്മുടെ ആസൂത്രണം.

വിവിധയിനം കൃഷികൾ വ്യാപിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ നെൽവയലുകളുടെ വിസ്തൃതി കുറഞ്ഞ് വരുന്നു. വയലുകൾ മണ്ണിട്ട് നികത്തി തെങ്ങിൻ തോപ്പുകളാക്കുകയും തുടർന്ന് അവിടെ പാർപ്പിടങ്ങൾ പണിയുകയും ചെയ്യുന്നു. ഈ സ്ഥിതി തുടരുകയാണെങ്കിൽ ക്രമേണ വയലുകൾ ഇല്ലാതാകും. സങ്കീർണ്ണമായ പരിസ്ഥിതി പ്രശ്നവും രൂക്ഷമായ ഭക്ഷ്യകമ്മിയും ആയിരിക്കും നാം അഭിമുഖീകരിക്കേണ്ടിവരിക.

**പഞ്ചായത്തിലെ ഭൂവിനിയോഗ രീതി താഴെ കാണിക്കുന്നവിധമാണ്.**

| ഇനം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| നെല്ല് ഒന്നാം വിള | 130 |
| നെല്ല് രണ്ടാം വിള | 170 |
| നെല്ല് മൂന്നാം വിള | ഇല്ല. |
| പയർ | 20 |
| എള്ള് | 5 |
| പച്ചക്കറികൾ | 9 |
| തെങ്ങ് | 1050 |
| വാഴ | 40 |
| മരച്ചീനി | 40 |
| കുരുമുളക് | 56 |
| പ്ലാവ് | 18 |
| കശുമാവ് | 61 |
| മാവ് | 12.7 |
| റബ്ബർ | ഇല്ല. |
| കവുങ്ങ് | 50 |

### കാർഷിക വിളകൾ - അവലോകനം

## 1. ഉൽപാദനക്ഷമത :-

**നെല്ല് :-** നെൽകൃഷി രണ്ടു വിളകൾ മാത്രമാണ് ചെയ്യപ്പെടുന്നത്. മൂന്നാം വിള പഞ്ചായത്തിൽ ഒരിടത്തും ചെയ്യപ്പെടുന്നില്ല. ഒന്നാം വിളയ്ക്ക് ഹെക്ടറിൽ 2100 കിലോഗ്രാമും രണ്ടാം വിളയ്ക്ക് ഹെക്ടറിൽ 1600 കിലോഗ്രാമും നെല്ല് ഉൽപ്പാദിപ്പിക്കപ്പെടുന്നതായി കണക്കാക്കുന്നു. നെല്ലുൽപ്പാദനത്തിൽ കേരളാ ശരാശരി ഹെക്ടറിന് 2100 കി.ഗ്രാമും അഖിലേന്ത്യാ ശരാശരി ഹെക്ടറിന് 4000 കി.ഗ്രാമും ആകുന്നു. ഇതിൽനിന്നും ഉൽപാദനക്ഷമതയിൽ നാം വളരെ പിറകിലാണെന്ന് മനസിലാക്കാം.

**തെങ്ങ് :-** പഞ്ചായത്തിൽ 1050 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിചെയ്യപ്പെടുന്നു. ഹെക്ടറിൽ 200 തെങ്ങുകളുണ്ടെന്ന് കരുതിയാൽ പഞ്ചായത്തിൽ ആകെ 2,10,000 തെങ്ങുകളുണ്ടെന്ന് കണക്കാക്കാം. ഒരു തെങ്ങിൽനിന്ന് പ്രതിവർഷം 30 തേങ്ങ ലഭിക്കുന്നു എന്ന് കൃഷി ഭവൻ രേഖകൾ ചൂണ്ടിക്കാട്ടുന്നു. അതായത് പഞ്ചായത്തിലെ ശരാശരി തേങ്ങയുൽപ്പാദനം ഹെക്ടറിന് 6000 ആകുന്നു. കായ്ഫലം തീരെ ഇല്ലാത്തതും കായ്ക്കാൻ തുടങ്ങിയിട്ടില്ലാത്തതുമായ

തെങ്ങുകൾകൂടിയുണ്ടെന്ന കാര്യം പരിഗണിക്ക പ്പെ ടേണ്ടതാണല്ലോ. എങ്കിലും തേങ്ങയുൽപ്പാദനത്തിൽ നാം സംസ്ഥാന ശരാശരിയുടെ അടുത്ത് നിൽക്കുന്ന തായി ആശ്വസിക്കാം. തമിഴ്നാട്ടിലെ ശരാശരി ഉൽപ്പാദനം ഹെക്ടറിന് 10631 ആണെന്നറിയുമ്പോൾ മാത്രമേ സംസ്ഥാനത്തിന് അതിൻെറ നാമധേയം പോലും പ്രദാനം ചെയ്തിട്ടുള്ള തെങ്ങിൻെറ കൃഷിയിൽ നമ്മുടെ നില വളരെപരിതാപകര മാണെ ന്ന് മനസ്സിലാവുകയു ള്ളു. പഞ്ചായത്തിൽ തെങ്ങിൻെറ ഉൽപ്പാദനക്ഷമത എല്ലായിടത്തും ഒരേ അളവിലല്ല. തെങ്ങ് കൃഷിക്ക് ഏറ്റവും അനുയോജ്യമായ മണ്ണാണ് ഇവിടെയുള്ളത്. ശാസ്ത്രീയ കൃഷിരീതി അവലംബി ച്ചാൽ ഉത്പ്പാദനം വൻതോതിൽ വർദ്ധിപ്പിക്കാവുന്ന ഒരു മേഖലയാണ് ഇത്.

**കശുമാവ്:-** കഴിഞ്ഞ ഏതാനും ദശകങ്ങളായി വമ്പിച്ച സാമ്പത്തിക പ്രാധാന്യം ലഭിച്ചുകഴിഞ്ഞ ഒരു വിളയാണ് കശുവണ്ടി. എന്നാലും ഇതിനെയൊരു കൃഷിയായി കണക്കാക്കപ്പെടുന്നുണ്ടോ എന്ന് സംശ യമാണ്. പറമ്പിൽ വിള വൃക്ഷങ്ങൾക്ക് നൽകുന്ന യാതൊരു പരിചരണവും കശുമാവിന് നൽകപ്പെടു ന്നില്ല. പഞ്ചായത്തിൽ 61 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷിചെയ്യുന്നു. പാറപ്രദേശം, കടുപ്പം കൂടിയ ചെങ്കൽപ്രദേശം എന്നിവിടങ്ങളിലാണ് മുഖ്യമായും ഈ കൃഷി വ്യാപിച്ചിരിക്കുന്നത്. മൊത്തം വിള വിസ്തൃതി ക്രമേണ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും ഉൽപ്പാദനക്ഷമത മാറ്റമില്ലാതെ തുടരുകയാണ്. കൃത്യമായ കണക്കുകൾ ലഭ്യമല്ലെങ്കിലും ചില പഠനങ്ങൾ കാണിക്കുന്നത് സംസ്ഥാന ശരാശരി 823 കി. ഗ്രാം. ആണെന്നാണ്. തെങ്ങ് കൃഷിയെപ്പോലെ കശുമാവ് കൃഷിയിലും ഉൽപ്പാദനക്ഷമതയിൽ നാം സംസ്ഥാന ശരാശരിയുടെ അടുത്തുനിൽക്കുന്നു. നമ്മുടെ പഞ്ചായത്തിൻെറ ഭൂപരമായ സവിശേഷത കശുമാവ് കൃഷിക്ക് വളരെ യോജിച്ചതാണ് ശാസ്ത്രീയ കൃഷി രീതി അവലംബിച്ച് ഈ സവിശേഷത പ്രയോജന പ്പെടുത്തുകയാണെങ്കിൽ കശുവണ്ടി ഉൽപ്പാദനരംഗത്ത് അത്ഭുതം സൃഷ്ടിക്കാൻ നമ്മുടെ കർഷകർക്ക് സാധി ക്കുമെന്നതിൽ സംശയമില്ല. കായ്ഫലം കുറഞ്ഞ മര ങ്ങൾ മുറിച്ചുമാറ്റി അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങൾ വെച്ചുപിടിപ്പിക്കാനും കീടബാധ തടയുന്ന തിനുള്ള നടപടികൾ സ്വീകരിക്കാനും കർഷകർക്ക് പ്രോത്സാഹനം നൽകി കശുവണ്ടി ഉൽപ്പാദനരംഗ ത്തുണ്ടായിട്ടുള്ള മുരടിപ്പ് മാറ്റിയെടുക്കേണ്ടതുണ്ട്.

**മാവ്:-** രുചിയിലും മണത്തിലും വലുപ്പത്തിലും ഗുണത്തിലുമെല്ലാം വൈവിധ്യമുള്ള മാങ്ങകൾ സുലഭമായിരുന്ന പഴയ കാലത്തിൻെറ ഓർമ്മകൾ അയവിറക്കാനേ നമുക്ക് കഴിയുന്നുള്ളു. നാടൻ മാവിനങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.. വിൽപ്പനയ്ക്ക് സാധ്യതയുള്ള കുറ്റ്യാട്ടൂർ മാവുപോലുള്ള ചിലയിനങ്ങൾ അങ്ങിങ്ങ് കാണപ്പെടുന്നുണ്ടെങ്കിലും അതിൻെറ സാധ്യത പൂർണ്ണമായി ഉപയോഗപ്പെടുത്താൻ പഞ്ചായത്തിലെ കർഷകർക്ക് സാധിച്ചിട്ടില്ല. 12.7 ഹെക്ടർ സ്ഥലത്ത് മാവ് വളരുന്നുണ്ടെന്ന് കണക്കാക്ക പ്പെടുന്നു. മാർക്കറ്റിനെ ലക്ഷ്യമാക്കിക്കൊണ്ടുകൂടി മാവ് കൃഷി ചെയ്യുന്ന രീതി പ്രോത്സാഹിപ്പിക്കണം.

**കുരുമുളക്:-** പഞ്ചായത്തിൽ 56 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷിചെയ്യപ്പെടുന്നു. എന്നാൽ തനികൃഷി യായ നടത്തപ്പെടുന്ന തോട്ടങ്ങൾ വളരെ കുറവാണ്. കവുങ്ങ്, മാവ്, പ്ലാവ് മുതലായ വിളക ളോട് ബന്ധപ്പെട്ടാണ് പ്രധാനമായും കുരുമുളക് കൃഷി ചെയ്യപ്പെടുന്നത്. ഉൽപ്പാദനക്ഷമത വളരെ കുറഞ്ഞ തോതിലാണ് കുരുമുളക് കൃഷിയുള്ളത്. വളപ്രയോഗം, വിളസംരക്ഷണം തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധവെ യ്ക്ക പ്പെടാത്തതകൊണ്ടാണ് ഈ സ്ഥിതി സംജാത മായത്. പറമ്പുകളിലെ പാഴ്മരങ്ങളും വൃക്ഷങ്ങളും ഉപയോഗപ്പെടുത്തി വൻതോതിൽ കുരുമുളക് കൃഷി വ്യാപിപ്പിക്കാവുന്നതാണ്. കാർഷികരംഗത്തുള്ള ഈ സാദ്ധ്യത പ്രയോജനപ്പെടുത്താൻ നമ്മുടെ കർഷകരെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

**കവുങ്ങ്:-** പഞ്ചായത്തിൽ 50ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷിചെയ്യപ്പെടുന്നു. പറമ്പുകളും വയലു കളും ചേരുന്ന കരഭാഗത്താണ് പ്രധാനമായും കവുങ്ങ് കൃഷിചെയ്യപ്പെടുന്നത്. ഉൽപ്പാദനക്ഷമത ഇവിടെയും മെച്ചമാണെന്ന് പറയാൻ വയ്യ. കവുങ്ങുകൾ തമ്മിൽ അകലം ക്രമീകരിക്കാതെയും വേണ്ടത്ര പരിചരണമോ വളമോ ലഭിക്കാതെയും ഉണ്ടായിട്ടുള്ള ഈ ഉൽപ്പാദന മുരടിപ്പ് മാറ്റാൻ കഴിയണം.

**വാഴ :-** 40 ഹെക്ടർ സ്ഥലത്ത് വാഴ കൃഷിചെയ്യ പ്പെടുന്നു. വലുകളിൽ നേന്ത്രവാഴ കൃഷിയാണ് പ്രധാനം. പറമ്പുകളിൽ ഇടവിളയായും കൃഷിചെയ്യാ വുന്ന വാഴയിനങ്ങളുണ്ട്. നേന്ത്രവാഴകൃഷിക്ക് നൽക പ്പെടുന്നത്ര ശ്രദ്ധ മൈസൂർ, അടുക്കൻ തുടങ്ങിയ ഇനങ്ങൾക്ക് ലഭിക്കുന്നില്ല. മാർക്കറ്റിൽ നല്ല വില കിട്ടുന്ന ഇനങ്ങളാണെങ്കിലും ഈ വാഴയിനങ്ങളോട് കർഷ കർവേണ്ടത്ര താൽപര്യം കാണിക്കുന്നില്ല. താരതമ്യേന മെച്ചപ്പെട്ട ആദായം കിട്ടുന്നത് കാരണം നെൽകൃഷി മാറ്റിവെച്ചും നേന്ത്രവാഴ കൃഷിചെയ്യപ്പെടുന്നു. എല്ലാ വയലുകളിലും നേന്ത്രവാഴയുടെ ഉൽപ്പാദനക്ഷമത മെച്ചപ്പെട്ടതാണെന്ന് പറഞ്ഞുകൂട.

**മരച്ചീനി :-**പഞ്ചായത്തിൽ 40 ഹെക്ടർ സ്ഥലത്ത് മരച്ചീനി കൃഷിചെയ്യുന്നു. പ്രധാനമായും

വയലുകളിൽ തന്നെ രാസ വളപ്രയോഗം കൊണ്ട് നല്ല ഫലം ലഭിക്കുന്ന ഒരു വിളയാണ് മരച്ചീനി. കാലിത്തീറ്റ, കോഴിത്തീറ്റ , സ്റ്റാർച്ച് മുതലായ ഉൽപ്പന്നങ്ങളുടെ ഘടകമായി ഇത് ഉപയോഗിക്കപ്പെടുന്നുണ്ട്. വയലുകളിൽ മരച്ചീനിയുടെ ഉൽപ്പാദനക്ഷമത മെച്ചപ്പെട്ടതാണ്. ഭക്ഷ്യാവശ്യത്തിനല്ലാതെ ഉപയോഗിക്കാവുന്ന ഇനങ്ങൾ പറമ്പുകളിൽ കൃഷിചെയ്യാവുന്നതാണ്. ഈ സാധ്യത നമ്മുടെ പഞ്ചായത്തിലെ കർഷകർ ഇനിയും പ്രയോജനപ്പെടുത്തിയിട്ടില്ല.

**പയർവർഗ്ഗങ്ങൾ :-** പഞ്ചായത്തിൽ 25 ഹെക്ടർ സ്ഥലത്ത് മാത്രമാണ് പയർ വർഗ്ഗങ്ങൾ കൃഷി ചെയ്യപ്പെടുന്നത്. 3 വിള നെൽകൃഷിയില്ലാത്തിത്തട് രണ്ടാം വിള കഴിഞ്ഞാൽ വയലുകൾ പാഴായിക്കിടക്കുന്നു. 500 ഹെക്ടറോളമുള്ള വയലുകളിൽ 250 ഹെക്ടറെങ്കിലും പയർ കൃഷിക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. പയർ കൃഷി പത്ത് മടങ്ങെങ്കിലും വർദ്ധിപ്പിക്കാമെന്നാണ് ഇതിൽ നിന്നും അനുമാനിക്കാവുന്നത്. പയറിൻെറ ഉൽപ്പാദന ക്ഷമത ഹെക്ടറിന് 300 കി.ഗ്രാമാണ് സംസ്ഥാന ശരാശരിയെക്കാൾ കുറവാണ് നമ്മുടെ ഉൽപ്പാദനക്ഷമത

**പച്ചക്കറി :-** ചേലോറ പഞ്ചായത്തിലെ കാർഷിക മേഖലയിൽ ഏറ്റവും കൂടുതൽ ശ്രദ്ധ ആവശ്യമായിട്ടുള്ളത് പച്ചക്കറികൃഷിയിലാണ്. കേവലം 9 ഹെക്ടർ സ്ഥലം മാത്രം പച്ചക്കറി കൃഷിക്ക് വേണ്ടി ഉപയോഗിക്കുന്ന നാം ആവശ്യമായ പച്ചക്കറികൾ മുഴുവൻ മാർക്കറ്റിൽ നിന്ന് തന്നെ വാങ്ങുന്നു. വേനൽക്കാലത്ത് മാത്രമാണ് പഞ്ചായത്തിൽ അൽപ്പമെങ്കിലും പച്ചക്കറി കൃഷിയുള്ളത്. മഴക്കാലത്ത് നാമമാത്രമായി ചിലയിടങ്ങളിൽ കൃഷിയുണ്ട്. പച്ചക്കറിക്ക് വേണ്ടി എന്നും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സാഹചര്യത്തിൽ ഇവിടെ പ്രസ്തുത കൃഷിക്ക് പ്രതികൂല മായിട്ടുള്ള ഘടകങ്ങളെന്ത് എന്ന് തിരിച്ചറിയാൻ കഴിയണം. പറമ്പുകളിൽ മഴക്കാല പച്ചക്കറികൃഷിയും വേനൽക്കാലത്ത് വയലുകളിലെ കൃഷിയും പ്രോത്സാഹിപ്പിക്കപ്പെടണം. ഓരോ വീട്ടിലും അടുക്കളത്തോട്ടമുണ്ടാകണം. മാർക്കറ്റിനെ ലക്ഷ്യമാക്കി പച്ചക്കറി കൃഷിചെയ്യുന്ന രീതി നമ്മുടെ പഞ്ചായത്തിലില്ല. ഉൽപ്പാദനക്ഷമത കുറഞ്ഞതാണ് കാരണം. വറ്റൽ മുളക്, ഇഞ്ചി, മഞ്ഞൾ, കൂവ തുടങ്ങിയ ഇനങ്ങൾ വ്യാപകമായി കൃഷിചെയ്യപ്പെട്ടിരുന്നു. തെങ്ങിൻ തോപ്പുകളിൽ വരമ്പുകളുടെ ഓരത്ത് കൂവ കൃഷി ചെയ്യുന്ന പതിവുണ്ടായിരുന്നു. മറ്റിനങ്ങളോടൊപ്പം ശ്രദ്ധയർഹിക്കുന്നവയാണ്. ഇവയും

**ഉൽപ്പാദ നക്ഷമത കുറയുന്നതിനുള്ള കാരണങ്ങൾ :-** കാർഷികോൽപ്പാദനം വർദ്ധിക്കുന്നതിന് തടസ്സമായിട്ടുള്ള പ്രശ്നങ്ങൾ ഉൽപ്പാദനക്ഷമത കുറയാനുള്ള കാരണങ്ങൾ കൂടിയാണെന്ന് വ്യക്തമാണെല്ലോ. ഇവ കൂടാതെ മറ്റ് കാരണങ്ങളുമുണ്ട്. പഞ്ചായത്തിലെ ഏത് കൃഷിക്കും ആവശ്യത്തിനനുസരിച്ച് ജൈവ വളപ്രയോഗം ഇല്ല. തിലാന്നൂർ, താവ,വാരത്തെ കൈപ്പാട് എന്നീ പ്രദേശങ്ങളിൽ വെള്ളക്കെട്ട് മൂലം ഒന്നാം വിള നശിക്കുകയോ മോശമാവുകയോ ചെയ്യുന്നു. രണ്ടാം വിളയ്ക്ക് അവസാനഘട്ടമാകുമ്പോൾ വെള്ളം കിട്ടാത്തതിനാൽ വിള മോശമാകുന്ന ചില വയലുകളുണ്ട്. കൃഷിപ്പണികൾ ചെയ്ത് തീർക്കുന്നതിനുവേണ്ടത്ര കർഷകതൊഴിലാളികളെ ലഭിക്കാത്തത് ഉൽപ്പാദനക്ഷമതയെ ബാധിക്കുന്നു. തെങ്ങ് കൃഷി പരിശോധിച്ചാൽ ഉൽപ്പാദനക്ഷമത കുറയാനുള്ള പ്രധാന കാരണം ജലസേചന സൗകര്യത്തിൻെറ അഭാവമാണെന്ന് കാണാം. ജലസേചന സൗകര്യമില്ലാത്ത സ്ഥലത്ത് മഴക്കാലത്തെ ജലസംരക്ഷണപ്രവർത്തനങ്ങളുമില്ല. നിശ്ചിതസ്ഥലത്ത് നടാവുന്നതിനേക്കാൾ കൂടുതൽ തൈകൾ നട്ടുപിടിപ്പിക്കുന്നതും ഉൽപ്പാദനക്ഷമത കുറായാനിടയാകുന്നു. കരപ്രദേശത്ത് നടക്കുന്ന വാഴ, മരച്ചീനി, കുരുമുളക് തുടങ്ങിയ എല്ലായിനം കൃഷികൾക്കും സംരക്ഷണ പ്രവർത്തനങ്ങളും ശാസ്ത്രീയ വളപ്രയോഗവും വേണ്ടത്ര ലഭിക്കുന്നില്ല. അതുപോലെ വിവിധയിനം കൃഷികൾക്കുണ്ടാകുന്ന രോഗകീടബാധ തടയൽ ഫലപ്രദമാകുന്നില്ല. എല്ലായിനം കൃഷികളുടെയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള പരിശ്രമം കൃഷിഭവൻെറ മേൽനോട്ടത്തിൽ കർഷകരുടെ കൂട്ടായ്മയോടെ നടക്കേണ്ടത് അനിവാര്യമാകുന്നു.

**ജലസേചന സൗകര്യങ്ങൾ :-** ജലസേചനത്തിനും ജലനിർഗമനത്തിനും പ്രധാനമായും തോടുകളാണ് ആശ്രയിക്കപ്പെടുന്നത്. പഴശ്ശി പദ്ധതിയുടെ അഴീക്കൽ കനാലിൻെറ ശാഖ പഞ്ചായത്തിലൂടെ കടന്ന് പോകുന്നു. വട്ടപ്പൊയിൽ കരിയിൽ എന്ന സ്ഥലം മുതൽ മുണ്ടയാട് 110 K.V സബ്സ്റ്റേഷൻെറ വടക്ക് ഭാഗം (പള്ളിപ്രം റോഡ്) വരെയുള്ള കനാൽ ചേലോറ പഞ്ചായത്തിൽ ഉൾപ്പെടുന്നു. ഇതിൽ നിന്ന് ഓരോ വയലിലേക്കും ശാഖാകനാലുകളുണ്ട്. മതുക്കോത്ത് വഴി തിലാന്നൂർ വരെയെത്തുന്ന ശാഖ ചേലോറ വയലിലെ ജലസേചനം ഉദ്ദേശിച്ചിട്ടുള്ളതാണ്. ഈ കനാലുകളിൽ കൂടി ജലവിതരണം ഇല്ലാത്തതിനാൽ ജലസേചനത്തിന് പ്രയോജനപ്പെടുന്നില്ല.

ചേലോറ വില്ലേജിൽ 'വലിയതോട്" എന്ന തോടുണ്ട്. മാച്ചേരി നമ്പ്യാർ പീടിക, വണ്ട്യാല എന്നിവിടങ്ങളിൽ നിന്നുള്ള നീർചാലുകൾ ചേരുന്ന മാച്ചേരിതോട്, വട്ടപ്പൊയിലിൽ നിന്നു തുടങ്ങുന്ന ചേലോറ തോട് ഇവ ചേലോറ പള്ളിക്കു താഴെ കൂടിച്ചേരുന്നു. അവടെനിന്ന് ആരംഭിക്കുന്ന വലിയതോട് തിലാന്നൂർ വഴി താഴെ ചൊവ്വയിലെത്തുന്നു. കാപ്പാട്, തിലാന്നൂർ, പെരിങ്ങളായി എന്നിവിടങ്ങളിൽ നിന്നുള്ള ചെറുതോടുകൾ വലിയ തോടിനോട് ചേരുന്നു.

വലിയന്നൂർ വില്ലേജിലെ തോടുകളെല്ലാം മുണ്ടേരി പുഴയുടെ ഇടതു കരയിലെ കൈപ്പാട് പ്രദേശത്ത് ചെന്നുചേരുന്നു .ഇവിടെ പ്രധാനപ്പെട്ട 7 തോടുകളുണ്ട്.

1. ആയങ്കിതോട്
2. ആലക്കാട് വയൽ തോട്
3. ചുള്ളേ്യരി വയൽ തോട്
4. പൊലുപ്പിൽ വയൽ തോട്
5. പുത്തൻ വീട്ടിൽ താഴെ തോട്
6. കൈതപ്രം - ആയങ്കണ്ടിതോട്
7. ഒറയിൽ കനാൽ - 12ാംകണ്ടി ചിറത്തോട്

ജലസേചനത്തിനുപയോഗിക്കാവുന്ന മറ്റൊരു സംവിധാനം കുളങ്ങളാണ്. 31 ഓളം ഇടത്തരം കുളങ്ങളും 36 ചെറു കുളങ്ങളും പഞ്ചായത്തിലുണ്ട്. ചേലോറ വില്ലേജിൽ വിവിധ സ്ഥലങ്ങളിലായി തോടുകൾക്ക് 8 ക്രോസ്സ് ബാറുകളുണ്ട്. ഇവ കൂടാതെ 15 കുഴൽ കിണറുകളും 3315 കിണറുകളുമുണ്ട്. പ്രധാനമായും കുടിവെള്ളത്തിന് വേണ്ടി ഉപയോഗിക്കപ്പെടുന്ന കിണറുകൾ ലഘുവായ തോതിൽ ജലസേചനത്തിനും ഉപയോഗിക്കപ്പെടുന്നുണ്ടെന്ന് പറയാം. 7 പോർട്ടബിൾ പമ്പ് സെറ്റുകളും 210 സാധാരണ പമ്പുസെറ്റുകളും ജലസേചനത്തിനുപയോഗിക്കുന്നു. വലിയന്നൂർ വില്ലേജിലെ തോടുകളിലെവിടെയും ക്രോസ്സ്ബാറുകളല്ലെന്ന വസ്തുത പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. ക്രോസ്സ് ബാറുകളുള്ള സ്ഥലത്ത് തന്നെ അവയെ പ്രയോജനപ്പെടുത്തുന്നതിനുപയോഗിക്കുന്ന പലകകൾ സംരക്ഷിക്കപ്പെടുന്നില്ല. പരിപാലനത്തിനും കമ്മിറ്റികളില്ല. മിക്ക V.C.B കളും ഉപയോഗ ശൂന്യമാണ്.

ജലസേചന സൗകര്യം പരിമിതമായത് ഉത്പാദനക്കുറവിന് കാരണമാണ്. കുളങ്ങളുണ്ടെങ്കിലും അവ സംരക്ഷിക്കാനും പമ്പ്സെറ്റ് വെച്ച് വെള്ളം ഉപയോഗിക്കുവാനുമുള്ള സൗകര്യങ്ങൾ കുറവാണ്. ചേലോറ IX-ാം വാർഡിലുള്ള മണ്ടോട്ടുകുളം ആഴം കൂട്ടി ജലം സംഭരിക്കാനും പമ്പ്സെറ്റ് സ്ഥാപിക്കാനുമുള്ള പ്രവർത്തനം നടന്നുവരുന്നുണ്ട്. വാരത്ത് ചുള്ളേ്യരി വയലിൽ ഒരു കുളം കുഴിച്ചുകൊണ്ടിരിക്കയാണ്. സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള കുളങ്ങൾ ഉൾപ്പെടെ എല്ലാ കുളങ്ങളും ജലസേചനയോഗ്യമാക്കാനുള്ള തീവ്ര പരിപാടി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിയാൽ പച്ചക്കറി കൃഷിയും മറ്റും അഭി വൃദ്ധിപ്പെടുത്താനുള്ള പശ്ചാത്തലമൊരുക്കാൻ സാധിക്കും.

## കാട്ടാമ്പള്ളിപദ്ധതിയുടെ ഫലമായിട്ടുള്ള ജലസേചന പ്രശ്നം:-

9 പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന 4000 ഓളം ഏക്കർ കൈപ്പാട് നിലത്ത് നെൽകൃഷി മെച്ചപ്പെടുത്താനുദ്ദേശിച്ചുകൊണ്ടാണ് കാട്ടാമ്പള്ളി പദ്ധതി ആരംഭിച്ചത്. 1966 ഒക്ടോബറിൽ ഒന്നാംഘട്ടം പൂർത്തിയായെങ്കിലും രണ്ടാംഘട്ട പ്രവർത്തനം എങ്ങുമെത്തിയില്ല. ചേലോറ പഞ്ചായത്തിലെ 500 ഏക്കറോളം കൈപ്പാട് നിലത്തിൽ 100 ഏക്കറിൽ കുറഞ്ഞ സ്ഥലത്ത് മാത്രമേ ഒന്നാം വിളയെങ്കിലും കൃഷിചെയ്യുന്നുള്ളൂ. 400 ഏക്കറിലധികം കൈപ്പാട് നിലം പൂർണ്ണമായും തരിശിട്ടിരിക്കയാണ്. രണ്ടോ മൂന്നോ വിളയെടുക്കാൻ ലക്ഷ്യമിട്ട് ആരംഭിച്ച പദ്ധതി കാരണം ഒന്നാം വിളപോലും കൃഷിയിറക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായി. പദ്ധതി നടപ്പിലാക്കു മുമ്പേ വേലിയേറ്റവും വേലിയിറക്കവും കാരണം കൃഷിയിടങ്ങൾ ഫലഭൂയിഷ്ഠമായിരുന്നു. ഇപ്പോൾ നിലം കളയും പോട്ടപ്പുല്ലും വളർന്നു മൂടപ്പെട്ടിരിക്കുന്നു. മുൻകാലങ്ങളിൽ കാര്യമായ വളപ്രയോഗം ആവശ്യമുണ്ടായിരുന്നില്ല. ഇപ്പോൾ കൃഷിയിറക്കണമെങ്കിൽ വളപ്രയോഗത്തിനും നിലമൊരുക്കലിനും മറ്റുമായി വൻതുക ചിലവിടേണ്ടിവരുന്നു. നെൽകൃഷി നഷ്ടത്തിൽ കലാശിക്കുന്നു. ഇതൊക്കെ സഹിക്കാൻ ഏതെങ്കിലും കർഷകൻ ധൈര്യം കാണിച്ചാൽ വിള കൊയ്യുന്നതിനു മുൻപ് കതിരുകൾ മുക്കാൽ പങ്കും എരണ്ടപക്ഷികളും കിളികളും നശിപ്പിക്കുന്നു.

ചേലോറ പഞ്ചായത്തിൻെറ നെല്ലറയായിരുന്ന വാരത്തെ കൈപ്പാട് പ്രദേശം കൃഷിയോഗ്യമാക്കൽ അടിയന്തര പ്രാധാന്യമുള്ള പ്രവർത്തനമാണ്. കാട്ടാമ്പള്ളി പദ്ധതിമൂലം സംഭവിച്ചിട്ടുള്ള ദുരിതങ്ങളകറ്റാൻ വിദഗ്ദ്ധൻമാരുടെ സഹായത്തോടെ പരിപാടികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

• പ്രസ്തുത പദ്ധതിമൂലം ദുരിതമനുഭവിക്കുന്നത് കൃഷിക്കാർ മാത്രമല്ല. വിവിധതരം പുഴമൽസ്യങ്ങൾ സമൃദ്ധമായിരുന്ന വിസ്തൃതമായ ഒരു പ്രദേശം നൂറുക്കണക്കിന് മൽസ്യത്തൊഴിലാളികളുടെ ജീവിത പ്രതീക്ഷയായിരുന്നു. ജലക്ഷാമം കൈപ്പാടിൻെറ സമീപത്തുള്ള കരപ്രദേശങ്ങളിലെ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നു. വേലിയേറ്റവും വേലിയിറക്കവും ഇല്ലാതാക്കിയത് കിണറുകൾ പെട്ടെന്ന് വറ്റിപ്പോകാൻ കാരണമായിട്ടുണ്ട്.

നെൽകൃഷി നഷ്ടത്തിലാകുന്നതോടെ പരിഹാരമായി തെങ്ങുകൃഷിയിലേക്ക് ശ്രദ്ധതിരിക്കുന്ന നിരാശരായ കൃഷിക്കാർക്ക് മൽസ്യക്കൃഷിയുടെ സാദ്ധ്യതകളെക്കുറിച്ച് അറിവ് പകർന്ന് കൈപ്പാട്ട് പ്രദേശത്തെ നെല്ലിൻേറയും മൽസ്യങ്ങളുടേയും വിളനിലമായി നിലനിർത്താനുള്ളപദ്ധതികളാണ് ആവശ്യമായിട്ടുള്ളത്.

## വിലയും വിപണനവും:

പഞ്ചായത്തിലെ കർഷകർ വിൽക്കുന്ന ഉൽപ്പന്നങ്ങൾ തേങ്ങ, മരച്ചീനി, വാഴക്കുല, അടയ്ക്ക, കുരുമുളക്, കശുവണ്ടിമുതലായവയാണ്. സ്വന്തം ആവശ്യം കഴിഞ്ഞ് വിൽക്കാൻ കഴിയുന്നത്ര നെല്ല് ഉൽപ്പാദിപ്പിക്കുന്ന കർഷകർ കുറവാണ്. വിപണന സൗകര്യം മെച്ചപ്പെട്ടതാണെന്നുതന്നെ പറയാവുന്നതാണ്. കശുവണ്ടി സീസണിൽ കച്ചവടക്കാർ കശുവണ്ടി സംഭരിക്കാറുണ്ട്. വാരം, മതുക്കോത്ത്, വലിയന്നൂർ, തിലാന്നൂർ എന്നിവിടങ്ങളിൽ കശുവണ്ടി, കൊപ്ര, കുരുമുളക്, അടയ്ക്ക തുടങ്ങിയ ഉത്പന്നങ്ങൾ വാങ്ങുന്ന സ്വകാര്യ മലഞ്ചരക്ക് വ്യാപാര ഡിപ്പോകളുണ്ട്. കാപ്പാട് സർവ്വീസ് സഹകരണ ബേങ്കിൻെറ ഒരു കൊപ്ര സംഭരണ ഡിപ്പോ പള്ളിപ്പൊയിലിൽ പ്രവർത്തിച്ചിരുന്നു. മരച്ചീനി, വാഴക്കുല തുടങ്ങിയ മറ്റുൽപ്പന്നങ്ങൾ ആഭ്യന്തര മാർക്കറ്റിലും കണ്ണൂർ, ചക്കരക്കല്ല് എന്നീ സ്ഥലങ്ങളിലും കൊണ്ടുപോയി വിൽക്കുന്നു. കൃഷിക്കാരന് കിട്ടേണ്ട വിലയുടെ 10-15 ശതമാനമെങ്കിലും ഇടനിലക്കാരുടെ ലാഭമായി നൽകേണ്ടി വരുന്നുണ്ടെന്ന് കണക്കാക്കാം. സഹകരണ സംഘങ്ങൾ കാർഷികോൽപ്പന്നങ്ങൾ ശേഖരിക്കാൻ തയ്യാറായാൽ ഈ നഷ്ടം ഒരു പരിധിവരെ കുറക്കാൻ സാധിക്കും.

## കാർഷിക ബന്ധങ്ങൾ:

1991 ലെ സെൻസസ് സൂചിപ്പിക്കുന്നത് പഞ്ചായത്തിൽ 1116 കർഷകതൊഴിലാളികൾ ഉണ്ടെന്നാണ്. ജനസംഖ്യയുടെ 3.5% കർഷകതൊഴിലാളികളാണ്. നിർമ്മാണ തൊഴിലാളികളും ഭാഗികമായി തൊഴിലുള്ളവരും കാർഷികരംഗത്ത് പലപ്പോഴായിജോലി ചെയ്യാറുണ്ട്. യഥാർത്ഥ കർഷകരും കർഷകതൊഴിലാളികളുമുൾപ്പെടെ 5-6% ജനങ്ങൾ കൃഷിയുമായി ബന്ധപ്പെട്ട തൊഴിൽ ചെയ്യുന്നു. മൊത്തം ജനസംഖ്യയുടെ 23% ഏതെങ്കിലും തൊഴിലെടുക്കുന്നവരാണ്. തൊഴിൽ ചെയ്യുന്നവരുടെ 1/5 ഭാഗം കാർഷികമേഖലയിലെ തൊഴിൽചെയ്യുന്നവരാണെന്ന് കണക്കാക്കാം. ഉൽപ്പാദനക്ഷമത കുറവായതാണ് കൃഷി നഷ്ടത്തിലാകാനുള്ള പ്രധാനകാരണം. കർഷക തൊഴിലാളിയുടെ കൂലി അമിതമാണെന്ന തോന്നൽ കൃഷിക്കാരനുണ്ടാകുമ്പോൾ കിട്ടുന്ന കൂലികൊണ്ട് ജീവിതാവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയുന്നില്ലെന്ന പരാതി തൊഴിലാളിക്കുമുണ്ടാകുന്നു. ഈ വൈരുദ്ധ്യം കുറയണമെങ്കിൽ ഉൽപ്പാദനം വൻതോതിൽ വർദ്ധിപ്പിച്ച് ഐശ്വര്യപൂർണമായ കാർഷികരംഗം സൃഷ്ടിക്കേണ്ടിയിരിക്കുന്നു.

### നിലവിൽ കാർഷികമേഖലയിലെ ശരാശരികൂലി വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | തുക |
|---|---|
| ഉഴവ് | 90 രൂ. (2മണിക്കൂർ) |
| ടില്ലർ | 100രൂ.(1 മണിക്കൂർ) |
| കിളക്കൽ | 100 രൂ. |
| ഞാറ്നടൽ | 50 രൂ. |
| കളപറി | 30 രൂ. |
| കൊയ്ത്ത് | 60 രൂ. |
| തെങ്ങ്കയറ്റം | 200 രൂ. |

**വളം ഉപഭോഗം :-** ജൈവവളങ്ങളും രാസ വളങ്ങളും ഉപയോഗിക്കപ്പെടുന്നുണ്ട്. എല്ല് പൊടി, മത്സ്യവളം തുടങ്ങിയവയും ഉപയോഗിക്കുന്നു. കാപ്പാട് സർവ്വീസ് സഹകരണബേങ്ക് FACT വളഡിപ്പോ നടത്തുന്നുണ്ട്. വാരത്ത് സ്വകാര്യ വളഡിപ്പോ പ്രവർത്തിച്ചുവരുന്നു. സമീപപഞ്ചായത്തുകളിലെ ബേങ്കുകളും സ്വകാര്യ വ്യക്തികളും നടത്തുന്ന വളംഡിപ്പോകളിൽ നിന്നും കർഷകർ ഇവിടുത്തേക്ക് വളം വാങ്ങികൊണ്ടു വരുന്നുണ്ട്.

അമിതമായി രാസവളം മാത്രം ഉപയോഗിച്ച് കൃഷിചെയ്യുന്നത് മണ്ണിൻെറ ഫലഭൂയിഷ്ടത നഷ്ടപ്പെടാനി ടയാകുമെന്ന് മനസിലാക്കി ജൈവവളംകൂടി നന്നായി പ്രയോഗിക്കണമെന്ന് വിദഗ്ധർ പറയുന്നു. നമ്മുടെ കർഷകർ ഇക്കാര്യം മനസിലാക്കിട്ടുണ്ട്. എന്നാൽ ജൈവ വളം തങ്ങളുടെ കൃഷിയിടത്തിൽ തന്നെ ഉൽപ്പാദിപ്പി ക്കാൻ മിനക്കെടാതെ വൻവിലകൊടുത്ത് വാങ്ങാൻ തുനിയുന്നു. കൃഷിനഷ്ടമാകുന്നു. പച്ചില വളച്ചെടി കൾ വ്യാപകമായി നട്ടുപിടിപ്പിക്കാനും കമ്പോസ്റ്റ് വളം തയ്യാറാക്കാനും പ്രോൽസാഹിപ്പിക്കുന്ന ഒരു വൻ സംരംഭത്തിലൂടെ മാത്രമെ ഇന്നത്തെ ജൈവളക്ഷാമം പരിഹരിക്കാൻ കഴിയൂ. ജൈവാണു വളപ്രയോഗം പതുക്കെ നമ്മുടെ കൃഷിക്കാരുടെ ഇടയിൽ പ്രചാരത്തിൽ വരുന്നുണ്ട്.

**മണ്ണ് - ജലസംരക്ഷണം :-** ചേലോറ പഞ്ചായത്ത് പ്രദേശം രണ്ട് വലിയനീർത്തടങ്ങൾ ചേർന്നതാണ്. ചേലോറ വലിയ തോടിലേക്ക് മഴ വെള്ളം ഒഴുകി യെ ത്തുന്ന പ്രദേശങ്ങൾ ചേർന്നതാണ് ഇതിൽ ഒന്ന് ചേലോറ വില്ലേജിലെ വിവിധ ദേശങ്ങൾ ഇതിൽപ്പെടുന്നു. വാരം പുഴയിലേക്ക് മഴവെള്ളം ഒഴുകിയെത്തുന്ന സ്ഥലങ്ങൾ ചേർന്ന നീർത്തടമാണ് മറ്റൊന്ന്. ഇവയിൽ വലിയന്നൂർ വല്ലേജിലെ പ്രദേശങ്ങൾ ഉൾപ്പെ ടുന്നു. 6 മാസക്കാലത്ത് 3000മി.മി ലധികം മഴ ലഭിക്കുന്ന നമ്മുടെ നാട്ടിലെ തോടുകളെല്ലാം ജനവരി മാസമാകുമ്പോഴെക്കും വറ്റിപ്പോകുന്നത് വലിയ വിരോധാഭാസമാണെന്ന് എല്ലാവരും സമ്മതിക്കും മഴക്കാലം കഴിയുന്നതോടെ തോടുകളിലേക്കുള്ള നീരുറവകൾ വറ്റിപോകുന്ന താണ് കാരണം. ഉയർന്നസ്ഥലങ്ങളിൽ പെയ്യുന്ന മഴവെള്ളം മണ്ണിലേക്ക് കിനിഞ്ഞിറങ്ങാതെ മുഴുവൻ ഒലിച്ച് കടലിലെത്തിച്ചേരുന്നു. മഴ കഴിയുന്നതോടെ താൽക്കാലിക തടയണകൾ ഉണ്ടാക്കിയും നിലവിലുള്ള V C B കൾ ഉപയോഗിച്ചും തോടുകളിലെ നീരൊഴു ക്കിൻെറ വേഗത കുറച്ചും ഉയർന്ന പ്രദേശങ്ങൾ തട്ടു കളാക്കിയും ജൈവാവരണങ്ങൾ സൃഷ്ടിച്ചും ജല സംരംക്ഷണപ്രവർ ത്തനം നടത്തണം. ഫലപ്രദമായ സ്ഥജലമാനേജ്മെൻറിൻെറ ആവശ്യം ജനങ്ങൾക്കാകെ ബോധ്യപ്പെടണം. ഒരാൾ ഒന്നോ രണ്ടോമണിക്കുർ നേരത്തെ അധ്വാനം സംഭാവന ചെയ്താൽ നമ്മുടെ നാടിനെ കൊടും വരൾച്ചയിൽ നിന്ന് സംരംക്ഷിക്കാൻ കഴിയും എന്ന് അവരെ പഠിപ്പിച്ചുകൊണ്ട് പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

**കൃഷിഭവൻ :-** ഓരോപഞ്ചായത്തിലും സമഗ്രമായ കാർഷിക പുരോഗതിക്ക് നേതൃത്വം നൽകുവാനാണ് പഞ്ചായത്ത് തോറും കൃഷിഭവനുകൾ 87 -88 കാലത്ത് സ്ഥാപിച്ചത്. എന്നാൽ ജനകീയ കൂട്ടായ്മയുടെ അഭാവം മൂലം കൃഷിഭവൻ കൊണ്ടുള്ള സാധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്താൻ കഴിയാതെ പോയി. നമ്മുടെ കൃഷിഭവൻ ഓഫീസ് പ്രവർത്തിക്കുന്നത് മതുക്കോത്ത് എന്ന സ്ഥലത്താണ്. ഒരുകെട്ടിടത്തിൻെറ മുകളിലെ ഇടുങ്ങിയ മുറിയിൽ പ്രവർത്തിക്കുന്ന ആ ഓഫീസിലേക്ക് കയറിചെല്ലാൻ പോലും പ്രയാസം. കൃഷിഭവൻ മുഖേന കർഷകർക്ക് വിവിധ തരം സഹായങ്ങൾ ലഭിച്ചു വരുന്നു. നടീൽ വസ്തുവിതരണം, കൃഷിക്ക് രോഗ ബാധയുണ്ടായാൽ ആവശ്യമായ നിർദ്ദേശങ്ങൾ കർഷകർക്ക് നൽകൽ, സബ്സിഡി വിതരണം, പമ്പ് സെറ്റ് സ്ഥാപി ക്കാനും കിണർ കുഴിക്കാനുമുള്ള സഹായങ്ങൾ വിത രണം ചെയ്യൽ തുടങ്ങി വിവിധ പ്രവർത്തനങ്ങൾ നടക്കുന്നു. പഞ്ചായത്തിൻെറ എല്ലാഭാഗങ്ങളിലും കൃഷിഭവൻെറ സഹായങ്ങൾ ഒരേ രീതിയിൽ എത്തുന്നില്ല എന്ന വിമർശനം ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്നിട്ടുണ്ട്. കൃഷഭവനിൽനിന്ന് ലഭ്യമാകുന്ന സഹായങ്ങളെക്കുറിച്ച് കർഷകർക്ക് യഥാവസരം വിവരം ലഭിക്കാത്തതാണ് ഇതിന് കാരണം. കർഷകസമിതികളുടെ പ്രവർത്തനം ഊർജസ്വലവും ഫലപ്രദവുമാക്കിയാൽ ഈ പരാതി ഒഴിവാക്കാവുന്നതാണ്. പഞ്ചായത്തിലെ കാർഷികരംഗത്ത് സമഗ്രവികസനത്തിനുള്ള പശ്ചാത്തലമൊരുക്കുവാൻ പര്യാപ്തമാകംവിധം കൃഷിഭവൻെറ സേവനങ്ങൾ കർഷകരിലെത്തിക്കേണ്ടതുണ്ട്. കർഷകർ ഉദ്യോഗസ്ഥരെ തേടിപ്പോകുന്നതിനു പകരം ഉദ്യോഗസ്ഥർ കൃഷിസ്ഥലങ്ങൾ സന്ദർശിക്കണം.

## കർഷക സമിതികൾ :

പഞ്ചായത്ത് മുഴുവൻ പ്രവർത്തന മേഖലയായി 650 അംഗങ്ങളുള്ള ഒരു കേരകർഷക സമിതി രജിസ്ത്ര് ചെയ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിൽ തേങ്ങയുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ സമിതിയുടെ പ്രവർത്തനം പ്രയോജനപ്പെടേണ്ടിയിരിക്കുന്നു.

നെൽകൃഷിയുമായി ബന്ധപ്പെട്ട് 7 പാടശേഖര സമിതികൾ രജിസ്ത്ര് ചെയ്യപ്പെട്ടിട്ടുണ്ട്. ആകെ 568 അംഗങ്ങൾ ഉള്ള ഈ സമിതികൾ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിപാടികളാവിഷ്കരിക്കണം. പഞ്ചായത്ത് തലത്തിൽ ഒരു കൂട്ടായ്മ കൃഷിഭവൻ മുഖേന ഈ രംഗത്ത് നടപ്പാക്കാൻ കഴിയണം.

## പാടശേഖര സമിതികൾ:

| | പേര് | അംഗങ്ങളുടെ എണ്ണം |
|---|---|---|
| 1. | വലിയന്നൂർ പാടശേഖര സമിതി | 150 |
| 2. | ചേലോറ ,, ,, | 45 |
| 3. | കാപ്പാട് ,, ,, | 98 |
| 4. | മാച്ചേരി ,, ,, | 91 |
| 5. | വാരം ,, ,, | 87 |
| 6. | കടാങ്കോട് ,, ,, | 87 |
| 7. | തിലാന്നൂര് ,, ,, | 35 |
| | ആകെ | 568 |

കുരുമുളക്, കശുവണ്ടി, വാഴ തുടങ്ങിയ കൃഷികൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് സഹായകമാകത്തക്കവിധം കർഷക സമിതികൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കാൻ ശ്രമിക്കുന്നത് നല്ലതായിരിക്കും.

കൂട്ടുകൃഷി:- 59-60 കാലഘട്ടത്തിൽ ഉദയം ചെയ്ത കൂട്ടുകൃഷി എന്ന ആശയം 87 ൽ കൂടുതൽ ഊന്നൽ നൽകി നടപ്പിലാക്കാൻ ശ്രമിച്ചിരുന്നുവെങ്കി[ല്ലും] ഫലപ്രദമായില്ല. പാടശേഖര സമിതികളുടെ പ്രവർ[ത്ത]നം മെച്ചപ്പെടുത്തി കൂട്ടുകൃഷിയുടെ ഗുണങ്ങ[ളെ]ക്കുറിച്ച് കർഷകരെ ബോധവാൻമാരാക്കണം. നില[വി]ലുള്ളതിനേക്കാൾ ആദായകരവും സൗകര്യപ്രദവുമ[ാണ്] കൂട്ടുകൃഷിരീതിയെന്ന് തെളിയിക്കാനുള്ള മാതൃക[ക]ൾ സൃഷ്ടിക്കപ്പെടണം.

## കാർഷികോപകരണങ്ങൾ:

**പഞ്ചായത്തിലുള്ള കാർഷികോപകരണങ്ങളുടെ പട്ടിക**

| ഇനം | എണ്ണം |
|---|---|
| ടില്ലർ | 5 |
| റോക്ക് സ്പ്രെയർ | 9 |
| നാപ്സ്റ്റാക്ക് സ്പ്രെയർ | 4 |
| പോർട്ടബിൾ പമ്പ്സെറ്റ് | 7 |
| മറ്റ് പമ്പ്സെറ്റുകൾ | 210 |
| ട്രാക്ടർ | ഇല്ല |

500 ഹെക്ടറിലേറെ വിസ്തൃതിയുള്ള നെൽവയലുകൾക്ക് വേണ്ടത്ര ടില്ലറുകളോ മറ്റുപകരണങ്ങളോ ഇല്ലെന്ന് വ്യക്തമാണ്. ട്രാക്ടറുകളുമില്ല. വൻമുടക്ക് മുതൽ ആവശ്യമായിട്ടുള്ള ഉപകരണങ്ങൾ ലഭ്യമാക്കാൻ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമെ കർഷകത്തൊഴിലാളികളെ യഥാസമയം ലഭിക്കാത്ത സാഹചര്യത്തിൽ കൃഷിപ്പണികൾ യഥാസമയം ചെയ്ത് തീർക്കാൻ കഴിയൂ.

## കാർഷിക രോഗങ്ങൾ :

വിവിധയിനം കൃഷികളെ ബാധിക്കുന്ന രോഗങ്ങൾ ഇവയാണ്.

| | |
|---|---|
| നെല്ല് | - കിടബാധ, കുലവാട്ടം |
| തെങ്ങ് | - കറവാർച്ച, കൂമ്പുചീയൽ, ചെല്ലിയുടെ ആക്രമണം, മച്ചിങ്ങകൊഴിച്ചൽ, കാറ്റ്‌വീഴ്ച |
| വാഴ | - തിരിമുട്ടൽ |
| കവുങ്ങ് | - മഹാളി, മുഞ്ഞരോഗം |
| കുരുമുളക് | - ദ്രുതവാട്ടം |
| കശുമാവ് | - പൂതുരപ്പൻ പ്രാണി |

നെൽകൃഷിയെ ബാധിക്കുന്ന കീടങ്ങൾ തണ്ടുതുരപ്പൻ ഇലചുരുട്ടിപ്പുഴു, ഗാളീച്ച, ചാഴി എന്നിവയാണ്. കൃഷിഭവൻ മുഖേന നിയന്ത്രണ മാർഗങ്ങൾ മനസ്സിലാക്കാനും കൂട്ടായി നിയന്ത്രണ മാർഗങ്ങൾ അവലംബിക്കാനും ശ്രമിക്കേണ്ടതുണ്ട്. കീട നാശിനി പ്രയോഗം പരിമിതമായ തോതിൽ മാത്രം ചെയ്തില്ലെങ്കിൽ പരിസ്ഥിതിയെ ബാധിക്കുമെന്ന കാര്യം ഉൾക്കൊള്ളാൻ കർഷകർക്ക് കഴിയണം.

**തരിശുഭൂമി:-** പഞ്ചായത്തിൽ കശുമാവ് കൃഷിക്കും മറ്റും അനുയോജ്യമായ തരിശുഭൂമികൾ ഇപ്പോഴുമുണ്ട്. ഇവയിൽ കൃഷി വ്യാപിപ്പിച്ച് കാർഷികോൽപ്പാദനം വർദ്ധിപ്പിക്കാനുള്ള പരിപാടികൾ വേണ്ടതാണ്. തങ്കേക്കുന്ന്, മുട്ടോളംപാറ, സത്രം കിഴക്കയിൽ കുന്നുമ്പ്രം, പുളിയഞ്ചാൽ, പെരിങ്ങളായി ക്ഷേത്രം പറമ്പ് പരിസരം. പെരിക്കാട്ട് മെട്ട, പെരിങ്ങളായി എന്നിവിടങ്ങളിലും കാപ്പാട്-തട്ടുപറമ്പ്, വിളക്കുനിയൻ മെട്ട, ചേലോറ സോമേശ്വരി ക്ഷേത്രത്തിന്റെ തെക്കുള്ള കുന്നിൻ നെറുക, വലിയന്നൂർ വലിയകുണ്ട്, കൂലോത്ത് കുന്നുമ്പ്രം എന്നിവിടങ്ങളിൽ ഉയർന്ന തരിശുഭൂമികളുണ്ട്.

## പുതുതായി കുളങ്ങൾ കുഴിക്കാനുള്ള നിർദ്ദേശങ്ങൾ:

കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ജലസേചന സൗകര്യം ഏർപ്പെടുത്തുകയാണ് പ്രധാനമായി ചെയ്യേണ്ടത് എന്ന് ജനങ്ങൾ തിരിച്ചറിഞ്ഞതിന്റെ തെളിവാണ്. ഓരോ വാർഡിലും നിരവധി കുളങ്ങൾ കുഴിക്കാനുള്ള നിർദ്ദേശങ്ങൾ ഉയർന്നുവന്നത്. ജലലഭ്യതയും പ്രയോജനവും എല്ലാം വിശദമായി പഠിച്ച് നടപ്പാക്കേണ്ടതാണ് ഈ പരിപാടിയെങ്കിലും ഗ്രാമസഭാ ചർച്ചകളിൽ ഉയർന്നുവന്നിട്ടുള്ള ആവശ്യങ്ങൾ ചുവടെ കൊടുക്കുന്നു.

| വാർഡ് | സ്ഥലം |
|---|---|
| 1. | ആശാരിക്കാവിന് താഴെ, കുറുവാട്ട് താഴെ (ബണ്ട്) |
| 2. | മാറോളി വയൽ, വളയനാട്ട് താഴെ |
| 3. | വലിയന്നൂര് എൽ. പി. സ്കൂളിന് സമീപം |
| 4. | കിഴക്കയിൽ വീട്ടിന്ന് താഴെ<br>നുച്ചിലോട്ട് താഴെ<br>കൂലോത്ത് താഴെ<br>കോമത്ത് താഴെ |
| 5. | നാഗത്തടം, കണ്ടമ്പേത്ത് ക്ഷേത്രങ്ങൾക്കടുത്ത് നിലവിലുള്ള കുളങ്ങൾ നന്നാക്കുക, നമ്പ്യാർ പീടികക്കടുത്ത് പോക്കർ കുളം നന്നാക്കുക. |
| 6. | അരക്കിണറിന് സമീപം, കൃഷ്ണവിലാസം യു. പി. സ്കൂളിന് താഴെ |
| 7. | ആലക്കാട് വയൽഭാഗത്ത് |
| 8. | പെരിക്കാട് പൊയ്യച്ചാലിൽ (മുറവും മാലക്ക് സമീപം)<br>മടത്തും പടിക്കൽ കുളം |
| 9. | നെല്ല്യോട്ട് താഴെ, പാലായിത്താഴെ |
| 10. | -------- |
| 11. | വാർഡിലെ 4 വയലുകളിലും ഓരോ കുളം കുഴിക്കണം. വാരത്ത് വീട്ടിൽ താഴെ, പൊലുപ്പിൽ വയൽ, കുണ്ടുംകര താഴെ, ആലക്കാട് വയൽ. |
| 12. | കൊങ്ങണാംകോട് കുണ്ട് ആഴവും വീതിയും കൂട്ടണം. നുച്ചിലോട് വയലിൽ കുളം കുഴിക്കണം. |

മുകളിൽ സൂചിപ്പിച്ച സ്ഥലങ്ങളിൽ സാധ്യതക്കനുസരിച്ച് കുളങ്ങളോ ബണ്ടുകളോ നിർമ്മിക്കുകയോ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയോ ചെയ്താൽ നെൽകൃഷി അഭിവൃദ്ധിപ്പെടുത്താൻ സാധിക്കും. വാഴ, പച്ചക്കറി കൃഷികൾ വർദ്ധിപ്പിക്കാനും ഇതു പ്രയോജനപ്പെടും.

പഞ്ചായത്തിലെ കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും അവ പരിഹരിച്ചുകൊണ്ട് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ചെയ്യാവുന്ന പ്രവർത്തനങ്ങളും സാധ്യതകളും മറുപുറം കൊടുക്കുന്നു.

## പ്രശ്നങ്ങൾ:

1. കശുമാവ് കൃഷിക്ക് അനുയോജ്യമായ തരിശു ഭൂമികൾ ഉപയോഗപ്പെടുത്താതെ കിടക്കുന്നു.

2. കൈപ്പാട് പ്രദേശം ഫലഭൂയിഷ്ഠത കുറഞ്ഞതായി മാറിയിരിക്കുന്നു.

3. ജലസേചന സൗകര്യത്തിൻെറ അഭാവം പ്രകടമാണ്.

4. നെൽപ്പാടങ്ങൾ തെങ്ങ് കൃഷിക്കു വേണ്ടിയും, പാർപ്പിട നിർമ്മാണത്തിനു വേണ്ടിയും നികത്തപ്പെ ടുന്നു.

5. തിലാന്നൂർ മാവുംപാല, ഓട്ടക്കാഞ്ഞിരം ഭാഗത്തും കൈപ്പാട്ടിന്നും മഴക്കാലത്ത് നീർക്കെട്ട് ഉണ്ടാവുന്നു.

6. കൈപ്പാട്ടിലെ പരിമിതമായ തോതിലുള്ള നെൽകൃഷിയെ എരണ്ടപ്പക്ഷികളും മറ്റും നശിപ്പിക്കുന്നു.

7. കൃഷിയെ ബാധിക്കുന്ന വിവിധ രോഗങ്ങൾ ഉൽപ്പാദനം കുറയാൻ ഇടയാകുന്നു.

8. ജൈവവളങ്ങളുടെ ഉൽപ്പാദനവും ലഭ്യ തയും കുറയുന്നു.

9. കൃഷിപ്പണികൾ ചെയ്യുന്നതിന് വേണ്ടത്ര കർഷകത്തൊഴിലാളികളെ യഥാവസരം കിട്ടുന്നില്ല.

10. ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനത്തിൽ കർഷകനും കർഷകത്തൊഴിലാളിയും തൃപ്തരല്ല.

11. ഉഴവ് കൃത്യസമയത്ത് ചെയ്ത് തീർക്കാൻ ആവശ്യമായത്ര കന്നു പൂട്ടുകാരോ ടില്ലറുകളോ ഇല്ല.

12. നിലവിലുള്ള ക്രോസ്സ് ബാറുകളോ ബണ്ടു കളോ ഉപയോഗിച്ച് ലഭ്യമാക്കാവുന്ന പരമാവധി ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്താൻ സാധി ക്കുന്നില്ല.

13. വലിയന്നൂർ വില്ലേജിലെ തോടുകളിൽ എവിടെയും ക്രോസ്സ് ബാറുകളില്ല.

14. തോടുകളിലെ വെള്ളം ജനവരി മാസമാകുമ്പോഴേക്കും വറ്റുന്നത് കാരണം വേനൽക്കാല പച്ചക്കറി കൃഷി ചെയ്യാൻ സാധിക്കുന്നില്ല. രണ്ടാം വിളയ്ക്ക് ജലസേചന സൗകര്യവും ഇല്ലാതാകുന്നു.

15. വലിയന്നൂർ വില്ലേജിലെ കൈപ്പാട്ടിലെ 400 ഏക്കറോളം സ്ഥലത്ത് നെൽകൃഷി ചെയ്യാൻ സാധി ക്കുന്നില്ല.

16. വാഴ, മരച്ചീനി എന്നിവയൊഴികെ മറ്റ് കൃഷിയിനങ്ങൾ പ്രായേണ നഷ്ടമാണ്.

17. ഭൂരിഭാഗം ഭൂവുടമകളുടെയും മുഖ്യ തൊഴിലല്ല കൃഷി. ഉപതൊഴിലായതുകൊണ്ട് കൃഷിയിൽ പൂർണ്ണ ശ്രദ്ധയുണ്ടാകുന്നില്ല.

18. കർഷകസമിതികളുടെ പ്രവർത്തനം ഫലപ്രദമല്ല.

19. മണ്ണ് പരിശോധന നടത്തി യോജിച്ച വളമേത് എന്ന് കണ്ടെത്തുന്നില്ല. വളപ്രയോഗം വ്യർഥാവിലാകുന്നു.

20. കൃഷിഭവൻെറ പ്രവർത്തനം എല്ലാ കൃഷിക്കാരിലും എത്തുന്നില്ല.

21. വളപ്രയോഗം ശാസ്ത്രീയ രീതിയിലല്ല.

22. സബ്സിഡികൾ ഫലപ്രദമാകുന്നില്ല.

23. പച്ചക്കറി കൃഷി കുറഞ്ഞുവരുന്നു.

24. പരമ്പരാഗത വിത്തിനങ്ങൾ അപ്രത്യക്ഷമായി കൊണ്ടിരിക്കുന്നു.

25. ഭൂമിതുണ്ടുകളാക്കപ്പെടുന്നത് കൃഷിപണിക്ക് പ്രയാസമുണ്ടാക്കുന്നു.

26. തെങ്ങിൻ തോപ്പുകളിൽ ഇടവിളകൾ കൃഷി ചെയ്യുന്ന സമ്പ്രദായം അപൂർവ്വമാണ്.

27. പുൽകൃഷി ചെയത് പശുക്കൾക്ക് തീറ്റയായി നൽകുന്ന രീതി നിലവിലില്ല.

28. കൂൺകൃഷി, പൂകൃഷി, ഔഷധ കൃഷി ഇവയെ പ്പറ്റി കൃഷിക്കാർക്ക് വേണ്ട ധാരണകളില്ല.

29. പറമ്പുകളിൽ മരച്ചീനി കൃഷിക്കുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തുന്നില്ല.

30. ഗ്രൂപ്പ് ഫാമിങ്ങിൽ കൃഷിക്കാർക്ക് താലപ്പര്യമില്ല.

31. പയർവർഗ്ഗങ്ങളുടെ കൃഷി കുറഞ്ഞു വരികയാണ്.

## സാധ്യതകൾ:

1. വെള്ളം കിട്ടാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ബണ്ട്, ക്രോസ്സ് ബാർ, കുളങ്ങൾ എന്നിവ ആവശ്യാനുസരണം നിർമ്മിക്കുക.

2. തുലാവർഷം കഴിയുന്നതോടെ തോടുകളിൽ ചെറു തടയണകൾ തീർത്ത് ജലം സംഭരിക്കുക.

3. പന്ത്രണ്ടാം കണ്ടി ചിറക്ക് ബണ്ട് കെട്ടി ചീർപ്പ് വെക്കുക.

4. പഴശ്ശി കനാലിലൂടെ കൃഷിക്ക് ജലം ലഭ്യമാക്കുക.

5. ക്രോസ്സ് ബാറുകളുടെ പലകകൾ സംരക്ഷിക്കാനും ആവശ്യം വരുമ്പോൾ ഉപയോഗിക്കാനുമുള്ള സംവിധാനം ഉണ്ടാക്കുക.

6. കാപ്പാട്, വാരം, കടാങ്കോട്, വലിയന്നൂർ, മാച്ചേരി, തിലാന്നൂർ എന്നീ പാടശേഖരങ്ങളിലെ തോടുകൾക്ക് ഭിത്തികെട്ടുക. ക്രോസ്സ് ബാറുകൾ പണിയുക.

7. പത്ത് സെൻറിൽ കൂടുതൽ വിസ്തൃതിയുള്ള കുളങ്ങളിൽ ശുദ്ധജല മത്സ്യ കൃഷി പരീക്ഷിക്കാവുന്നതാണ്. ജലസേചനത്തിനുവേണ്ടി നന്നാക്കുന്ന മണ്ടോട്ടുകുളം ഇതിനുകൂടി ഉപയോഗപ്പെടുത്താൻ ശ്രമിക്കാവുന്നതാണ്.

8. കൈപ്പാട് പ്രദേശത്ത് നെൽകൃഷിയും, മത്സ്യ കൃഷിയും അഭിവൃദ്ധിപ്പെടുത്തുന്നതിന് വിദഗ്ദ്ധരുടെ ഉപദേശത്തോടെ പദ്ധതികൾ ആവിഷ്കരിക്കുക.

9. രണ്ടാം വിള കഴിഞ്ഞാൽ വയലുകൾ മുഴുവൻ പച്ചക്കറിയോ പയറോ കൃഷിചെയ്യുന്നതിന് ഉപയോഗപ്പെടുത്തുക.

10. വിദ്യാലയങ്ങളിൽ യംഗ്ഫാർമേഴ്സ് ക്ലബ്ബ് രൂപീകരിച്ച് വിദ്യാലയങ്ങളിലും കുട്ടികളുടെ വീടുകളിലും പച്ചക്കറി കൃഷി നടത്തുന്നതിന് പ്രോത്സാഹനം നൽകുക.

11. മഴക്കാലത്ത് പറമ്പുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക.

12. ചെടിച്ചട്ടികളിൽ അലങ്കാരച്ചെടികൾക്കൊപ്പം പച്ചക്കറികൾ കൂടി വളർത്തുന്ന മനോഭാവം ഉണ്ടാക്കുക.

13. നടീൽ വസ്തുക്കൾ, അലങ്കാരച്ചെടികൾ എന്നിവ ഉൽപ്പാദിപ്പിക്കാനുള്ള നഴ്സറികൾ സ്ഥാപിക്കുക.

14. ഔഷധ സസ്യങ്ങൾ, പൂകൃഷി ഇവ വികസിപ്പിക്കുക.

15. വേലികളിൽ പച്ചില വളച്ചെടികൾ നടുക. കമ്പോസ്റ്റ് വളമുണ്ടാക്കിയും മറ്റും ജൈവവളത്തിൻെറ ലഭ്യത വർദ്ധിപ്പിക്കുക.

16. ഗുണമേൻമയുള്ള വിത്തിനങ്ങൾ പ്രാദേശികമായി സംഭരിക്കാൻ സംവിധാനമുണ്ടാക്കുക. ഗുണമേൻമ വർദ്ധിപ്പിക്കാനുള്ള ശാസ്ത്രീയ രീതി കൃഷിഭവൻ മുഖേന നടപ്പാക്കുക.

17. മണ്ണ് പരിശോധന വ്യാപകമാക്കി കർഷകർക്ക് വളപ്രയോഗത്തിന് ഉപദേശം നൽകുക.

18. ജൈവ കീടനാശിനികൾ തയ്യാറാക്കി ഉപയോഗിക്കുന്ന രീതി വ്യാപകമാക്കുക.

19. കീടനാശിനി പ്രയോഗത്തിൻെറ ശാസ്ത്രീയ വശം പഠിപ്പിക്കുക. അത്യാവശ്യത്തിന് മാത്രം ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുക.

20. സഹകരണ സ്ഥാപനങ്ങൾ മുഖേന നാണ്യവിളകൾക്ക് വിപണന സൗകര്യമുണ്ടാക്കുക.

21. കൃഷിഭവനുമായി ബന്ധപ്പെട്ട് വളം, വിത്ത്, കീടനാശിനി ഇവ വിൽക്കാനുള്ള സംവിധാനമുണ്ടാക്കണം.

22. തൊഴിൽ രഹിതരായ ചെറുപ്പക്കാരുടെയും കൃഷിക്കാരുടെയും സഹകരണ സംഘങ്ങൾ രൂപീകരിച്ച് തരിശിട്ടിരിക്കുന്ന കൈപ്പാട് നിലങ്ങളും മറ്റ് വയലുകളും പാട്ടത്തിനെടുത്ത് കൃഷിയിറക്കാൻ ഏർപ്പാടുണ്ടാക്കുക. കൃഷി ചെയ്യുന്നതിനാവശ്യമായ സഹായങ്ങൾ അത്തരം സംഘങ്ങൾക്ക് നൽകുക.

23. മഴവെള്ളം മണ്ണിലേക്ക് അരിച്ചിറങ്ങുന്നതിന് സഹായിക്കുന്നവിധം ഉയർന്ന പ്രദേശങ്ങളിലും ചരിവുകളിലും വരമ്പുകളുണ്ടാക്കാനും പുല്ല് വെച്ചു പിടിപ്പിക്കാനും പ്രോത്സാഹനം നൽകുക.

24. കൃഷിഭവൻെറ മേൽനോട്ടത്തിൽ വിവിധയിനം കൃഷിയുമായി ബന്ധപ്പെട്ട സമിതികളുടെ പ്രതിനിധികൾ ഉൾപ്പെടുന്ന പഞ്ചായത്ത് കമ്മിറ്റിയുണ്ടാക്കുക. കാർഷിക പുരോഗതിയും പ്രശ്നങ്ങളും സാധ്യതകളും അവലോകനം ചെയ്യുമെന്ന് ഉറപ്പുവരുത്തുക.

25. കർഷക സമിതികളുടെ പ്രവർത്തനം ഫലപ്രദമാക്കുക. അംഗങ്ങളാകേണ്ട മുഴുവൻ പേരും അംഗത്വമെടുത്തു എന്നുറപ്പുവരുത്തുക.

26. ഒരു വാർഡിൽ ഒരു ടില്ലറെങ്കിലും ഉണ്ട് എന്നുറപ്പുവരുത്തുക. കർഷകരുടെ ആവശ്യത്തിന് ടില്ലറുകൾ ലഭിക്കുന്ന സാഹചര്യം ഒരുക്കുക. വാടകയ്ക്ക് നൽകുക അല്ലെങ്കിൽ പ്രവർത്തിപ്പിച്ചു നൽകുക.

27. ജലസേചനത്തിനുവേണ്ടി കൂടുതൽ പമ്പ്സെറ്റുകൾ അനുവദിക്കുക.

28. മിശ്ര വിളരീതി പ്രോത്സാഹിപ്പിച്ച് ചുരുങ്ങിയ സ്ഥലത്തുനിന്ന് കൂടുതൽ ഉൽപ്പാദനം സാധ്യമാക്കുക.

29. കൂൺ കൃഷിയെ കുറിച്ച് പരിശീലനം നൽകാനുള്ള സംവിധാനമുണ്ടാക്കുക.

30. കൂട്ടു കൃഷിയുടെ മേൻമ ബോദ്ധ്യപ്പെടുത്തുന്നതിന് മാതൃകയെന്ന നിലയിൽ ഏതാനും സംരംഭങ്ങൾ ഉണ്ടാക്കുക.

# ഭൂവിനിയോഗം



*അംഗഭംഗം വന്നതോ ശക്തി ക്ഷയിച്ചതോ ആയ പശുക്കളെ രക്ഷിക്കുന്നതു മാത്രമല്ല ഗോരക്ഷ. പശുക്കളുടേയും കാളകളുടേയും വിവിധ തരങ്ങളെ പരിഷ്കരിപ്പിച്ച് അവയുടെ ഉപയോഗവും ഗുണവും വർദ്ധിപ്പിക്കുന്നതും കൂടി ഗോസംരക്ഷണത്തിൽ പെടുന്നു.*

***-ഗാന്ധിജി***

5 - 2

# മൃഗസംരക്ഷണം മത്സ്യബന്ധനം

**ക**ഴിഞ്ഞ മൂന്ന് ദശാബ്ദകാലം എടുത്ത് പരിശോധിച്ചാൽ മനസ്സിലാകുന്നത് ഈ പഞ്ചായത്ത് തികച്ചും കർഷക ഗ്രാമമായിരുന്നു എന്നും അത് കൊണ്ട് തന്നെ കൃഷിയുടെ അനിവാര്യ ഘടകം എന്ന നിലയിൽ വീടുകൾ കേന്ദ്രീകരിച്ച് കന്നുകാലി വളർത്തൽ വ്യാപകമായിരുന്നു എന്നുമാണ്. മുൻപ് പശുക്കൾക്കും കാളകൾക്കും യഥേഷ്ടം മേയാനുള്ള പുൽമേടുകളും ധാരാളമുണ്ടായിരുന്നാലും പശുക്കൾ നാടൻ ഇനത്തിൽപെട്ടവയായിരുന്നതിനാലും കന്നുകാലി വളർത്തൽ ഒരു പ്രശ്നമേ ആയിരുന്നില്ല. ഇപ്പോൾ കാണാവുന്ന പ്രധാന മാറ്റം നാടൻ പശുക്കളുടെ സ്ഥാനത്ത് അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങളുടെ വ്യാപനം തന്നെയാണ്. ഇപ്പോൾ സങ്കരയിനം കന്നുകാലികളുടെ എണ്ണം വളരെ ഏറിയിട്ടുണ്ട്. തൽഫലമായി ഉൽപ്പാദനത്തിലും ഉൽപ്പാനക്ഷമതയിലും വർദ്ധനവുണ്ടായിട്ടുണ്ട്. പക്ഷേ ഇന്ന് ഭൂരിഭാഗം ആളുകളും കന്നുകാലി വളർത്തലിൽ വൈമുഖ്യം കാണിക്കുന്നു. ഈ താൽപ്പര്യമില്ലായ്മക്ക് പല കാരണങ്ങളുമുണ്ട്. പണ്ടത്തെ പോലെ കന്നുകാലിത്തിറ്റ സുലഭമല്ല. വാങ്ങുന്ന കാലിത്തീറ്റയ്ക്ക് തന്നെ ഗുണം കുറവും വില കൂടുതലുമാണ്. മേച്ചിൽ സ്ഥലങ്ങളില്ല, മാത്രല്ല സങ്കരയിനം പശുക്കൾക്ക് നല്ല ശ്രദ്ധയോടെയുള്ള പരിചരണം ആവശ്യമാണ്. പഞ്ചായത്തിൽ ഒരു മൃഗാശുപത്രി ഇല്ലാത്തത് കർഷകരെ അലട്ടുന്ന മറ്റൊരു പ്രധാന പ്രശ്നമാണ്. പാവപ്പെട്ട വർക്ക് മുതൽമുടക്കാനുള്ള കഴിവ് കുറവായതിനാൽ ഇന്ന് കന്നുകാലി വളർ ത്തൽ അവർക്ക് അപ്രാപ്യ മായി രിക്കയാണ്.

പഞ്ചായത്തിൽ കൂടുതലും പശു, ആട് എന്നീ മൃഗങ്ങളാണ് വളർത്തപ്പെടുന്നത്. ഇപ്പോൾ ഇവിടെ മൊത്തം പശുക്കളിൽ നാടൻ പശുക്കൾ അഞ്ചിൽ ഒന്നുമാത്രമാണ്. പഞ്ചായത്തിൽ രണ്ട് മിൽക്ക് സൊസൈറ്റികൾ നിലവിലുണ്ട്. വിലനിലവാരം അനുസരിച്ച് വീടുകളിലും കടകളിലും വിൽക്കാറുണ്ട്. തീറ്റപ്പുല്ല് കൃഷി നിലവിലില്ല. കാലിത്തീറ്റ വിലകൊടുത്ത് വാങ്ങുകയാണ് പതിവ്. ചികിൽസാ സൗകര്യം ലഭ്യ മാക്കുകയും തീറ്റപ്പുല്ല് കൃഷി വ്യാപകമാക്കുകയും ചെയ്താൽ കന്നുകാലി വളർത്തൽ അഭിവൃദ്ധിപ്പെടുത്താൻ കഴിയും. പഞ്ചായത്തിൽ ഒരു മൃഗാശുപത്രിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള നിയമമനുസരിച്ച് 5 കൊല്ലം വരെ സൗജന്യമായി കെട്ടിടം ലഭ്യമാക്കിയാൽ മാത്രമെ സ്ഥാപനം നിലവിൽ വരികയുള്ളു. കെട്ടിടത്തിൻെറ അഭാവത്താൽ മൃഗാശുപത്രി നിലവിൽ വന്നിട്ടില്ല. പഞ്ചായത്തിൽ 2 വീടുകളിൽ മാത്രമാണ് ''ഗോബർ ഗ്യാസ് പ്ലാൻറുകൾ'' ഉള്ളത്.

## വളർത്തുമൃഗങ്ങളെ സംബന്ധിച്ച വിവരം

| പ്രദേശം | കാള സങ്കരയിനം | പശു നാടൻ | | പശുസങ്കരയിനം | | എരുമ | ആട് | പട്ടി |
|---|---|---|---|---|---|---|---|---|
| | | കറവയുള്ളത് | കറവയില്ലാത്തത് | കറവയുള്ളത് | കറവയില്ലാത്തത് | | | |
| മതുക്കോത്ത് | 39 | 23 | 41 | 264 | 417 | ----- | 125 | 122 |
| കാപ്പാട് | ---- | 122 | 35 | 422 | 170 | ---- | 184 | 210 |
| ആകെ | 39 | 145 | 76 | 686 | 587 | ---- | 309 | 332 |

## വളർത്തു പക്ഷികളെ സംബന്ധിച്ച വിവരം

| പ്രദേശം | പൂവൻകോഴി | പിടക്കോഴി | | താറാവ് | |
|---|---|---|---|---|---|
| | | മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ |
| മതുക്കോത്ത് | 172 | 896 | 172 | 1 | 2 |
| കാപ്പാട് | 320 | 534 | 127 | ---- | ----- |
| ആകെ | 492 | 1430 | 299 | 1 | 2 |

## കൃത്രിമ ബീജ സങ്കലന വിവരം

| പ്രദേശം | പശു | കിടാവ് | കൃത്രിമ ബീജ സങ്കലനം നടത്തിയവ | | രണ്ടു തവണ വേണ്ടി വന്നവ | |
|---|---|---|---|---|---|---|
| | | | പശു | കിടാവ് | പശു | കിടാവ് |
| മതുക്കോത്ത് | 260 | 310 | 105 | 200 | 30 | 70 |
| കാപ്പാട് | 714 | 442 | 660 | 33 | 172 | 15 |
| ആകെ | 974 | 752 | 765 | 233 | 202 | 85 |

ഈ പഞ്ചായത്തിൽ കോഴി വളർത്തൽ പ്രോൽ സാഹിപ്പിക്കാൻ കഴിയും. മുണ്ടയാട് കോഴി വളർത്തൽ കേന്ദ്രത്തിന്റെ സാങ്കേതിക ഉപദേശം വളരെ സഹായകമാക്കാം.

ഈ പഞ്ചായത്തിൽ വാരം കടാങ്കോട്ട് ഭാഗത്ത് നല്ല മത്സ്യ സമ്പത്ത് ഉണ്ടായിരുന്നു. കാട്ടാമ്പള്ളി അണക്കെട്ട് വന്നതോടെ 65 ഹെക്ടർ ഓളം കൈപ്പാട് പ്രദേശം കൃഷിക്കും മത്സ്യബന്ധനത്തിനും പറ്റാതായി തീർന്നിരിക്കുന്നു. ചെമ്മീൻ കൃഷിക്ക് വളരെയധികം സാധ്യതയുള്ളതാണ് ഈ പ്രദേശം . മത്സ്യബന്ധനം ഉപജീവനമാക്കിയ നൂറോളം കുടുംബങ്ങൾ ഇവിടെ ഉണ്ടായിരുന്നു. കാട്ടാമ്പള്ളി അണക്കെട്ട് വരുന്നതിനുമുമ്പ് വാരം കടാങ്കോട് ഭാഗത്തെ 80% ഓളം വരുന്ന ജനങ്ങൾ മൽസ്യബന്ധനത്തിലേർപ്പെട്ടിരുന്നു. പദ്ധതി നടപ്പിലാക്കിയപ്പോൾ നെല്ലും മൽസ്യവും രണ്ടും കുറഞ്ഞിരിക്കുന്നു. ഒരു വിഭാഗം കൃഷിക്കാർ അണക്കെട്ടിന്റെ ഷട്ടർ തുറന്നു ഉപ്പുവെള്ളം കയറ്റണമെന്ന് ആവശ്യപ്പെടുമ്പോൾ മറ്റൊരു വിഭാഗം അതിനെ എതിർക്കുന്നു. അതിനാൽ കൃഷിമന്ത്രി തന്നെ ഇടപെട്ട് വിവിധ വകുപ്പുകൾ അടങ്ങുന്ന ഒരു വിദഗ്ദ്ധ സമിതി രൂപികരിച്ചിരിക്കുകയാണ്. പദ്ധതിയുടെ പോരായ്മകൾ മൽസ്യബന്ധനത്തിന്റെ പ്രശ്നങ്ങൾ, മണ്ണ് സംരക്ഷണം, ഉപ്പുവെള്ളത്തിന്റെ പ്രശ്നങ്ങൾ, മൽസ്യ കൃഷി സാധ്യത എന്നിവ പഠിച്ച് സമിതി റിപ്പോർട്ട് സമർപ്പിക്കും.

ശുദ്ധജല മൽസ്യകൃഷിക്ക് സാധ്യത കുറഞ്ഞ പ്രദേശമാണ് ചേലോറ. ചേലോറ വലിയതോടും വയൽക്കരകളിലുള്ള കുളങ്ങളും സാധാരണ മൽസ്യങ്ങളുടെ കലവറയായിരുന്നു. കീടനാശിനികളുടെ ഉപയോഗവും മൽസ്യരോഗവും മറ്റും കാരണം അവയുടെ വംശനാശം സംഭവിച്ചുകൊണ്ടിരിക്കയാണ്.

## പ്രശ്നങ്ങൾ:

1. കാർഷിക പ്രദേശമായിട്ടും മൃഗസംരക്ഷണത്തിന്റെ കാര്യത്തിൽ പഞ്ചായത്ത് പ്രദേശം പിന്നിലാണ്.

2. പഞ്ചായത്തിന് ഒരു മൃഗാശുപത്രിക്കുള്ള അനുമതി ലഭിച്ചിട്ടും സ്വന്തമായോ വാടകയ്ക്കോ കെട്ടിടം ലഭ്യമാക്കാത്തതിനാൽ ആശുപത്രി നിലവിൽ വന്നില്ല.

3. പഞ്ചായത്തിലെ പാലുൽപ്പാദനം തീരെ അപര്യാപ്തമാണ്.

4. കന്നുകാലി വളർത്തലിൽ ശാസ്ത്രീയരീതി അവലംബിക്കുന്നില്ല.

5. കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടേയും വില ക്രമാതീതമായി വർദ്ധിക്കുന്നു.

6. മതുക്കോത്ത് കേന്ദ്രമായി ഐ. സി. ഡി. പി. സെൻറർ (കൃത്രിമ ബീജസങ്കലന കേന്ദ്രം) ഉണ്ടെങ്കിലും അതിന്റെ നിലനിൽപ്പ് സന്നിഗ്ദ്ധാവസ്ഥയിലാണ്. ഒരു വ്യക്തി തന്റെ പോക്കറ്റിൽനിന്ന് വാടക കൊടുക്കുന്നതുകൊണ്ടാണ് അത് നിലനിന്നു പോരുന്നത്.

7. അകിടുവീക്കം, കുളമ്പുരോഗം, ദഹനക്കേട്, വിരശല്യം തുടങ്ങിയ രോഗങ്ങളാണ് ഇവിടുത്തെ കന്നുകാലകളിൽ കാണുന്നത്.

8. പേപ്പട്ടിശല്യം ഉണ്ടാകാറാണ്ട്.

9. കന്നുകാലികൾക്കും കോഴികൾക്കും പ്രതിരോധ കുത്തിവെപ്പിനുള്ള സൗകര്യമില്ല.

10. കോഴിവളർത്തലിനും ഇവിടെ സാധ്യതകളുണ്ടെങ്കിലും അതിന് ശ്രമം നടന്നിട്ടില്ല.

11. മൃഗപരിപാലനം സംബന്ധിച്ച് ബോധവൽക്കരണം നടക്കാറില്ല.

12. ഏച്ചൂരിലെ ട്രഞ്ചിങ്ങ് ഗ്രൗണ്ട് പേപ്പട്ടി ശല്യത്തിന് കാരണമാകുന്നു.

13. വളർത്തു നായ്ക്കൾക്ക് കുത്തിവെപ്പിനുള്ള പ്രവർത്തനം ഇതുവരെ നടന്നിട്ടില്ല.

14. തീറ്റപ്പുൽ കൃഷി പ്രോൽസാഹിപ്പിക്കാൻ സംവിധാനമില്ല.

15. സ്കൂളിൽ പൗൾട്രി ക്ലബ്ബ് രൂപികരിച്ചിട്ടില്ല.

16. പഞ്ചായത്തിലെ മാംസവിപണനം വൃത്തിഹീനമായ ചുറ്റുപാടുകളിലാണ്.

17. കർഷകർ മൃഗങ്ങളെ ചികിൽസിക്കാൻ 12 കി. മീ. അകലെ കണ്ണൂരിൽ പോകേണ്ടിവരുന്നു.

18. വാരം-കടാങ്കോട് പ്രദേശത്തെ മൽസ്യബന്ധനം ഉപജീവനമാർഗമാക്കിയ അനവധി കുടുംബങ്ങൾ പ്രതിസന്ധിയിലാണ്.

## സാധ്യതകൾ:

1. അനുവദിക്കപ്പെട്ട മൃഗാശുപത്രിക്ക് ആവശ്യമായ സ്ഥലവും കെട്ടിടവും ലഭ്യമാക്കുക. ആധുനിക ചികിൽസാ സജ്ജീകരണങ്ങൾ ഉറപ്പാക്കുക.

2. വിവിധ വാർഡുകളിൽ നിശ്ചിത ദിവസങ്ങളിൽ മൊബൈൽ വെറ്ററിനറി ക്ലിനിക് നടത്തുവാനുള്ളസൗകര്യമുണ്ടാക്കുക.

3. മിനി ഡയറി യൂണിറ്റുകൾ സ്ഥാപിക്കുക.

4. 'ഒരു വീട്ടിൽ ഒരു പശു' പദ്ധതി നടപ്പിലാക്കുക.

5. ബ്ലോക്ക് തലത്തിലെങ്കിലും സഹകരണ അടിസ്ഥാനത്തിൽ കാലി-കോഴിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക.

6. തീറ്റ നിർമ്മാണത്തിന് പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കൾ ശേഖരിച്ച് എത്തിക്കാനുള്ള സംവിധാനമുണ്ടാക്കുക.

7. പാഴായി കിടക്കുന്ന ഭൂമികളിൽ തീറ്റപ്പുൽ കൃഷി ചെയ്യുക. കന്നുകാലികളെ ഇറക്കിമേയ്ക്കുന്ന രീതി അവസാനിപ്പിക്കുക.

8. പുരയിടങ്ങളിൽ ഇടവിളയായി തീറ്റപ്പുൽ കൃഷി പ്രോൽസാഹിപ്പിക്കുക.

9. രണ്ടോ, മൂന്നോ വാർഡുകൾക്ക് ഒന്നു വീതം ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രം ആരംഭിക്കുക.

10. 1500 പേർക്കെങ്കിലും 5 വീതം മുട്ടക്കോഴിക്കുഞ്ഞുങ്ങളെ നൽകുക. വീട്ടുമുറ്റത്തെ കോഴി വളർത്തൽ പദ്ധതി റേപാൽസാഹിപ്പിക്കുക.

11. എഗ്ഗർനേഴ്സറി സാധ്യത പരിശോധിക്കുക.

12. സ്കൂൾ പൗൾട്രി ക്ലബ്ബ് ആരംഭിക്കുക.

13. സഹകരണാടിസ്ഥാനത്തിൽ ആട്, പശു, കോഴി വളർത്തൽ സാധ്യത ആരായുക.

14. സബ്സിഡി നിരക്കിൽ ആട്ടിൻകുട്ടികളെ വിതരണം ചെയ്യുക.

15. കാളക്കുട്ടികളെ ശാസ്ത്രീയമായി വളർത്തി മാംസ ആവശ്യത്തിന് പ്രയോജനപ്പെടുത്തുക.

16. ആധുനിക സൗകര്യങ്ങളോടുകൂടിയ അറവുശാലകളും വിൽപ്പന കേന്ദ്രങ്ങളും ഉണ്ടാവണം.

17. വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവെപ്പ് സൗജന്യ നിരക്കിൽ നൽകുക. തെരുവ് നായ്ക്കളെ സമയബന്ധിതമായി എല്ലാ വർഷവും നശിപ്പിക്കുക.

18. മൃഗപരിപാലനത്തിന് ആവശ്യമായ വിജ്ഞാന വ്യാപനത്തിനും ബോധവൽക്കരണത്തിനും സൗകര്യമുണ്ടാക്കുക.

19. കന്നുകാലികൾക്കും കോഴികൾക്കും സൗജന്യ നിരക്കിൽ ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

20. വാരം കടാങ്കോട് മേഖലയിൽ മൽസ്യം വളർത്തൽ സാധ്യത പരിശോധിക്കുക.

21. മൽസ്യമാർക്കറ്റിന് ആവശ്യമായ കേന്ദ്രങ്ങളിൽ സാധ്യത പരിശോധിക്കുക.

22. പാൽ സംഭരിക്കാനും വിപണനം ചെയ്യാനും പാലുൽപ്പന്നങ്ങൾ നിർമ്മിക്കാനും സഹകരണ മേഖലയിൽ സാധ്യതകൾ വർദ്ധിപ്പിക്കുക.



> "യന്ത്രങ്ങൾക്ക് സ്ഥാനമുണ്ട്. അത് നില നിൽക്കുന്നതത്രെ. പക്ഷേ, ആവശ്യമായ മനുഷ്യ പ്രയത്നത്തിന് സ്ഥാനഭ്രംശം വരുത്താൻ അനുവദിച്ചുകൂടാ."
>
> **ഗാന്ധിജി**

## 5 - 3

# വ്യവസായം

**ഈ** നൂറ്റാണ്ടിൻെറ മദ്ധ്യകാലംവരെ ഈ പഞ്ചായത്തിൽ ആധുനിക വ്യവസായ സ്ഥാപനങ്ങളൊന്നും പ്രവർത്തിച്ചിരുന്നില്ല. അതുവരെ ഏതാനും പരമ്പരാഗത തൊഴിലുകൾ ഒരു ന്യൂനപക്ഷത്തിൻെറ ഉപജീവന മാർഗ്ഗമെന്ന നിലയിൽ നടന്നുവന്നിരുന്നു അവയിൽ പലതും ചില സമുദായങ്ങളുടെ കുലത്തൊഴിലുകളായിരുന്നു. കളിമൺ പാത്രനിർമ്മാണം, കൈത്തറി, ചൂടി, കയർ, പായമടയൽ, എണ്ണയാട്ടൽ, കൊല്ലപ്പണി, കള്ള് ചെത്ത്, ചക്കര നിർമ്മാണം തുടങ്ങിയവ അവയിൽ ചിലതാണ്.

ഇവയിൽ കളിമൺ പാത്ര നിർമ്മാണം തിലാന്നൂർ മേഖലയിലെ നിരവധി കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗമായിരുന്നു. ആ പ്രദേശത്തെ പാടശേഖരം വെള്ളംകെട്ടിനിൽക്കുന്ന താവയായിമാറിയത് വൻ തോതിൽ കളിമണ്ണ് ഖനനം ചെയ്ത് കളിമൺ പാത്ര നിർമ്മാണനത്തിന് ഉപയോഗപ്പെടുത്തിയത് കൊണ്ടാണ്. പുതിയ തലമുറയ്ക്ക് ഈ തൊഴിലിനോ ടുള്ള വൈമുഖ്യം, കളിമണ്ണിൻെറ ലഭ്യത കുറവ്, അലൂമിനിയം, സ്റ്റീൽ, പ്ലാസ്റ്റിക്ക് പാത്രങ്ങളുടെ പ്രചാരം, ആളുകൾക്ക് മൺപാത്രങ്ങളോടുള്ള താൽപര്യകുറവ് എന്നീ കാരണങ്ങളാൽ അനാദായകരമായി തീർന്ന ഈ വ്യവസായം ക്രമേണ നാമാവശേഷമായി.

ചൂടി, കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യമില്ലാത്തതിനാലും യന്ത്രവൽകൃത ഉൽപ്പന്നങ്ങൾ യഥേഷ്ടം ലഭ്യമായതിനാലും ഈ തൊഴിൽ മേഖലയും അപ്രത്യക്ഷമായി.

പഞ്ചായത്തിലെ ഒരു വലിയ വിഭാഗത്തിൻെറ ജീവിതോപാധിയായിരുന്ന കൈത്തറി തകർച്ചയിലാണ്. ആധുനിക മിൽ തുണികളോടുള്ള ജനങ്ങളുടെ ആഭിമുഖ്യമാണ് ഇതിൻെറ പ്രധാന കാരണം. ഇതര തൊഴിൽ മേഖലയേക്കാൾ കുറഞ്ഞ വരുമാനം കാരണം തൊഴിലാളികൾ ഈ മേഖലയിൽ കുറഞ്ഞു വരുന്നു. കൈത്തറിയുടെ ഉൽപ്പാദനോപാധികളുടെ വിലക്കയറ്റം ഈ വ്യവസായത്തെ അനാദായകരമാക്കിയിരിക്കുന്നതും മറ്റൊരു കാരണമാണ്.

ഇന്ന് പഞ്ചായത്തിൽ കാർഷികമേഖല കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആളുകൾക്ക് തൊഴിൽ നൽകുന്ന ബീഡി വ്യവസായം സഹകരണമേഖലയിലും നടന്നു വരുന്നുണ്ട്.

സഹകരണമേഖലയിലുള്ള കേരളാ ദിനേശിൽ പഞ്ചായത്തിലെ 234 പുരുഷത്തൊഴിലാളികളും, 159 സ്ത്രീത്തൊഴിലാളികളും ജോലി ചെയ്യുന്നു. സ്വകാര്യ മേഖലയിൽ ഔട്ട് വർക്ക് എന്ന നിലയിൽ ജോലി ചെയ്യുന്ന ബീഡിത്തൊഴിലാളികൾ എണ്ണത്തിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്നു. സാധു ബീഡികമ്പിനിയുടെ 10 ബ്രാഞ്ചുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. അവയിൽ 150ൽ പരം തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്. ഇതിൽ മെച്ചപ്പെട്ട സേവനവേതന വ്യവസ്ഥകൾ സഹകരണമേഖലയിലാണ്. ഔട്ട് വർക്ക് വ്യവസ്ഥയിൽ ജോലിചെയ്യുന്ന തൊഴിലുകൾ മറ്റ് തെഴിലാളികളെ അപേക്ഷിച്ച് കടുത്ത ചൂഷണത്തിന് വിധേയരാകുന്നുണ്ട്.

പുകവലിക്കാരുടെ എണ്ണം കുറഞ്ഞ് വരുന്നതിനാൽ ഈ വ്യവസായത്തിൻെറ ഭാവിയിൽ ആശങ്ക തോന്നിയ ചില തൊഴിലാളികൾ മറ്റു തൊഴിലുകളിലേക്ക് മാറാൻ നിർബന്ധിതരാവുന്നുണ്ട്.

1956 ൽ വാരം കണ്ണൻ ചാലിൽ സ്ഥാപിക്കപ്പെട്ട 'താക്കർ എഞ്ചിനിയറിങ്ങ് വർക്ക്സ്' ആണ് പഞ്ചായത്തിലെ ആദ്യത്തെ ആധുനിക വ്യവസായസ്ഥാപനം. മെട്ടു സൂചിമുതൽ മോട്ടോർ സ്പേർ പാർടസ് വരെ നിർമ്മി ച്ചിരുന്ന ഈ സ്ഥാപനം തൊഴിലാളികളുടെ ആനുകൂല്യ ങ്ങൾക്ക് വേണ്ടി ആവശ്യം ഉയർന്നപ്പോൾ മേനേജ്മെൻറ് ലേ ഓഫ് ചെയ്യുകയും യന്ത്രങ്ങൾ ഒന്നൊന്നായി കടത്തികൊണ്ട് പോയി കമ്പനി പൂർണ്ണമായും പ്രവർത്തനരഹിതമാക്കുകയും ചെയ്തു. നമ്മുടെ പഞ്ചായത്തിലേക്ക് വൈദ്യുതി എത്താൻ കരണമായ ഈ സ്ഥാപനം അങ്ങനെ തകർന്നു പോകാൻ ഇടയായി. ഈ സ്ഥാപനം പ്രവർത്തിച്ചുവന്ന 45 ഏക്കർസ്ഥലവും അതിലെ കെട്ടിടങ്ങളും 1982 - 83 കാലഘട്ടത്തിൽ കെ. എസ് ഡിസ്റ്റിലറിക്ക് കൈമാറ്റം ചെയ്തു 1992 ൽ 4 തൊഴിലാളികളെ വെച്ചുകൊണ്ട് ഡിസ്റ്റിലറി തുടങ്ങിയെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പ്രവർത്തനം നിലച്ചു.

1985 ൽ പ്രവർത്തനം ആരംഭിച്ച വലിയന്നൂരിലെ 'കാമറിൻ ഡ്രഗ്സ്' നല്ല സ്വകാര്യ അലോപ്പതി ഔഷധ നിർമ്മാണ യൂനിറ്റാണ്. 23 പുരുഷൻമാരും അത്രതന്നെ സ്ത്രീകളും ജോലി ചെയ്യുന്ന ഈ സ്ഥാപനത്തിലെ ഒരു തൊഴിലാളിയുടെ പ്രതിമാസ ശരാശരി വരുമാനം 1500 രൂപയാണ്.

കാപ്പാട് പോസ്റ്റാഫീസിന് സമീപം സ്ഥിതിചെയ്യുന്ന ഡി. ടെക്ക് എഞ്ചിനിയറിങ്ങ് വർക്സ് എടുത്തു പറയത്തക്ക മറ്റൊരു വ്യവസായ സ്ഥാപനമാണ്. 17 പുരുഷ തൊഴിലാളികളുള്ള ഈ സ്ഥാപനത്തിലെ പ്രധാന ഉൽപ്പന്നം കെട്ടിട നിർമ്മാണത്തിനാവശ്യമായ ഗ്രിൽസ്, സ്റ്റീൽട്രസ്സ്, മറ്റു സ്റ്റീൽ ഉൽപ്പന്നങ്ങൾ തുടങ്ങിയവയാണ്. ഇവിടുത്തെ തൊഴിലാളികൾക്ക് പ്രതിമാസവേതനം ശരാശരി 1000 രൂപയാണ് ഇ. എസ്. ഐ ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്.

തങ്കെക്കുന്നിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ എഞ്ചിനിയറിംങ്ങ് വിവിധ യന്ത്രോപകരണങ്ങൾ നിർമ്മിക്കുന്ന സ്ഥാപനമാണ്. 34 പുരുഷത്തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട് ഇവിടെയും ഒരു തൊഴിലാളിയുടെ പ്രതിമാസ ശരാശരി വേതനം 1000 രൂപയാണ്.

മറ്റൊരു സ്ഥാപനമാണ് 'ഫോറൈറ്റ് ഐസ്ക്യു' എട്ട് പുരുഷത്തൊഴിലാളികൾ ജോലിചെയ്യുന്നു.

ബനിയനും ജട്ടിയും നിർമ്മിക്കുന്ന മാച്ചേരിയിലെ ' സ്റ്റെലോ', പി. വി. സി പൈപ്പുകൾ നിർമ്മിക്കുന്ന നുച്ചിലോട്ടെ ലക്ഷ്മി പ്ലാസ്റ്റിക്ക് , വട്ടപ്പൊയിലെ ദിനേശ് ടെക്സ്റ്റയിൽസ് ഡയിംഗ് യൂനിറ്റ് , തട്ടുപറമ്പിലെ 'സജീവ് കോട്ടേജ്' എന്ന പവർലും യൂനിറ്റ്, കടാങ്കോട്ടെ സ്റ്റോൺ ക്രഷർ യൂനിറ്റ് എന്നിവ എടുത്തു പറയാവുന്ന ചെറുകിട വ്യവസായങ്ങളാണ്. ഇവയ്ക്ക് പുറമെ മേട്ടോർ വാഹനങ്ങളുടെ ബോഡി നിർമ്മാണം, ഗേറ്റ്-ഗ്രിൽ നിർമ്മാണം തുടങ്ങിയ മേഖലകളിൽ ചെറിയ ചെറിയ യൂനിറ്റുകളും പഞ്ചായത്തിലുണ്ട്.

കാപ്പാട്ടിൽ ഗാർമെൻറസ് നിർമ്മാണവും വലിയന്നൂരിൽ ബേക്കറിസാധന നിർമ്മാണവും നടത്തുന്ന ഓരോ DWCRA യൂനിറ്റുകൾ പഞ്ചായത്തിലുണ്ട്.

പൊതുവെ നമ്മുടെ പഞ്ചായത്ത് വളരെ പിന്നോക്കമാണ്.

## പ്രശ്നങ്ങൾ:

1.പഞ്ചായത്തിലെ പൊതുമേഖലയിലൊ സ്വകാര്യ മേഖലയിലോ വൻകിട ചെറുകിട വ്യവസായ ശാലകൾ ഒന്നുമില്ല.

2. ഇവിടെ നല്ല നിലയിൽ നിലനിന്നിരുന്ന കളിമൺപാത്ര നിർമ്മാണം ഇന്ന് തകർച്ചയിലാണ്.

3. പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങളെ ഉപയോഗപ്പെടുത്താൻ തക്കതരത്തിലുള്ള വ്യവസായ സംരംഭങ്ങൾ പഞ്ചായത്തിലില്ല.

4. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വ്യവസായ സംരംഭകർക്ക് വായ്പകൾ ലഭിക്കാൻ പ്രയാസങ്ങൾ അനുഭവപ്പെടുന്നുണ്ട്.

5. ചെറുകിട വ്യവസായ സംരംഭകർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.

6. സംരംഭകർക്ക് മാനേജ്മെൻറ് വൈദഗ്ധ്യതതിൻെറ പോരായ്മ.

7. തത്പരരായ ആളുകൾക്ക് പ്രോത്സാഹനവും ആത്മധൈര്യവും പകരാനുള്ള സംവിധാനത്തിൻെറ അഭാവം.

## സാധ്യതകൾ :

1. വ്യവസായ സ്ഥാപനങ്ങൾക്ക് അനുയോജ്യമായ തരിശുഭൂമികൾ പഞ്ചായത്തിൽ ലഭ്യമാണ്.

2 നാളികേരം, അടക്ക ഇവ ഉപയോഗിച്ച് ചെറുകിട വ്യവസായ യൂണിറ്റ് ആരംഭിക്കാൻ സാധ്യതയുണ്ട്.

3. പഞ്ചായത്തിലെ ആവശ്യങ്ങൾ നിറവേറ്റപ്പെടാൻ തക്കവിധം പണിയായുധ നിർമ്മാണത്തിന് സാധ്യതയുണ്ട്

4. റെഡിമെയ്ഡ് വസ്ത്രനിർമ്മാണവും അനുബന്ധമായി ഫേഷൻകട്ട് ഇൻസ്റ്റിട്ട്യൂട്ട് സ്ഥാപിക്കാനും കഴിയും.

5. അച്ചാർ, ജാം, പപ്പടം, ചക്കചിപ്സ് മുതലായവ ഉൽപ്പന്ന നിർമ്മാണ യൂണിറ്റ്.

6. ചെരിപ്പ് നിർമ്മാണം.

7. പാലും പാലുൽപ്പന്നങ്ങളും.

8. ഖാദി വില്ലേജ് ഇൻഡസ്ട്രീസ് യൂണിറ്റ്.

9. കോഴിത്തീറ്റ, കാലിത്തീറ്റ നിർമ്മാണ യൂണിറ്റ്.

10. പരമ്പരാഗത വ്യവസായങ്ങളുടെ പുനരജ്ജീവിപ്പിക്കൽ.

11. പഞ്ചായത്തിൽ സെൽഫ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് തുടങ്ങുക.

12. പ്രാദേശികോൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ ആഴ്ച ചന്തകൾ നടത്തുക.

13. സഹകരണ മേഖലയിൽ ഒരു ബുക്ക് ബൈൻഡിങ്ങ് സ്ഥാപനം.



> *"അറിവിൻെറ ഉത്ഭവസ്ഥാനം പുസ്തകങ്ങളല്ല; നിരീക്ഷണം, അനുഭവം, വിചാരശക്തി എന്നിവയാണ്. ഈ വസ്തുതകൾ വിസ്മരിച്ച് നാം പുസ്തകപ്പഠിപ്പിന് പ്രാധാന്യത നൽകുന്നു.*
>
> ***ഗാന്ധിജി***

5 -4

# *വിദ്യാഭ്യാസം*

***വി***ദ്യാഭ്യാസത്തിൻെറ പരമമായ ലക്ഷ്യം മനുഷ്യൻെറ സമഗ്രമായ വളർച്ചയാണല്ലോ. എന്നാൽ ഇപ്പോൾ നമ്മുടെ പൊതു വിദ്യാഭ്യാസരംഗത്ത് മൂല്യതകർച്ചയും നിലവാരത്താഴ്ചയും ഒരു ചർച്ചാവിഷയമായിരിക്കയാണ്. പഠന പ്രക്രിയ വിദ്യാർത്ഥികൾക്ക് ഒരു അറുബോറൻ പരിപാടിയും അദ്ധ്യാപകർക്ക് വിരസമായ ഒരു ദിനചര്യയും രക്ഷിതാക്കൾക്ക് തങ്ങളുടെ ശ്രദ്ധയും പരിചരണവും ആവശ്യമില്ലാത്ത ഒരു അന്യമേഖലയും ആയി മാറിയിരിക്കുന്നു. നമ്മുടെ സാംസ്കാരിക തനിമയെ തന്നെ നശിപ്പിക്കുന്നതും സമൂഹത്തിൽ ഇപ്പോഴുള്ള വരേണ്യവർഗ്ഗ സംസ്കാരം ഊട്ടിയുറപ്പിക്കുന്നതിന് ഉതകുന്നതുമായ ഇംഗ്ലീഷ് മീഡിയം സ്കൂളെന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കടന്നുകയറ്റംകൂടിയാകുമ്പോൾ ചിത്രം ഭയാനകമായി തീരുന്നു.

9-ാം പദ്ധതി ആസൂത്രണം ചെയ്യുന്ന ഈ അവസരത്തിൽ വിദ്യാഭ്യാസത്തിൻെറ പരമമായ ലക്ഷ്യം നേടുന്നതിനും മൂല്യം വീണ്ടെടുക്കുന്നതിനും നിലവാരം ഉയർത്തുന്നതിനും എന്തുചെയ്യണമെന്നുള്ളതാണ് നമ്മുടെ മുമ്പിലുള്ള മുഖ്യ പ്രശ്നം. എന്തു ചെയ്യണം എന്നു ചിന്തിക്കുന്നതിനുമുമ്പ് മുൻകാലങ്ങളിൽ എന്തുചെയ്തിരുന്നു എന്നും ഇപ്പോൾ എന്തുചെയ്യുന്നു എന്നും അറിയണമല്ലോ. നമുക്ക് അൽപ്പം പിന്നിലേക്ക് കണ്ണോടിച്ചുനോക്കാം.

വിദ്യാഭ്യാസ മേഖലയിൽ പറയത്തക്കനേട്ടം കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ലെങ്കിലും വളരെ പിന്നോക്കം നിൽക്കുന്ന ഈ പ്രദേശത്ത് പുതിയ തലമുറക്ക് ഉൽസാഹവും പ്രചോദനവും നൽകാൻ ആദ്യകാല വിദ്യാലയങ്ങൾക്ക് സാധിച്ചിട്ടുണ്ട്. ഇന്ന് നമ്മുടെ രാജ്യത്തിൻെറ വിവിധ തുറകളിൽ ഉന്നത പദവി യിൽ ശോഭിക്കുന്ന ഉജ്ജ്വല പ്രതിഭകളെ സംഭാവന ചെയ്യാൻ നമ്മുടെ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലാ കലക്ടറായിരുന്ന ശ്രീ. കമാൽകുട്ടി പ്രാഥമിക വിദ്യാഭ്യാസം നേടിയത് വലിയന്നൂർ നോർത്ത് യു. പി. സ്കൂളിൽ ആയിരുന്നു. ഡോക്ടർമാർ, എഞ്ചിനിയർമാർ, ബേങ്ക്ഓഫീസർമാർ. അഡ്വക്കറ്റുമാർ, മിലിട്ടറി ഓഫീസർമാർ എന്നിങ്ങനെ

എല്ലാ തുറകളിലും ചേലോറയുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്ന വിദ്യാ സമ്പന്നരുണ്ട്. സാക്ഷരതാ നിരക്കിലും സാർവ്വത്രിക വിദ്യാഭ്യാസത്തിൻെറ കാര്യത്തിലും പഞ്ചായത്ത് മുൻ പന്തിയിലാണ്. അനൗപചാരിക വിദ്യാഭ്യാസ മേഖല യിൽ പഞ്ചായത്തിലെ വായനശാലകളും ഗ്രന്ഥാലയ ങ്ങളും വളരെ കൊല്ലങ്ങളായി വലിയ സംഭാവനകൾ നലകി വരുന്നുണ്ട്. വലിയന്നൂരിലെ നവപ്രഭ വായന ശാലയും തിലാന്നൂർ ദേശീയവായനശാലയും ഈ കാര്യത്തിൽ പ്രത്യേകം എടുത്തുപറയേണ്ടതാണ്. മലബാറിലെ അദ്ധ്യാപക പ്രസ്ഥാനം കെട്ടിപ്പടുക്കുന്ന തിലും സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലും ഈ പഞ്ചായത്തിലെ അദ്ധ്യാപകർ മഹത്തായ നേതൃത്വം നൽകിയിട്ടുണ്ട്. അതുപോലെ തന്നെ സാമൂഹ്യ പരിവർ ത്തന പ്രവർത്തനങ്ങളിലും, സഹകരണ പ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കുന്നതിലും അദ്ധ്യാപകർ നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 19-ാം നൂറ്റാണ്ടിൻെറ അന്ത്യദശകങ്ങളിൽ തന്നെ വിദ്യാലയങ്ങൾ സ്ഥാപിത മായിട്ടുണ്ടായിരുന്നു. കൂടാതെ കുട്ടികൾ പഠിക്കുവാൻ ഗുരുനാഥൻമാരുടെ വീടുകളിലേക്ക് പോയിരുന്നു എന്ന് പഴയ തലമുറയിൽ പെട്ടവർ പറയുന്നു.

''ആയങ്കൈ സ്കൂൾ എന്ന പേരിൽ അറിയപ്പെട്ടി രുന്ന എലിമെൻററി സ്കൂളായിരുന്നു പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം. അപ്പുഗുരിക്കൾ എന്ന മഹാശയൻ സ്ഥാപിച്ച പ്രസ്തുത വിദ്യാലയം വലിയന്നൂർ എൽ. പി. സ്കൂൾ എന്ന പേരിൽ ഇന്നും പ്രവർത്തിച്ചുവരുന്നു. 1992 ൽ പ്രസ്തുത വിദ്യാലയത്തി ൻെറ ശതാബ്ദി ആഘോഷ ിക്കപ്പെടുകയുണ്ടായി. അതുപോലെ തന്നെ 1878 ൽ സ്ഥാപിച്ച കാപ്പാട് ഗേ ൾസ് സ്കൂൾ എന്ന സ്ഥാപ നവും ഈ പഞ്ചായത്തിലെ ആദ്യകാല വിദ്യാഭ്യാസ സ്ഥാപനമാണ്. വാരം കേന്ദ്ര മായി പ്രവർത്തിച്ചിരുന്ന നൈറ്റ്സ്കൂൾ വിദ്യാഭ്യാസ വികസനത്തിൽ ഗണ്യമായ സംഭാവനകൾ നൽകി യിട്ടുണ്ട്. നൈറ്റ് സ്കൂളിൽ പഠിച്ചവർ മുതിർന്നവരാ യിരുന്നു. പ്രായമായ വർക്കും വിദ്യാഭ്യാസം നേടാൻ സാധിച്ചു എന്നതിനു പുറമെ നൈറ്റ് സ്കൂളിൽ പഠിച്ച് സർട്ടിഫിക്കറ്റ് നേടിയ അനവധി പേർ ട്രെയിനിങ്ങ് കഴിച്ച് വിദ്യാലയങ്ങളിൽ അദ്ധ്യാപകരായി പ്രവർത്തിച്ചിട്ടുണ്ട്. ശ്രീ. സി. പി. കേളുനമ്പ്യാരായിരുന്നു പ്രസ്തുത നൈറ്റ്സ്കൂളിൻെറ ഹെഡ്മാസ്റ്റർ. 1966 ലാണ് പഞ്ചാ യത്തിൽ ആദ്യ മായി ഒരു ഹൈസ്കൂൾ നിലവിൽ വന്നത്. ചേലോറ ഗവ: ഹൈസ്കൂൾ 1969 മാർച്ചിൽ ആദ്യത്തെ എസ്. എസ്. എൽ. സി. ബാച്ചിനെ പരീക്ഷക്കിരുത്തി, സ്കൂ ളിനാവശ്യമായ സ്ഥലവും കെട്ടിടങ്ങളും സ്പോൺ സർ കമ്മിറ്റിയാണ് സംഭാവന ചെയ്തത്. സ്കൂളിനാ വശ്യമായ സ്ഥലം ഉദാരമനസ്സോടെ നൽകിയത് ചേലോറ കേളോത്ത് വീട്ടുകാരാണ്. സാമ്പത്തിക മായും സാംസ്കാരികമായും പിന്നോക്കം നിന്നിരുന്ന ഈ പ്രദേശത്ത് ഒരു നവോത്ഥാനം വരുത്തുവാൻ പ്രസ്തുത ഹൈസ്കൂളിന് സാധിച്ചിട്ടുണ്ട്. ഹൈസ്കൂൾ കമ്മറ്റി പ്രസ്ഡണ്ടായിരുന്ന ശ്രീ. പി. കെ. കമ്മാരൻ നമ്പ്യാർ, സെക്രട്ടറി ശ്രീ. പി. പി. കുഞ്ഞിരാമൻമാസ്റ്റർ, അന്ന ത്തെ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ. പി. ദാമോദരൻ, ശ്രീ. കെ. കെ. കരുണാകരൻ നമ്പ്യാർ എന്നിവരുടെ ശക്തമായ നേതൃത്വവും നാട്ടുകാരുടെ ആത്മാർത്ഥമായ പ്രവർത്ത നവുമാണ് ഹൈസ്കൂൾ എന്ന സ്വപ്നം യാഥാർത്ഥ്യ മാക്കിയത്.

പഞ്ചായത്തിൽ ഇന്ന് 11 എൽ. പി. വിദ്യാ ലയങ്ങളും 6 യു. പി. വിദ്യാലയങ്ങളും ഒരു ഹൈ സ്കൂളും ഒരു അൺഎയ്ഡഡ് എൽ. പി. സ്കൂളും പ്രവർത്തിച്ചുവരുന്നു. അൺഎയിഡഡ് വിദ്യാലയ ത്തിൽ നൂറോളം കുട്ടികൾ പഠിക്കുന്നുണ്ട്. എൽ. പി. സ്കൂളിൽ 683 ആൺകുട്ടികളും 618 പെൺകുട്ടി കളുമായി ആകെ 1301 കുട്ടികൾ പഠിച്ചുവരുന്നു. യു. പി. വിദ്യാലയങ്ങളിലെ ആകെ വിദ്യാർത്ഥികളുടെ എണ്ണം 2552 ആണ്. ഇതിൽ 1273 പേർ പെൺകുട്ടി കളാണ്. ഏക ഹൈസ്കൂളായ ചേലോറ ഗവ: ഹൈസ്കൂളിൽ 322 ആൺകുട്ടികളും 330 പെൺ കുട്ടികളും പഠിച്ചുവരുന്നു. ഇതിനുപുറമെ പഞ്ചായത്തിലെ 4 പ്രീ-പ്രൈമറി വിദ്യാലയങ്ങളിലായി 125 കുട്ടികൾ പഠിക്കുന്നുണ്ട്. പഞ്ചായത്തിലെ വിദ്യാല യങ്ങളിൽ കുട്ടികൾ കുറഞ്ഞുവരുന്നതായി സർവ്വെ വെളിപ്പെടുത്തുന്നു. ഇതിനുപുറമെ പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിച്ചുവരുന്ന എളയാവൂർ യു. പി. സ്കൂൾ, വാരം യു. പി. സ്കൂൾ, ധർമ്മോദയം എൽ. പി. സ്കൂൾ, നവകേരള എൽ. പി. സ്കൂൾ, ചെമ്പിലോട് യു. പി. സ്കൂൾ എന്നിവിടങ്ങളിലായി പഞ്ചായത്ത് ഏരിയയിലെ ആയിരത്തോളം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. അതുപോലെത്തന്നെ എളയാവൂർ സി. എച്ച്. എം. ഹൈസ്കൂൾ, ചൊവ്വ ഹൈസ്കൂൾ, കൂടാളി ഹൈസ്കൂൾ, അഞ്ചരക്കണ്ടി ഹൈസ്കൂൾ, ചട്ടുകപ്പാറ ഹൈസ്കൂൾ എന്നിവി ടങ്ങളിൽ പഞ്ചായത്തിലെ 500-ൽ പരം കുട്ടികൾ പഠിച്ചുവരുന്നു. പട്ടണപ്രദേശങ്ങളിലെ ഇംഗ്ലീഷ് മീഡിയംനഴ്സറി സ്കൂളുകളിലും പ്രൈമറി വിദ്യാലയങ്ങളിലുമായി പഞ്ചായത്തിലെ മുന്നൂറില ധികം കുട്ടികൾ പഠിക്കുന്നു. പഞ്ചായത്തിലെ വിദ്യാലയ ങ്ങളിൽ ആകെ 188 അദ്ധ്യാപകർ ജോലിചെയ്തുവ രുന്നതായി സരവ്വെ വെളിപ്പെടുത്തുന്നു. ഇവരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. (109) നല്ലൊരു വിഭാഗം

അദ്ധ്യാപകർ ബിരുദധാരികളാണ്. എങ്കിലും അദ്ധ്യാപകർക്ക് ഇൻ-സർവ്വീസ്-കോഴ്സ് ലഭിക്കാത്ത തിനാൽ അത് അദ്ധ്യാപന നിലവാരത്തെ ബാധിക്കുന്നു.

എല്ലാ വിദ്യാലയങ്ങൾക്കും സ്വന്തം കെട്ടിട ങ്ങളുണ്ട്. മിക്ക വിദ്യാലയങ്ങൾക്കും അർദ്ധ-സ്ഥിര കെട്ടിടങ്ങളാണ് പ്രധാനമായും ഉള്ളത്. താൽക്കാലിക കെട്ടിടങ്ങളുള്ള സ്കൂളുകളുമുണ്ട്. മിക്ക വിദ്യാലയങ്ങൾ ക്കും തട്ടിയൊ, പാർട്ടീഷൻ മറകളോ ഇല്ല. ഇത് പഠന നിലവാരത്തെ ബാധിക്കുന്നുണ്ട്. വിദ്യാലയങ്ങളിൽ ഒന്നിലും മതിയായ ഫർണിച്ചർ ഇല്ല. സ്റ്റാഫ്റൂം പ്രത്യേകമായി ഇല്ലാത്ത സ്കൂളുകളും ഉണ്ട്. പ്രൈമറി വിദ്യാലയങ്ങളിൽ മൂത്രപ്പുരയും കക്കൂസ്സും ഇല്ലാത്തത് ഒരു വൻപ്രശ്നമായി അവശേഷിക്കുന്നു. 6 വിദ്യാ ലയങ്ങൾക്ക് മാത്രമേ സ്വന്തമായി കിണറുകൾ ഉള്ളൂ. സ്കൂളുകളുടെ സ്ഥലപരിമിതി ശ്രദ്ധേയമാണ്. കേവലം 4 സെൻറ് സ്ഥലത്ത് പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ പോലുമുണ്ട്. 10 വിദ്യാലയങ്ങൾക്ക് 50 സെൻറിൽ കുറവ് സ്ഥലം മാത്രമേയുള്ളൂ. മിക്ക വിദ്യാലയത്തിനും സ്വന്തമായി കളിസ്ഥലങ്ങളില്ല. 9 വിദ്യാലയങ്ങളിൽ ഉച്ചക്കഞ്ഞി പാചകം ചെയ്യാൻ മുറികളില്ല. എല്ലാ സ്കൂ ളുകളിലും പി. ടി. എ. യും മദർ പി. ടി. എ. യും രൂപീ കരിച്ചിട്ടുണ്ട്.

യു. പി. സ്കൂളും, ഹൈസ്കൂളുകളും കേന്ദ്രീ കരിച്ച് ഗ്രൂപ്പ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ പ്രവർത്തിച്ചുവരുന്നു. കുട്ടികളിലെ സമ്പാദ്യശീലം വളർത്തുവാൻ സഞ്ചയികാ പദ്ധതിയും നിലവിലുണ്ട്. എല്ലാ വിദ്യാലയങ്ങളും പഠനോപകരണങ്ങൾ വേണ്ടത്ര യില്ലാത്തവയുടെ പട്ടികയിൽപ്പെടുന്നു. രണ്ട് വിദ്യാല യങ്ങളിൽ മാത്രമേ റേഡിയോ ഉള്ളൂ. ഒരു യു. പി. സ്കൂ ളിൽ മാത്രമേ ടേപ്പ് റിക്കാർഡർ ഉള്ളൂ. ഒരു വിദ്യാലയ ത്തിലും ടി. വി. സെറ്റ് ഇല്ല. അതുപോലെ തന്നെ സിനിമാ പ്രോജക്ടറോ, സ്ലൈഡ് പ്രോജക്ടറോ കമ്പ്യൂട്ടറോ ഇല്ല. യു.പി. സ്കൂൾ, ഹൈസ്കൂൾ എന്നിവിടങ്ങളിൽ ലൈ ബ്രറി ഉണ്ടെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്നാണ് സർവ്വെ വെളിപ്പെടുത്തുന്നത്. സയൻസ് ലബോറട്ടറി ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നില്ല. ഹൈസ്കൂളിൽ റേഡിയോ, പ്രോജക്ടർ എന്നിവയുണ്ട്.

പല വിധത്തിലുള്ള സാമ്പത്തികാനുകൂല്യങ്ങൾ ലഭിക്കുന്ന കുട്ടികൾ താരതമ്യേന കൂടുതലുണ്ട്. 194 വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാൻറ് ലഭിക്കുന്നു. 242 കുട്ടികൾക്ക് മുസ്ലീം ഗേൾസ് സ്കാളർഷിപ്പ് ലഭിക്കുന്നുണ്ട്. ആറ് പേർക്ക് വികലാംഗ സ്കാളർഷിപ്പ് ലഭിക്കുന്നുണ്ട്. 82 പേർക്ക് ബീഡി തൊഴിലാളികളുടെ മക്കൾക്കുള്ള സ്കോളർഷിപ്പും ലഭിച്ചിട്ടുണ്ട്. മൽസ്യത്തൊഴിലാളിക ളുടെ മക്കൾക്കുള്ള സ്കാളർഷിപ്പ് 4 പേർക്ക് ലഭിച്ചു വരുന്നു.

സ്കൂളുകളിൽ പാഠ്യേതര പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നില്ല. സാഹിത്യസമാജത്തിൻെറ പ്രവർത്തനം പൊതുവെ തൃപ്തികരമല്ല. സയൻസ് ക്ലബ്ബ്-ഗണിതശാസ്ത്ര ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് എന്നിവ പേരിനു മാത്രമേ നടക്കുന്നുള്ളൂ. സ്കൂൾതല കലാ സാഹിത്യ മൽസരങ്ങൾക്ക് തീരെ പ്രോത്സാഹനം ലഭി ക്കുന്നില്ല. ഉപജില്ലാതല കലോൽസവങ്ങളിൽ പങ്കെടുക്കു ന്നുണ്ടെങ്കിലും ജില്ലാതല മൽസരങ്ങളിലേക്ക് മിക്കവാറും സെലക്ഷൻ ലഭിക്കുന്നില്ല. എൽ. പി. സ്കൂളുകളിലെ ബാലസഭാ പ്രവർത്തനം കാര്യക്ഷമമല്ല. സ്കൂളുകൾ വിനോദയാത്രകൾ സംഘടിപ്പിക്കുന്നുണ്ടെങ്കിലും അവ ശരിക്കും പഠനയാത്രകളാവാറില്ല. കളിസ്ഥലത്തിൻെറ അഭാവത്താൽ കുട്ടികളുടെ കായിക പരിശീലനം ഫല പ്രദമാകാറില്ല.

സ്കൂൾ ജീവനക്കാരുടെ ശമ്പളത്തിനും, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും ഫർണിച്ചർ റിപ്പേർ എന്നിവയുടെ ചിലവുകൾക്ക് പുറമെ ചിലവഴിക്കുന്ന തുക.

| | | | |
|---|---|---|---|
| 1. | ലബോറട്ടറി രാസവസ്തുക്കൾ | - | 7750 .00 |
| 2. | സ്പോർട്സ് | - | 5650 . 00 |
| 3. | കലാവിനോദങ്ങൾ | - | 2620 . 00 |
| 4. | ലൈബ്രറി | - | 5000 . 00 |
| | | | 21020 . 00 |

ഉച്ചക്കഞ്ഞിക്ക് 55500/- രൂപ ചിലവഴിക്കപ്പെടു ന്നുണ്ട്. ഫീസിനത്തിൽ 19500/- രൂപ പിരിച്ചെടുക്കു ന്നുണ്ട്. പഞ്ചായത്ത് വക ഉച്ചക്കഞ്ഞി ചിലവിലേക്കായി 9275 രൂപ സഹായം ലഭിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാ ദ്യാസരംഗത്ത് പഞ്ചായത്തിന് പറയത്തക്ക നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടില്ല.

## പ്രശ്നങ്ങൾ:

1. പഞ്ചായത്തിലെ പ്രീ-പ്രൈമറി പ്രായത്തിലുള്ള മുഴുവൻ കുട്ടികൾക്കും പ്രീ-പ്രൈമറി സൗക ര്യം ലഭിക്കുന്നില്ല.

2. നിലവിലുള്ള പ്രീ-പ്രൈമറി വിദ്യാലയങ്ങളിലു ള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്.

3. ആവശ്യത്തിന് ക്ലാസ്സ് മുറികളില്ലാത്ത നാല് പ്രൈമറി വിദ്യാലയങ്ങൾ പഞ്ചായത്തിലുണ്ട്.

4. മൂത്രപ്പുരകളില്ലാത്ത 5 വിദ്യാലയങ്ങൾ ഉണ്ട്. മറ്റ് വിദ്യാലയങ്ങളിൽ കുട്ടികളുടെ ആവശ്യത്തിനനുസരിച്ച് മൂത്രപ്പുരകളില്ല.

5. കക്കൂസ്സ് സൗകര്യമില്ലാത്ത 11 വിദ്യാലയങ്ങളുണ്ട്.

6. 9 വിദ്യാലയങ്ങൾക്ക് കിണറില്ല.

7. 13 വിദ്യാലയങ്ങൾ "വൈദ്യുതീകരിച്ചിട്ടില്ല.

8. 11 വിദ്യാലയങ്ങളിൽ പാചകമുറികളില്ല.

9. സ്റ്റാഫ്റൂം സൗകര്യമില്ലാത്ത 11 വിദ്യാലയങ്ങളുണ്ട്.

10. 16 വിദ്യാലയങ്ങളിൽ ആവശ്യത്തിന് ഫർണിച്ചർ ഇല്ല.

11. ലൈബ്രറി സൗകര്യമില്ലാത്ത എൽ. പി. സ്കൂളുകൾ 4 എണ്ണം.

12. വേണ്ടത്ര പഠനോപകരണങ്ങൾ ഇല്ലാത്ത 7 സ്കൂളുകളുണ്ട്.

13. 16 സ്കൂളുകളിൽ റേഡിയോ ഇല്ല.

14. 8 വിദ്യാലയങ്ങൾക്ക് ആവശ്യത്തിന് നല്ല ബ്ലാക്ക് ബോർഡുകളില്ല.

15. എല്ലാ വിദ്യാലയങ്ങളിലും പി. ടി. എ. യും, മദർ പി. ടി. എ. യും രൂപികരിച്ചിട്ടുണ്ടെങ്കിലും മിക്കസ്കൂളുകളിലുംപ്രവർത്തനം കാര്യക്ഷമമല്ല.

16. 9 വിദ്യാലയങ്ങൾക്ക് കളിസ്ഥലം തീരെയില്ല.

17. കളിസ്ഥലമുള്ള 7 വിദ്യാലയങ്ങളിൽ കളിസ്ഥലത്തിൻെറ വിസ്തീർണ്ണം 20 സെൻറിൽ കുറവാണ്.

18. സ്കൂളുകളിലെ പഠന നിലവാരം പൊതുവെ തൃപ്തികരമല്ല.

19. ഹൈസ്കൂളിലെ SSLC വിജയ ശതമാനം 35 ശത മാനത്തിൽ താഴെയാണ്.

20. LSS,USS സ്കോളർഷിപ്പുകൾ നേടുന്ന കുട്ടികളുടെ എണ്ണം വളരെ കുറവാണ്.

21. യുവജനോൽസവങ്ങളിൽ ജില്ലാനിലവാരത്തിൽ പങ്കെടുക്കുന്ന കുട്ടികൾ തീരെയില്ല.

22. പഞ്ചായത്തിലെ ഏക ഹൈസ്കൂളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുമ്പോൾ തന്നെ മറ്റ് പഞ്ചായത്തിലെ സ്കൂളിലേക്ക് കുട്ടികൾ ആകർഷിക്കപ്പെടുന്നു.

23. ഇംഗ്ലീഷ് മീഡിയത്തോടുള്ള വർദ്ധിച്ചുവരുന്ന ഭ്രമം പഞ്ചായത്തിലെ സ്കൂളുകളിൽ കുട്ടികൾ കുറയാനും ഡിവിഷനുകളുടെ കൊഴിഞ്ഞുപോക്കിന് അതുവഴി അദ്ധ്യാപകരുടെ തൊഴിൽ സ്ഥിരതയ്ക്കും ഭീഷണി ഉയർത്തുന്നു.

## സാധ്യതകൾ:

1. ചേലോറ ഗവ: ഹൈസ്കൂളിനെ വൊക്കേഷനൽ ഹയർ സെക്കൻററി സ്കൂളാക്കി ഉയർത്തുക.

2. ചേലോറ ഗവ: ഹൈസ്കൂളിന് കോമ്പൗണ്ട് വാൾ നിർമ്മിക്കുക.

3. പഞ്ചായത്തിന് മൊത്തം ഉപയോഗപ്പെടുമാറ് കളിസ്ഥലവും സ്റ്റേഡിയവും നിർമ്മിക്കുക.

4. വാരം, മതുക്കോത്ത്, മാച്ചേരി, കാപ്പാട് എന്നിവിടങ്ങളിൽ ഓരോ നഴ്സറി സ്കൂൾ തുടങ്ങുക.

5. സ്വന്തമായി കിണറില്ലാത്ത വിദ്യാലയങ്ങൾക്ക് കിണർ കുഴിച്ചുകൊടുക്കുക. കക്കൂസ്, മൂത്രപ്പുര എന്നിവ നിർമ്മിക്കുക.

6. ആവശ്യമായ പഠനോപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക.

7. ആവശ്യമായ ഫർണിച്ചറുകൾ ലഭ്യമാക്കുക.

8. പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിന് സ്കൂൾ കോംപ്ലക്സിൻെറപ്രവരത്തനം സജീവമാക്കുക.

9. കളിസ്ഥലങ്ങൾ നിർമ്മിച്ചുകൊടുക്കുന്നതിന് പരിപാടികൾ ആവിഷ്കരിക്കുക.

10. അദ്ധ്യാപകർക്ക് കൃത്യമായി ഇൻ-സർവ്വീസ്-കോഴ്സ് നൽകുക.

11. സ്കൂളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് പരിശോധനാ സമ്പ്രദായം കാര്യക്ഷമമാക്കുക.

12. ഉച്ചക്കഞ്ഞി പാകം ചെയ്യുന്നതിന് കെട്ടിട സൗകര്യമുണ്ടാക്കുക.

13. എല്ലാ വിദ്യാലയങ്ങളിലും വായനാകോർണർ പ്രവർത്തിപ്പിക്കുക.

14. കണ്ണൂർ ജില്ലാ പഞ്ചായത്ത് ആസൂത്രണം ചെയ്ത ഗുരുകുലം സമഗ്ര വിദ്യാഭ്യാസ പദ്ധതി എല്ലാ വിദ്യാലയങ്ങളിലും ഫലപ്രദമായി നടപ്പി ലാക്കുക.

15. അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് പഠനനിലവാരം ഉയർ ത്താനുള്ള നടപടികൾ സജീവമാക്കുക.

16. "അയൽപക്ക വിദ്യാഭ്യാസം" നിർബന്ധമാക്കുക.

17. പ്രൈമറിതലം മുതൽ കായികവിദ്യാഭ്യാസം പാഠ്യവിഷയമാക്കണം.

18. വിദ്യാർത്ഥികളിലെ നൈസർഗ്ഗികമായ കഴിവുകളെ പുഷ്ടിപ്പെടുത്താനാവശ്യമായ പദ്ധതികൾ തയ്യാറാക്കുക.

19. വിദ്യാർത്ഥികളെ വൈജ്ഞാനികവും സാംസ്കാരികവുമായി ഉയർത്താൻ ഉതകുന്ന നല്ലയിനം ഗ്രന്ഥങ്ങൾ ലഭ്യമാക്കണം.

*ജീവിതത്തിന്റെ എല്ലാ തുറകളിലും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നൽകുന്ന വിദ്യാഭ്യാസം മാത്രമേ ഉപകാരപ്രദമാവുകയുള്ളൂ.*

**- ഗാന്ധിജി**

# വിദ്യാഭ്യാസ സ്ഥാപനങ്ങൾ

## ചേലോറ പഞ്ചായത്ത്




1. പള്ളിപ്രം U.P.S.
2. കടാങ്കോട് L.P.S
3. വലിയന്നൂർ L.P.S
4. വലിയന്നൂർ NUPS
5. പുറന്നിൽ MUPS
6. വട്ടപ്പൊയിൽ LPS
7. ചേലോറ NLPS
8. ചേലോറ HS
9. ചേലോറ LPS
10. മാച്ചേരി NUPS
11. പെരിങ്ങളായി LPS
12. തിലാന്നൂർ UPS
13. തിലാന്നൂർ NLPS
14. തിലാന്നൂർ LPS
15. കാപ്പാട് LPS
16. കാപ്പാട് മുസ്ലിം LPS
17. കൃഷ്ണവിലാസം UPS കാപ്പാട്
18. മാച്ചേരി മാപ്പിള LPS

# സ്കൂളുകളിലെ അക്കാദമിക് സൗകര്യങ്ങൾ

| ക്രമനമ്പർ | സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട് / ഇല്ല | ലബോറട്ടറി / സയൻസ് കോർണർ | പഠനോപകരണങ്ങൾ വേണ്ടത്ര ഉണ്ട് / ഇല്ല | ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ: റേഡിയോ | ടേപ്പ് റിക്കോർഡർ | ടി.വി | വി.സി.ആർ / വി.സി.പി | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ബ്ലാക്ക് ബോർഡ്: ആവശ്യമുള്ളത് | ബ്ലാക്ക് ബോർഡ്: നിലവിലുള്ളത് | 95-96 ലെ അധ്യയന ദിവസങ്ങൾ | [illegible] | [illegible] | [illegible] | പി.ടി.എ. [illegible] |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| 1 | വലിയന്നൂർ എൽ.പി | ✓ | ✓ | ✓ | × | × | × | × | × | × | × | × | 5 | 5 | 191½ | | 3 | ✓ | ✓ |
| 2 | വട്ടപ്പൊയിൽ മാപ്പിള എൽ.പി. | × | ✓ | × | × | × | × | × | × | × | × | × | 4 | 4 | 187 | 3 | 6 | ✓ | × |
| 3 | മാച്ചേരി മാപ്പിള എൽ.പി | × | × | ✓ | × | × | × | × | × | × | × | × | 6 | 6 | 187 | | | ✓ | × |
| 4 | കാപ്പാട് എൽ.പി. | × | ✓ | × | × | × | × | × | × | × | × | × | 4 | 4 | 186 | | 3 | ✓ | × |
| 5 | കാപ്പാട് മദ്രസ എൽ.പി. | ✓ | × | × | × | × | × | × | × | × | × | × | 3 | 2 | 188 | | | ✓ | ✓ |
| 6 | തിലാന്നൂർ എൽ.പി. | ✓ | × | × | × | × | × | × | × | × | × | × | 5 | 3 | 192 | | 8 | ✓ | ✓ |
| 7 | തിലാന്നൂർ നോർത്ത് എൽ.പി. | ✓ | ✓ | ✓ | × | × | × | × | × | × | × | × | 6 | 3 | 183 | 2 | 4 | ✓ | ✓ |
| 8 | പെരിങ്ങളായി എൽ.പി | ✓ | ✓ | ✓ | × | × | × | × | × | × | × | × | 5 | 6 | 192 | | 3 | ✓ | ✓ |
| 9 | ചേലോറ എൽ.പി. | ✓ | ✓ | × | × | × | × | × | × | × | × | × | 7 | 4 | 190 | 2 | 6 | ✓ | ✓ |
| 10 | ചേലോറ നോർത്ത് എൽ.പി. | × | × | × | × | × | × | × | × | × | × | × | 4 | 4 | 190 | 4 | 6 | ✓ | ✓ |
| 11 | വാരം എൽ.പി. | × | × | ✓ | × | × | × | × | × | × | × | × | 7 | 5 | 186 | | | ✓ | ✓ |
| 12 | പുറത്തിൽ യു.പി. | ✓ | ✓ | ✓ | ✓ | × | × | × | × | × | × | × | 12 | 10 | 186½ | | 3 | ✓ | ✓ |
| 13 | വലിയന്നൂർ നോർത്ത് യു.പി | ✓ | ✓ | ✓ | × | × | × | × | × | × | × | × | 12 | 12 | 191½ | 3 | 3 | ✓ | ✓ |
| 14 | മാച്ചേരി യു.പി. | × | × | ✓ | × | × | × | × | × | × | × | × | 14 | 14 | 190 | 4 | 2 | ✓ | × |
| 15 | കാപ്പാട് കുഞ്ഞിവിലാസം യു.പി | ✓ | ✓ | × | × | × | × | × | × | × | × | × | 14 | 14 | 186 | 2 | 3 | ✓ | ✓ |
| 16 | തിലാന്നൂർ യു.പി. | ✓ | ✓ | × | × | × | × | × | × | × | × | × | 20 | 17 | 193 | 7 | 5 | ✓ | ✓ |
| 17 | പള്ളിപ്രം യു.പി. | ✓ | ✓ | × | × | ✓ | × | × | × | ✓ | × | × | 14 | 11 | 192 | – | 8 | × | × |
| 18 | ചേലോറ ഹൈസ്കൂൾ | ✓ | ✓ | ✓ | ✓ | ✓ | × | × | ✓ | ✓ | ✓ | × | 19 | 19 | 178 | 18 | 4 | ✓ | ✓ |

| ക്രമ നമ്പർ | സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ / സ്കൂളിന്റെ പേര് | ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾ എണ്ണം | | | മുറികൾ എണ്ണം | | | ഇനി ആവശ്യമുള്ള മുറികൾ | കെട്ടിടം നിർമ്മിക്കാൻ സ്ഥലം ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | [illegible] | ഇനി ആവശ്യമുള്ള [illegible] എണ്ണം | നിലവിലുള്ള കക്കൂസ് - എണ്ണം | ഇനി ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം | വൈദ്യുതീകരണം ഉണ്ട്/ഇല്ല | [illegible] | [illegible] | നിലവിലുള്ള ഫർണിച്ചർ മതിയാകും/ഇല്ല | ഇനി ആവശ്യമായ ഫർണിച്ചർ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | | | | | | | | | | | | | ബെഞ്ച് | ഡെസ്ക് | മേശ | കസേര | [illegible] |
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| 1 | വലിയന്നൂർ എൽ.പി. | 5 | | 2 | | | | | | ഉണ്ട് | 1 | 4 | 2 | ഇല്ല | ഇല്ല | കിണർ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 10 | 10 | 4 | 5 | കസേര മേശ |
| 2 | വട്ടപ്പൊയിൽ മാപ്പിള എൽ.പി | 4 | 1 | | | | | | | ഇല്ല | ഇല്ല | | 3 | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 9 | 10 | 4 | 4 | കസേര മേശ |
| 3 | മാച്ചേരി മാപ്പിള എൽ.പി | 4 | 1 | | | 1 | | | 1 | ഇല്ല | 1 | 4 | 1 | ഇല്ല | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 12 | 12 | | | അലമാര |
| 4 | കാപ്പാട് എൽ. പി. | 4 | 1 | | | | | | 1 | ഇല്ല | ഇല്ല | | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10 | 12 | 2 | 3 | അലമാര |
| 5 | കാപ്പാട് മദ്രസ എൽ.പി. | 4 | 1 | | | | | | | ഇല്ല | 1 | | 2 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 10 | 8 | 3 | 5 | |
| 6 | തിലാന്നൂര്. എൽ. പി. | 4 | 1 | | | 2 | | | | ഇല്ല | ഇല്ല | | 2 | ഇല്ല | ഇല്ല | കിണർ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 10 | 10 | 1 | 3 | മേശ2 |
| 7 | തിലാന്നൂര് നോർത്ത് എൽ.പി. | 4 | 2 | | | 2 | | | | ഇല്ല | 1 | 1 | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10 | 10 | 3 | 2 | |
| 8 | പെരിങ്ങളായി. എൽ. പി. | 4 | 1 | 1 | | | | | | ഉണ്ട് | 2 | 12 | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | മതി | - | - | - | - | - |
| 9 | ചേലോറ എൽ.പി. | 5 | 1 | | | | | | | ഇല്ല | ഇല്ല | | 4 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 12 | 15 | 4 | 4 | കസേര മേശ |
| 10 | ചേലോറ നോർത്ത് എൽ.പി. | 4 | 1 | | | | | | | ഇല്ല | ഇല്ല | | 2 | 1 | ഇല്ല | കിണർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10 | 10 | 1 | 4 | കസേര മേശ |
| 11 | വാരം എൽ. പി. | 7 | 1 | 2 | | | | | | ഇല്ല | 1 | 1 | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 10 | 10 | | | |
| 12 | പുറത്തീൽ യു. പി. | 11 | 3 | | 1 | | | | | ഉണ്ട് | 1 | 8 | | 4 | ഇല്ല | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 25 | 15 | 5 | 5 | മേശ കസേര |
| 13 | വലിയന്നൂർ നോർത്ത് U.P. | 10 | 2 | 4 | | | | | | ഉണ്ട് | 1 | 7 | 1 | 1 | ഇല്ല | കിണർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 20 | 20 | 5 | 5 | മേശ കസേര |
| 14 | മാച്ചേരി. യു. പി. | 14 | 4 | | | | | | | ഇല്ല | 1 | 4 | 3 | ഇല്ല | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 25 | 25 | 5 | 5 | അലമാര |
| 15 | കാപ്പാട് കൃഷ്ണവിലാസം യു.പി. | 14 | 2 | 3 | | 5 | 14 | | 2 | ഉണ്ട് | 2 | 5 | 5 | 1 | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 25 | 25 | 3 | 10 | അലമാര |
| 16 | തിലാന്നൂര് യു. പി. | 17 | 1 | 6 | | | | | | ഇല്ല | 2 | 2 | 4 | ഇല്ല | ഇല്ല | കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 40 | 40 | 2 | 5 | അലമാര |
| 17 | പള്ളിപ്രം യു. പി. | 14 | | | | | | | 8 | ഇല്ല | 2 | | | 1 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 10 | 10 | 3 | 10 | അലമാര |
| 18 | ചേലോറ ഗവ: ഹൈസ്കൂൾ | 16 | 3 | 1 | 1 | 12 | 5 | 6 | | ഉണ്ട് | 4 | 12 | 4 | 2 | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | മതി | - | - | - | - | - |

# സ്കൂളുകളുടെ പൊതുവിവരങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ഇനം | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | സ്കൂൾ കോമ്പൗണ്ടിന്റെ വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | പച്ചക്കറിത്തോട്ടത്തിനുപയോഗിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | മറ്റു കുറിപ്പുകൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവർ | ഒഴിവുകളുടെ എണ്ണം | ട്രെയിനിംഗ് ഇല്ലാത്തവർ | | | | |
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 1 | വലിയന്നൂർ എൽ.പി. | LP | | ✓ | | | 58 | 68 | 126 | 5 | 5 | | | 50 സെന്റ് | 10 സെന്റ് | × | |
| 2 | വട്ടപ്പൊയിൽ മാപ്പിള എൽ.പി. | LP | | ✓ | | | 53 | 50 | 103 | 4 | 4 | | | 15½ | ഇല്ല. | × | |
| 3 | മാച്ചേരി മാപ്പിള എൽ.പി. | LP | | ✓ | | | 66 | 47 | 113 | 6 | 6 | | | 1 ഏക്കർ | " | 40 സെ | |
| 4 | കാപ്പാട് എൽ.പി. | LP | | ✓ | | | 41 | 40 | 81 | 4 | 4 | | | 8 സെന്റ് | 3 സെന്റ് | × | |
| 5 | കാപ്പാട് മദ്രസ എൽ.പി. | LP | | ✓ | | | 51 | 52 | 103 | 4 | 4 | | | 10 സെന്റ് | ഇല്ല. | × | |
| 6 | തിലാന്നൂർ എൽ.പി. | LP | | ✓ | | | 49 | 43 | 92 | 5 | 5 | | | 20 സെന്റ് | ഇല്ല. | × | |
| 7 | തിലാന്നൂർ നോർത്ത് എൽ.പി. | LP | | ✓ | | | 55 | 53 | 108 | 5 | 5 | | | 30 " | 20 സെന്റ് | × | |
| 8 | പെരിങ്ങളായി എൽ.പി. | LP | | ✓ | | | 69 | 63 | 132 | 5 | 5 | | | 98 " | 15 " | 40 സെ | |
| 9 | ചേലോറ എൽ.പി. | LP | | ✓ | | | 77 | 49 | 126 | 6 | 6 | | | 4 " | ഇല്ല. | × | |
| 10 | ചേലോറ നോർത്ത് എൽ. | LP | | ✓ | | | 45 | 39 | 84 | 4 | 4 | | | 45 " | ഇല്ല. | × | |
| 11 | വാരം എൽ.പി. | LP | | ✓ | | | 119 | 94 | 213 | 9 | 9 | | | 1 ഏക്കർ | ഇല്ല | × | |
| 12 | പുറത്തീൽ യു.പി. | UP | | ✓ | | | 190 | 205 | 395 | 16 | 16 | | | 30 സെ. | ഇല്ല | × | |
| 13 | വലിയന്നൂർ നോർത്ത് യു.പി. | UP | | ✓ | | | 122 | 148 | 270 | 15 | 15 | | | 34 സെ | 6 സെ | × | |
| 14 | മാച്ചേരി യു.പി. | UP | | ✓ | | | 228 | 214 | 442 | 16 | 16 | | | 1.5 ഏക്കർ | 80 സെ | × | |
| 15 | കാപ്പാട് [illegible]വിലാസം. U.P. | UP | | ✓ | | | 246 | 230 | 476 | 18 | 18 | | | ½ ഏക്കർ | 15 സെ | × | |
| 16 | തിലാന്നൂർ യു.പി. | UP | | ✓ | | | 275 | 260 | 535 | 22 | 22 | | | 45 സെ | ഇല്ല. | × | |
| 17 | പള്ളിപ്രം യു.പി. | UP | | ✓ | | | 218 | 216 | 434 | 19 | 19 | | | 36 സെ | 5 സെ | × | |
| 18 | ചേലോറ ഹൈസ്കൂൾ | HS | ✓ | | | | 322 | 330 | 652 | 28 | 27 | | | 3 ഏക്കർ | 1.2 ഏക്കർ | × | |

| | സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം. | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | സ്കൂളിന്റെ പേര് | മെറിറ്റ് സ്കോളർഷിപ്പ് | ലംപ് സം ഗ്രാന്റ് | മുസ്ലിം ഗേൾസ് സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് | ജവാന്മാരുടെ മക്കൾക്കുള്ള ആനുകൂല്യം | ബീഡി തൊഴിലാളികളുടെ മക്കൾക്ക് സ്കോളർഷിപ്പ് | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് | മറ്റുള്ളവ |
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1. | വലിയന്നൂർ L.P. | | 16 | | | | 1 | | |
| 2. | വട്ടപ്പൊയിൽ മാപ്പിള LP | | | | | | | 2 | |
| 3 | മാച്ചേരി മാപ്പിള LP | | | | | | | | |
| 4 | കാപ്പാട് LP | | 6 | | | | | | |
| 5 | കാപ്പാട് മദ്രസ LP | | | | | | | | |
| 6 | തിലാന്നൂര് LP. | | 6 | | | | 5 | | |
| 7 | തിലാന്നൂര് നോർത്ത് LP | | 16 | | | | | | |
| 8 | പെരിങ്ങളായി LP | | 8 | | | | 2 | | |
| 9 | ചേലോറ LP | | 10 | 2 | | | 3 | 1 | |
| 10 | ചേലോറ നോർത്ത് LP | | 2 | | | | 2 | | |
| 11 | വാരം മാപ്പിള LP | | 10 | 19 | | | | 1 | |
| 12 | പുറത്തീൽ UP | | 1 | 84 | | | | | |
| 13 | വലിയന്നൂർ നോർത്ത് UP | 5 | 44 | 35 | 1 | | 13 | | LSS-1 SKT-1 |
| 14 | മാച്ചേരി UP | | 10 | 1 | 2 | | 23 | | |
| 15 | കാപ്പാട് കൃഷ്ണവിലാസം UP | 2 | 17 | 56 | 1 | 2 | 13 | | |
| 16 | തിലാന്നൂര് UP | 4 | 13 | 48 | | | 13 | 1 | 16 OEC |
| 17 | പള്ളിപ്രം. UP | | 85 | 56 | 2 | 2 | 3 | 3 | |
| 18 | ചേലോറ ഹൈസ്കൂൾ | 5 | 57 | 66 | 2 | | 13 | | |

> ''പ്രകൃതി നിയമങ്ങളെ ബോധപൂർവ്വമോ, അജ്ഞതകൊണ്ടോ ലംഘിക്കുന്നതുകൊണ്ടാണ് രോഗങ്ങൾ ഉണ്ടാകുന്നത്''.
>
> ഗാന്ധിജി

# 5 - 5 ആരോഗ്യം, കുടിവെള്ളം

**1991** ലെ സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 31,091 ആണ്. ഇപ്പോഴത്തെ ജനസംഖ്യ ഏതാണ്ട് 35000 വരും. ആയുർദൈർഘ്യത്തിൻെറയും ആരോഗ്യനിലവാരത്തിൻെറയും കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് സംസ്ഥാന ശരാശരിയെക്കാൾ മുന്നിലാണ് . പട്ടണത്തിൻെറ സാമീപ്യം മൂലം തൊഴിലവസരങ്ങളുടെ ലഭ്യതയും, ഭൂപരിഷ്ക്കരണത്തെത്തുടർന്ന് ബഹുഭൂരിപക്ഷം ജനങ്ങളും ഭൂവുടമസ്ഥരായിതീർന്നതും, സാർവ്വത്രിക സാക്ഷരതയും, പൊതു വെ ഉള്ള ഉൽബുദ്ധതയും എല്ലാം ഈ നേട്ടം കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. പൊതുജനാരോഗ്യസംരക്ഷണത്തിനുവേണ്ടി നിരവധി സർക്കാർ സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ടെങ്കിലും. ചികിത്സയ്ക്ക് വേണ്ടി ജനങ്ങൾ സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. ആരോഗ്യസംരക്ഷണത്തിനുവേണ്ടി ജനങ്ങൾക്ക് വൻ തുക ചെലവഴിക്കേണ്ടിവരുന്ന ഇക്കാലത്ത് പൊതുജനാരോഗ്യ കേന്ദ്രങ്ങൾ കാര്യക്ഷമമാക്കുന്നതിൽ പഞ്ചായത്തീരാജ് സംവിധാനത്തിന് ഒരു പ്രധാന പങ്ക് വഹിക്കാനുണ്ട്.

ആയിരത്തിത്തൊള്ളായിരത്തി നാൽപ്പതുകളിലാണ് നമ്മുടെ നാട്ടിൽ അലോപ്പതി ചികിത്സാ സമ്പ്രദായത്തിന് പ്രചാരം ലഭിച്ചുതുടങ്ങിയത്. എന്നാലും ആയുർവേദചികിത്സയെ ജനങ്ങൾ വളരെയേറെ ആശ്രയിച്ചിരുന്നു. പള്ളിപ്പൊയിലിലെ കോമത്ത് തറവാട്ടുകാരായ ആയുർവേദ വൈദ്യൻമാർ ഈ രംഗത്ത് സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിരുന്നു. കേളൻ വൈദ്യർ, കോരൻ വൈദ്യർ, ഗോവിന്ദൻ വൈദ്യർ എന്നിവർ ഇവരിൽ പ്രശസ്തരായിരുന്നു. കുടക് തുടങ്ങിയ വിദൂര ദേശങ്ങളിൽ നിന്നുപോലും രോഗികൾ ചികിത്സക്കായി ഇവിടെ എത്തിയിരുന്നു. തിലാന്നൂരിലെ ആലക്കാട്ട് കുമാരൻ വൈദ്യർ, വലിയന്നൂരിലെ കുഞ്ഞിരാമൻ വൈദ്യർ തുടങ്ങി പ്രശസ്തരായ പലരും ഈ രംഗത്ത് സേവനമനുഷ്ഠിച്ചവരാണ്. പരമ്പരാഗതമായി ശിശുരോഗ ചികിത്സ, നടത്തിയിരുന്ന പുള്ളുവൻ, വണ്ണാൻ വൈദ്യൻമാരും അങ്ങിങ്ങായി ഉണ്ടായിരുന്നു.

പലേരിക്കുന്നത്ത് കേളൻ ഗുരുക്കളും, അദ്ദേഹത്തിൻെറ ശിഷ്യഗണങ്ങളും തിലാന്നൂർ [illegible] കേന്ദ്രമാക്കി വിഷചികിൽസാരംഗത്ത് ഏറെക്കാലം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പാപ്പിനിശ്ശേരി വിഷചികിൽസാ കേന്ദ്രം പ്രശസ്തമാവുന്നതുവരെ ഈ കേന്ദ്രം കണ്ണൂരിലെ പ്രധാന ആശ്രയകേന്ദ്രമായിരുന്നു. കേളൻഗുരുവിൻെറ ശിഷ്യപ്രമുഖരായ കൃഷ്ണൻ വൈദ്യർ, ശങ്കരൻ വൈദ്യർ, അപ്പവൈദ്യർ തുടങ്ങിയവർ ഏറെ

കാലം ഈ കേന്ദ്രത്തിൽ വിഷചികിൽസാരംഗത്ത് സേവ നനിരത രായി പ്രവർത്തിച്ചു. ആയുർവ്വേദ വൈദ്യൻ മാർക്ക് വിഷ ചികിൽസയിൽ പരിശീലനം നൽകാനുള്ള സർക്കാരിന്റെ അംഗീകാരം ഉണ്ടായിരുന്ന ഈ സ്ഥാപ നത്തിന് പല ഘട്ടങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാറു കളുടെ ധനസഹായം ലഭിച്ചിരുന്നു. വലിയന്നൂരിലെ വി. അച്ചുതൻവൈദ്യർ മറ്റൊരു പ്രശസ്ത വിഷവൈദ്യ നായിരുന്നു.

അലോപ്പതി ചികിൽസയ്ക്കുവേണ്ടി ചക്കരക്ക ല്ലിലെ പ്രാഥമിക ആരോഗ്യകേന്ദ്രത്തെയും കണ്ണൂരിലെ ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെയും ആശ്രയിച്ചു വന്ന ജനങ്ങൾക്ക് മതുക്കോത്ത് ഒരു റൂറൽ ഡിസ്പെൻ സറി അനുവദിക്കപ്പെട്ടത് അൽപ്പം ആശ്വാസമേകി. പ്രസ്തുത സ്ഥാപനം ആരംഭിച്ച് രണ്ട് ദശകം പിന്നിട്ടെ ങ്കിലും സേവനരംഗത്ത് കാര്യമായ പുരോഗതി നേടാൻ ഇതുവരെയും സാധിച്ചിട്ടില്ല. പ്രാഥമിക ആരോഗ്യകേ ന്ദ്രമായി ഉയർത്തപ്പെട്ടതോടെ രോഗികളെ കിടത്തി ചികിൽസിക്കാ നുള്ള വാർഡുകളും മറ്റു സൗകര്യങ്ങളും ലഭ്യമാകുമെന്ന് ജനങ്ങൾ പ്രതീക്ഷിച്ചിരുന്നു. എന്നാൽ ഇതുവരെയും ഇക്കാര്യത്തിൽ കാര്യമായ പുരോഗതിയു ണ്ടായിട്ടില്ല. പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ കീഴിൽ കാപ്പാട്, മതുക്കോത്ത്, കടാങ്കോട്, പള്ളിപ്രം എന്നീ സ്ഥലങ്ങളിൽ നാല് കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. മതുക്കോത്ത്, കാപ്പാട്കേന്ദ്രങ്ങൾ ക്ക് സ്വന്തമായി കെട്ടിട ങ്ങളുണ്ട്. കടാങ്കോട് കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം പുരോഗമിച്ചു വരുന്നു. പള്ളിപ്രം കേന്ദ്രത്തിന് സ്വന്തം കെട്ടിടം ഇല്ല.

ആരോഗ്യ വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ട ത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യകേന്ദ്ര ങ്ങളും ഉപകേന്ദ്രങ്ങളും കൂടാതെ സംയോജിത ശിശുവികസന പദ്ധതിയുടെ ഭാഗമുള്ള അംഗൻവാടി കൾ ആരോവകുപ്പുമായി സഹകരിച്ചു പ്രവർത്തി ക്കുന്നു. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, ആറു വയസ്സിന് താഴെയുള്ള കുട്ടികൾ എന്നിവരുടെ ക്ഷേമ ത്തിനുവേണ്ടിയാണ് അംഗൻവാടികൾ പ്രവർത്തിക്കു ന്നത്.

നമ്മുടെ പഞ്ചായത്തിൽ 16 അംഗൻവാടികൾ പ്രവർത്തിക്കുന്നു.

1. മുന്നണിമെട്ട (വാർഡ് 1)
2. തക്കാളി പീടിക
3. വലിയന്നൂർ നോർത്ത്
4. വട്ടപ്പൊയിൽ
5. പള്ളിപ്പൊയിൽ
6. കാപ്പാട്
7. തിലാന്നൂർ സത്രം
8. പെരിക്കാട്
9. പുളിയഞ്ചാൽ
10. വളന്നൂർ
11. ചേലോറ
12. പള്ളിപ്രം പ്രതിഭ
13. വലിയന്നൂർ ഹരിജൻ കോളനി (പള്ളപ്രം)
14. പള്ളിപ്രം
15. മാച്ചേരി
16. വലിയന്നൂർ എൽ. പി. എസ്.

ഇവ കൂടാതെ പഞ്ചായത്തിൽ ഒരു ശിശു മന്ദിരവും പ്രവർത്തിക്കുന്നു. ഒരു ഹോമിയോ ഡിസ്പെൻസറി 1995 മാർച്ച് 8 മുതൽ പള്ളിപ്രത്ത് പ്രവർത്തിക്കുന്നു.

## ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാർ

**അലോപ്പതി**

| തസ്തിക | | എണ്ണം |
|---|---|---|
| 1 . | മെഡിക്കൽ ഓഫീസർ | 1 |
| 2. | ഫാർമസിസ്റ്റ് | 1 |
| 3. | ലേഡി ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| 4. | ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| 5. | ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് | 5 |
| 6. | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 3 |
| 7. | പാർട്ട്ടൈം സ്വീപ്പർ | 2 |
| 8. | നഴ്സിങ്ങ് അസിസ്റ്റന്റ് | 1 |
| 9. | പ്യൂൺ | 1 |
| 10. | ക്ലാർക്ക് | 1 |
| | ആകെ | 17 |

**ഹോമിയോ:**

| | തസ്തിക | എണ്ണം |
|---|---|---|
| 1. | ചീഫ് മെഡിക്കൽ ഓഫീസർ | 1 |
| 2. | ഫാർമസിസ്റ്റ് | 1 |
| 3. | അറ്റൻഡർ | 1 |
| | ആകെ | 3 |

സ്വകാര്യമേഖലയിലുള്ള മൂന്ന് ക്ലിനിക്കുകളുടെ സേവനവും പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിക്കുന്നു.

1. ഡോ: അഹമ്മദ് ബഷീർ, വാരം ഹോസ്പിറ്റൽ

2. ഡോ: വി. അശോകൻ (വാരം)

3. ഡോ: ബേബി സുധാകരൻ (വലിയന്നൂർ ക്ലിനിക്)

നമ്മുടെ പഞ്ചായത്തിൽ 8500 പേർക്ക് ഒരു കുടുംബക്ഷേമ ഉപകേന്ദ്രത്തിൻെറയും 2200 പേർക്ക് ഒരു അംഗൻവാടിയുടെയും സേവനം ലഭ്യമാണ്. പഞ്ചായത്തിലെ ജനങ്ങൾ ആരോഗ്യപരിപാലന രംഗത്ത് കൂടുതലായി ആശ്രയിക്കുന്നത് പഞ്ചായത്തിന് വെളിയിലുള്ള സ്ഥാപനങ്ങളെയാണ് തൽഫലമായി ഭീമമായ തുക ഈ രംഗത്ത് ചിലവഴിക്കേണ്ടിവരുന്നു. ജനങ്ങളുടെ ആവശ്യവുമായി തട്ടിച്ചുനോക്കിയാൽ പഞ്ചായത്തിൽ നിലവിലുള്ള ചികിൽസാ സൗകര്യം അപര്യാപ്തമാണെന്ന് കാണാം.

**പഞ്ചായത്തിലെ ജനനമരണനിരക്ക് താഴെ കൊടുക്കുന്നു. (വർഷം 1995)**

| | പഞ്ചായത്ത് | സംസ്ഥാനം |
|---|---|---|
| ജനന നിരക്ക് | 16.5 | 17 |
| പൊതുമരണ നിരക്ക് | 3.4 | 5 |
| ശിശുമരണ നിരക്ക് | 5.6 | 16 |
| മാതൃമരണ നിരക്ക് | ഇല്ല | 0.8 |

സംസ്ഥാന ശരാശരിയെക്കാൾ കുറവാണ് പഞ്ചായത്തിലെ ജനനമരണനിരക്കുകൾ. പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യസ്ഥിതി പൊതുവെ തൃപ്തികരമാണെന്ന് പറയാം. ഫലപ്രദമായ രോഗപ്രതിരോധ പരിപാടി നടപ്പിലാക്കിയതിനാൽ പകർച്ച വ്യാധികളും മറ്റും നിയന്ത്രണാധീനമായതാണ്. മരണ നിരക്ക് കുറയാനുള്ള കാരണം. ഗർഭരക്ഷക്കും, പ്രസവചികിൽസക്കും ആധുനിക സൗകര്യങ്ങൾ ലഭ്യമായത് ശിശുമരണ നിരക്ക് നാമമാത്രമാക്കി. മൂന്ന് ദശകക്കാലം തുടർച്ചയായി നിലവിലുണ്ടായിരുന്ന പോഷകാഹാര പരിപാടി പുതിയ തലമുറയുടെ ആരോഗ്യപരിപാലനത്തിൽ വളരെയേറെ സഹായിച്ചിട്ടുണ്ട്. ഇത്രയേറെ നേട്ടങ്ങളുണ്ടായെങ്കിലും ജനങ്ങളിൽ രോഗാതുരത വർദ്ധിച്ചുവരുന്നു എന്നതാണ് വാസ്തവം.

പഞ്ചായത്തിൽ 5 വയസിൽ താഴെയുള്ള 2678 കുട്ടികൾ ഉണ്ട്. വികലാംഗരുടെ എണ്ണം 59 ആണ്. കുട്ടികളുടെ പ്രായപരിധി അനുസരിച്ച് എണ്ണം താഴെ കൊടുക്കുന്നു.

| വയസ്സ് | എണ്ണം |
|---|---|
| 1 വയസ്സിൽ താഴെ | 396 |
| 1-2 വയസ്സ് | 399 |
| 2-3 വയസ്സ് | 451 |
| 3-5 വയസ്സ് | 1412 |
| ആകെ | 2658 |

അഞ്ചുവയസ്സിൽ താഴെയുള്ള എല്ലാ കുട്ടികൾക്കും ഗർഭിണികൾക്കും പ്രതിരോധകുത്തിവെപ്പ് നൽകാനുള്ള സംവിധാനം പ്രാഥമിക ആരോഗ്യകേന്ദ്രത്തിനുണ്ട്. മാസംതോറും അംഗൻവാടികളിലും ഉപകേന്ദ്രങ്ങളിലും പ്രതിരോധ കുത്തിവെപ്പുകൾ നൽകുന്നു.

**രോഗവിവരങ്ങൾ:-** പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ മൂന്നു വർഷങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട രോഗങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | ജലജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-'94 | 350 | 96 | 24 | 12842 |
| 1994-'95 | 380 | 80 | 20 | 13469 |
| 1995-'96 | 320 | 56 | 9 | 12919 |

പള്ളിപ്രം ഹോമിയോ ഡിസ്പെൻസറിയിൽ കഴിഞ്ഞ ഒരു വർഷക്കാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട 20232 കേസുകളിൽ 5070 ത്വക് രോഗവും 8000 വാതരോഗവും 6912 പകർച്ചവ്യാധിയും 250 രക്തസമ്മർദ്ദവും ആയിരുന്നു. സൗകര്യങ്ങൾ കൂടുന്നുണ്ടെങ്കിലും രോഗാതുരത വർദ്ധിക്കുന്നു എന്ന് ഈ കണക്കുകൾ ചൂണ്ടിക്കാണിക്കുന്നു.

പെട്ടെന്ന് മരണത്തിന് കാരണമാകുന്ന പകർച്ചവ്യാധികളൊന്നും റിപ്പോർട്ട് ചെയ്യപ്പെടുന്നില്ലെങ്കിലും ഇൻഫ്ളുവൻസ, ചിക്കൻപോക്സ്, കണ്ണുരോഗം മുതലായവ ഇടക്കിടെ ഉണ്ടാകാറുണ്ട്. സ്ഥിരമായി പകർച്ചവ്യാധികൾ ഉണ്ടാവുന്ന പ്രദേശങ്ങളൊന്നും പഞ്ചായത്തിലില്ല.

## ആരോഗ്യ സ്ഥാപനങ്ങളുടെ നിലവാരം:

### 1. പ്രാഥമിക ആരോഗ്യകേന്ദ്രം, ചേലോറ

ഡോക്ടർ ഉൾപ്പെടെ 17 പേർ ജോലി ചെയ്യുന്നു. റൂറൽ ഡിസ്പെൻസറിയായ കാലത്ത് നിർമ്മിക്കപ്പെട്ട കെട്ടിടം മാത്രമാണ് നിലവിലുള്ളത്. പ്രാഥമിക ആരോഗ്യകേന്ദ്രമായതിനുശേഷം കൂടുതൽ സൗകര്യങ്ങളൊന്നും ലഭ്യമായിട്ടില്ല. ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുൾപ്പെടെ 84 സെൻറ് സ്ഥലം ആരോഗ്യകേന്ദ്രത്തിനുണ്ട്. ഇതിൻെറ കീഴിൽ 4 കുടുംബ ക്ഷേമ ഉപകേന്ദ്രങ്ങളുമുണ്ട്.

## 2. ഹോമിയോ ഡിസ്പെൻസറി, പള്ളിപ്രം:

ഡോക്ടർ ഉൾപ്പെടെ 3 പേർ ജോലി ചെയ്യുന്നു. സ്വന്തമായി കെട്ടിടമില്ല. നാട്ടുകാർ വാടക കൊടുക്കുന്ന സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. നിരവധി രോഗികൾ ദിവസേന എത്തുന്ന ഈ സ്ഥാപനത്തിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ആരോഗ്യപ്രശ്നങ്ങൾക്കുള്ള കാരണങ്ങൾ പരിസര മലിനീകരണം, ചില പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം തുടങ്ങിയവയാണ്. എല്ലാ വീടുകളിലും കക്കൂസ്സ് സൗകര്യം ഇല്ലാത്തതും ഒരു പ്രധാന കാരണമാണ്. പഞ്ചായത്തിന്റെ എല്ലാ ഭാഗത്തു നിന്നും കൊതുകുശല്യം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കണ്ണൂർ മുനിസിപ്പാലിറ്റിയിലെ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന വട്ടപ്പൊയിലിലെ ട്രഞ്ചിങ്ങ് ഗ്രൗണ്ട് പരിസര പ്രദേശങ്ങളിൽ കടുത്ത ആരോഗ്യപ്രശ്നം സൃഷ്ടിക്കുന്നുണ്ട്. പേപ്പട്ടിശല്യം വർദ്ധിക്കിന്നതിനും ട്രഞ്ചിങ്ങ് ഗ്രൗണ്ടിലെ മാലിന്യക്കൂമ്പാരം കാരണമാവുന്നുണ്ട്. അതുപോലെ വട്ടപ്പൊയിലിലെ ദിനേശ് ടെക്സ്റ്റയിൽസിൽ നിന്ന് പുറത്ത് വിടുന്ന മലിനജലം തോടുകളിലെ വെള്ളത്തെയും, കൃഷിയെയും, ജീവജാലങ്ങളെയും ബാധിക്കുന്നു.

## കുടിവെള്ളം :-

ആരോഗ്യ പുരോഗതിയുടെ മുഖ്യ സൂചകങ്ങളിലെന്നാണ് കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണനിലവാരവും.രണ്ടു,മൂന്ന് ദശകങ്ങൾക്കുമുമ്പ് ജലസമ്പത്ത് സുലഭമായിരുന്ന സ്ഥലത്ത് പോലും ഇന്ന് ദൗർലഭ്യം നേരിടുകയാണ്. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലെ സർവ്വേ റിപ്പോർട്ട് സൂചിപ്പിക്കുന്നത് ഭൂഗർഭജലം കുറഞ്ഞുവരുന്നതായിട്ടാണ്. ഈ ഗുരുതരമായ അവസ്ഥാവിശേഷത്തെ മുന്നിൽ കണ്ടുകൊണ്ട് നാം അടിയന്തിരമായും ജലസംരക്ഷണമാർഗ്ഗങ്ങൾ ആരായേണ്ടിരിക്കുന്നു. പഞ്ചായത്തിലെ 90% ജനങ്ങളും കുടിനീരിനുവേണ്ടി കിണറുകളെയാണ് ആശ്രയിക്കുന്നത്. ചില പ്രദേശങ്ങളിൽ പൊതു ടാപ്പുകളും, കുഴൽകിണറുകളും വഴി ശുദ്ധജലം ലഭിക്കുന്നു. 5835 വീടുകൾക്ക് 3315 കിണറുകളുണ്ട്.

കുടിവെള്ളക്ഷാമം അനുഭവപ്പെടാനുള്ള കാരണങ്ങൾ ജലസംരക്ഷണമാർഗ്ഗങ്ങളുടെ അപര്യാപ്തതയും, ജനസംഖ്യാവർദ്ധനവും, തൽഫലമായി ഉയർന്ന പ്രദേശങ്ങളിൽ ജനവാസം വർദ്ധിച്ചതുമാണ്. കാട്ടാമ്പള്ളി പദ്ധതി നിലവിൽ വന്നതോടെ വേലിയേറ്റവും വേലിയിറക്കവും നിലച്ചു. ഇത് പള്ളിപ്രം, കടാങ്കോട്, പുറത്തീൽ പ്രദേശങ്ങളിലെ കിണറുകളിൽ ജലനിരപ്പ് താഴാൻ കാരണമായി. പഴശ്ശി പദ്ധതിയടെ ഭാഗമായി നിർമ്മിക്കപ്പെട്ട കനാലുകളിൽ വെള്ളമില്ലാത്തതും കുടിവെള്ള ക്ഷാമത്തിന് ഒരു കാരണമാണ്.

വേനൽക്കാലങ്ങളിൽ കുടിവെള്ളപ്രശ്നം രൂക്ഷമാകുമ്പോൾ ചില ഭാഗങ്ങളിൽ ടാങ്കർ ലോറികളിൽ ശുദ്ധജലം വിതരണം ചെയ്യാറുണ്ട്. ഈ സമയത്ത് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പൊതുകിണറുകൾ വൃത്തിയാക്കുക, ആഴം കൂട്ടുക, കുഴൽ കിണർ റിപ്പേർ ചെയ്യുക മുതലായ പ്രവൃത്തികൾ നടത്താറുണ്ട്.

**പഞ്ചായത്തിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ :**

വാർഡ് I - ചാലിൽമെട്ട, വാരം ലക്ഷം വീട് കോളനി ഭാഗം

വാർഡ് II - ആയങ്കണ്ടി കനാൽ, അഗതി പറമ്പ്, തക്കാളിപീടിക.

വാർഡ് III - മേനോൻ പറമ്പ്, വലിയന്നൂർ കോളനി

വാർഡ് IV - കാട്ടിൻപുറ പ്രദേശം, വലിയ കുണ്ട് കോളനി, ഉറയിൽ കുന്ന്, ട്രെഞ്ചിങ്ങ് ഗ്രൗണ്ട് പരിസരം

വാർഡ് V - അയ്യപ്പൻമല, കണ്ടമ്പേത്ത് ഭാഗം, നാഗത്താടത്ത് കുന്നുമ്പ്രം

വാർഡ് VII - തങ്കേക്കുന്ന്, മുട്ടോളംപാറ, പുളിയഞ്ചാൽ, സത്രം, ആറ്റടപ്പ, പെരിക്കാട്

വാർഡ് VIII - പെരിക്കാട്

വാർഡ് IX - നാല് സെൻറ് കോളനി, നിർമ്മിതി കോളനി

വാർഡ് X - പള്ളപ്രം സെൻറർ, കുറുക്കൻമെട്ട, പി. ആർ. സെൻറർ

വാർഡ് XI - പുതിയപള്ളി കട്ടാങ്കോട് പ്രദേശം

വാർഡ് XII - നുച്ചിലോട്മൂല, തട്ട്പറമ്പ്

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന്‌വേണ്ടി പഞ്ചായ ത്തിൻെറ വിവിധ ഭാഗങ്ങളിൽ മുപ്പതോളം പൊതു കിണറുകളും പതിനഞ്ചോളം കുഴൽ കിണറുകളും കുഴിച്ചിട്ടുണ്ട്. പള്ളിപ്രം കോളനിയിലും, തക്കാളി പ്പീടിക അംബേദ്കർ കോളനിയിലും കേരളാ വാട്ടർ അതോറിറ്റി കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്. ഇതിൻെറ ചിലവിലേക്കായി പഞ്ചായത്ത് ഓരോ ടാപ്പിനും പ്രതിവർഷം 900 ഓളം രൂപ വാട്ടർ ചാർജ്ജായി അടക്കുന്നുണ്ട്.അംബേദ്കർ കോളനിയിലെ ജലവിതരണം തൃപ്തികരമാണെങ്കിലും പള്ളിപ്രം കോളനിയിലെ ജലവിതരണം ഒട്ടും തൃപ്തികരമല്ല. പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി 19 ലക്ഷം രൂപ ചെലവഴിച്ച് വാട്ടർ അതോറിറ്റി പള്ളിപ്രം ഹരിജൻ കോളനി, വാരം ശ്രീ കൂറുമ്പ, വാരം ശാസ്താംകോട്ടം, മേനോൻ പറമ്പ് എന്നീ പട്ടികജാതി കോളനികളിൽ ശുദ്ധജലമെത്തിക്കാൻ പൈപ്പ് ലൈനു കൾ ഇടുന്ന ജോലി ഏതാണ്ട് പൂർത്തിയാകാറായി രിക്കുന്നു. പൊതു കിണറുകളിൽ ഏതാണ്ട് പകുതിയും വർഷം മുഴുവൻ വെള്ളം കിട്ടാറുണ്ട്. ഉയർന്ന സ്ഥലങ്ങളിലെ കിണറുകൾ ഫെബ്രുവരി മാസത്തോടെ വറ്റുന്നു. കുഴൽ കിണറുകൾ ഇടക്കിടെ തകരാറിലാകുന്നു. 95-96 ൽ കുഴൽ കിണർ റിപ്പേർ ചെയ്യുന്നതിനുവേണ്ടി മാത്രം 13000 രൂപയിലധികം ചെലവഴിച്ചിട്ടുണ്ട്. റിപ്പേർ ചെയ്യുന്നതിന് പരിശീലനം നേടിയവർ പഞ്ചായത്തിലുണ്ടെങ്കിലും ആവശ്യമായ ഉപകരണ കിറ്റ ഇല്ലാത്തതിനാൽ അവർക്ക് തങ്ങളുടെ സേവനം നിർവ്വഹിക്കുവാൻ സാധിക്കുന്നില്ല. ചില കുഴൽ കിണറു കളിലെ വെള്ളം കുടിക്കാൻ പറ്റിയതല്ല.

മുഴുവൻ വീടുകളിലും പൈപ്പലൂടെ കുടിവെള്ളം എത്തിക്കുന്ന എന്ന സങ്കൽപ്പം തന്നെ അപ്രായോഗികമാണ്. കിണറുകളിൽ ശുദ്ധജലം സ്ഥിരമായി ലഭിക്കുന്നതിന് സഹായകം ആകത്തക്ക വിധം സമഗ്രമായ ജലസംരക്ഷണ പരിപാടി അനിവാര്യ മാണ്.

## പ്രശ്നങ്ങൾ:

1. പ്രൈമറി ഹെൽത്ത് സെൻററിൽ ആധുനിക സൗകര്യങ്ങളില്ല, അത്യാവശ്യ മരുന്നുകൾ ലഭിക്കുന്നില്ല.

2. മുഴുവൻ സമയവും ഡോക്ടർമാരുടെ സേവനം ലഭിക്കുന്നില്ല.

3. രോഗികളെ കിടത്തി ചികിൽസിക്കാൻ സംവിധാനമില്ല.

4. കണ്ണൂർ മുൻസിപ്പാലിറ്റിയിലെ മാലിന്യം നിക്ഷേപിക്കുന്ന ട്രെഞ്ചിങ്ങ് ഗ്രൗണ്ട് പരിസരവാസികളുടെ ആരോഗ്യത്തെ ബാധിക്കുന്നു.

5. ഗതാഗത സൗകര്യം കുറവായതിനാൽ കാപ്പാട്, കടാങ്കോട് തുടങ്ങിയ അകന്ന സ്ഥലങ്ങളിൽനിന്ന് PHC യിലേക്ക് എത്തിച്ചേരാൻ ജനങ്ങൾ പ്രയാസപ്പെടുന്നു.

6. പഞ്ചായത്തിൽ ആയുർവ്വേദ ആശുപത്രി ഇല്ല.

7. പള്ളിപ്രത്തുള്ള ഹോമിയോ ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടമില്ല.

8. PHC യിൽ ലഭ്യമാകുന്ന ചികിൽസ ഗുണനിലവാരമുള്ളതല്ല. എന്ന മിഥ്യാധാരണയാൽ പല രോഗികളും സ്വകാര്യ ആശുപത്രികളെ തേടിപ്പോകുന്നു.

9. പഞ്ചായത്തിലെ 30% ആളുകൾക്ക് സ്വന്തമായി കക്കൂസില്ല.

10. പ്രധാന ബസാറുകളിൽ പൊതു കക്കൂസ്, മൂത്രപ്പുര ഇവ ഇല്ല.

11. വട്ടപ്പൊയിൽ ദിനേശ് ടെക്സ്റ്റയിൽസിൽനിന്ന് പുറത്തുവിടുന്ന മലിനജലം തൊട്ടടുത്ത വയലുകളെയും തോടുകളെയും മലിനമാക്കുന്നു.

12. കൊതുക്ശല്യം വ്യാപകമാകുന്നു.

13. കുന്നിൻ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

14. ജലസംരക്ഷണ മാർഗത്തെപ്പറ്റി ജനങ്ങൾ അജ്ഞരാണ്.

15. പല പഞ്ചായത്ത് കിണറുകളും വേനൽക്കാലത്ത് വറ്റിപ്പോകുന്നു.

16. കിണറുകൾ കുഴിക്കുമ്പോൾ ജലലഭ്യത പരിഗണിക്കപ്പെടുന്നില്ല.

17. ശുദ്ധജല സ്രോതസുകളായ തോടുകൾ, പുഴകൾ, കുളങ്ങൾ ഇവ ചപ്പുചവറുകൾ, അറവു ശാലകളിലെ അവശിഷ്ടങ്ങൾ എന്നിവ നിക്ഷേപിച്ച് മലിനമാക്കുന്നു.

18. ഹെൽത്ത് ഇൻസ്പെക്ടർമാർ, വിസിറ്റർമാർ എന്നിവർ സ്ഥാപനങ്ങളും വീടുകളും സന്ദർശിക്കുന്നത് കുറവാണ്.

## സാധ്യതകൾ:

1. മതുക്കോത്ത് PHC യിൽ രോഗികളെ കിടത്തി ചികിൽ സിക്കാനുള്ള വാർഡുകൾ പണിയുക.

2. ആവശ്യമായ എല്ലാ മരുന്നുകളും ലഭ്യമാക്കി ജനങ്ങളെ പൊതുജനാരോഗ്യസ്ഥാപനങ്ങളിലേക്ക് തന്നെ ചികിൽസയ്ക്ക് വരാൻ പ്രേരിപ്പിക്കുക.

3. കുടുംബക്ഷേമ കേന്ദ്രങ്ങളിൽ കെട്ടിടമില്ലാത്ത രണ്ട് സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുക.

4. പള്ളിപ്രം ഹോമിയോ ഡിസ്പെൻസറിക്ക് കെട്ടിടം പണിയുക. സബ്സെൻററിനും ആശുപത്രിക്കും സ്ഥലം ലഭ്യമാക്കുക.

5. കൂടുതൽ കുടുംബക്ഷേമ കേന്ദ്രങ്ങൾ അനുവദിക്കുക.

6. മൽസ്യവിൽപ്പനകേന്ദ്രങ്ങൾ മാംസവിൽപ്പനകേന്ദ്രങ്ങൾ എന്നിവയുടെ ശുചിത്വം ഉറപ്പുവരുത്തുക.

7. പഞ്ചായത്തിൽ ഒരു പ്രകൃതി ചികിൽസാകേന്ദ്രം, യോഗകേന്ദ്രം എന്നിവ ആരംഭിക്കാവുന്നതാണ്.

8. പഞ്ചായത്തിൽ ഒരു ആയുർവേദ ഡിസ്പെൻസറി ആരംഭിക്കുക.

9. ആരോഗ്യ കാര്യങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കാൻ സന്നദ്ധ സംഘടനകൾക്ക് പ്രോത്സാഹനം നൽകുക.

10. മദ്യപാനം, പുകവലി തുടങ്ങിയവ ആരോഗ്യത്തിന് ഹാനികരമാണെന്ന ബോധം ജനങ്ങളിലുണ്ടാക്കാൻ യത്നിക്കുക.

11. അടുക്കളയിലെ പുകശല്യം ഒഴിവാക്കാൻ പുകയില്ലാത്ത അടുപ്പുകൾ പ്രചരിപ്പിക്കുക.

12. പി. ആർ. മുക്കിൽ കിണർ കുഴിച്ച് പള്ളിപ്രം കോളനിയിൽ ജലസംഭരണി ഉണ്ടാക്കുക.

13. ചേലോറ സോമേശ്വരീക്ഷേത്രത്തിന് സമീപം ഒരു കിണർ കുഴിച്ച് നിർമ്മിതി കോളനി, ലക്ഷംവീട് കോളനി തുടങ്ങി കുന്നിൻ പ്രദേശത്തുള്ള വീടുകൾക്ക് കുടിവെള്ളമെത്തിക്കുക.

14. തങ്കേക്കുന്ന് പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ പദ്ധതികളാവിഷ്കരിക്കുക.

15. മാച്ചേരി അയ്യപ്പൻ മലയുടെ താഴ്വാരത്ത് കിണർ കുഴിച്ച് ജലവിതരണ സംവിധാനമുണ്ടാക്കുക.

16. മൂന്നാം വാർഡിലെ വലിയന്നൂർകോളനി, മേനോൻ പറമ്പ്, പുറത്തീൽ എന്നിവിടങ്ങളിൽ പുതുതായി കിണർ കുഴിച്ചോ നിലവിലുള്ളത് ആഴം കൂട്ടിയോ ശുദ്ധജലം ലഭ്യമാക്കുക.

17. വാരം ടാക്കീസിന് സമീപം ഒരു കുഴൽ കിണർ സ്ഥാപിക്കുക.

18. വാരം ശ്രീ കൂർമ്പക്കാവിനടുത്ത് പഴശ്ശി കനാൽ പരിധിയിലുള്ള കിണർ അറ്റകുറ്റപ്പണികൾ നടത്തി സമീപവാസികൾക്ക് കുടിവെള്ളം ലഭ്യമാക്കാവുന്നതാണ്.

19. ശാസ്താംകോട്ടം ലക്ഷംവീട് കോളനിയിൽ പൈപ്പ്ലൈനിൽ കൂടുതൽ ടാപ്പുകൾ അനുവദിക്കുക. അംബേദ്കർ കോളനിയിലെ പൈപ്പ്ലൈനിൽ 4 പബ്ലിക് ടാപ്പുകൾ സ്ഥാപിക്കുക.

20. പന്ത്രണ്ടാം വാർഡിൽ തട്ടുപറമ്പിനടുത്ത് ഒരു കിണർ കുഴിച്ച് ജലം ലഭ്യമാക്കുക.

21. പൊതുസ്ഥലങ്ങൾ, ജലാശയങ്ങൾ എന്നിവയു ടെ മലിനീകരണം തടയുക.

22. ട്രഞ്ചിങ്ങ് ഗ്രൗണ്ട് മൂലമുണ്ടാകുന്ന പരിസര മലിനീകരണത്തിന് പരിഹാരം കാണുക.

23. പഞ്ചായത്തിലെ മുഴുവൻ വീടുകൾക്കും കക്കൂസ്സുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയാവിഷ്കരിക്കുക.

24. കൊതുക് നിവാരണ പരിപാടി ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കുക.

25. ജലസംരക്ഷണ പ്രവർത്തനത്തിന് പ്രചാരണം നടത്തുകയും ഫലപ്രദമായി പരിപാടികളാവിഷ്കരിക്കുകയും ചെയ്യുക.

# 5 – 6 (A) ഗതാഗതം

**ഈ** നൂറ്റാണ്ടിൻെറ ആദ്യപാദത്തിൽ തന്നെ നമ്മുടെ ഗ്രാമപഞ്ചായത്ത് പ്രദേശം ഗതാഗത സൗകര്യങ്ങളുടെ ഭൂപടത്തിൽ സ്ഥാനം പിടിച്ചിരുന്നു. ബ്രിട്ടീഷുകാർ അവരുടെ അധീനതയിലായിരുന്ന വടക്കെ മലബാറിനെ മൈസൂരുമായി ബന്ധപ്പെടുത്തുന്നതിനു വേണ്ടി നിർമ്മിച്ച കണ്ണൂർ - കുർഗ്ഗ് റോഡാണ് നമ്മുടെ ഗ്രാമ പഞ്ചായത്തിൽ റോഡു ഗതാഗതത്തിന് തുടക്കം കുറിച്ചത്. വലിയന്നൂർ, ചേലോറ എന്നീ റവന്യൂ വില്ലേജുകളുടെ അതിർത്തിയിലൂടെ നിർമ്മിക്കപ്പെട്ട പ്രസ്തുത സ്റ്റേറ്റ് റോഡ് ഏതാണ്ട് 4 K.m നീളത്തിൽ നമ്മുടെ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. ചേലോറ വില്ലേജിൻെറ ഹൃദയഭാഗത്തുകൂടി കടന്നുപോകുന്ന താഴെ ചൊവ്വ - അഞ്ചരക്കണ്ടി റോഡിൻെറ ചരിത്രവും ബ്രിട്ടീഷുകാരുമായി ബന്ധപ്പെട്ടതാണെന്ന് കാണാൻ കഴിയും. അഞ്ചരക്കണ്ടിയിലെ പ്രശസ്തമായ, ഏഷ്യയിലെ തന്നെ ഒന്നാമത്തേത് എന്ന് വിശേഷിപ്പിക്കപ്പെടുന്ന കറപ്പത്തോട്ടവുമായി ബന്ധപ്പെട്ട ചരിത്രം പ്രസ്തുത റോഡിനുണ്ട്. തോട്ടത്തിൻെറ ഉടമസ്ഥനായിരുന്ന സായ്പ് തൻെറ ഗതാഗത സൗകര്യത്തിനു വേണ്ടിയാണ് ഇന്നത്തെ താഴെ ചൊവ്വ- അഞ്ചരക്കണ്ടി റോഡിന് രൂപം നൽകിയത് എന്ന് പഴമക്കാർ പറഞ്ഞുകേൾക്കുന്നു. ഇപ്പോൾ പൊതുമരാമത്ത് വകുപ്പിൻെറ അധീനതയിലുള്ള പ്രസ്തുത റോഡ് ഏതാണ്ട് 6 K.m നീളത്തിൽ നമ്മുടെ പഞ്ചായത്തിലൂടെ കടന്ന് പോകുന്നു. നമ്മുടെ പഞ്ചായത്തിന് ചുറ്റുമുള്ള ചെറുതും വലുതുമായ നഗരങ്ങളേയും പട്ടണങ്ങളേയും ബന്ധപ്പെടുത്തുന്ന പ്രധാനപ്പെട്ട ഗതാഗതമാർഗ്ഗ മാണ് ഇവ രണ്ടും.

ജലഗതാഗതം ഇന്ന് നമ്മുടെ പഞ്ചായത്തിൽ നിലവിലില്ല. എന്നാൽ 1958 ൽ കാട്ടാമ്പള്ളി പദ്ധതി നിലവിൽ വരുന്നതിന് മുമ്പേ വലിയന്നൂർ വില്ലേജിലെ വലിയ ശതമാനം ജനങ്ങൾ വ്യാപാര കേന്ദ്രമായ വളപട്ടണമായും സമീപ പഞ്ചായത്തുകളായ നാറാത്ത്, കൊളച്ചേരി, എന്നിവിടങ്ങ ളുമായും ബന്ധപ്പെടുത്തുന്നതിന് വാരം പുഴയിലൂടെയും, വാരം പുഴസന്ധിക്കുന്ന വളപട്ടണം പുഴിയിലൂടെയുമുള്ള ജലഗതാഗതത്തെ ആശ്രയിച്ചിരുന്നു. അക്കാലത്ത് വാരം കടവിൽനിന്നും കടത്തുതോണിയും മോട്ടോർ ബോട്ടുകളും സർവ്വീസ് നടയിത്തിരുന്നു. ഉപ്പുവെള്ളം തടഞ്ഞുനിർത്താൻ കാട്ടാമ്പള്ളി അണക്കെട്ടിൻെറ ഷട്ടറുകൾ അടച്ചിടുന്നതിനാലും, പുഴയിലെ

ജലവിതാനം ക്രമേണ കുറഞ്ഞുവ ന്നതിനാലും റോഡു ഗതാഗതം കൂടുതൽ മെച്ചപ്പെട്ടതിനാലും ജലഗതാഗത സൗകര്യങ്ങൾ നാമാവശേഷമായി

കേരളപ്പിറവിവരെ ഗതാഗതസൗകര്യങ്ങളുടെ കാര്യത്തിൽ വളരെ പിന്നണിയിൽ ആയിരുന്നു നമ്മുടെ ഗ്രാമം. ജനങ്ങൾ ഭൂരിഭാഗവും കാൽനടയാ യി സഞ്ചരിക്കുകയും, തലച്ചുമടായും കാളവണ്ടികൾ ഉപയോഗിച്ചും ചരക്കുകൾ കൈകാര്യം ചെയ്യുകയുംചെയ്തു. നമ്മുടെ പ്രദേശത്തെ പ്രധാന കാർഷിക ഉൽപ്പന്നങ്ങളായ തേങ്ങ, അടക്ക, കുരുമുളക്, കശുവണ്ടി തുടങ്ങിയവ അന്നത്തെ പ്രമുഖ വ്യാപാര കേന്ദ്രങ്ങളായിരുന്ന പേട്ട, (കർണ്ണാടക സംസ്ഥാനം) വളപട്ടണം, കണ്ണൂർ സിറ്റി, (അറക്കൽ രാജവംശത്തിൻെറ ആസ്ഥാനമായിരുന്ന പഴയ കണ്ണൂർ പട്ടണം) എന്നിവിടങ്ങളിൽ എത്തിച്ചിരുന്നതും , തിരിച്ച് നെല്ല്, മൽസ്യം, ഉപ്പ് തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ നാട്ടിൻ പുറങ്ങളിലേക്ക് കൊണ്ടുവന്നതും തലച്ചുമടായും കാളവണ്ടികളെ ആശ്രയിച്ചുമായിരുന്നു. തലച്ചുമടുമായി പോകുന്ന യാത്രക്കാരുടെ ആവശ്യാർത്ഥം വഴിയോരങ്ങളിൽ നിർമ്മിച്ചിരുന്ന ചുമടുതാങ്ങികൾ ചരിത്ര സ്മാരകമായി ഇന്നും ചിലയിടങ്ങളിൽ കാണാം. കള്ളൻമാരിൽനിന്ന് രക്ഷപ്പെടുന്നതിനു വേണ്ടി കൂട്ടം ചേർന്ന് കാളവണ്ടികൾ ചരക്കുമായി പേട്ടയിലേക്ക് യാത്ര തിരിച്ചിരുന്നതും, തിരികെ നെല്ലു നിറച്ചവ ണ്ടികളുമായി, ദിവസങ്ങൾ നീണ്ടുനിൽക്കുന്ന യാത്ര ചെയ്തതും നമ്മുടെ പഴയ തലമുറയുടെ മായാത്ത ഓർമ്മകളാണ് .

പഞ്ചവൽസരപദ്ധതികളുടെ പ്രവർത്തനം, പഞ്ചായത്തുകളുടെ രൂപീകരണം. കേരളപ്പിറവിയോടെ നിലവിൽവന്ന എൻ.ഇ.എസ്. ബ്ലോക്കുകളുടെ പ്രവർത്തനം എന്നിവ വഴി ഗതാഗതസൗകര്യങ്ങളുടെ കാര്യത്തിൽ വമ്പിച്ച കുതിച്ചുചാട്ടം കഴിഞ്ഞ നൊൽപ്പതുവർഷങ്ങളിൽ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. നാടിൻെറ രക്ത ധമനികളാണ് റോഡുകൾ എന്ന കാഴ്ചപ്പാടോടുകൂടി, വികസനരംഗത്ത് ചെലവഴിക്കപ്പെട്ട പണത്തിൻെറ വലിയ ശതമാനം ഉപയോഗിച്ചത് ഈ മേഖലയിലാണെന്നുകാണാം. ഗ്രാമീണജനതയുടെ തൊഴിലവസരങ്ങളിൽ ഉണ്ടായ മാറ്റം, ഗൾഫ് കുടിയേറ്റം, അതിവേഗമുള്ള നഗരവൽക്കരണം എന്നിവ മനുഷ്യൻെറ ഗതാഗത ആവശ്യങ്ങളെ പതിൻമടങ്ങ് വർദ്ധിപ്പിച്ചു. വാഹനങ്ങളുടെ എണ്ണവും ക്രമാതീതമായി വർദ്ധിച്ചു. ആദ്യകാലത്ത് ഗ്രാമ കേന്ദ്രങ്ങളെ പട്ടണങ്ങളുമായി ബന്ധിപ്പിക്കാനാണ് റോഡ് ആവശ്യമായിരുന്നതെങ്കിൽ ഇന്ന് ഗ്രാമത്തിനകത്തുള്ള കരകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനും ഓരോ വ്യക്തിയുടേയും വീട്ടുമുറ്റത്തേക്ക് വാഹന ഗതാഗതസൗകര്യം ലഭ്യമാക്കുക എന്നതിലേക്കും നമ്മുടെ ആവശ്യങ്ങൾ വളർന്നിരിക്കുന്നു. പട്ടണങ്ങളിൽ നിന്നുള്ള കുടിയേറിപ്പാർപ്പ് കൂടി വർദ്ധിച്ചതോടെ ഭൂമിയുടെ വില നിശ്ചയിക്കുന്ന പ്രധാനഘടകം നിരത്തുകളുടെ സാമീപ്യമാണ് എന്ന നില വന്നിരിക്കുന്നു.വികസനമെന്നാൽ കേവലം റോഡുകളുടെ നിർമ്മാണവും വികസനവുമാണെന്ന ധാരണ സർവ്വസാധാരണമായിരിക്കുന്നു. നിലവിലു ള്ള റോഡുകൾ സംരക്ഷിച്ചു വികസിപ്പി ക്കുന്നതിനും ജനങ്ങളുടെ മുറവിളികൾക്കനുസൃതമായി പുതിയവ നിർമ്മിക്കുന്നതിനും വമ്പിച്ച സാമ്പത്തിക ബാധ്യതകളാണ് തദ്ദേശസ്വയംഭരണസ്ഥാപന ങ്ങൾക്ക് ഏറ്റെടുക്കേണ്ടി വരുന്നത്. ഈ ഒരു സാഹചര്യത്തിലാണ് നാം ഒമ്പതാം പഞ്ചവൽസര പദ്ധതിയിൽ ഗതാഗതരംഗത്തെ പ്രവർത്തനങ്ങളുടെ ആസൂത്രണത്തെകുറിച്ച് ചർച്ചചെയ്യുന്നത്. അത്തരമൊരു ചർച്ചക്കും, ഭാവി പദ്ധതികൾ തയ്യാറാക്കുന്നതിനും മുൻപേ നമ്മുടെ ഗ്രാമത്തിൽ ഇന്ന് നിലവിലുള്ള ഗതാഗതസൗകര്യങ്ങളെ കുറിച്ച് ഒരു പരിശോധന അനിവാര്യമാണ്.

## പഞ്ചായത്തിലെ റോഡുകളെ സംബന്ധിച്ച പട്ടിക

| വാർഡ് നമ്പർ | ആകെ നീളം കി. മീ. | PWD വക കി. മീ. | പഞ്ചായത്ത് വക | | വീഥി | | | ആകെ |
|---|---|---|---|---|---|---|---|---|
| | | | ടാർ ചെയ്തത് കി. മീ. | ടാർ ചെയ്യാത്തത് കി. മീ | 6-8 മീറ്റർ വീതി | 4 - 6 മീറ്റർ വീതി | 4 മീറ്ററിൽ കുറവ് | |
| I | 6.46 | 1.000 | 1.5 | 3.96 | --- | 4.000 | 1.46 | 5.46 |
| II | 7.4 | 0.5 | 1.5 | 5.4 | 1.35 | 1.1 | 4.45 | 6.9 |
| III | 6.2 | 0.5 | 1.8 | 3.9 | --- | 0.2 | 5.5 | 5.7 |
| IV | 5.7 | 1.6 | 1.0 | 3.1 | 0.3 | 1.2 | 2.6 | 4.1 |
| V | 13.5 | 4.5 | 0.3 | 8.7 | --- | 4.0 | 5.0 | 9.0 |
| VI | 8.1 | 3.0 | 1.5 | 3.6 | --- | 4.5 | 0.6 | 5.1 |
| VII | 9.2 | 2.1 | 0.88 | 6.22 | 0.3 | 4.3 | 2.5 | 7.1 |
| VIII | 7.2 | 0.8 | 0.2 | 6.2 | --- | 2.4 | 4.0 | 6.4 |
| IX | 5.1 | 0.7 | 1.07 | 3.33 | 1.00 | 1.6 | 1.8 | 4.4 |
| X | 5.1 | --- | 2.0 | 3.1 | --- | 2.0 | 3.1 | 5.1 |
| XI | 0.9 | --- | 0.5 | 0.4 | --- | 0.5 | 0.4 | 0.9 |
| XII | 1.82 | --- | --- | 1.82 | 0.52 | 1.3 | --- | 1.82 |
| | 76.68 | 14.7 | 12.25 | 49.73 | 3.47 | 27.1 | 31.41 | 61.98 |

അവലംബം : പഞ്ചായത്ത് റോഡ് റജിസ്റ്റർ

കുറിപ്പ്: അടുത്ത കാലത്തായി വാർഡ് പുനർവിഭജനം നടന്നതിനാൽ വാർഡ് അടിസ്ഥാനത്തിലുള്ള റോഡുകളുടെ നീളത്തിൽ ഏറ്റക്കുറച്ചിൽ ഉണ്ടായേക്കാം. PWD റോഡുകൾ മിക്കതും പഞ്ചായത്ത് അതിർത്തികളിലൂടെ കടന്നുപോകുന്നതിനാൽ അവയുടെ നീളം കണക്കാക്കിയതിലും നേരിയ വ്യത്യാസം കണ്ടേക്കാം.

പൊതുമരാമത്ത് വകുപ്പിൻെറ അധീനതയിലുള്ള 15 കി. മീ. റോഡടക്കം നമ്മുടെ പഞ്ചായത്തിനെ പട്ടണങ്ങളായും, പഞ്ചായത്തിനകത്തുള്ള വിവിധ പ്രദേശങ്ങളുമായും തലങ്ങും വിലങ്ങും ബന്ധപ്പെടുത്തുന്ന ഏകദേശം 75 കി. മീ. നീളം വരുന്ന ചെറുതും വലുതുമായ റോഡുകൾ നമുക്കുണ്ട്. ഇവയിൽ ഒട്ടുമിക്ക റോഡുകളുടെയും പ്രരംഭ പ്രവർത്തനങ്ങൾ ജനങ്ങളുടെ സന്നദ്ധസേവനം വഴി പൂർത്തിയാക്കിയതാണ്. ഇതിന്നാവശ്യമായ ഭൂമിയും സൗജന്യമായി ലഭിച്ചതാണ്. ലക്ഷക്കണക്കിന് രൂപ വിലമതിക്കുന്ന മനുഷ്യപ്രയത്നം സന്നദ്ധസേവനമായി ഈ നിർമ്മാണപ്രവർത്തനങ്ങളിൽ വിനിയോഗിക്കപ്പെട്ടിട്ടുണ്ട്. കേന്ദ്രസംസ്ഥാന ഗവൺമെൻറുകളുടെ വിവിധ പദ്ധതികളിലൂടെ കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ പഞ്ചായത്തിന് ലഭിച്ച ധനവിഹിതത്തിൻെറയും പഞ്ചായത്തിൻെറ സ്വന്തം വരുമാനത്തിൻെറയും സിംഹഭാഗവും ഗതാഗതസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്നു വേണ്ടിയാണ് ചെലവഴിക്കപ്പെട്ടത്. കഴിഞ്ഞ അഞ്ചു വർഷ കാലയളവിൽ മാത്രം ജവഹർ റോസ്ഗാർ യോജനയിൽ ലഭിച്ച 10.5 ലക്ഷം രൂപയും ഉപാധി രഹിത ഫണ്ടായി സംസ്ഥാന സർക്കാർ അനുവദിച്ച തിൽനിന്ന് 10 ലക്ഷം രൂപയും പഞ്ചായത്തിൻെറ സ്വന്തം ഫണ്ടിൽനിന്ന് 4.5 ലക്ഷം രൂപയും അടക്കം 25 ലക്ഷം രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഇതിനുപുറമെ വില്ലേജ് റോഡ് മെയിൻറനൻസ്, കാലവർഷകെടുതി പരിഹാരം എന്നിവക്കുവേണ്ടി സംസ്ഥാന സർക്കാരിൽ നിന്ന് ലഭിച്ച ലക്ഷക്കണക്കിന് രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഈ രംഗത്ത് നടന്നിട്ടുണ്ട്.

പട്ടികയിൽ വിവരിച്ച പണി പൂർത്തിയായതും ഇനിയും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ ചെറുതും വലുതുമായ റോഡുകളുടെ വികസനത്തിനും സംരക്ഷണത്തിനും വമ്പിച്ച തോതിലുള്ള വിഭവങ്ങൾ ആവശ്യമാണ്. ജനപങ്കാളിത്തം ഒരു പ്രധാന വിഭവ സ്രോതസ്സായി ഈ രംഗത്ത് ഉപയോഗിക്കേണ്ടതുണ്ട്. മുകളിൽ പറഞ്ഞ റോഡുകൾക്കു പുറമെ നിരവധി പൊതുവഴികളും നടപ്പാലങ്ങളും കഴിഞ്ഞ കാലയളവിൽ ബഹുജന പങ്കാളിത്തത്തോടെ പഞ്ചായത്തിൻെറ സ്വന്തം ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലൂടെ കടന്നുപോകുന്ന കണ്ണൂർ കുടക് റോഡിൽ പഞ്ചായത്തു വക 3 വെയിറ്റിങ്ങ് ഷെൽട്ടറുകൾ ഉണ്ട്. ഇവയ്ക്കു പുറമെ വിവിധ രാഷ്ട്രീയ സാമൂഹ്യ സംഘടനകളുടെയും പൊതുജനങ്ങളുടെയും സംഭാവനയായി റോഡരികിൽ നിർമ്മിച്ച നിരവധി വെയിറ്റിങ്ങ് ഷെൽട്ടറുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. നമ്മുടെ പഞ്ചായത്തിൽ വാടക വാഹനങ്ങൾ കേന്ദ്രീകരിച്ച് സർവ്വീസ് നടത്തിവരുന്ന രണ്ട് ബസാറുകളാണ് വാരവും വലിയന്നൂരും. ഇവിടങ്ങളിൽ നിലവിൽ അംഗീകൃത ടാക്സി സ്റ്റാൻഡുകളില്ല. സൗകര്യപ്രദമായ നിലയിൽ ടാക്സി സ്റ്റാൻഡുകൾ നിർമ്മിച്ച് നൽകിയാൽ പഞ്ചായത്തിന് അതൊരു വരുമാന സ്രോതസ്സായിരിക്കും. നമ്മുടെ പഞ്ചായത്തിൽക്കൂടി ദേശീ പാതകളോ റെയിവേ ലൈനുകളോ കടന്നുപോകുന്നില്ല. എന്നാൽ ദേശീയപാതയിൽനിന്ന് നമ്മുടെ പഞ്ചായത്ത് ആസ്ഥാനത്തേക്കുള്ള ദൂരം 5 കിലോമീറ്ററും അടുത്ത പ്രധാന റെയിൽവേ സ്റ്റേഷനായ കണ്ണൂരിൽനിന്നുള്ള ദൂരം 9 കി. മീറ്ററും ആണ്.

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി നടന്ന ഗ്രാമസഭകളിൽനിന്ന് ഗതാഗത മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി നിരവധി ആവശ്യങ്ങളും നിർദ്ദേശങ്ങളും ഉയർന്നുവരികയുണ്ടായി. ഈ രംഗം ഇപ്പോൾ നേരിടുന്ന പ്രശ്നങ്ങളെസംബന്ധിച്ചും അവയ്ക്കുള്ള ക്രിയാത്മകമായ പരിഹാര നിർദ്ദേശങ്ങളെക്കുറിച്ചും വിശദമായ ചർച്ചകളും നടക്കുകയുണ്ടായി. ചർച്ചയിൽ ഉയർന്നുവന്ന ശ്രദ്ധേയമായപ്രശ്നങ്ങളും അടിയന്തിരപ്രാധാന്യമർഹിക്കുന്ന നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

## പ്രശ്നങ്ങൾ:

1. മുഴുവൻ വാർഡുകളിലും ജനങ്ങളുടെ ആഗ്രഹത്തിനും ആവശ്യത്തിനും അനുസരിച്ച് ഗതാഗതമാർഗ്ഗങ്ങളില്ല.

2. നിലവിലുള്ള റോഡുകളുടെ നിലവാരം ശോചനീയമാണ്. സാമ്പത്തിക പരാധീനത കാരണം കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താറില്ല

3. റോഡുകളുടെ ഓരങ്ങളിൽ ജലനിർഗമന മാർഗ്ഗങ്ങൾ വേണ്ടത്ര ഇല്ലാത്തതിനാൽ മഴക്കാലങ്ങളിൽ റോഡുകൾ നശിച്ചുപോകുന്നു. റോഡുകളിൽനിന്ന് വീട്ടുപറമ്പുകളിലേക്ക് സ്വകാര്യ റോഡുകൾ നിർമ്മിക്കുമ്പോൾ ഓടകൾ നിലനിർത്താതെ മൂടപ്പെടുന്നു.

4. റോഡ് നിർമ്മാണത്തിലെ അശാസ്ത്രീയത റോഡിൻെറ തകർച്ചക്ക് പ്രധാന കാരണമാണ്. മിക്കവാറും റോഡുകളും സാങ്കേതികമായ മേൽനോട്ടമില്ലാതെ ജനങ്ങൾ സ്വമേധയാ നിർമ്മാണ മാരംഭിക്കുന്നതും പിന്നീട് പഞ്ചായത്ത് ഏറ്റെടുത്ത് വികസിപ്പിക്കുന്നവയുമാണ്. ഇടവഴികൾ മണ്ണിട്ട് നികത്തിയാണ് മിക്കവാറും റോഡുകളുടെ പ്രാരംഭ നിർമ്മാണം ആരംഭിക്കുന്നത്. അതോടെ പറമ്പുകളിൽനിന്നുള്ള ജലനിർഗ്ഗമന മാർഗ്ഗങ്ങൾ തടയപ്പെടുന്നു. ആവശ്യത്തിന് ഓവുചാൽ നിർമ്മിക്കാതിരിക്കുകയും കൂടിയാകുമ്പോൾ വർഷകാലങ്ങളിൽ റോഡ്പൊട്ടി തകരുന്നു.

5. ആവശ്യത്തിന് സ്ഥലം സൗജന്യമായി ലഭ്യമല്ലാത്തതിനാൽ റോഡുകളുടെ വീതി കൂട്ടാനും വളവു

തിരിവുകൾ കുറച്ച് ടാറിങ്ങ് പൂർത്തിയാക്കാനും സാധിക്കാതെ വരുന്നു. കരാറടിസ്ഥാനത്തിൽ ചെയ്യുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ അഴിമതിയും വെട്ടിപ്പും നിലനിൽക്കുന്നു. നിർമ്മാണ സാമഗ്രികളിൽ വെട്ടിപ്പ് നടക്കുന്നതുകൊണ്ട് പൂർത്തിയായ പ്രവൃത്തികളുടെ ആയുസ്സ് കുറയുന്നു. നവീകരണ പ്രവൃത്തികളിലും ഇത് ആവർത്തിക്കുന്നു.

6. നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുവാൻ ഗുണഭോക്താക്കളുടെ കമ്മറ്റികൾ പൊതുവെ വിമുഖത കാണിക്കുന്നു. ഉദ്യോഗസ്ഥൻമാരുടെ സഹകരണക്കുറവും സങ്കീർണ്ണമായ നടപടി ക്രമങ്ങളും മുതൽ മുടക്കാനുള്ള സാമ്പത്തിക പ്രയാസവുമാണ് ഇതിനുള്ള മുഖ്യ കാരണങ്ങൾ.

## നിർദ്ദേശങ്ങൾ:

1. മുഴുവൻ വാർഡുകളിലും ജനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് മുൻഗണനാക്രമത്തിൽ പുതിയറോഡുകൾ നിർമ്മിക്കുകയും നിലവിലുള്ളവ വികസിപ്പിച്ച് ടാറിങ്ങ് നടത്തി സംരക്ഷിക്കുകയും ചെയ്യുക.

2. കാലവർഷം അവസാനിച്ച ഘട്ടത്തിൽ റോഡുകളുടെയുംപൊതുവഴികളുടെയും അറ്റകുറ്റപ്പണികൾ എല്ലാ വർഷവും നടത്തുക. വാർഡ്തല വികസന സമിതി കൾ മുഖേന സന്നദ്ധസേവനങ്ങൾ സ്വീകരിച്ചും പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചും അറ്റകുറ്റപ്പണികൾ നടത്താവുന്നതാണ്.

3. ഓവുചാലുകൾ വൃത്തിയാക്കി റോഡുകൾ സംരക്ഷിക്കുക. പൊതു റോഡിൽനിന്ന് സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും റോഡുകളും നടപ്പാതകളും നിർമ്മിക്കുമ്പോൾ പഞ്ചായത്തിൽനിന്നും അനുവാദം വാങ്ങിക്കണമെന്ന നിയമം കർശനമായി നടപ്പിലാക്കുക. അതുവഴി ഓവുചാലുകൾ മൂടപ്പെട്ടുപോകുന്ന അവസ്ഥക്ക് ശാശ്വത പരിഹാരമായി ഓവുചാലുകൾക്കു മീതെ സ്ലാബുകൾ നിർമ്മിപ്പിക്കുക..

4. റോഡുകളുടെ നിർമ്മാണത്തിന് പ്രാരംഭഘട്ടത്തിൽ തന്നെ ശാസ്ത്രീയമായ പ്ലാൻ തയ്യാറാക്കുക.

5. നിർമ്മാണ പ്രവർത്തനങ്ങളിൽ വെട്ടിപ്പ് തടയുന്നതിന് കഴിയുന്നിടത്തോളം പ്രവർത്തനങ്ങൾ ജനകീയ കമ്മറ്റിയെ ഏൽപ്പിക്കുക. പഞ്ചായത്ത് തലത്തിൽ ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിച്ച് വൻകിട പ്രവൃത്തികൾ അത്തരം സംഘങ്ങളെ ഏൽപ്പിക്കുക. ജനകീയ കമ്മറ്റികൾ ഏറ്റെടുത്ത് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഡിപ്പാർട്ട്മെൻറൽ സാങ്കേതിക വിദഗ്ദ്ധൻമാരുടെയും ഉദ്യോഗസ്ഥരുടെയും നിർദ്ദേശവും സഹകരണവും പഞ്ചായത്ത് ഭരണ സമിതി ഉറപ്പുവരുത്തുക.

6. പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന ആവശ്യങ്ങൾ പരിശോധിച്ച് മുൻഗണനാക്രമം നിശ്ചയിച്ച് ഏറ്റവും ആവശ്യമുള്ളതും കൂടുതൽ ജനങ്ങൾക്ക് ഉപയോഗപ്രദമായതും ആദ്യം - എന്ന മാനദണ്ഡം നിശ്ചയിക്കുക.

**ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന ആവശ്യങ്ങൾ:**

1. വാരംകടവ് - കണ്ണാടിപ്പറമ്പ് റോഡുപാലം നിർമ്മിക്കുക.

2. പെരിങ്ങളായി - കാപ്പാട് വയൽറോഡ് പുളിയഞ്ചാലുമായി ബന്ധിപ്പിക്കുന്നതിന് 150 മീറ്റർ നീളത്തിൽ വയലിനു കുറുകെ റോഡും പാലങ്ങളും നിർമ്മിക്കുക.

3. പെരിങ്ങളായി (കടക്കര അമ്പലം) - കാപ്പാട് റോഡ് പൂർത്തിയാക്കുക.

4. വലിയന്നൂർ നോർത്ത് യു. പി. സ്കൂൾ റോഡും കരിയിൽ പാലം റോഡും 450 മീറ്റർ നീളത്തിൽ പുതിയ റോഡ് നിർമ്മിച്ച് ബന്ധിപ്പിക്കുക.

5. പള്ളിപ്രം പി. സി. റോഡ്, മുതുവങ്ങാട് - മുന്നണിമൊട്ട റോഡ്, കടാങ്കോട് റോഡ് ഇവ തമ്മിൽ ബന്ധിപ്പിക്കുക.

6. പെരിങ്ങളായി കോരമ്പേത്ത് റോഡ് ടാറിടുക.

7. പാടും ഗോപാലൻ റോഡ്, ഏച്ചൂർ - പള്ളിപ്പൊയിൽ റോഡുമായി ബന്ധിപ്പിക്കുക.

8. 2, 3, 11 വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ആയങ്കിച്ചിറ - പുറത്തീൽ റോഡ് നിർമ്മിക്കുക.

9. കരിക്കൻകണ്ടി ചിറ കടാങ്കോട് റോഡുകൾ ബന്ധിപ്പിച്ച് 10, 11 വാർഡുകളിലൂടെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുക.

10. വലിയന്നൂർ നോർത്ത് യു. പി. സ്കൂൾ പന്നിയോട്ട് താഴെ റോഡ് ബന്ധിപ്പിക്കുക.

11. കാപ്പാട് - ഏച്ചൂർ റോഡ് ടാർ ചെയ്യുക.

12. കാപ്പാട് സി. പി സ്റ്റോർ, വട്ടപ്പൊയിൽ, പള്ളിപ്പൊയിൽ എന്നിവിടങ്ങളിൽ വെയിറ്റിങ്ങ് ഷെൽട്ടറുകൾ നിർമ്മിക്കുക.

13. വാരം, വലിയന്നൂർ ബസാറുകളിൽ ടാക്സി സ്റ്റാൻഡുകൾ നിർമ്മിക്കുക.

14. മതുക്കോത്ത്, വലിയന്നൂർ കരകളെ കനാൽപാലം വഴി ബന്ധിപ്പിക്കാൻ പഴശ്ശി പ്രോജക്ട് അധികൃതരിൽ സമ്മർദ്ദം ചെലുത്തുക.

ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളിലും ആവശ്യങ്ങളിലും വളരെ പ്രധാനപ്പെട്ടവ മാത്രമേ ഇവിടെ രേഖപ്പെടുത്തിയിട്ടുള്ളൂ. എല്ലാ വാർഡുകളിൽനിന്നും പുതിയ റോഡുകളും നടപ്പാതകളും പാലങ്ങളും പുതിയതായി നിർമ്മിക്കണമെന്ന് നിലവിലുള്ള റോഡുകൾ വികസിപ്പിച്ച് ടാറിങ്ങ് നടത്തണമെന്നുള്ള നിരവധി നിർദ്ദേശങ്ങൾ ഉയർന്നുവരികയുണ്ടായി. പഞ്ചായത്തിൻെറ സാമ്പത്തിക നില അനുസരിച്ച് ഇത്തരം പ്രവർത്തനങ്ങൾ മുൻഗണനാക്രമം അനുസരിച്ച് ഏറ്റെടുത്ത് നടത്തേണ്ടതാണ്.

# വിദ്യാഭ്യാസ സ്ഥാപനങ്ങൾ

## ചേലോറ പഞ്ചായത്ത്




1. പള്ളിപ്രം U.P.S.
2. കടാങ്കോട് L.P.S
3. വലിയന്നൂർ L.P.S
4. വലിയന്നൂർ NUPS
5. പുറത്തീൽ MUPS
6. വട്ടപ്പൊയിൽ LPS
7. ചേലോറ NLPS
8. ചേലോറ HS
9. ചേലോറ LPS
10. മാച്ചേരി NUPS
11. പെരിങ്ങളായി LPS
12. തിലാന്നൂർ UPS
13. തിലാന്നൂർ NLPS
14. തിലാന്നൂർ LPS
15. കാപ്പാട് LPS
16. കാപ്പാട് മദ്രസ LPS
17. ശ്രീകൃഷ്ണവിലാസം UPS കാപ്പാട്
18. മാച്ചേരി മാപ്പിള LPS

# 5-6 (B) ഊർജ്ജം

ഇന്ന് നാം ഉപയോഗിക്കുന്ന ഊർജ്ജ സ്രോതസുകളിൽ ഏറ്റവും പ്രധാനപ്പെട്ടവ നാശോൻമുഖ സ്രോതസുകളാണ്. ഉദാ : കൽക്കരി, എണ്ണ, പ്രകൃതി വാതകം, ന്യൂക്ലിയർ ഇന്ധനം, വിറക് മുതലായവ ഇവയിൽ പെട്രോളിയം, കൽക്കരി തുടങ്ങിയ ഖനിജ ഇന്ധനങ്ങളാണ് കൂടുതൽ . ലോകത്തിലെ മൊത്തം ഊർജ്ജാവശ്യങ്ങളുടെ 95%വും നിറവേറ്റപ്പെടുന്നത് ഈ ഖനിജ ഇന്ധനങ്ങൾ കത്തിച്ചാണ്. ഈ സ്രോത സുകളുടെ അമ്പരിപ്പിക്കുന്ന ഉപഭോഗത്തോത് കൊണ്ടാണ് ലോകം ഊർജപ്രതി സന്ധിയിലേക്ക് നീങ്ങു ന്നുവെന്ന് പറയുന്നത്.

ഇന്ന് ഒരു സമൂഹത്തിൻെറ ഊർജ്ജ ഉപഭോഗം ജനങ്ങളുടെ ജീവിതനിലവാരത്തിൻെറ മാനദണ്ഡങ്ങളിൽ ഒന്നായി സ്വീകരിക്കാവുന്നതാണ്. വികസിത രാജ്യങ്ങളിലെ ശരാശരി ഉർജ്ജഉപഭോഗം നമ്മുടെതിനേക്കാൾ വളരെ കൂടുതലാണ്. നമ്മുടെ പഞ്ചായത്തിൽ ഊർജ്ജാവശ്യത്തിന് ഉപയോഗിക്കപ്പെടുന്നത് വിറക്, തെങ്ങുൽപ്പങ്ങൾ, മണ്ണെണ്ണ, ഗ്യാസ്, വൈദ്യുതി മുതലായവയാണ്. പാചകാവശ്യത്തിന് ഗ്യാസ് ഉപയോഗിക്കുന്ന വീടുകൾ വളരെ കുറവാണ്. 10% ത്തോളം വീടുകളിൽ ഭാഗികമായി മണ്ണെണ്ണ ഉപയോഗിക്കുന്നുണ്ട്. ഖാദിബോർഡിൻെറ സബ്സിഡിയും പ്രോൽസാഹനങ്ങളും ഉണ്ടെങ്കിലും ഗോബർഗ്യസ് ഉപയോഗം വ്യാപിച്ചിട്ടില്ല. പാചകാവശ്യത്തിന് വൈദ്യതി ഉപയോഗിക്കുന്നവര ഇല്ലെന്നു പറയാം.

പഞ്ചായത്തിലെ 5835 വീടുകളിൽ 400 ഓളം വീടുകളിൽ പാചകാവശ്യത്തിന് വിറകിനോടൊപ്പം മണ്ണെണ്ണയും ഉപയോഗപ്പെടുത്തുന്നു. വിളക്ക് കത്തിക്കുന്നതിനും പാചകാവശ്യത്തിനുമായി 1995-'96 വർഷത്തിൽ 82434 ലിറ്റർ മണ്ണെണ്ണ ഉപയോഗിച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നു. ആവശ്യക്കാർ കൂടിവരുന്നുണ്ടെങ്കിലും മണ്ണെണ്ണയുടെ ലഭ്യത വർദ്ധിക്കുന്നില്ല. ഗ്യാസ് ഉപയോഗിക്കുന്ന കുടുംബങ്ങൾ 200 നടുത്തു വരും 70% ത്തോളം വരുന്ന വൈദ്യുതീകരിക്കപ്പെട്ട വീടുകളിൽ വെളിച്ചത്തിന് വൈദ്യുതി ഉപയോഗിക്കുന്നു. ബഹുഭൂരിപക്ഷം കുടുംബങ്ങളും വിറകാണ് പാചകാവശ്യത്തിന് ഉപയോഗിക്കുന്നത്.

ചായക്കടകളും ഹോട്ടലുകളും അവരുടെ പാചകാവശ്യത്തിന് മണ്ണെണ്ണയും വിറകുമാണ് ഉപയോഗിക്കുന്നത്. നാമമാത്രമായിട്ടുള്ള വ്യവസായ സ്ഥാപനങ്ങളിൽ ഉപയോഗിക്കപ്പെടുന്നത് വൈദ്യുതോർജ്ജമാണ്.

ഇവിടെ 1735 ഓളം വരുന്ന കുടുംബങ്ങളുടെ കൈവശ ഭൂമിയുടെ വിസ്തീർണം 10 സെൻറിൽ കുറവാണ്. ഇവർക്കാവശ്യമായ വിറകിൻെറ സിംഹഭാഗവും വിലകൊടുത്ത് വാങ്ങേണ്ടിവരുന്നു. തെങ്ങുൽപ്പന്നങ്ങളുൾപ്പെടെയുള്ള ജൈവ ദ്രവ്യങ്ങളുടെ വില അനുദിനം വർദ്ധിക്കുന്നതും ലഭ്യത കുറയുന്നതും നിശ്ചിത വരുമാനക്കാരുടെ വരുമാനത്തിൻെറ നല്ലൊരു ഭാഗം ഇന്ധനത്തിനുവേണ്ടി ചെലവഴിക്കേണ്ട സാഹചര്യം ഉണ്ടാകുന്നു. അതുകൊണ്ട് തന്നെ അടുക്കളയിലെ ഊർജ്ജ ഉപഭോഗ മാനേജ്മെൻറ് കാര്യക്ഷമമാക്കേണ്ടത് കൂടുതൽ പ്രസക്തമാകുന്നു. ദക്ഷത കൂടിയതും പുകയില്ലാത്തതുമായ അടുപ്പുകൾ വ്യാപകമാക്കിയും പ്രഷർ കുക്കറുകളുടെ ഉപയോഗം പ്രോൽസാഹിപ്പിച്ചും ഇത് സാധ്യമാക്കാം. വിറകിൻെറ ലഭ്യത വർദ്ധിപ്പിക്കുന്നതിന് പുറമ്പോക്കുകളിലും പാതവക്കുകളിലും തരിശുകളിലും വിറകിന് ഉപയോഗിക്കാവുന്ന വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചാൽ വിറകിൻെറ ദൗർലഭ്യം പരിഹരിക്കാനും അതുവഴി പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കാനും സാധിക്കും. പഴഞ്ചൻ രീതിയുലുള്ള അടുപ്പുകളുടെ ന്യൂനതകളെക്കുറിച്ചും പുതിയ അടുപ്പുകളുടെ മേൻമയെ കുറിച്ചും വ്യാപകമായ പ്രചാരണം സംഘടിപ്പിക്കേണ്ടതുണ്ട്. തദ്വാരാ അടുക്കളയിലെ പുക കാരണം സ്ത്രീകൾക്കുണ്ടാകുന്ന അസുഖങ്ങൾ ദൂരീകരിക്കുവാനും കഴിയും.

# വൈദ്യുതി

നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി രംഗത്ത് അനുഭവപ്പെടുന്ന പ്രധാന പ്രശ്നം വോൾട്ടത കമ്മിയാണ്. കൂടാതെ ആവശ്യക്കാർക്ക് കണക്ഷൻ ലഭിക്കുന്നതിന് നാലും അഞ്ചും വർഷം കാത്തിരിക്കേണ്ടിവരുന്ന സ്ഥിതിയുമുണ്ട്.

1956 ൽ വലിയന്നൂർ വില്ലേജിലെ 'താക്കർ ഇഞ്ചിനിയറിങ്ങ്വർക്സ്' എന്ന സ്ഥാപനത്തിലേക്കാണ് ആദ്യമായി വൈദ്യുതി ലൈൻ വലിച്ചത്. ചേലോറ വില്ലേജിൽ കാപ്പാട് പ്രവർത്തിച്ചിരുന്ന ''ഉണ്ണികൃഷ്ണ ഇൻഡസ്ട്രീസ്'' എന്ന സ്ഥാപനത്തിലേക്കാണ് ചൊവ്വയിൽ നിന്ന് ആദ്യമായി ത്രീ ഫേസ് ലൈൻ വലിച്ചത്. പഞ്ചായത്തിലെ മറ്റു ഭാഗങ്ങളിലേക്ക് വൈദ്യുതി ലൈൻ നീട്ടുന്നതിന് നാട്ടുകാർ ശ്രമദാനം നടത്തിയിരുന്നതായി അനുഭവസ്ഥർ പറയുന്നു. ഇപ്പോൾ മിക്കവാറും പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും വൈദ്യുതി എത്തിക്കഴിഞ്ഞിരിക്കുന്നു.

വോൾട്ടേജ് കമ്മി അനുഭവപ്പെടുന്നതിന് പ്രധാന കാരണം വടക്കൻ കേരളത്തിൽ വൈദ്യുത നിലയങ്ങൾ ഇല്ലാത്തതാണ്. കുറ്റ്യാടി പദ്ധതിയിൽനിന്ന് ഉത്പാദിക്കപ്പെടുന്ന വൈദ്യുതി നല്ലളം 220K V. സബ് സ്റ്റേഷനിൽ നിന്നുള്ള 110 K V. ലൈനിൽ കൂടി നമ്മുടെ പഞ്ചായത്തതൃത്തിയിലെ മുണ്ടയാട് 110 K V.സബ് സ്റ്റേഷനിലെത്തുന്നു. അവിടെ നിന്ന് 11K V.ലൈൻ കൂടി നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി വിതരണം ചെയ്യപ്പെടുന്നു.

കണ്ണൂർ ഇലക്ട്രിക്കൽ ഡിവിഷൻെറ കീഴിലുള്ള ഏച്ചൂർ, ചൊവ്വ ഇലക്ട്രിക്കൽ മാനേജർ സെക്ഷനുകൾക്കും ചക്കരക്കൽ ഇലക്ട്രിക്കൽ സെക്ഷനുമാണ് പഞ്ചായത്തിൻെറ വൈദ്യുത വിതരണ ചുമതലയുള്ളത്. പഞ്ചായത്തിൽ 13 ട്രാൻസ്ഫോർമറുകൾ ഉൾപ്പെടുന്ന വിതരണ ശൃംഖലയാണുള്ളത്. ട്രാൻസ്ഫോർമറുകളിൽനിന്ന് വീടുകളിലേക്കും സ്ഥാപനങ്ങളിലേക്കുമുള്ള ലൈനുകളുടെ നീളം വളരെ കൂടിയതിനാലും വൃക്ഷക്കൊമ്പുകളും ഇലകളും ലൈനിൽ തട്ടുന്നതിനാലും ഉണ്ടാകുന്ന പ്രസരണ നഷ്ടവും വോൾട്ടേജ് കുറയാൻ കാരണമാകുന്നു.

പഞ്ചായത്തിൽ 362 ബൾബും 17 ട്യൂബും ഉൾപ്പെടുന്ന സ്ട്രീറ്റ് ലൈറ്റ് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. വർഷത്തിൽ 53262 രൂപ പഞ്ചായത്ത് ഇതിനു വേണ്ടി ചെലവഴിക്കുന്നു. എന്നാൽ സ്ട്രീറ്റ്ലൈറ്റുകൾ പലയിടത്തും കത്തുന്നില്ലെന്ന പരാതി പലപ്പോഴും ഉണ്ടാകാറുണ്ട്. ഫ്യൂസായ ബൾബ് യഥാസമയം മാറ്റിയിടാത്തതും ഇട്ടാൽ തന്നെ ബോധപൂർവ്വം നശിപ്പിക്കപ്പെടുന്നതും വൻതുക ചെലവഴിക്കപ്പെടുന്ന ഈ സംവിധാനത്തിൻെറ ഗുണഫലം ജനങ്ങൾക്ക് ലഭ്യമാകാതിരിക്കാൻ കാരണമാകുന്നു.

വ്യവസായങ്ങൾക്കുള്ള കണക്ഷൻ കേവലം 217 എണ്ണം മാത്രമാണ്. കാർഷികാവശ്യത്തിന് 49 കണക്ഷൻ മാത്രമാണുള്ളത്. പഞ്ചായത്തിൻെറ കാർഷിക വ്യാവസായിക മേഖലകളിൽ വൈദ്യുതിയുടെ ഉപഭോഗം വളരെ കുറവാണെന്നു കാണാം. ജനസംഖ്യാ വർദ്ധനവിനനുസരിച്ച് ഊർജ്ജ സ്രോതസ്സുകൾ വർദ്ധിക്കുന്നില്ല. വിറക്, മണ്ണെണ്ണ, ഗ്യാസ്, വൈദ്യുതി തുടങ്ങിയ എല്ലാ ഇന്ധനങ്ങളുടെയും ലഭ്യതയിലും ഉപഭോഗത്തിലും ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ വിശകലനം ചെയ്ത് പരിഹരിക്കേണ്ടിയിരിക്കുന്നു. ഈ അവസരത്തിൽ രണ്ടു കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടതായിട്ടുള്ളത്.

1. നിലവിലുള്ള ലഭ്യമായ എല്ലാ ഊർജ്ജ സ്രോതസ്സുകളുടെയും ഉത്പ്പാദന വിതരണ ഉപയോഗം കാര്യക്ഷമമാക്കണം.

2. പുതിയ സ്രോതസ്സുകൾ കണ്ടെത്തുകയും അവയെ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുക.

യഥാർത്ഥത്തിൽ വേണ്ടതിൻെറ എത്രയോ ഇരട്ടിയാണ് ഇപ്പോഴത്തെ ഉപയോഗം. ജനപങ്കാളിത്തത്തോടെയും വ്യാപകമായ ബോധവൽകരണ ത്തിലൂടെയും മാത്രമേ അവയെ പ്രോൽസാഹിപ്പി ക്കാനും പ്രചരിപ്പിക്കാനും സാധിക്കൂ. നല്ല ഊർജ്ജ ഉപഭോഗ ശീലങ്ങൾ ജീവിതത്തിൻെറ ഭാഗമായയെങ്കിൽ മാത്രമെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ വ്യാപകമാകുകയുള്ളൂ.

## പ്രശ്നങ്ങൾ:

1. 40 % കുടുംബങ്ങളും പാചകാവശ്യത്തിനുള്ള ഇന്ധനത്തിൻെറ സിംഹഭാഗവും വിലകൊടുത്ത് വാങ്ങുന്നവരാണ്.

2. പുകയില്ലാത്തതും ദക്ഷത കൂടിയതുമായ അടുപ്പുകൾക്ക് പ്രചാരം ലഭിച്ചിട്ടില്ല.

3. പാചകാവശ്യത്തിന് ഏറ്റവും കുറച്ച് ഇന്ധനം ഉപയോഗിക്കുന്ന കാര്യത്തിൽ മിക്ക വീട്ടമ്മമാരും അജ്ഞരാണ്.

4. വിറകിന് ഉപയോഗിക്കാവുന്ന മരങ്ങൾ കുറഞ്ഞുവരുന്നു.

5. മണ്ണെണ്ണ പെർമിറ്റുകൾ ആവശ്യാനുസരണം ലഭിക്കുന്നില്ല.

6. പെർമിറ്റുകൾക്ക് കിട്ടേണ്ടതായ മണ്ണെണ്ണ തന്നെ ലഭിക്കുന്നില്ല.

7. വൈദ്യുതി വിതരണത്തിൽ ഇടയ്ക്കിടെ തടസ്സമുണ്ടാകുന്നു.

8. ലഭിക്കുന്ന വൈദ്യുതി തന്നെ കുറഞ്ഞ വോൾട്ടേജിലാണ്.

9. വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾ പരിഗണിക്കപ്പെടുന്നതിന് കാലതാമസം നേരിടുന്നു.

10. ചില ഹരിജൻ കോളനികളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല.

11. സ്ട്രീറ്റ് ലൈറ്റ് സംവിധാനം കാര്യക്ഷമമല്ല.

12. ചില ഉപഭോക്താക്കൾ അമിതമായി വൈദ്യുതി ഉപയോഗിക്കുന്നു.

13. സമ്പന്ന കുടുംബങ്ങളിലെ സെറ്റപ്പ്- അപ്പ് ഉപയോഗം മറ്റുള്ളവർക്ക് ദോഷമാകുന്നു.

## സാധ്യതകൾ:

1. വിറകാവശ്യത്തിന് പറ്റിയ മരങ്ങൾ വ്യാപകമായി നട്ടുപിടിപ്പിക്കുക.
2. ദക്ഷത കൂടിയ പുകയില്ലാത്ത അടുപ്പുകൾ പ്രചരിപ്പിക്കുക.
3. ആവശ്യക്കാർക്ക് മണ്ണെണ്ണ ലഭ്യമാക്കുക.
4. ഏറ്റവും കുറഞ്ഞ വിറക് ഉപയോഗിച്ച് പാചകം ചെയ്യാൻ വീട്ടമ്മമാരെ പരിശീലിപ്പിക്കുക.
5. വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കുക.
6. കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
7. വൈദ്യുതിയുടെ ദുരുപയോഗം തടയുക.
8. ഊർജ്ജ ലാഭമുള്ള വൈദ്യുത ദീപങ്ങൾ പ്രചരിപ്പിക്കുക.
9. വൈദ്യുതി ഉപഭോഗത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക.
10. തെരുവ് വിളക്കുകൾക്കാവശ്യമായ ബൾബുകൾ പഞ്ചായത്ത് നേരിട്ടു നൽകണം.
11. തെരുവ് വിളക്കുകളുടെ കറണ്ട് ചാർജ്ജ് മീറ്റർ വെച്ച് നിർണ്ണയിക്കണം.
12. മാസത്തിൽ ഒരു തവണ തെരുവ് വിളക്കുകൾ പരിശോധിച്ച് അറ്റകുറ്റ പണികൾ നടത്തണം.
13. പ്രസരണ നഷ്ടം ഒഴിവാക്കാൻ വൃക്ഷശാഖകൾ മുറിച്ചുമാറ്റുന്നതിന് പ്രാദേശിക സന്നദ്ധ പ്രവർത്തനം നടപ്പാക്കാം.



5 -7 (A)

# പാർപ്പിടം

ജനങ്ങളുടെ സാമ്പത്തിക പുരോഗതി യുടെ സൂചകമായി കരുതാവുന്നതാണ് പാർപ്പിടം. ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ ഓടുമേഞ്ഞ വീടുകൾ വിരളമായിരുന്നു. അന്നു ഗ്രാമത്തിലെ ജന്മികളുടെ ഭവനത്തിൻെറയും ക്ഷേത്രങ്ങളുടെയും മേൽക്കര മാത്രമെ ഓടുമേഞ്ഞിരുന്നുള്ളൂ. അക്കാലത്ത് പ്രദേശിക മായി ലഭ്യമായിരുന്ന തെങ്ങ്, കവുങ്ങ് തുടങ്ങി യവിയിൽനിന്ന് കിട്ടുന്ന ഉൽപ്പന്നങ്ങളും നാടൻ മര ങ്ങളും മൺക്കട്ടയുമൊക്കെ ഉപയോഗിച്ചാണ് സാധാര ണക്കാർ വീട് നിർമ്മിച്ചിരുന്നത്. വെട്ട് കൽ ഉപയോഗിച്ച് ഭവനം നിർമ്മിച്ചിരുന്നത് നല്ല സാമ്പത്തിക സ്ഥിതിയു ള്ളവർ മാത്രമായിരുന്നു. വെയിലിൽ നിന്നും മഴയിൽ നിന്നും രക്ഷനേടാനുള്ള ഒരു അഭയസ്ഥാനം മാത്രമായി ട്ടാണ് വീടുകളെ കരുതിരുന്നത്. എന്നാൽ ഇന്ന് വീടിനോടുള്ള മനോഭാവും മാറിയിരിക്കുന്നു പാർപ്പിടം എന്നതിലുപരി പ്രൗഢിപ്രദർശിപ്പിക്കാനുള്ള ഉപാധി യായി വീട് കരുതപ്പെടുന്നു. ഗൃഹനിർമ്മാണ സാമഗ്രി കളുടെ നല്ലൊരുഭാഗം അന്യദേശങ്ങളിൽ നിന്നാണ് കൊണ്ട് വരുന്നത്. തൽഫലമായി നിർമ്മാണ ചെലവ് വൻതോതിൽ കൂടിവരികയാണ്. സാമാന്യമായ വിലക്ക യറ്റവും വസ്തുക്കളുടെ ദൗർലഭ്യവും കടത്തുകൂലിയിൽ ഉണ്ടായിട്ടുള്ള വർദ്ധനവും സധാരണക്കാരൻെറ പാർ പ്പിട നിർമ്മാണത്തിലെ മുഖ്യപ്രശ്നങ്ങളാണ്. സ്വന്തമായി ഒരു വീട് സ്വപ്നമായി അവശേഷിക്കുന്ന അനവധി കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

## വിടുകളുടെ ഘടന അന്നും ഇന്നും

മുൻപ്കാലത്ത് സാധാരണ വീടുകൾ പടി ഞ്ഞാറ്റപ്പുരകൾ ആയിരുന്നു. വീടിൻെറ മധ്യഭാഗ ത്തുള്ള പവിത്രമായ മുറിയായിരുന്നു പടിഞ്ഞാറ്റ മറ്റുമുറികൾ ഇടുങ്ങിയതും കാറ്റും വെളിച്ചവും കടക്കാതവയും ആയിരുന്നു. ജനവാതിലുകൾക്ക് പകരം അപൂർവ്വമായി ചെറിയ കിളിവാതിലുകൾ മാത്രമെ ഉണ്ടായിരുന്നുള്ളു. സമ്പന്നഹൈന്ദവ കടുംബങ്ങളിൽ പൂജാമുറികൂടി ഉണ്ടായിരുന്നു അതിഥികളെ സൽക്കരിക്കാറുണ്ടായിരുന്നത് മുൻവശ ത്തെകോലായിയിൽ ആയിരുന്നു .എന്നാൽ ജൻമിക ളുടെ നാലുകെട്ടും നടുമുറ്റവും പടിപ്പുരയും ഉള്ള വീടുകൾ അപൂർവ്വമായി ഉണ്ടായിരുന്നു. സാധാരണ വീടുകളിൽ വീടിനോട് ചേർന്ന് കിണർ, കുളിമുറി എന്നീ സംവിധാനങ്ങൾ ഉണ്ടായിരുന്നില്ല. മുറ്റത്തി നോട് ചേർന്നോ അൽപം അകലയോ ആയിരുന്നു കിണറിൻെറ സ്ഥാനം. അരനൂറ്റാണ്ട് മുൻപ് കക്കൂസ് എന്ന ആശയമേ ഉണ്ടായിരുന്നില്ല ജനങ്ങൾ മലവിസർ ജനത്തിന് പറമ്പുകളായിരുന്നു ഉപയോഗിച്ചിരുന്നത്. അടുക്കളയിലെ സൗകര്യങ്ങളെ കുറിച്ച് യാതൊരു ചിന്തയുമുണ്ടായിരുന്നില്ല. ഇന്നാകട്ടെ വീടകളെ സംബന്ധിച്ച സങ്കൽപ്പം തന്നെ മാറിയിരിക്കുന്നു. വിശാലമായകിടപ്പുമുറികളും സ്വീകരണമുറിയും പുകയില്ലാത്ത ചിമ്മിനിയോട് കൂടി അടുക്കളയും

കിടപ്പുമുറിയോട് ചേർന്ന കക്കൂസും കളിമുറിയും വീടിനോട് ചേർന്ന കിണറും അനിവാര്യമാണെന്ന ധാരണ ഉണ്ടായിക്കൊണ്ടിരിക്കുന്നു. കാറ്റും വെളിച്ച വും ധാരാളമായി ലഭിക്കുന്ന ജനലുകൾ നിർബന്ധ മായിരിക്കുന്നു. അടുത്തകാലത്തായി കോൺക്രീറ്റു ഭവനങ്ങളോട് ഭ്രമം വർദ്ധിച്ചുവരികയാണ്. താഴ്ന്ന വരുമാനക്കാർ പോലും ഭവനനിർമ്മാണത്തിൽ ചെല വ്കുറഞ്ഞ നിർമ്മാണ ശൈലി സ്വീകരിക്കാൻ ഇഷ്ടപ്പെ ടുന്നില്ല. കടംവാങ്ങി വലിയ വീട് വെക്കുകയും വരുമാ നത്തന്റെ സിംഹഭാഗവും കടം വീട്ടാൻ ഉപയോഗി ക്കുകയും ചെയ്യുന്ന അവസ്ഥയാണുള്ളത്. എന്നാൽ ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ ഏകദേശം 15% ത്തോളം കുടുംബങ്ങൾക്കേ ആധുനിക സൗകര്യങ്ങ ളുള്ള വീടുകൾഉള്ളൂ.

### വീടുകളുടെ തരം

| കോൺക്രീറ്റ് | ഓട് | ഓല | കുടിൽ | ആകെ |
|---|---|---|---|---|
| 1267 | 3525 | 306 | 737 | 5835 |

പഞ്ചായത്ത് മുഖാന്തിരം J. R. Y.സ്കീമിൽ 30 വീടുകളും 42 കക്കൂസുകളും നിർമ്മിച്ചിട്ടുണ്ട്.

## കോളനികൾ

നമ്മുടെ പഞ്ചായത്തിൽ അംഗീകരിച്ച 5 പട്ടികജാതി കോളനികൾ ഉണ്ട്.

1. വാരം ലക്ഷം വീടുകോളനി
2. വാരം ശ്രീ കൂർമ്പക്കാവ് കോളനി
3. വാരം തക്കാളിപീടിക (അംബേദ്കർ ) കോളനി
4. മേനോൻ പറമ്പ് കോളനി, വലിയന്നൂർ
5. പള്ളിപ്രം സെറ്റിൽമെൻറ് കോളനി

ഇവ കൂടാതെ മൂന്ന് '4 സെൻറ്' കോളനി കളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവയ്ക്ക് പുറമെ പട്ടിക ജാതി വികസന വകുപ്പ് നിർമ്മിച്ച 10 കുടും ബങ്ങൾ അധിവസിക്കുന്ന ചേലോറ 'നിർമ്മിതി' കോളനി യും ഉണ്ട്. ഇവയിൽ നാലാം വാർഡിലെ വലിയ കുണ്ട് കോളനിയിലേയും, ചേലോറ നാല് സെൻറ് കോളനി യിലേയും ഭൂരിഭാഗം കുടുംബങ്ങളും പട്ടികജാതിയിൽ പ്പെടുന്നു. ഇവ പട്ടികജാതികോളനികളായിഉടൻതന്നെ അംഗീകരിക്കാൻ സാധ്യതയുണ്ട്. വലിയ കുണ്ട് കോളനിക്കടുത്ത് നാടോടികളായിവന്ന് സ്ഥിരതാമസ മാക്കിയ അമ്പതോളം പേർ അടങ്ങിയ ഏതാനും തമിഴ് കുടുംബങ്ങൾ കുടിൽ കെട്ടി താമസിച്ചുവരുന്നു.

പുതിയ വീടുകളോ, കോളനികളോ നിർമ്മി ക്കുന്നതിനുവേണ്ടി സംവരണം ചെയ്യപ്പെടാവുന്ന പ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട് . മുന്നണി മെട്ട, പൊന്ന്യത്ത് കുന്നിൻപുറം, വെള്ളപ്പാറ, പെരി ക്കാട് തുടങ്ങിയ പ്രദേശങ്ങൾ ഇത്തരത്തിൽ ഉപയോ ഗിക്കാവുന്നതാണ്. കെട്ടിട നിർമ്മാണ സാമഗ്രികൾ കാര്യമായൊന്നും ഇവിടെ നിർമ്മിക്കു ന്നില്ല. കടാങ്കോട് പ്രദേശത്ത് ഒരു സ്റ്റോൺ ക്രഷർ പ്രവർത്തിക്കുന്നു.

**നാലു വർഷത്തിനുള്ളിൽ പഞ്ചായത്തിൽ നിർമ്മിച്ച വീടുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.**

| 1992 - 93 | 1993 - 94 | 1994 - 95 | 1995 - 96 |
|---|---|---|---|
| 165 | 38 | 114 | 200 |

പഞ്ചായത്തിലാകെയുള്ള 5835 വീടുകളിൽ 1267 എണ്ണം കോൺക്രീറ്റു വീടുകളാണ് . ഓടുമേഞ്ഞവ 3525. പകുതിയിൽ അധികവും പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്ത വീടുകളാണ്. 50% വീടുകൾക്ക് മാത്രമെ കക്കൂസ് സൗകര്യമുള്ളൂ.

ഓലമേഞ്ഞ വീടുകൾ ഓടു മേയുന്നതിനും കുടിലുകൾ വീടുകളാക്കി മാറ്റാനുമുള്ള പദ്ധതികൾ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. പുകയില്ലാത്ത അടുപ്പുകൾ സാർവത്രികമാക്കേണ്ടത് അത്യാവശ്യമാണ്. പഞ്ചായത്തിലെ ദുർബല വിഭാഗങ്ങൾക്കുവേണ്ടി ഉണ്ടാക്കിയിട്ടുള്ള കോളനിയിലെ പശ്ചാത്തല സൗകര്യം അപര്യാപ്തമാണ്. കുടിവെള്ള ക്ഷാമവും കക്കൂസ്സുകളുടെ അപര്യാപ്തതയും എല്ലാ കോളനികളിലും അനുഭവപ്പെടുന്നു. 2 കോളനികളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല. ഓലമേഞ്ഞ വീടുകളും കുടിലുകളും ഭൂരിഭാഗവും സ്ഥിതിചെയ്യുന്നത് ഇത്തരം കോളനികളിലാണ്. ഈ കാരണങ്ങളാൽ കോളനികളുടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കേണ്ടത് അടിയന്തിര കടമയാകുന്നു.

പഞ്ചായത്തിൽ ഒരു സഹകരണ ഹൗസിങ്ങ് സൊസൈറ്റി തിലാന്നൂരിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ആവശ്യക്കാർക്ക് മുഴുവൻ പ്രസ്തുത സംഘത്തിന്റെ സേവനം ലഭ്യമാകുന്നില്ല. താഴ്ന്ന വരുമാനക്കാരുടെ ഭവന നിർമ്മാണ ആവശ്യങ്ങൾ നിറവേറ്റത്തക്കവണ്ണം ഹൗസിങ്ങ് സൊസൈറ്റിയുടെ പ്രവർത്തനം വ്യാപകവും കാര്യക്ഷമവുമാക്കേണ്ടതുണ്ട്. ചേരിപ്രദേശങ്ങളിലും പുറമ്പോക്കുകളിലും കുടിൽ കെട്ടി താമസിക്കുന്നവർ നമ്മുടെ പഞ്ചായത്തിൽ വിരളമാണ്.

1991 ലെ സെൻസസ് പ്രകാരം 590 പുരുഷൻമാരും 137 സ്ത്രീകളും കെട്ടിട നിർമ്മാണ രംഗത്ത് ജോലി ചെയ്തുവരുന്നതായി കാണുന്നു. എന്നാൽ ഇന്ന് ഏതാണ്ട് 1200 ഓളം തൊഴിലാളികൾ ഈ രംഗത്ത് ജോലി ചെയ്തുവരുന്നതായി ഗ്രാമസഭാ ചർച്ചകൾ വ്യക്തമാക്കുന്നു. നിർമ്മാണ തൊഴിലാളികളെ യഥാസമയം ആവശ്യത്തിന് കിട്ടാനില്ലെന്ന പരാതി വ്യാപകമായുണ്ട്.

**കെട്ടിട നിർമ്മാണ കൂലി നിരക്ക്:**

| | | പുരുഷൻ | സ്ത്രീ |
|---|---|---|---|
| 1. | മൺപണി | 100 രൂപ | 60 രൂപ |
| 2. | കല്ല്ചെത്ത് ചുവർ (കല്ല് ഒന്നിന്) | 1 രൂപ | --- |
| | കിണർ(കല്ല് ഒന്നിന്) | 1.40 ,, | --- |
| 3. | ചുവർ വെപ്പ് | 125 ,, | 70 ,, |
| 4. | തേപ്പ് പണി | 125 ,, | 60 ,, |
| 5. | ആശാരി പണി | 130 ,, | --- |
| 6. | കോൺക്രീറ്റ് | 120 ,, | 70 ,, |
| 7. | പെയിൻറിംഗ്/ വൈറ്റ് വാഷിങ്ങ് | 100 ,, | -- |

അഞ്ചു വർഷംകൊണ്ട് കെട്ടിട നിർമ്മാണ കൂലി 2 മടങ്ങിലേറെയായി വർദ്ധിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം ഭൂരിഭാഗവും കരാറടിസ്ഥാനത്തിലാണ് ചെയ്തുവരുന്നത്.

## പ്രശ്നങ്ങൾ:

1. ചെറിയ വീടുകൾ എന്ന സങ്കൽപ്പത്തിന് വേണ്ടത്ര പ്രചാരം ലഭിക്കുന്നില്ല.

2. പഞ്ചായത്തിലെ പകുതിയോളം വീടുകൾക്ക് കക്കൂസ്സില്ല.

3. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം കുറവാണ്.

4. ഉയർന്ന പ്രദേശത്തുള്ള വീടുകളിൽ ജല ക്ഷാമം അനുഭവപ്പെടുന്നു.

5. ഭൂമിയുടെ വില ക്രമാതീതമായി വർദ്ധിക്കുന്നതിനാൽ ദുർബല വിഭാഗങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങി വീടു നിർമ്മിക്കാൻ കഴിയുന്നില്ല.

6. കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് വില ക്രമാതീതമായി വർദ്ധിക്കുന്നു.

7. നിർമ്മാണ തൊഴിലാളികളുടെ ദൗർലഭ്യം.

8. ഭവന നിർമ്മാണ വായ്പ ലഭിക്കുന്നതിനുള്ള കാലതാമസവും സങ്കീർണ്ണമായ നടപടി ക്രമങ്ങളും.

9. കോളനികളിൽ പാശ്ചാത്തല സൗകര്യം കുറവാണ്.

10. കോളനികൾക്ക് പുറമെ താമസിക്കുന്ന പട്ടിക ജാതിക്കാരല്ലാത്ത പാവപ്പെട്ടവർക്ക് I. A. Y, J.R.Y എന്നീ സ്കീമുകളിൽ നിന്ന് ധനസഹായം ലഭിക്കുന്നില്ല.

11. താഴ്ന്ന വരുമാനക്കാർക്ക് ഭവന നിർമ്മാണ വായ്പകൾ ലഭിക്കുന്ന സ്കീമുകൾ ഹൗസിങ്ങ് സൊസൈറ്റികളിൽ നിലവിലില്ല.

12. റോഡരികിൽ തുണ്ട് ഭൂമി കൈവശമുള്ളവർക്ക് കെട്ടിട നിർമ്മാണ നിയമത്തിലെ കടുത്ത വ്യവസ്ഥകൾ കാരണം വീടു നിർമ്മിക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നു.

## സാധ്യതകൾ:

1. ഓല മേഞ്ഞ വീടുകൾ മുഴുവൻ ഒരു നിശ്ചിത കാലപരിധിക്കുള്ളിൽ ഓടുമേയുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

2. ഭവന നിർമ്മാണ വായ്പാ പദ്ധതികൾ പഞ്ചായത്ത് മുഖേന നടപ്പിലാക്കുക.

3. ഭവന നിർമ്മാണത്തിന് വൻതുക ചിലവാക്കുന്നവരിൽ നിന്ന് നിശ്ചിത സംഖ്യ നികുതിയായി ഈടാക്കി ദുർബല വിഭാഗങ്ങൾക്കുവേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതികൾക്ക് വിനിയോഗിക്കുക.

4. ഭവന നിർമ്മാണ സാമഗ്രികളുടെ നിർമ്മാണത്തിനും ശേഖരണത്തിനും വിതരണത്തിനും വേണ്ടി നിർമ്മാണ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

5. ആവശ്യമായ സൗകര്യങ്ങൾ ഉള്ളതും ചെലവ് കുറഞ്ഞതുമായ നിർമ്മാണ രീതി പ്രചരിപ്പിക്കുക.

6. കെട്ടിട നിർമ്മാണ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് ആവശ്യക്കാർക്ക് യഥാസമയം സേവനം ലഭ്യമാക്കുകയും തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ ഉറപ്പു വരുത്തുകയും ചെയ്യുക.

7. ഭൂരഹിത - ദുർബല വിഭാഗങ്ങളിൽ പെട്ട കുടുംബങ്ങൾക്ക് വീടു നിർമ്മിക്കുന്നതിന് കുറഞ്ഞ വിലക്ക് ഭൂമി ലഭ്യമാക്കുക.

8. നവദമ്പതികളെ ഹൗസിങ്ങ് സൊസൈറ്റിയുടെ ഭവന നിർമ്മാണ പദ്ധതികളിൽ ചേർത്ത് റിക്കറിങ്ങ് ഡിപ്പോസിറ്റായി പണം സ്വീകരിക്കുകയും ഭവന നിർമ്മാണ വായ്പ അനുവദിക്കുകയും ചെയ്യുക.

9. എല്ലാ വീടുകളിലും കക്കൂസ്സുകളും പുകയില്ലാത്ത അടുപ്പുകളും ഉറപ്പു വരുത്തുക.

5 -7 (B)

# സാമൂഹ്യക്ഷേമം

സമൂഹത്തിൽ സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്നവർ, സ്ത്രീകൾ, കുട്ടികൾ, വൃദ്ധൻമാർ, മറ്റ് ദുർബലർ എന്നിവരെ സഹായിക്കുന്നതിനുവേണ്ടി വിവിധ വകുപ്പുകൾ മുഖേന നിരവധി പദ്ധതികൾ നമ്മുടെ നാട്ടിൽ നടപ്പാക്കിവരുന്നുണ്ട്. സ്വാതന്ത്ര്യത്തിനുമുൻപ് ഇതുപോലുള്ള ക്ഷേമ പദ്ധതികളൊന്നും കാര്യമായി നടപ്പാക്കപ്പെട്ടിരുന്നില്ല. 1954 ൽ വികസന ബ്ലോക്കുകൾ വന്നതോടെയാണ് സാമൂഹ്യക്ഷേമ നടപടികൾ ആരംഭിക്കുന്നത്. 1960 ൽ പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി ഈ പരിപാടികൾ വ്യാപകമാക്കാൻ തുടങ്ങി. ഗ്രാമവികസന വകുപ്പ്, സാമൂഹ്യ ക്ഷേമ വകുപ്പ്, കൃഷിഭവൻ, ഗ്രാമ പഞ്ചായത്ത്, റവന്യൂ വകുപ്പ് എന്നിവ വഴിയാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കിവരുന്നത്. ബ്ലോക്ക് പഞ്ചായത്തിൻ കീഴിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് മുഖേനയാണ് സാമൂഹ്യക്ഷേമ വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

ധനസഹായത്തിന് അർഹരായവരെ കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം സാമൂഹ്യ - സാമ്പത്തിക - സാമുദായിക പിന്നോക്കാവസ്ഥയും അവശതയുമാണ്. I.R.D.P. സർവ്വെയുടെ അടിസ്ഥാനത്തിലാണ് ഇത്തരം വിഭാഗങ്ങളെ കണ്ടെത്തുന്നത്.

## I.R.D.P. സർവ്വെ വിവരം 1992

(1992 വരെ ധനസഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം ഇതിൽ പെടുന്നില്ല.)

| വാർഡ് | കുടുംബങ്ങളുടെ എണ്ണം | SC/ST |
|---|---|---|
| I | 165 | 5 |
| II | 144 | 3 |
| III | 157 | 4 |
| IV | 268 | 6 |
| V | 317 | 2 |
| VI | 139 | --- |
| VII | 199 | 6 |
| VIII | 135 | 7 |
| IX | 157 | 7 |
| X | 141 | 15 |
| XI | 121 | 1 |
| XII | 12 | --- |

**IRDP** സ്കീം പ്രകാരം സാമ്പത്തിക സഹായം ലഭിച്ചവരുടെ എണ്ണം (1992 മുതൽ 1995 വരെ)

| വർഷം | എണ്ണം |
|---|---|
| 1991- '92 | 25 |
| 1992- '93 | 49 |
| 1993-'94 | 66 |
| 1994-'95 | 56 |
| 1995-'96 | 42 |
| ആകെ | 238 |

ഇവരിൽ 51 പേർ പട്ടികജാതി വിഭാഗത്തിൽ പെടുന്നു. TRYSEM പദ്ധതി പ്രകാരം 22 പേർക്ക് തൊഴിൽ പരിശീലനം ലഭിച്ചിട്ടുണ്ട്. അവരിൽ 16 പേർ പരിശീലനം നേടിയ മേഖലയിൽ തന്നെ സ്വയം തൊഴിൽ കണ്ടെത്തിയിട്ടുണ്ട്. 5 പേർ മറ്റു മേഖലക ളിലാണ് തൊഴിൽ ചെയ്യുന്നത്. ഒരാൾ തൊഴിൽ രഹിതനായി അവശേഷിക്കുന്നു. DWCRA പദ്ധതി പ്രകാരം വനിതകളുടെ 2 സ്വയം തൊഴിൽ യൂനിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കാപ്പാട്ടിലുള്ള റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മിക്കുന്ന 'സുപ്രഭ ഗാർമെൻറ്സ്' എന്ന സ്ഥാപനത്തിൽ 10 പേർ ജോലി ചെയ്യുന്നു. വലിയന്നൂരിൽ പ്രവർത്തിക്കുന്ന ബേക്കറി യൂനിറ്റിൽ 4 പേർ ജോലി ചെയ്യുന്നു. അവിടെ തുടക്കത്തിൽ ഉണ്ടായിരുന്ന 10 പേരിൽ ആറു പേർ പിരിഞ്ഞുപോയി. കൂടുതൽ വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടി ക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത യൂനിറ്റ് ആരംഭിച്ചതെങ്കിലും പ്രവർത്തനം കാര്യക്ഷമമായില്ല.

I. A. Y, J.R.Y എന്നീ പദ്ധതികൾ പ്രകാരം 1992 മുതൽ 1996 വരെ പാവപ്പെട്ടവർക്ക് 24 വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. അനുവദിക്കപ്പെട്ട 14 വീടുകളുടെ പണി പൂർത്തിയാക്കാനുണ്ട്. 1993 മുതൽ 96 വരെ 104 വീടുകൾക്ക് ഈ പദ്ധതി അനു സരിച്ച് കക്കൂസ്സുകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. അതിൽ 60 എണ്ണത്തിന്റെ പണി മാത്രമേ പൂർത്തിയായിട്ടുള്ളൂ. ഗ്രാമീണ കൈത്തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് പണിയായുധങ്ങൾ നൽകുന്ന പദ്ധതിയനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട 150 ഗുണഭോക്താക്കളിൽ 97 പേർക്ക് ഇതുവരെയായി പണിയായുധങ്ങൾ വിതര ണം ചെയ്തിട്ടുണ്ട്.

**1995 ൽ ചേലോറ പഞ്ചായത്ത് പരിധിയിൽ വിതരണം ചെയ്ത വിവിധ സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം**

| | | |
|---|---|---|
| വിധവ പെൻഷൻ | - | 31 |
| വികലാംഗ പെൻഷൻ | - | 32 |
| അഗതി/വാർദ്ധക്യകാല പെൻഷൻ | - | 29 |
| അവശ കലാകാര പെൻഷൻ | - | ഇല്ല |
| ടി. ബി. പെൻഷൻ | - | 7 |
| കുഷ്ഠരോഗികൾക്കുള്ള പെൻഷൻ | - | 5 |
| കാൻസർ പെൻഷൻ | - | ഇല്ല |
| ആകെ | - | 104 |

ഇവക്കുപുറമെ തൊഴിൽ വകുപ്പു മുഖേന അർഹരായ കർഷക തൊഴിലാളികൾക്കും എംപ്ലോയ്മെൻറ് എക്സ് ചേഞ്ച് മുഖേന അർഹതയുള്ള തൊഴിൽരഹിതരായ യുവതീയുവാക്കൾക്കും ചുവടെ ചേർത്ത പട്ടിക അനുസരിച്ച് പെൻഷനുകളും ധനസഹായവും വിത രണം ചെയ്തിട്ടുണ്ട്.

| വർഷം | കർഷക തൊഴിലാളികളുടെ പെൻഷൻ | തൊഴിലില്ലായ്മാ വേതനം |
|---|---|---|
| 1991- '92 | 281 | 199 |
| 1992- '93 | 305 | 218 |
| 1993-'94 | 317 | 210 |
| 1994-'95 | 325 | 211 |
| 1995-'96 | 332 | 207 |

മേൽപ്പറഞ്ഞ സഹായ പദ്ധതികൾക്കു പുറമെ സാമൂഹ്യക്ഷേമ വകുപ്പ് വഴി വികലാംഗർ, ബുദ്ധി മാന്ദ്യമുള്ള കുട്ടികൾ, മിശ്ര വിവാഹിതർ (SC/ST) തുടങ്ങിയവർക്ക് വിവിധ സഹായ പദ്ധതികൾ നടപ്പി ലാക്കിവരുന്നുണ്ട്. എന്നാൽ തങ്ങൾക്ക് ലഭിക്കാനിട യുള്ള സഹായ പദ്ധതികളെക്കുറിച്ച് ശരിയായ അറിവ് ലഭിക്കാത്തതിന്റെ ഫലമായി അർഹരായ പലരും അപേക്ഷിക്കാത്ത അവസ്ഥയുണ്ട്.

## അംഗൻവാടികൾ:

പഞ്ചായത്തിൽ ആകെ 16 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ അംഗൻവാടികളിലൂടെ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 5 വയസ്സിന് താഴെയുള്ള കുട്ടികൾ എന്നിവർക്കുവേണ്ടിയുള്ള രോഗപ്രതിരോധ പോഷകാഹാര പരിപാടികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. എന്നാൽ രോഗ പ്രതിരോധ പോഷകാഹാര കേന്ദ്രം എന്നതിലുപരി പ്രീ-പ്രൈമറി വിദ്യാലയം എന്ന നിലയിലാണ് അംഗൻ വാടികൾ പ്രവർത്തിക്കുന്നത്. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനാവശ്യമായ പ്രാഥമിക സൗകര്യങ്ങളൊന്നും ഇവിടങ്ങളിൽ ഇല്ല. സ്വന്തമായ കെട്ടിടം കളിസ്ഥലം, കിണർ, കക്കൂസ്സ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുള്ള അംഗൻവാടികൾ ഇല്ലെന്നു തന്നെ പറയാം. എല്ലാ കേന്ദ്രങ്ങളിലും ആവശ്യത്തിന് കളിക്കോപ്പുകളോ, ഫർണിച്ചറുകളോ ഇല്ല. അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം വളരെ തുച്ഛമാണ്.

### അംഗൻവാടികളിൽ റജിസ്റ്റർ ചെയ്തിട്ടുള്ള അമ്മമാരുടെയും കുട്ടികളുടെയും വിവരങ്ങൾ:

1. ഗർഭിണികൾ - 184
2. പ്രത്യേക പരിചരണം ആവശ്യമുള്ള ഗർഭിണികൾ - 35
3. മുലയൂട്ടുന്ന അമ്മമാർ - 182
4. കുട്ടികൾ

| 1 വയസ്സിൽ താഴെ | 1-2 വ | 2-3 വ | 3-5 വ |
|---|---|---|---|
| 39 | 399 | 451 | 883 |

നമ്മുടെ പഞ്ചായത്തിൽ 5 വയസ്സിൽ താഴെയുള്ള 2129 കുട്ടികളാണുള്ളതെന്ന് ദ്വിതീയ വിവരങ്ങൾ സൂചിപ്പിക്കുന്നു. 3 വയസ്സിനും 5 വയസ്സിനുമിടയിൽ പ്രായമുള്ള കുട്ടികളിൽ അംഗൻവാടിയിലെത്തുന്നവരുടെ എണ്ണം വളരെ കുറവാണ്. അംഗൻവാടിയിലെ ഹാജർനില പൊതുവെ തൃപ്തികരമല്ല. അംഗൻവാടികൾ ആകർഷകങ്ങളല്ലാത്തതുകൊണ്ട് രക്ഷിതാക്കൾ കുട്ടികളെ അവിടേക്ക് അയക്കുവാൻ താൽപ്പര്യം കാണിക്കുന്നില്ല.

സമൂഹത്തിലെ അവശർക്കും ദുർബലർക്കും വേണ്ടി നിരവധി ക്ഷേമ പദ്ധതികൾ നിലവിലുണ്ടെങ്കിലും അവയെ കുറിച്ച് ശരിയായ വിവരം ലഭിക്കാത്തതിനാലും മറ്റും അർഹരായ നിരവധി പേർക്ക് അതിൻെറ ഗുണഫലം അനുഭവിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ജനങ്ങളിൽ അസംതൃപ്തിയും നിരാശയും സർക്കാറിൻെറ പദ്ധതികളിൽ അവിശ്വാസവും ജനിക്കാൻ കാരണമാകുന്നു.

## പ്രശ്നങ്ങൾ:

1. IRDP പദ്ധതിയിൽ ഉൾപ്പെടുന്ന കുടുംബങ്ങൾ അർഹതപ്പെട്ട സഹായ പദ്ധതികൾ നേടിയെടുക്കുന്നതിന് മുന്നോട്ടുവരുന്നില്ല.
2. വിവിധ സ്കീമുകളിൽ ധനസഹായം വാങ്ങുന്ന മിക്ക ഗുണഭോക്താക്കളും ഉദ്ദേശിച്ച പദ്ധതികൾക്ക് അവ വിനിയോഗിക്കുന്നില്ല. ധനസഹായം ലഭിച്ചവർ ദാരിദ്ര്യ രേഖക്ക് മുകളിൽ വന്നോ എന്ന മോണിട്ടറിങ്ങ് ബന്ധപ്പെട്ട വകുപ്പുകൾ കാര്യക്ഷമമായി നടത്തുന്നില്ല.
3. വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവക്ക് അപേക്ഷിച്ചിട്ടുള്ള അർഹരായ എല്ലാവർക്കും ആനുകൂല്യം ലഭിക്കുന്നില്ല. എന്നാൽ അനർഹരായ ചിലർ ആനുകൂല്യങ്ങൾ നേടിയെടുക്കുന്ന സ്ഥിതിയുമുണ്ട്.
4. DWCRA യൂനിറ്റുകളുടെ പ്രവർത്തനങ്ങളിൽ പ്രതീക്ഷിച്ച പുരോഗതി കാണുന്നില്ല.
5. അംഗൻവാടികൾക്ക് മിക്കതിനും സ്വന്തം കെട്ടിട സൗകര്യങ്ങളോ മറ്റടിസ്ഥാനസൗകര്യങ്ങളോ ഇല്ല. അംഗൻവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ തൃപ്തികരമല്ല.
6. പെൻഷൻ തുകകൾ മാസംതോറും ലഭിക്കുന്നില്ല.
7. ഇന്നത്തെ നിലയിലുള്ള തൊഴിലില്ലായ്മാ വേതന പദ്ധതി അശാസ്ത്രീയമാണ്.

### ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന പരിഹാര നിർദ്ദേശങ്ങൾ:

1. രാഷ്ട്രീയ-സാമൂഹ്യ പ്രവർത്തകർക്ക് ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളുടെ ഭാഗമായ സ്കീമുകളെ പറ്റി ആവശ്യമായ അറിവു നൽകുക. ദരിദ്ര ജനവിഭാഗങ്ങൾക്ക് ഇതുസംബന്ധിച്ച് ബോധവൽക്കരണം നടത്തുക.
2. മഹിളാസമാജം, ബാലവാടി എന്നിവയുടെ പ്രവർത്തനം വ്യാപകമാക്കുക. കൂടുതൽ DWCRA യൂനിറ്റുകൾ ആരംഭിക്കുകയും അവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുകയും ചെയ്യുക.
3. മുഴുവൻ അംഗൻവാടികൾക്കും സ്വന്തം കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തുക. ജീവനക്കാരുടെ പ്രതിഫലം വർദ്ധിപ്പിക്കുക.
4. വിവിധ ഏജൻസികളുടെ കീഴിൽ പ്രവർത്തിക്കുന്ന അംഗൻവാടി, ബാലവാടി, പ്രീ-പ്രൈമറി സ്കൂളുകൾ, ശിശുമന്ദിരങ്ങൾ എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിച്ച് പൊതു പാഠ്യ പദ്ധതി നിശ്ചയിച്ച് പഞ്ചായത്ത് നിയന്ത്രണത്തിൽ ഒരു ഏജൻസിയുടെ കീഴിൽ കൊണ്ടുവരിക.
5. എല്ലാവിധ സാമൂഹ്യക്ഷേമ പദ്ധതികളുടേയും ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് മുഖേന തിരഞ്ഞെടുക്കുക.

# 5-8 സംസ്കാരം

" എത്ര പാണ്ഡിത്യമുള്ളവനായാലും അയാളുടെ അറിവും ജീവിതവും തമ്മിൽ
പൊരുത്തമില്ലാതിരിക്കുന്നിടത്തോളം
കാലം അയൾക്ക് സംസ്കാരമുണ്ടെന്ന് പറഞ്ഞുകൂടാ" -ഗാന്ധിജി

വടക്കെ മലബാറിലെ പഴയ ചിറക്കൽ താലൂക്കിൽ ഉൾപ്പെടുന്നതാണ് കാർഷിക മേഖലയായ നമ്മുടെ ഗ്രാമം ഇവിടെയുള്ള ഭൂവിഭാഗങ്ങളിൽ മിക്കതും ചിറക്കൽ, അറക്കൽ രാജവംശങ്ങുടെയും, വിവിധ ദേവസ്വങ്ങളുടെയും ഏതാനും മധ്യവർത്തികളായ ജന്മിമാരുടെയും അതീനതയിലായിരുന്നു. ഭൂമിയുടെ സിംഹഭാഗവും കുടിയാൻമയിലൂടെ കൈവശം വെച്ച് കാർഷിക വൃത്തിയിലൂടെ ഉപജീവിതം കഴിച്ചിരുന്ന ഒരു സമൂഹമായിരുന്നു ഇവിടെ നിന്നിരുന്നത്. ആരാധനാലയുമായി ബന്ധപ്പെട്ട മത സമുദായ ആചാരവിശ്വാസങ്ങളുടെ ഭാഗമായ കലാരൂപങ്ങളും കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രത്യേകിച്ച് ഇപ്പോഴത്തെ കണ്ണൂർ ജില്ലയിലെ പൊതുവായ കലാരൂപങ്ങളും, ആചാര സവിശേഷതകളും നമ്മുടെ ഗ്രാമത്തിൽ നിലനിന്നിരുന്നു. നമ്മുടെ പഞ്ചായത്തിന്റെ തനതായ സാംസ്കാരിക പൈതൃകം എന്നവകാശപ്പെടാൻ നമുക്ക് വലുതായി ഒന്നുമില്ല.

നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും രണ്ടു മതവിഭാഗങ്ങളാണുള്ളത്. ഇതിൽ ഭൂരിഭാഗവും ഹിന്ദുക്കളാണ്. ഏതാണ്ട് 75 % ഹിന്ദുക്കളും ബാക്കി ബഹഭൂരിപക്ഷവും ഇസ്ലാം മത വിശ്വാസികളുമാണ്. അടുത്ത കാലത്തായി ഒറ്റപ്പെട്ട ക്രസ്ത്യൻ കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ കുടിയേറിപ്പാർത്തുവരുന്നുണ്ട്. ജനങ്ങളിൽ മഹാഭൂരിപക്ഷവും ഈശ്വര വിശ്വാസികളാണ്. ഹിന്ദുമതവിശ്വാസികളുടെ ആരാധനാ ക്രമങ്ങളിലും ആചാരങ്ങളിലും പൊതുവായ ചില ഘടകങ്ങളുണ്ട്. എങ്കിലും തൊഴിൽ വിഭജനത്തിന്റെ ഭാഗമായി നിലനിന്നുപോന്ന ജാതിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ രൂപം കൊണ്ട സമുദായങ്ങളുടെ തനതായ ആചാരാനുഷ്ഠാനങ്ങളും കലാരുപങ്ങളും പ്രകടമായി കാണാവുന്നതാണ്.

## പ്രധാന ആരാധനാലയങ്ങൾ

നമ്മുടെ ഗ്രാമത്തിനകത്ത് ചെറുതും വലുതുമായി വിവിധ സമുദായങ്ങളുടെ 45-ഓളം ആരാധനാലയങ്ങൽ ഉണ്ട്.

## ഹൈന്ദവ ആരാധനാലയങ്ങൾ:-

വാരം ശ്രീ കുറുമ്പക്ഷേത്രം, വാരം വിശ്വകർമ്മ ദേവിക്ഷേത്രം,പൊലുപ്പിൽ ഭഗവതിക്ഷേത്രം, വാരം ശാസതാം കോട്ടം, വലിയവീട്തറവാട്ട്വക ക്ഷേത്രം, തുണ്ടിക്കോത്ത് ഭഗവതിക്ഷേത്രം, വലിയന്നൂർ മഹാവിഷ്ണുക്ഷേത്രം, വലിയന്നൂർ കൂലോത്ത് കാവ്,വലിയന്നൂർ പുത്തൻവീട്ക്ഷേത്രം, വലിയന്നൂർ കോമത്ത് ക്ഷേത്രം,നാഗത്താടം ക്ഷേത്രം, മാച്ചേരി, കണ്ടമ്പേത്തത്കാവ്-മാച്ചേരി, മാച്ചേരി പൂവത്താടം ക്ഷേത്രം, കാപ്പാട് വിശ്വകർമ്മക്ഷേക്രം, ശ്രീ വേട്ടക്കൊരു മകൻ ക്ഷേത്രം- തിലാനൂർ, തിലാനൂർ മന്ദപ്പൻ കാവ്, തിലാനൂർ വലിയ വീട്ടിൽ ചാമുണ്ഡേശ്വരിക്ഷേത്രം, തിലാനൂർ പൊട്ടൻ തറ

ക്ഷേത്രം, കടക്കര ശ്രീ ധർമ്മ ശാസ്താ ക്ഷേത്രം (പെരിങ്ങളായി), ചേലോറ സോമേശ്വരി ക്ഷേത്രം, ചേലോറ പാലേരിക്കോട്ടം, ചേലോറ വൈരിഘാതകൻ കോട്ടം, ചേലോറ ഋഷീശ്വര ക്ഷേത്രം, വൈരി ഘാതകൻ കോട്ടം, വലിയവീട്ടിൽ കാവ് ക്ഷേത്രം, പെരിങ്ങളായി ചങ്ങാട്ട് ക്ഷേത്രം, പള്ളിപ്രം ശ്രീ ഭഗവതിക്ഷേത്രം,

ഇവയിൽ പലതും തറവാട്ട് വക ക്ഷേത്രങ്ങളാണ്. ചില ക്ഷേത്രങ്ങൾ വിവിധ സമുദായങ്ങളുടെ നേതൃത്വത്തിൽസ്ഥാപിക്കപ്പെട്ടതാണ്. പൗരാണികമായി നിലനിന്നിരുന്നതും എന്നാൽ ഇപ്പോൾ പൂർണ്ണമായും നശിച്ചുപോയതുമായ ക്ഷേത്രങ്ങളും നമ്മുടെ ഗ്രാമത്തിൽ കാണാം. അവയിൽ പ്രധാനപ്പെട്ടവ മണ്ടോട്ട് മഹാവിഷ്ണു ക്ഷേത്രം- വളന്നൂർ, വാരം മൂലോത്തമ്പലം, വാരം മഠത്തിൽ വളപ്പിൽ ഭഗവതിക്ഷേത്രം, തൃക്കൈക്കുന്ന് ശിവക്ഷേത്രം എന്നിവയാണ്.അടുത്തകാലത്തായി പറശ്ശിനിമുത്തപ്പൻ സങ്കൽപവുമായി ബന്ധപ്പെട്ട് മുത്തപ്പൻ ക്ഷേത്രങ്ങൾ ഉയർന്നു വരുന്നുണ്ട്. ഇവയിൽ പ്രധാനപ്പെട്ടത് ചരപ്പുറം മുത്തപ്പൻ ക്ഷേത്രവും, വാരം മുത്തപ്പൻ ക്ഷേത്രവുമാണ്.

## മുസ്ലിം ദേവാലയങ്ങൾ:

പുറത്തിയിൽ പള്ളി, സിദ്ദീഖ് മസ്ജിദ്-വാരം, കടാകോട്ട് പള്ളി, വാരം പുതിയപള്ളി, വട്ടപ്പോയിൽ പള്ളി, മാച്ചേരി പള്ളി, കാപ്പാട് ജുമാമസ്ജിദ്, പള്ളിപ്രം മുസ്ലിം പള്ളി, പള്ളിപ്പൊയിൽ പള്ളി, എന്നിവയാണ് പ്രധാനപ്പെട്ട മുസ്ലിം ദേവാലയങ്ങൾ.

തൊഴിൽ വിഭജനത്തിന്റെ അടിസ്ഥാനത്തിൽ നിലനിന്നുവന്ന സമുദായങ്ങൾ പിൽകാലത്ത് തൊഴിലുമായിബന്ധപ്പെട്ട ജാതിപ്പേരുകളിൽ അറിയപ്പെട്ടു. എന്നാൽ അടുത്തകാലത്തായി എല്ലാ തരം തൊഴിലുകളിലും എല്ലാ സമുദായങ്ങളിലുംപെടുന്ന ആളുകൾ ഏർപ്പട്ടുവരുന്നുണ്ട്. എങ്കിലും ജാതി തിരിവ് ഇന്നും നിലനിൽക്കുന്നു. വിവാഹം ഇന്നും സ്വജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിൽ നടന്നുവരുന്നു. അപൂർവ്വമായി മിശ്രവിവാഹങ്ങളും നടക്കാറുണ്ട്. മിശ്രവിവാഹങ്ങൾ സാധാരണ ഗതിയിൽ താഴ്ന്നവരുമാനക്കാരുടെ ഇടയിലാണ് കണ്ടുവരുന്നത്. സമുദായങ്ങളുടെ വിവാഹം, മരണാനന്തര ചടങ്ങുകൾ എന്നിവയിലൊക്കെ അതത് സമുദായത്തിന്റെ തനതായ ആചാരങ്ങൾ ഇന്നും അവശേഷിച്ചിട്ടുണ്ട്.

പൊതുവെ എല്ലാ സമുദായങ്ങളിലും വിവാഹം സാമൂഹ്യമായ ഒരു കൂട്ടായ്മയുടെ സഹായത്തോടെയായിരുന്നു നടന്നുവന്നിരുന്നത്. വ്യക്തിയുടെ വിവാഹച്ചെലവുകളിൽ വലിയ ശതമാനം സാമൂഹ്യമായ കൂട്ടായ്മയിലൂടെയായിരുന്നു നിർവ്വഹിക്കപ്പെട്ടിരുന്നത്. "ലോഹ്യംചെയ്യൽ", "കുറിപ്പയറ്റ്", "കഞ്ഞിപ്പണം", തുടങ്ങിയ ധനസമാഹരണത്തിലൂടെ സമൂഹം വ്യക്തിയുടെ വിവാഹ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റിയിരുന്നു. എന്നാൽ കാലം മാറിയതോടു കൂടി ഇതിന്റെ ഘടനയിലും ചടങ്ങുകളിലും ഐക്യരൂപം കൈവന്നിട്ടുണ്ടെങ്കിലും സാമ്പത്തികമായ സഹായങ്ങൾ ഇന്നും തുടർന്നു വരുന്നു.

നമ്മുടെ പ്രദേശത്ത് സ്വാതന്ത്ര്യ സമര പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രത്യേകമായ പ്രക്ഷോഭ സമരങ്ങളൊന്നും നടന്നതായി എടുത്തു പറയാനില്ലെങ്കിലും വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഭാഗമായി സ്വാതന്ത്ര്യ സമരത്തിന്റെ പൊതു ധാരയിൽ നമ്മുടെ പഞ്ചായത്തിലെ ജനങ്ങളും അവരുടേതായ പങ്ക് വഹിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്ന പ്രമുഖ രാഷ്ട്രീയ പാർട്ടികളാണ് കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്ററ്), ഇന്ത്യൻ നാഷണൽ കോൺഗ്രസ് (I), കമ്യൂണിസ്റ്റ്

പാർട്ടി ഓഫ് ഇന്ത്യ, ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ്, ഭാരതീയ ജനതാ പാർട്ടി, ഇന്ത്യൻ നാഷണൽ ലീഗ്, ജനതാദൾ, ഇന്ത്യൻ കോൺഗ്രസ് സോഷ്യലിസ്റ്റ്, കമ്യൂണിസ്റ്റ് മാർകിസ്റ്റ് പാർട്ടി തുടങ്ങിയവ. വിവിധങ്ങളായ യുവജനസംഘടനകളും സാംസ്കാരിക പ്രസ്ഥാനങ്ങളും, മഹിളാ സംഘടനകളും, ട്രേഡ് യൂനിയനുകളും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിനു പുറമെ കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, മാതൃഭൂമി സ്റ്റഡി സർക്കിൾ, ബാലജനസംഖ്യം, പുരോഗമനകലാ സാഹിത്യ സംഘം തുടങ്ങിയ സാംസ്കാരിക സന്നദ്ധ സംഘടനകളുടെ യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു

സ്പോർട്സ് ആന്റ് ആർട്സ് ക്ലബ്ബുകൾ, വായനശാല ആന്റ് ഗ്രന്ഥാലയങ്ങൾ, മറ്റു സാംസ്കാരിക കലാസമിതികൾ എന്നിങ്ങനെ നമ്മുടെ ഗ്രാമത്തിൽ 30-ഓളം സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇവയിൽ കലാകായിക രംഗത്തുള്ള സ്ഥാപനങ്ങളിൽ ഒട്ടുമിക്കതും കേവലം പേരുകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നവയാണ്. വല്ലപ്പോഴും വാർഷിക സമ്മേളനങ്ങൾ പുറമെ നിന്ന് കലാസംഘങ്ങളെ കൊണ്ടുവന്ന് പരിപാടികൾ അവതരിപ്പിക്കുന്നതിൽ മാത്രം ഇവരുടെ പ്രവർത്തനം ഒതുങ്ങിപ്പോകുന്നു. അപൂർവ്വം ചില സ്ഥാപനങ്ങളിൽ തനതായ പ്രവർത്തനങ്ങൾ നടത്താറുണ്ട്. കലാ കായിക മത്സരങ്ങൾ സംഘടിപ്പിക്കുക കുട്ടികൾക്ക് കായിക മത്സരങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകുക എന്നീപ്രവർത്തനങ്ങൾ ഈ സ്ഥാപനങ്ങൾ നടത്താറുണ്ട്. ഈകൂട്ടത്തിൽ എടുത്തു പറയാവുന്ന ചില സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

1. അമ്പൻ ദാമോദരൻ സ്മാരക സ്പോർട്സ് ക്ലബ്,കപ്പാട്.
2. യുവരശ്മി കലാവേദി, തിലാനൂർ.
3. യുവഭാവന കലാവേദി തിലാനൂർ.
4. ശ്രീ നാരായണ സേവ സംഘം, തിലാനൂർ-സത്രം.
5. ഭഗത് സിംഗ് യൂത്ത് ക്ലബ്, വാരം.
6. പ്രിയദർശിനി സ്പോർട്സ് & ആർട്സ് ക്ലബ്ബ്, മാച്ചേരി.
7. ശ്രീ നാരായണ ആർട്സ് & കൾച്ചറൽ സെന്റർ,വലിയന്നൂർ.

നല്ലനിലയ്ക്ക് പ്രവർത്തിക്കുകയും, നിലവിൽ പ്രവർത്തനം മന്ദീഭവിക്കുകയും ചെയ്ത സ്ഥാപനങ്ങളാണ് മാച്ചേരി ലളിത കലാസമിതിയും, വലിയന്നൂർ യുഗചേതനയും പ്രതിഭാ തിയറ്റർ കപ്പാടും തിലാന്നൂർ ദേശീയകലാസമിതിയും.ചില സ്ഥാപനങ്ങൾ നെയിം ബോഡുകളിലും കേവലം കേരംസ് കളിയിലും മാത്രം ഒതുങ്ങി നിൽക്കുന്നു. അടുത്തകാലത്തായി തിലാനൂർ- പുളിയഞ്ചാൽ കേന്ദ്രമാക്കി 'സംഗമം' പെരിങ്ങളായി എന്ന പേരിൽ ഒരു കലാ കായിക സാംസ്കാരിക സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സ്വകാര്യവ്യക്തികളുടെ നിയന്ത്രണത്തിൽ കായിക പരിശീലനം നടത്തി വരുന്ന രണ്ട് സ്ഥാപനങ്ങളുണ്ട്.(ഒന്ന്) നാഷണൽ ജിംനേഷ്യം, തിലാനൂർ (രണ്ട്) പടിഞ്ഞാറെക്കണ്ടി ജിംനേഷ്യം, തങ്കേക്കുന്ന്. ആരാധനകലയായ കളരി അഭ്യാസ മുറകൾ പരിശീലിപ്പിച്ചിരുന്ന രണ്ടു കേന്ദ്രങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നു. വലിയന്നൂർ കേന്ദ്രമാക്കി യശഃശരീരനായ കൂലോത്ത് രാഘവൻ മാസ്റ്ററുടെ ശിക്ഷണത്തിലും കാപ്പാട് കേന്ദ്രമാക്കി കരുണാകരൻ ഗുരുക്കളുടെ നേത്രത്വത്തിലുമായിരുന്നു ഈ കളരികൾ പ്രവർത്തിച്ചുരുന്നത്.

## വായനശാല & ഗ്രന്ഥാലയം

പഞ്ചായത്ത് വായനശാല & ഗ്രന്ഥാലയം ഉൾപ്പെടെ ചെറുതും വലുതുമായ പതിനൊന്ന് വായനശാലകളും ഏഴ് ഗ്രന്ഥാലയങ്ങളും നമ്മുടെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്നു. 1951ൽ പ്രവർത്തനം ആരംഭിച്ച കാപ്പാട് യുവജനവായനശാല & ഗ്രന്ഥാലയം ആദ്യം വാടക ക്കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. എന്നാൽ 1991ൽ സാമൂഹ്യദ്രോഹികൾ കെട്ടിടം തല്ലിത്തകർത്തതോട് കൂടി അതിന്റെ പ്രവർത്തനം നിലച്ചു പോവുകയും ചെയ്തു.

നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വായനശാല & ഗ്രന്ഥാലയത്തിന്റെ പട്ടിക ചുവടെ ചേർക്കുന്നു.

| | പേര് | സ്ഥാപിത വർഷം | മെമ്പർമാരുടെ എണ്ണം | പുസ്തകങ്ങളുടെ എണ്ണം | പ്ര :മാ ശരാശരി പുസ്തക വിതരണം | ഗ്രന്ഥശാല സംഘംരജിഷ്ട്രേഷൻ ഉണ്ടോ | ഗ്രേഡ് | ഗ്രാന്റ് | ദിനപത്രം/ വാരിക |
|---|---|---|---|---|---|---|---|---|---|
| 1 | തിലാന്നൂർ ദേശീയ വായനശാല | 1938 | 58 (A Class) | 7925 | 600 | ഉണ്ട് | B | 11,000 | 5+13 |
| 2 | മാച്ചേരി അഴീക്കോടൻ സ്മാരക ഗ്രന്ഥാലയം & വായനശാല | 1975 | 155 | 2213 | 600 | ഉണ്ട് | F | 2000 | 3+16 |
| 3 | നവപ്രഭവായനശാല-വലിയന്നൂർ | 1951 | 92 | 3501 | 450 | ഉണ്ട് | D | 5600 | 2+6 |
| 4 | പ്രിയദർശിനി വായനശാല & ഗ്രന്ഥാലയം | 1993 | 50 | 300 | - | - | - | - | 4+6 |
| 5 | സമദർശി വായനശാല | 1956 | 204 | 2300 | 300 | ഉണ്ട് | D | 5600 | 3+7 |
| 6 | സംഗമം പെരിങ്ങളായി | 1996 | 40 | 500 | - | - | - | - | 4+8 |
| 7 | സലഫി വായനശാല-വാരം | 1992 | - | 250 | 30 | ഉണ്ട് | - | - | 3+6 |
| 8 | പഞ്ചായത്ത് വായനശാല & ഗ്രന്ഥാലയം | 1987 | 106 | 1953 | - | - | - | - | 3+3 |

ഇവ കൂടാതെ എ.കെ.ജി സ്മാരക വായനശാല & ഗ്രന്ഥാലയം ചേലോറ, പാട്യം സ്മാരക വായന ശാല തകേക്കുന്ന്, രാജീവ് ഗാന്ധി മെമ്മോറിയൽ ലൈബ്രറി & റീഡിഗ് റും മതുക്കോത്ത് തുടങ്ങിയ സ്ഥാപനങ്ങൾ വായനശാലകൾ എന്ന നിലയിൽ മാത്രം പ്രവർത്തിക്കുന്നു. ഇവക്കൊന്നും ഗ്രന്ഥശാലാ സംഘത്തിൽ റജിസ്ട്രേഷനോ, ചിട്ടയായ മെമ്പർഷിപ്പ് പ്രവർത്തനമോ ഇല്ല.

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ പ്രമുഖസ്ഥാനത്ത് നിൽക്കുന്ന തിലാന്നൂർ ദേശീയ വായനശാലയുടെയും, തിലാന്നൂർ ദേശീയ കലാസമിതിയുടെയും ആദ്യകാല പ്രവർത്തനങ്ങളിൽ യശഃശരീര

നായ കെ.സി. മാധവൻ മാസ്റ്ററുടെ സേവനം ഇവിടെ സ്മരണിയമാണ്.

നമ്മുടെ പഞ്ചായത്തിലെ പാരമ്പര്യകലാരൂപങ്ങളായ തെയ്യം, തിറ, തോറ്റംപാട്ട്, ആടിവേടൻ രൂപങ്ങൾ, കേളിപാത്രം, തിടമ്പ്നൃത്തം തുടങ്ങിയ അനുഷ്ഠാന കലകൾ ഇന്നും ആരാധനാലയങ്ങളെ കേന്ദ്രീകരിച്ച് കൊണ്ട് വലിയ മാറ്റമില്ലാതെ ഇന്നും നിലനിന്ന്പോരുന്നുണ്ട്.എന്നാൽ കാർഷിക ജനതയുടെ ഇടയിൽ പ്രചാരത്തിലുണ്ടായിരുന്ന, വാമൊഴിയിലൂടെ തലമുറകൾ കൈമാറിവന്ന നാട്ടിപ്പാട്ടുകൾ, വടക്കൻ പാട്ടുകൾ, കോൽക്കളി, പൂരക്കളി, തുടങ്ങിയ കലാരുപങ്ങൾ ആധുനിക കലാരൂപങ്ങളുടെ സ്വാധീനതയിൽ കുറ്റിയറ്റ്പോയിരിക്കുന്നു. അത്തരം കലാരൂപങ്ങളെ കണ്ടെത്തി.വരും തലമുറകൾക്ക് ഓർക്കാനെങ്കിലും ഓഡിയോ വിഡിയോ സങ്കേതങ്ങൾ ഉപയോഗിച്ച് ശേഖരിക്കപ്പെടേണ്ടതാണ്. കലാ സാംസ്കാരിക രംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകിയ അദികം പേരെയൊന്നും നമ്മുടെ ഗ്രാമത്തിൽ സംഭാവനചെയ്യാൻ കഴിഞ്ഞില്ലെങ്കിലും ആദ്യത്തെ സംസാരിക്കുന്ന മലയാള ചിത്രമായ 'ബാല'നിലെ പ്രധാനകഥാപാത്രത്തെ അവതരിപ്പിച്ച സ്വാതന്ത്ര്യ സമര സേനാനി, യശഃശരീരനായ സി.ഒ.നാരായണൻ നമ്പ്യാരുടെ നാമധേയം ഇവിടെ സ്മരിക്കട്ടെ. സാഹിത്യരംഗത്ത് നമ്മുടെ പഞ്ചായത്തിലെ ശ്രദ്ധേയമായ വ്യക്തികളാണ് കുഞ്ഞപ്പ പട്ടാന്നൂർ, ടി.എൻ. പ്രകാശ്, തുടങ്ങിയവർ ആധുനിക കായിക സാംസ്കാരത്തിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ നിലനിന്നിരുന്ന പല നാടൻ കളികളും (ഉദ;- ആട്ടക്കളി, ചട്ടക്കളി, ഇട്ടിയും കോലും, കബഡിക്കളി, ഗോട്ടിക്കളി, സോഡിക്കളി, കൊത്തൻകല്ല് തുടങ്ങിയവ) ഇന്ന് കേവലം ഓർമ്മകൾ മാത്രമായി മാറിയിരിക്കുന്നു. നേരത്തെ പ്രചാരത്തിലുണ്ടായിരുന്ന ഫുട്ട്ബോൾ കളി ഇന്ന് വളരെ അപൂർവ്വമായി മാത്രമെ കാണാൻ കഴിയുന്നുള്ളു. ഈരംഗത്ത് ക്രിക്കറ്റ്, ഷട്ടിൽ ബാറ്റ്മിൻടൺ തുടങ്ങിയ ആധുനിക കളിയാണ് പ്രചാരത്തിലുള്ളത്. അത്‌ലറ്റിക്ക് ഇനങ്ങളിൽ ബ്ലോക്ക് തല കേരളോൽസവത്തിൽ ഏറെ വർഷങ്ങളായി ചാമ്പ്യൻ പദവി നമ്മുടെ പഞ്ചായത്ത് നിലനിർത്തി വരികയാണ്.

സിനിമ, ടെലിവിഷൻ മാധ്യമങ്ങളുടെ സ്വാധീനം നമ്മുടെ തലമുറയെ വഴിതെറ്റിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നു. ടി.വി. സെറ്റുകൾ, സ്വന്തമായുള്ള വീടുകൾ ഏകദേശം 15 % ആണെങ്കിലും ഏതാണ്ട് 75% ജനങ്ങളെ സ്വാധീനിക്കുന്ന ഒരു മാധ്യമമായി ടി.വി. മാറിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ ഒരു സിനിമാ ശാലയാണ് പ്രവർത്തിക്കുന്നത്. ഫിലിം സൊസൈറ്റികളോ, വിഡിയോക്ലബ്ബുകളോ പ്രവർത്തിക്കുന്നില്ല. മിക്ക വീടുകളിലും റേഡിയോ ഉണ്ട്.

മതസൗഹാർദ്ദം താരതമ്യേന മെച്ചമായ നിലയിൽ നമ്മുടെ പഞ്ചായത്തിൽ നിലവിൽക്കുന്നു. ആചാരാനുഷഠാനങ്ങളിലും ഉത്സവങ്ങളിലും പരപസ്പര ബഹുമാനവും സഹവർത്തിത്വവും പ്രകടമായിത്തന്നെ കാണാം. കാപ്പാട് കാവിലെ വിഷമഹോത്സവത്തോടനുബന്ധിച്ചുള്ള ഐതിഹ്യങ്ങളും ചടങ്ങുകളും ജാതിമത സൗഹർദ്ദത്തിന്റെ മകുടോദാഹരണമാണ്. അത്പോലെ ചില പുരാതനമായ പുറത്തീൻ പള്ളിയിലെ നേർച്ചകളിലും ഹിന്ദു ജന വിഭാഗത്തിന്റെ വിശ്വാസം മത സഹിഷ്ണുതയുടെയും മത സൗഹാർദ്ദത്തിന്റെയും പ്രതീകമാണ് നൂറ്റാണ്ടുകളായി നിലനിന്നുപോരുന്ന മത സൗഹാർദ്ദത്തെയും മാനവിക ഐക്യത്തെയും തുരങ്കം വെക്കാൻ ചില ക്ഷുദ്രശക്തികൾ ബോധപൂർവ്വമായ പ്രവർത്തനങ്ങൾ നടത്തി കൊണ്ടിരിക്കുന്നു എന്ന അപകടകരമായ സ്ഥിതി വിശേഷം നാം ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതുണ്ട്.

## പ്രശ്നങ്ങളും ആവശ്യങ്ങളും:

1) നമ്മുടെ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ഒട്ടുമുക്കാൽ കലാകായിക, സാംസ്കാരികസ്ഥാപനങ്ങളും ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടേയോ ജാതി മത സംഘ ടനകളുടെയോ നേരിട്ടുള്ള നിയന്ത്രണത്തിലും അധീനതയിലും ആയതിനാൽ ജനങ്ങളുടെ പൊതുവേദിയായി പ്രവർത്തിക്കാൻ സാധിക്കുന്നില്ല.

2) മിക്കവറും സ്പോർട്സ് & ആർട്ട്സ് ക്ലബ്ബുകളുടെ പ്രവർത്തനം നെയിംബോർഡിലും ലെറ്റർ പാഡിലും മാത്രം ഒതുക്കി നിർക്കുന്നു.

3) ദൈനംദിന പ്രവർത്തനങ്ങൾ കേരംബോഡുകളിൽ മാത്രം ഒതുക്കി നിർത്തുന്ന പ്രവർത്തനങ്ങൾ ഒട്ടുമുക്കാൽ സ്ഥാപനങ്ങളിലും ഉണ്ട്.

4) ചിട്ടയായ മെമ്പർഷിപ്പ് പ്രവർത്തനം ഇല്ല.

5) വായനശാലകളും ഗ്രന്ഥാലയങ്ങളും വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുന്നില്ല.

6) പുസ്തക വായനാശീലം (പാഠ്യേതരം) പൊതുവെ കുറഞ്ഞുവരുന്നു. സ്ത്രീകളുടെ ഇട യിൽ പുസ്തക വായന പൊതുവെ കുറവാണ്.

7) വായന പൊതുവെ (പൈങ്കിളി ) സാഹിത്യത്തിലും ആനുകാലിക പ്രസിദ്ധീകരണങ്ങളിലും ഒതുങ്ങുന്നു.

8) മുഴുവൻ വാർഡുകളിലും വായനശാലകളും ഗ്രന്ഥാലയങ്ങളും ഇല്ല.

9) ജനങ്ങളുടെ സാംസ്കാരിക വളർച്ചക്ക് അനുയോജ്യമല്ലാത്ത വാണിജ്യവൽക്കരിക്കപ്പെട്ട ടി.വി,റേഡിയോ പരിപാടികളുടെ പ്രക്ഷേപണം.

10) കായിക സംസ്കാരം വളർത്തിയെടുക്കാൻ ഉതകുന്ന സ്ഥാപനങ്ങളുടെ അഭാവം.

11) വാർഡുകൾതോറും കളിസ്ഥലങ്ങളുടെ അഭാവം.

12) പഞ്ചായത്ത് സാംസ്കാരിക നിലയത്തിനു പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും കലാ,കായിക, സാംസ്കാരിക പ്രചോദന കേന്ദ്രങ്ങളാക്കി പ്രവർത്തിക്കാൻ സാധിക്കാത്ത അവ സ്ഥ.

13) സ്കൂൾ തലത്തിൽ പ്രൈമറി ക്ളാസുകൾ തൊട്ടു മുഴുവൻ കുട്ടികൾക്കും കലാ,കായിക പരിശീലനം നൽകി പ്രതിഭകളെ കണ്ടെത്താനുള്ള സംവിധാനം നിലവിൽ ഇല്ല.

14) പ്രൈമറി തലം മുഴുവൻ കുട്ടികളുടെ വായനാശീലം വളർത്തിയെടുക്കാൻ ആവശ്യമായ സ്കൂൾ ലൈബ്രറികളുടെ അഭാവവും പ്രോൽസാഹനക്കുറവും.

15) കലാകായിക സാംസ്കാരിക സ്ഥാപനങ്ങക്ക് സർക്കാർ സഹായം ആവശ്യത്തിന് ലഭിക്കു ന്നില്ല.

16) അനുഷ്ഠാന കലകൾക്ക് വേണ്ടത്ര പ്രോത്സാഹനവും സംരക്ഷണവും ലഭിക്കുന്നില്ല.

## സാധ്യതകളും നിർദ്ദേശങ്ങളും;-

(1) പഞ്ചായത്തു തല സാംസ്കാരിക സമിതി രൂപീകരിച്ച് രജിസ്റ്റർ ചെയ്തു പഞ്ചായത്ത് സാംസ്കാരിക നിലയം കേന്ദ്രമാക്കി പ്രവർത്തിക്കുക.മുഴുവൻ സാംസ്കാരിക സ്ഥാപനങ്ങ ളെയും അഫിലിയേറ്റ് ചെയ്യുക.

(2) പഞ്ചായത്ത് തല കായിക സമിതി രൂപീകരിക്കുക.

(3) പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങൾക്കും ഉപയോഗയോഗ്യമായ ഒരു കളിസ്ഥലം അതിനോടനുബന്ധിച്ച് കായികപരിശീലന കേന്ദ്രവും സ്ഥാപിക്കുക. ഇതിന്റെ നടത്തിപ്പ് പഞ്ചായത്ത്തല കായിക സമിതിയെ ഏൽപ്പിക്കുക. നിലവിൽ കളിസ്ഥലത്തിനായി പഞ്ചായത്ത് വിലക്ക് വാങ്ങിയ സ്ഥലം ഉപയോഗപ്രദമല്ല. ചേലോറ ഹൈസ്കൂൾ ഗ്രൗണ്ട് ചുരുങ്ങിയത് 200 മീറ്റർ റണ്ണിങ്ങ് ട്രാക്ക് ലഭിക്കുന്ന. വിസ്താരത്തിൽ ഒരു സ്റ്റേഡിയമാക്കി മാറ്റുക. നിലവിലുള്ള ഭൂമി തികയാതെ വരികയാണെങ്കിൽ അക്വിസിഷ്വൻ നടപടിയിലൂടെ ഭൂമി കണ്ടെത്തുക

(4) പഞ്ചായത്ത് തല കായിക സമിതിയടെ നിയന്ത്രണത്തിന് വാർഡുകളിൽ സ്ഥല ലഭ്യത അനുസരിച്ച് ചെറിയ തോതിലുള്ള കളിക്കളങ്ങൾ നിർമിക്കുക. സാധ്യതയുള്ള കുളങ്ങൾ ഉപയോഗിച്ച് നീന്തൽ പരിശീലനം നൽകുക. പ്രസ്തുത കേന്ദ്രങ്ങളുടെ പരിപാലനം സന്നദ്ധസംഘടനകളോ നല്ലനിലയിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് കായികസമിതിയിൽ അഫിലിയേറ്റ് ചെയ്ത സ്ഥാപനങ്ങളേയോ ഏൽപ്പിക്കുക.

(5) ജനാധിപത്യ ക്രമമനുസരിച്ച് രൂപീകരിക്കുകയും ജനങ്ങളുടെ പൊതുവേദിയായി പ്രവർത്തിക്കുകയും പഞ്ചായത്ത് സാംസ്കാരിക കായിക സമിതിയിൽ അഫിലിയേറ്റ് ചെയ്യാൻ തയ്യാറാകുകയും  സ്ഥാപനങ്ങളെ പ്രോൽസാഹിപ്പിക്കുകയും ധനസഹായം ചെയ്യുകയും, കേന്ദ്ര, സംസ്ഥാന ഗവർമെന്റുകളുടെ വിവിധ ഏജൻസികളും വകുപ്പുകളും നൽകുന്ന സഹായങ്ങൾലഭ്യമാക്കാൻ സഹായിക്കുകയും ചെയ്യുക.

(6) ഗ്രാമപഞ്ചായത്ത് തലത്തിൽ മേളകൾ സംഘടിപ്പിക്കുക, നിലവിലുള്ള കേരളോൽസവത്തെ ഗ്രാമീണയുവജനമേളയാക്കി മാറ്റുക. വാർഡുതലത്തിൽ മത്സരവിജയികളെ മേളകളിൽ പങ്കെടുപ്പിക്കുക.

(7) എല്ലാ വാർഡുകളിലും ഒന്നുവീതം ഗ്രന്ഥാലയങ്ങളും വായനശാലകളും പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തി മുഴുവൻ ഗ്രന്ഥലയങ്ങളും ഗ്രന്ഥാലാസംഘത്തിൽ രജിസ്റ്റർ ചെയ്യുക.

(8) വായനാശീലം വളർത്തിയെടുക്കാൻ പഞ്ചായത്ത് സാംസ്കാരിക നിലയത്തിന്റെ അഭിമുഖ്യത്തിൽ ചർച്ചകളും സെമിനാറുകളും സംഘടിപ്പിക്കുക. സാക്ഷരരായ മുഴുവൻ യുവതിയുവാക്കളും ഗ്രന്ഥാലയങ്ങളിൽ അംഗങ്ങളാകുക.

(9) വായനശാലയുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ കെട്ടിടം, ഫർണിച്ചർ, ഗുണനിലവാരമുള്ള പുസ്തകങ്ങൾ, ആനുകാലികങ്ങൾ എന്നിവ വാങ്ങാൻ പഞ്ചായത്തിൽ നിന്നും ഗ്രാന്റ് അനുവദിക്കുക.

(10) സ്കൂൾ ലൈബ്രറികൾക്ക് ആവശ്യമായ ഗ്രാന്റ് നൽകുക.

(11) പഞ്ചായത്ത് ഗ്രന്ഥശാല റഫറൻസ് ഗ്രന്ഥശാലയാക്കി മാറ്റുക.

(12) പഞ്ചായത്ത് തലത്തിൽ നടക്കുന്ന ഓണംസ്പോർട്സ്, കേരളോൽസവം തുടങ്ങിയ മത്സരങ്ങളിൽ മുഴുവൻ യുവജന സന്നദ്ധസംഘടനകളുടെയും സഹകരണം ഉറപ്പാക്കാൻ ആവശ്യമായ കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുക.

(13) സ്ത്രീകൾക്കിടയിൽ പുസ്തകവായനാശീലം വർദ്ധിപ്പിക്കാൻ സഞ്ചരിക്കുന്ന ഗ്രന്ഥശാല യൂണിറ്റുകൾ സംവിധാനം ചെയ്യുക.

വാർഡുതലത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ മുൻകൈയെടുത്ത് മഹിളാ സമാജങ്ങൾ മുഖേന വീടുകളിൽ പുസ്തകം എത്തിക്കുക.

(14) കലാ മത്സരങ്ങളും സെമിനാറുകളും നടത്താനുതകുന്ന ഒരു ഓഡിറ്റോറിയം മതുക്കോത്ത് കേന്ദ്രമാക്കി സ്ഥാപിക്കുക-( പ്രസ്തുത കെട്ടിടം ആവശ്യത്തിന് വാടകയിനത്തിൽ കല്യാണം, സമ്മേളനം എന്നിവയ്ക്ക് നൽകി പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.)

(15) പഞ്ചായത്ത് തലത്തിൽ ഫിലിം സൊസൈറ്റികൾ രൂപീകരിച്ച് നല്ല ചിത്രങ്ങളുടെ പ്രദർശനവും ആസ്വാദനശീലവും വളർത്തിയെടുക്കുക-ചർച്ചകളും സെമിനാറുകളും സംഘടിപ്പിക്കുക-വാർഡുതലത്തിൽ വീഡിയോക്ലബ്ബുകൾ രൂപീകരിക്കുക.

(16) ധനഗമ മാർഗമെന്ന നിലയിൽ നിലവിലുള്ള ലൈബ്രറി സെസ്സ് വർദ്ധിപ്പിക്കുക. സിനിമാശാലകളിൽ നിന്നും മറ്റുപ്രദർശനങ്ങളിൽ നിന്നും ലഭിക്കുന്ന വിനോദനികുതികൾ കാര്യക്ഷമവുമായി പിരിച്ചെടുത്ത് കലാ-കായിക സാംസ്കാരിക പ്രവർത്തനങ്ങൾക്ക് മാത്രം വിനിയോഗിക്കുക.

സത്രീ വീട്ടിനകത്ത് മാത്രം ഒതുങ്ങിക്കഴിയണമെന്ന് നാം ശഠിക്കുന്നത് അപരിഷ്കൃതാവസ്ഥയുടെ ലക്ഷണങ്ങളിൽ ഒന്നാണ്. -ഗാന്ധിജി.

## 5-9 വനിതാ ക്ഷേമം.

കേരളത്തിലെ സ്ത്രീപുരുഷ അനുപാതം 1000 പുരുഷൻമാർക്ക് 1040 സത്രീകൾ എന്നാണ്. ജനസംഖ്യ നോക്കിയാൽ സത്രീകളാണ് മുന്നിൽ. എന്നിരുന്നാലും സാമൂഹ്യമായും സാമ്പത്തികമായും, സാംസ്കാരികമായും അവർപിൻതള്ളപ്പെട്ടതായി കാണുന്നു. കേരളത്തിന്റെ വികസന പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യവും സത്രീകളുടെ പിന്നോക്കവസ്ഥയാണ്. 1991 സെൻസസ് അനുസരിച്ച് ചേലോറ ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ 31,091 അതിൽ പുരുഷവൻമാർ 15,116 ഉം സത്രീകൾ 15,975 ഉം ആണ്.

നമ്മുടെ പഞ്ചായത്തിൽ ചില ഒറ്റപ്പെട്ട ഉന്നത ജാതിയിൽ പ്പെട്ട സത്രീകൾ ഒഴിച്ചാൽ ഭൂരിഭാഗം സത്രീകളും കർഷകത്തോഴിലാളികളായിരുന്നു. വിദ്യാഭ്യാസം പരമാവധി വളരെ പിന്നോക്കം നിൽക്കുന്ന വില്ലേജുകളായിരുന്നു വലിയന്നൂരും,ചേലോറയും. ഈരണ്ടുവില്ലേജുകൾ ചേർന്നാണ് ഇന്നത്തെ ചേലോറ പഞ്ചായത്ത് ഉണ്ടായത്. അഞ്ച് ദശകങ്ങൾക്ക് മുൻപു വരെ ജാതീയമായ ഉച്ചനീചത്വങ്ങളും അന്ധവിശ്വാസങ്ങളും നിലനിന്നിരുന്നു. അതിന്റെ തിക്തഫലം സത്രീകളും ആനുഭവിക്കേണ്ടിവന്നിട്ടുണ്ട്. എന്നാൽ ഈഅവസ്ഥക്ക് അറുതിവരുത്താൻ കേരളത്തിനു സാധിച്ചിട്ടുണ്ട്.

ചേലോറ പഞ്ചായത്തിനെ സംബന്ധിച്ചിടുത്തോളം സ്വതന്ത്ര്യലബ്ധിക്കുശേഷം സത്രീകൾ സമൂഹ്യപ്രശ്നങ്ങളോട് പ്രതികരിക്കാനുള്ള മനോഭാവം ഉടലെടുത്ത് തുടങ്ങിയിരുന്നു. രാഷ്ട്രീയ പാർട്ടി സമ്മേളനങ്ങളിലും പ്രകടനങ്ങളിലും പങ്കെടുക്കുവാനും സ്ത്രീകൾ തയ്യാറായി ത്തുടങ്ങി. എതാനും ആഭിജാത്യമുള്ള കുടുംബങ്ങളിലുള്ളവർ ഇന്നു പൊതുരംഗത്ത് വരാൻ മടികാണിക്കുന്നവരാണ്. സാമ്പത്തിക ഭദ്രതഇല്ലായ്മയും പൊതുരംഗത്ത് വരാതിരിക്കാനുള്ള കാരണങ്ങളിലൊന്നാണ്.

വിദ്യാഭ്യാസ കാര്യത്തിൽ സത്രീപുരുഷ അന്തരമുണ്ട്. മുൻപ് പുരുഷൻമാരാണ് സത്രീകളെക്കാളധികം വിദ്യാഭ്യാസം നേടിയിരുന്നത്. എന്നാൽ ഇന്നാകട്ടെ വിദ്യാഭ്യാസ രംഗത്ത് സത്രീകളാണ് മുൻപന്തിയിൽ. എങ്കിലും മുസ്ലിം ജനവിഭാഗങ്ങൾക്കിടയിൽ പെൺകുട്ടികളെ ഉപരിപഠനത്തിന് വിടാത്ത അവസ്ഥതയുണ്ട്. അതുകൊണ്ടു നന്നെ അവരുടെ ഇടയിൽ സത്രീപുരുഷ അന്തരം കൂടുതലാണ്. ഈപഞ്ചായത്തിലെ കുടുംബങ്ങളിൽ സത്രീകളുടെ നിയന്ത്രണത്തിലുള്ളവ കുറവാണ്. വിവിധ രാഷ്ട്രീയ, സാമൂഹ്യസംഘടനകളുടെ നേതൃത്വത്തിൽ അടുത്തകാലത്തായി വനിതകൾ വന്നുതുടങ്ങിയിട്ടുണ്ട്- ജനാധിപത്യ മഹിളാ അസോസിയേഷൻ, മഹിളാ കോൺഗ്രസ് എന്നിവയുടെ നേതൃത്വനിരയിൽ ഈപഞ്ചായത്തിലെ വനിതകൾ പ്രവർത്തിക്കുന്നുണ്ട്. വിദ്യാലയങ്ങളിൽ അധ്യാപികമാരാണ് കൂടുതൽ. ബീഡിവ്യവസായത്തിലും സ്ത്രീകളുടെ എണ്ണം വർദ്ധിച്ചുവരുന്നു.

പെൺകുട്ടികൾക്ക് മാത്രമായിട്ടുള്ള വിദ്യാലയങ്ങൾ ഈപഞ്ചായത്തിൽ ഇല്ല. അടുത്തകാലത്തായി ബീഡിവ്യവസായം,കുടിൽവ്യവസായമായി സ്വീകരിച്ചിട്ടുള്ള സ്ത്രീകൾ ധാരാളമായുണ്ട്. അ്തിന്റെ ഫലമായി സാമ്പത്തികമായി ശേഷിവർദ്ധിപ്പിക്കാൻ അവർക്ക് സാധിച്ചിട്ടുണ്ട്.

സ്കൂളുകളിൽ ആൺകുട്ടികളും പെൺകുട്ടികളും ഏതാണ്ട് ഒപ്പത്തിനൊപ്പംനിൽക്കുന്നു. ഏക ഹൈസ്കൂൾ ആയ ചേലോറ ഗവർമെന്റ് ഹൈസ്കൂളിൽ 322 ആൺകുട്ടികളും 330 പെൺകുട്ടികളുമാണുള്ളത്. എൽ.പി, യു.പി വിദ്യാലയങ്ങളിൽ ആകെ വിദ്യാർത്ഥികളുടെ എണ്ണം 2552 ആണ്. അതിൽ 1273 പെൺകുട്ടികളാണ്. പഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങളിലായി 188 അദ്ധ്യാപികാധ്യാപകരാണ് ഉള്ളത്. കോളേജ് വിദ്യാർത്ഥികളിലും പെൺകുട്ടികളാണ് കൂടുതൽ.

പഞ്ചായത്തിലെ ഭൂരിഭാഗം സ്ത്രീകളും കാര്യമായ തൊഴിലുകൾ ഇല്ലാത്തവരാണ്. ജോലിക്കുപോകുന്ന വനിതകളുടെ പ്രധാന തൊഴിൽമേഖല കാർഷികരംഗമാണ്. കൃഷി,കെട്ടിടനിർമാണം എന്നീ മേഖലകളിൽ കൂലിയിൽ അന്തരമുണ്ട്. പുരുഷന് 100-150 കിട്ടുമ്പോൾ സ്ത്രീക്ക് 50-85 രൂപ മാത്രമാണ് കിട്ടുന്നത്. സ്ത്രീകൾ ജോലിചെയ്യുന്ന മറ്റു മേഖലകൾ ബീഡി, ടെയിലറിങ്ങ്, അദ്ധ്യാപനം,ഓഫീസുകൾ, ആതുരസേവനം, മൃഗപരിപാലനം,അംഗൻവാടി, നെയ്ത്ത്,നൂൽനൂൽപ്പ് തുടങ്ങിയവയാണ്. കൃഷിമേഖലയിൽ സ്ത്രീത്തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരാനുള്ള കാരണം കൂലി കുറവാണ്.

ബഹുജന സംഘടനകളിലും പൊതുപ്രവർത്തന രംഗത്തും വരുന്ന വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്. ഇതിനു പ്രധാന കാരണം വീട്ടിലെ ജോലിഭാരം, താൽപര്യക്കുറവ്,സാമൂഹ്യസാഹചര്യങ്ങൾ എന്നിവയാണ്. സ്വയം തൊഴിൽസംരംഭങ്ങൾ മാത്രമെ വനിതകളുടെതായി പഞ്ചായത്തിൽ ഉള്ളു. വലിയന്നൂരിൽ പ്രവർത്തിക്കുന്ന ബെയ്ക്കറിയുടെ സ്ഥിതി ശോചനിയമാണ്. 10 വനിതാ തൊഴിലാളികളിൽ 6 പേർ പിരിഞ്ഞു പോയിരിക്കുന്നു. കാപ്പാട്ടിലെ ഗാർമെന്റ്സ് നിർമാണ യൂണിറ്റിൽ 10 പേർ ജോലി ചെയ്യുകയും നല്ല നിലയിൽ പ്രവർത്തിക്കുകയും ചെയ്യുന്നു.

മഹിളാ സമാജങ്ങൾ ഉണ്ടെങ്കിലും കാര്യമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല. മദ്യപാനം മൂലം ദുരിതം അനുഭവിക്കുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. ചാരായ നിരോധനം ഫലപ്രദമാകണമെങ്കിൽ ബോധവൽക്കരണം അത്യാവശ്യമാണ്. സ്ത്രീധനത്തിന്റെ പേരിൽ പീഡനം അനുഭവിക്കുന്നവർ ഇല്ലെന്നുതന്നെ പറയാം. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ കൂടുതലായി പ്രത്യക്ഷപ്പെടുന്നുണ്ട്.

## പ്രശ്നങ്ങൾ;-

1. സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ കുറവാണ്.
2. ദാരിദ്ര നിർമാർജ്ജന പരിപാടികളിൽ സ്ത്രീകളോടുള്ള അവഗണന തുടരുന്നു.
3. പൊതുരംഗത്ത് സ്ത്രീകളെ കാണുന്നില്ല.
4. സ്ത്രീകൾക്ക് വേണ്ടി ജോലിസ്ഥലങ്ങളിലും, പൊതു സ്ഥലങ്ങളിലും മൂത്രപ്പുര, കക്കൂസ് എന്നിവ ഇല്ല.
5. വനിതാ സഹകരണ സംഘങ്ങൾ വ്യാപകമാക്കുന്നില്ല.

6. സ്ത്രീകൾക്ക് നേതൃത്വ പരിശീലനം ലഭിക്കുന്നില്ല.

7. അംഗൻവാടികളുടെ ഇന്നത്തെ അവസ്ഥ ശോചനീയമാണ്, പ്രാഥമിക സൗകര്യങ്ങൾ ഇല്ല, അവിടുത്തെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ തീരെ അപര്യാപ്തമാണ്.

8. മഹിളാ സമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

9. മാധ്യമങ്ങൾ സ്ത്രീകളെ ഉപഭോഗ വസ്തുവായി മാറ്റുന്ന പ്രവർത്തനം വർദ്ധിക്കുന്നു.

10. പ്രാചീന രീതിയിലുള്ള അടുപ്പുകൾ സ്ത്രീകളുടെ ആരോഗ്യത്തെ ബാധിക്കുന്നു.

11. സ്ത്രീകൾക്കായുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ നിലവിലില്ല.

12. പല തൊഴിൽ മേഖലകളിലും സ്ത്രീകളുടെ കൂലി പുരുഷൻമാരുടേതിനെക്കാൾ കുറവാണ്.

13. സ്ത്രീകളുടെ ഇടയിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലവിലുണ്ട്, ശാസ്ത്ര ബോധം കുറവാണ്.

14. വളരെ കുറച്ച് സ്ത്രീകൾ മാത്രമെ വായന ശാലയും ഗ്രന്ഥശാലയും ഉപയോഗിക്കുന്നുള്ളു.

## പരിഹാര നിർദ്ദേശങ്ങൾ.

1) സ്വയം തൊഴിൽ സംരംഭങ്ങളെക്കുറിച്ച് സ്ത്രീകൾക്ക് അറിവ് പകരുക.

2) പൊതു സ്ഥലങ്ങളിലും,തൊഴിൽ സ്ഥാപനങ്ങളിലും സ്ത്രീകൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

3) തുല്യ ജോലിക്ക് തുല്യവേതനം എന്ന തത്വം പ്രാവർത്തികമാക്കുക.

4) സ്ത്രീകൾക്ക് പ്രത്യേകമായി വ്യായാമമന്ദിരങ്ങൾ സ്ഥാപിക്കുക.

5) അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണം.

# 5.10 സഹകരണം

നമ്മുടെ ഗ്രാമത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രം ആരംഭിക്കുന്നത് 1940കളിലാണ്. രണ്ടാം ലോക മഹായുദ്ധത്തെ തുടർന്നുണ്ടായ രൂക്ഷമായ ഭക്ഷ്യക്ഷാമവും അവശ്യവസ്തുക്കളുടെ ദൗർലഭ്യവും പരിഹരിക്കുന്നതിനുവേണ്ടി രൂപംകൊണ്ട പി.സി.സി.കളുടെ പ്രവർത്തനമാണ് ഈ രംഗത്തെ ആദ്യ ചുവടുവെയ്പ്. ഉപഭോഗവസ്തുക്കളുടെ സംഭരണവും വിതരണവും നടത്തുന്നതിനു വേണ്ടി ഉപഭോക്താക്കളെയും ഉല്പാദകരേയും സംഘടിപ്പിച്ചുകൊണ്ട് , ചേലോറ, വലിയന്നൂർ വില്ലേജുകളടക്കം പ്രവർത്തന പരിധിയായി രൂപംകൊണ്ട ചൊവ്വ പി.സി..സി.യാണ് പിന്നീട് ചൊവ്വ കോ.ഓപ്പ്:റൂറൽ ബേങ്കായി രൂപാന്തരപ്പെട്ടത്.

1946ൽ ചേലോറ വില്ലേജ് പരിധിയായി പ്രവർത്തനമാരംഭിച്ച കാപ്പാട് ഐക്യനാണയ സംഘം, കാപ്പാട് സർവ്വീസ് സഹകരണ സൊസൈററിയായും, പിന്നീട് ഇന്നത്തെ രൂപത്തിലുള്ള കാപ്പാട് സർവ്വീസ് സഹകരണ ബേങ്കായും വളർന്നുവന്നു. ഏതാണ്ട് ഇതേ കാലയളവിൽ തന്നെ വലിയന്നൂർ വില്ലേജിലും ഒരു ഐക്യനാണയ സംഘം സഹകരണ മേഖലയിൽ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിരുന്നുവെങ്കിലും പ്രവർത്തനം നിശ്ചയമായതിനെ തുടർന്ന് പിരിച്ചുവിടുകയാണുണ്ടായത്. ലിക്വിഡേഷന്റെ വക്കിലെത്തിനിന്നിരുന്ന പ്രസ്തുത സ്ഥാപനത്തിലെ അംഗങ്ങളെ അതിന്റെ എല്ലാ ബാദ്ധ്യതകളോടും കൂടി കാപ്പാട് സർവ്വീസ് സഹകരണ ബേങ്ക് സൊസൈററിയുമായി അഫിലിയേററ് ചെയ്ത് പഞ്ചായത്തിൽ പൊതുവായി ഒരു വായ്പാ സഹകരണ സൊസൈററിയായി പ്രവർത്തിക്കുന്നതിനുള്ള നിർദ്ദേശം വകുപ്പിൽ നിന്ന് ഉണ്ടായെങ്കിലും കാപ്പാട് സർവ്വീസ് സഹകരണ സംഘം ജനറൽ ബോഡി പ്രസ്തുത നിർദ്ദേശം നിരാകരിക്കുകയാണ് ഉണ്ടായത്. ഈ സാഹചര്യത്തിൽ വലിയന്നൂർ ഐക്യ നാണയ സംഘം പിരിച്ചുവിടുകയും, ശ്രീ.ഒ.വി. ഉത്തമന്റെ നേതൃത്വത്തിൽ 1975ൽ വലിയന്നൂർ സർവ്വീസ് സൊസൈററിയായി രൂപീകൃതമാവുകയുമാണുണ്ടായത്. പ്രസ്തുത സൊസൈററി ദ്രുതഗതിയിൽ വളരുകയും, ഇന്നത്തെ വലിയന്നൂർ സഹകരണ ബേങ്കാവുകയും ചെയ്തു.

കേരള സഹകരണ നിയമം നടപ്പിലായതോടുകൂടി വായ്പേതര മേഖലകളിൽ സഹകര സംഘങ്ങൾ ഉയർന്നു വരാൻ തുടങ്ങി. വായ്പാ മേഖലയിൽ പ്രവർത്തിക്കുന്ന കാപ്പാട് സർവ്വീസ് സഹകരണ ബേങ്ക് വലിയന്നൂർ സർവ്വീസ് സഹകരണബേങ്ക്, ചൊവ്വ കോ-ഓപ്പ്: ഹൗസിംഗ് സൊസൈററി എന്നിവയുൾപ്പെടെ നമ്മുടെ പഞ്ചായത്തതിർത്തിയിൽ പന്ത്രണ്ട് സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. സാമുദായിക അടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ട എണ്ണയുൽപ്പാദന സഹകരണ സംഘങ്ങളായിരുന്ന ചേലോറ, വലിയന്നൂർ എണ്ണയാട്ട് സഹകരണ സംഘങ്ങൾ ഇപ്പോൾ ലിക്വിഡേഷനിലാണ്. സഹകരണ മേഖലയുടെ അനന്തമായ സാധ്യതകളെ വിനിയോഗിച്ച് വിവിധ മേഖലകളിൽ സഹകരണ പ്രസ്ഥാനത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ ഇനിയും സാധിച്ചിട്ടില്ല. കാർഷിക-വ്യാവസായിക മേഖലകളിൽ സഹകരണ പ്രസ്ഥാനത്തിന്റെ പ്രവർത്തനം വ്യാപിപ്പിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ തയ്യാറെടുപ്പുകൾ നടന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ ഗ്രാമത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ച പരിശോധനയും വിലയിരുത്തലും അത്യാവശ്യമാണെന്ന് കാണാം. സഹകരണ സ്ഥാപനങ്ങളെ സംബന്ധിച്ച പൊതു വിവരം ചുവടെ ചേർത്ത പട്ടികയിൽ വിവരിക്കുന്നു.

| | സ്ഥാപനത്തിന്റെ പേര് | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം | പ്രവർത്തന മൂലധനം | നിക്ഷേപം | വായ്പ |
|---|---|---|---|---|---|---|---|
| 1. | വലിയന്നൂർ സർവ്വീസ് സഹകരണ ബേങ്ക് | 1,975 | 4,500 | 7,62,620 | 1,86,00,00 | 1,78,35,000 | 1,62,33,950 |
| 2. | കാപ്പാട് സർവ്വീസ് സഹകരണ ബേങ്ക് | 1946 | 4,720 | 4,52,960 | 92,00,000 | 73,26,083 | 73,01,559 |
| 3. | വലിയന്നൂർ ബീഡിതൊഴിലാളി വ്യവസായ സഹകരണ സംഘം | 1969 | 2,950 | 4,26,428 | | സർവ്വീസ് ടൈപ്പ് | |
| 4. | ചേലോറ പഞ്ചായത്ത് കോ.ഓപ്പ്:കൺസ്യൂമർ സ്ററോർ | 1982 | 575 | 1,64,00 | - | 32,795 | |
| 5. | എടക്കാട് ബ്ലോക്ക് ലതർ വർക്സ് ഇൻഡസ്ട്രിയൽ കോ.ഓപ്പ്:സൊസൈററി | 1988 | 100 | 11,300 | | | |
| 6. | ചൊവ്വ കോ.ഓപ്പ്: റൂറൽ ബേങ്ക് വാരം യൂനിററ് (ചേലോറ പഞ്ചായത്ത് പരിധി) | 1978 | 7500 | ...... | | 2,58,83,840 | 1,46,58,182 |
| 7. | ചേലോറ ക്ഷീരവ്യവസായ സഹകരണസംഘം | 1972 | 972 | 2,720 | | | |
| 8. | വലിയന്നൂർ ക്ഷീരവ്യവസായ സഹകരണസംഘം | 1972 | 222 | 3,285 | | | |
| 9. | ചേലോറ കോ.ഓപ്പ്: റൂറൽ ഹൗസിംഗ് സൊസൈററി | | | | | | |

സഹകരണ സ്ഥാപനങ്ങളെ പൊതുവെ മൂന്നായി തരംതിരിക്കാം.

1. വായ്പാസംഘങ്ങൾ
2. വ്യവസായ സംഘങ്ങൾ
3. സേവന സംഘങ്ങൾ

## വായ്പാ സംഘങ്ങൾ:

### 1. കാപ്പാട് സർവ്വീസ് സഹകരണ ബേങ്ക്:

1946ൽ ഐക്യനാണയ സംഘമായി പ്രവർത്തനമാരംഭിച്ചു. 1968ൽ സർവ്വീസ് സഹകരണ സൊസൈററിയും 1981ൽ കാപ്പാട് സർവ്വീസ് ബേങ്കായും മാറി. 1996 ആകുമ്പോഴേക്കും 4,720 അംഗങ്ങളും 4,52,900രൂ പിരിഞ്ഞുകിട്ടിയ മൂലധനവുമായി പ്രസ്തുത സ്ഥാപനം വളർന്നു. അംഗസംഖ്യയിലും, ഓഹരി മൂലധനത്തിലുമുണ്ടായ വർദ്ധനവിന് ആനുപാതികമായി വളർച്ചപ്രാപിക്കുവാൻ പ്രസ്തുത സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. സഹകരണ നിയമം അനുശാസിക്കുന്ന രീതിയിൽ അംഗത്വം ലഭിക്കാൻ അർഹതയുള്ള, ചേലോറ വില്ലേജിലെ 40ശതമാനം ജനങ്ങളെ അംഗങ്ങളായി ഉൾക്കൊള്ളാൻബാങ്കിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ നിക്ഷേപ സമാഹരണത്തിനും, വായ്പാ വിതരണത്തിലും കാണിക്കുന്ന അലസതയും കാലഘട്ടത്തിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ ഉതകുന്ന രൂപത്തിലുള്ള പുതിയ പദ്ധതികൾക്ക് രൂപംകൊടുക്കുന്നതിനുള്ള ഭാവനക്കുറവും ബേങ്കിന്റെ ത്വരിതഗതിയിലുള്ള വളർച്ചയ്ക്ക് തടസ്സമായിട്ടുണ്ട്. കാർഷിക വ്യാവസായിക മേഖലകളിൽ വായ്പ നൽകുന്ന കാര്യത്തിൽ ബേങ്ക് വളരെ പിറകിലാണ്. വായ്പകളിൽ ഭൂരിഭാഗവും സ്വർണ്ണപണ്ടം പണയത്തിന്മേലാണ്. വായ്പകൾ തിരിച്ച് ഈടാക്കുന്നതിൽ കാണിക്കുന്ന അലസത ജില്ലാ ബേങ്കിൽ നിന്ന് കാലാകാലങ്ങളിൽ അനുവദിക്കുന്ന വായ്പയുടെ തോതിനെ സാരമായി ബാധിക്കുന്നുണ്ട്. ബേങ്കിന്റെ കീഴിൽ രണ്ട് പൊതു വിതരണ കേന്ദ്രങ്ങളും, രണ്ട് കൺസ്യൂമർസ്റേറാറുകളും ഒരു വളം ഡിപ്പോയും പ്രവർത്തിക്കുന്നു. എന്നാൽ ഇവയുടെ പ്രവർത്തനവും തൃപ്തികരമല്ല. അടുത്തകാലത്തായി ഈ അവസ്ഥയ്ക്ക് പ്രകടമായ മാററം കണ്ടുതുടങ്ങിയിട്ടുണ്ട്.

### 2. വലിയന്നൂർ സർവ്വീസ് സഹകരണ ബേങ്ക്:

നേരത്തെയുണ്ടായിരുന്ന ഐക്യനാണയ സംഘത്തിന്റെ പ്രവർത്തനം നിലച്ചുപോയ ഘട്ടത്തിൽ അത് ലിക്വിഡേററു ചെയ്യുകയും, അതിലെ മെമ്പർമാരെ പുനഃസംഘടിപ്പിച്ച് 1975ൽ വലിയന്നൂർ സർവ്വീസ് സഹകരണ സൊസൈററി രൂപീകരിക്കുകയും ചെയ്തു. 1982ൽ സർവ്വീസ് സഹകരണ ബേങ്കായി ഉയർത്തപ്പെട്ടു. 1996 ആവുമ്പോഴേക്കും 4,500 അംഗങ്ങളും 7,42,620രൂ. പിരിഞ്ഞുകിട്ടിയ മൂലധനവുമായി വളർന്നു. വില്ലേജിലെ അംഗത്വം ലഭിക്കാൻ അർഹതയുള്ളവരുടെ 35ശതമാനത്തെ ഉൾക്കൊള്ളാൻ ബേങ്കിന് കഴിഞ്ഞിട്ടുണ്ട്. നിക്ഷേപ സമാഹരണത്തിലും വായ്പാ വിതരണത്തിലും ക്രമാനുഗതമായ വളർച്ച ഉണ്ട്. 1995-96ലെ കണക്കനുസിച്ച് നിക്ഷേപമായി 1,78,35,000രൂ സമാഹരിച്ചിട്ടുണ്ട്. അതേ വർഷം 1,62,34,000രൂ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. വായ്പയിൽ നല്ലൊരു പങ്ക് കാർഷിക മേഖലയിലാണ്. വാരം ബസാറിൽ സായാഹ്ന ശാഖ പ്രവർത്തിച്ചുവരുന്നു.

**3. ചേലോറ റൂറൽ കോ.ഓപ്പ്: ഹൗസിംഗ് സൊസൈററി:**

എടക്കാട് ബ്ലോക്ക് പ്രവർത്തന പരിധിയായി ചേലോറ പഞ്ചായത്തിലെ തിലാന്നൂർ ആസ്ഥാനമായി പ്രവർത്തിച്ചു വരുന്നു. അംഗങ്ങൾക്ക് ഭവനനിർമ്മാണത്തിന് വായ്പകൾ നൽകി വരുന്ന സ്ഥാപനമാണ്. ജനങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായി വായ്പ നൽകുവാൻകഴിഞ്ഞിട്ടില്ല. (സംഘം പ്രവർത്തനം സംബന്ധിച്ച് മററു വിവരങ്ങൾ ലഭിച്ചിട്ടില്ല.)

## വ്യവസായ സംഘങ്ങൾ:

**1. വലിയന്നൂർ പ്രൈമറി ബീഡിതൊഴിലാളി വ്യവസായ സഹകരണ സംഘം (കേരളാ ദിനേശ് ബീഡി)**

കണ്ണൂർ ജില്ലയിൽ പ്രവർത്തിച്ചിരുന്ന പ്രമുഖ ബീഡിവ്യവസായ സ്ഥാപനങ്ങളായിരുന്ന ഗണേശ്,ദർബാർ, ഭാരത് എന്നീ ബീഡിക്കമ്പനികൾ 1967ൽ കേരള ഗവ: നടപ്പിലാക്കിയ ബീഡി സിഗാർ നിയമത്തിലെ വ്യവസ്ഥകളും, തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങളും നടപ്പിലാക്കാതെ, 12000 ഓളം വരുന്ന തൊഴിലാളികളെ വഴിയാധാരമാക്കിക്കൊണ്ട് കമ്പനികൾ അടച്ചുപൂട്ടി. തൊഴിൽ രഹിതരായ ബീഡിതൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി 1969ൽ കണ്ണൂർ ജില്ല കേന്ദ്രമാക്കി ഒരു കേന്ദ്ര സംഘവും 22 പ്രാഥമിക സംഘങ്ങളും രൂപീകരിച്ചു. കേരള ഗവൺമെന്റിന്റെ മുൻകൈയോടു കൂടി തൊഴിലാളികളിൽ നിന്ന് നാമമാത്രമായ ഓഹരിമൂലധനം പിരിച്ചെടുത്ത് രൂപീകൃതമായ പ്രസ്തുത സംഘങ്ങളിലൊന്നാണ് വലിയന്നൂർ ബീഡിതൊഴിലാളി വ്യവസായ സഹകരണ സംഘം. 27 വർഷക്കാലത്തെ ക്രമാനുഗതമായവളർച്ചയിലൂടെ ബീഡി തൊഴിലാളി മേഖലയിലെ പ്രമുഖമായ സ്ഥാപനമായിവളർന്നുവരാൻ ഈ സംഘത്തിന് കഴിഞ്ഞിട്ടുണ്ട്. സഹകരണ മേഖലയിൽ ഏററവും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സ്ഥാപനമാണിത്. എളയാവൂർ, ചേലോറ, മുണ്ടേരി, അഞ്ചരക്കണ്ടി,എന്നീ പഞ്ചായത്തുകൾ പ്രവർത്തനപരിധിയായുള്ള പ്രസ്തുത സംഘത്തിന്റെ അഞ്ചു പണിപ്പുരകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. ഇവയിൽ മൊത്തം 468 തൊഴിലാളികൾ ഇപ്പോൾ ജോലി ചെയ്യുന്നു. തൊഴിൽ സ്ഥിരതയും, മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകളും നേടിയെടുക്കുന്നതിന് ബീഡിതൊഴിലാളികളെ സാഹായിച്ച പ്രമുഖ സ്ഥാപനമാണിത്. 23 യൂണിററുകളിലായി ഏതാണ്ട്2,500ഓളം തൊഴിലാളികൾ ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു.

**2. എടക്കാട് ബ്ലോക്ക് ലതർ വർക്കേർസ് കോ.ഓപ്പ്: ഇൻഡസ്ട്രിയൽ സൊസൈററി:(ELCO)**

1988ൽ തുകലുല്പന്നങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് രൂപീകരിച്ച സ്ഥാപനമാണിത്. നിലവിൽ 100 അംഗങ്ങളും 11,300രൂ ഓഹരി മൂലധനവുമുണ്ട്. വലിയന്നൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ ഇപ്പോൾ 2 തൊഴിലാളികൾ ഉണ്ട്. വളരെയേറെ വികസന സാധ്യതയുള്ള ഒരു സ്ഥാപനമാണിത്.

**3. ചേലോറ ക്ഷീര വ്യവസായ സഹകരണ സംഘം:**

താരതമ്യേന മെച്ചപ്പെട്ട പ്രവർത്തനംനടത്തുന്നു. 282 അംഗങ്ങൾ ഉണ്ട് . പ്രതിദിനം 500 ലിററിലധികം പാൽ 5 കേന്ദ്രങ്ങളിൽ നിന്നായി വിതരണം ചെയ്യുന്നു. മുഴുവൻ

ക്ഷീരോല്പാദകരെയും സംഘത്തിൽ ചേർക്കാൻ സാധിച്ചിട്ടില്ല.

**4. വലിയന്നൂർ ക്ഷീര വ്യവസായ സഹകരണ സംഘം:**

നാമമാത്രമായ പ്രവർത്തനമേ ഉള്ളൂ. 252 അംഗങ്ങൾ ഉണ്ടെങ്കിലും ശരാശരി 100 ലിററർ പാൽ മാത്രമേ ഒരു ദിവസം സംഭരിച്ച് വിതരണം ചെയ്യുന്നുള്ളൂ. പാലിന്റെ ആവശ്യവും, ക്ഷീരോല്പാദകരുടെ എണ്ണവും പരിശോധിച്ചാൽ ഈ സംഘത്തിന്റെ പ്രവർത്തനം ശോചനീയമാണ്.

**5. ചേലോറ പഞ്ചായത്ത് കോ.ഓപ്പ്: കൺസ്യൂമർ സ്റേറാർ:-**

സേവന മേഖലയിൽ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഒരു പ്രമുഖ സ്ഥാപനമാണിത്. 1982ൽ രൂപീകരിച്ച പ്രസ്തുത സംഘത്തിൽ 575 അംഗങ്ങൾ ഉണ്ട്. 1,64,000രൂപ ഓഹരി മൂലധനമായി ഉണ്ട്. ഇതിൽ നല്ലൊരു പങ്ക് സർക്കാർ ഓഹരിയാണ്. എല്ലാ പ്രദേശങ്ങളിലും വില്പന കേന്ദ്രങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. സ്വകാര്യമേഖലയുമായി കടുത്ത മത്സരത്തിൽ ഏർപ്പെട്ടുകൊണ്ടു മാത്രമേ ഈ സ്ഥാപനത്തിന് മുന്നോട്ടു പോകാൻ സാധിക്കുന്നുള്ളൂ.

രണ്ടുവില്ലേജുകളിലും പ്രവർത്തിച്ചിരുന്ന രണ്ട് എണ്ണയാട്ട് സഹകരണ സംഘങ്ങൾ ലിക്വിഡേഷൻ നടപടികളെ അഭിമുഖീകരിക്കുകയാണെന്ന് നേരത്തെ ചൂണ്ടിക്കാണിച്ചുവല്ലൊ. കാർഷിക മേഖലയായ നമ്മുടെ പഞ്ചായത്തിൽ ഏററവും കൂടുതൽ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നം നാളികേരമാണ്. നാളികേരത്തിന്റെ സംഭരണവും, അത് ഉപയോഗിച്ചുകൊണ്ടുള്ള വിവിധ തരം ഉല്പന്നങ്ങളുടെ നിർമ്മാണവും അടിസ്ഥാനമാക്കി കേരകർഷകരുടെ ആകെ സംഘമാക്കി പ്രസ്തുത സംഘങ്ങളെ മാററാൻ സാധിക്കുമോ എന്ന് പരിശോധിക്കേണ്ടതുണ്ട്.

സെറികൾച്ചർ ഡവലപ്പ്മെന്റ് പ്രോജക്ടിന്റെ ആഭിമുഖ്യത്തിൽ പട്ടുനൂൽ പുഴുക്കളെ വളർത്തുന്നതിന് താല്പര്യമുള്ള കൃഷിക്കാരെ സംഘടിപ്പിച്ച് രണ്ട് സഹകരണ സംഘങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ചു എങ്കിലും കൊക്കൂണുകളുടെ വില്പനക്കും, സംസ്കരണത്തിനുമുള്ള സംവിധാനത്തിന്റെ അപര്യാപ്തതയും, സംസ്ഥാന ഗവൺമെന്റിന്റെ ഈ രംഗത്തെ ശുഷ്കാന്തി കുറവും കാരണം ഈ സംഘങ്ങൾ ഇന്ന് നിശ്ചലാവസ്ഥയിലാണ്.

ഇതിനു പുറമെ സ്ക്കൂളുകൾ കേന്ദ്രമായി വിദ്യാർത്ഥികൾക്കാവശ്യമായ പഠനോപകരണങ്ങൾ ന്യായമായ വിലക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി ചേലോറ ഗവ: ഹൈസ്ക്കൂൾ കേന്ദ്രമായും, തിലാന്നൂർ യു.പി.സ്ക്കൂൾ കേന്ദ്രമായും രണ്ട് ഗ്രൂപ്പ് സൊസൈററികൾ പ്രവർത്തിച്ചുവരുന്നു. സാധ്യതകൾക്കനുസൃതമായ പ്രവർത്തനം ഈ സംഘങ്ങൾ നടത്തുന്നില്ല.

സഹകരണ നിയമത്തിന് വിധേയമല്ലെങ്കിലും കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ചാരിററബിൾ സൊസൈററീസ് ആക്ട് അനുസിച്ച് റജിസ്ററർ ചെയ്ത പാടശേഖര സമിതികളും കേരവികസന സമിതികളും പ്രവർത്തിക്കുന്നു. മഹിളാ സമാജങ്ങളുടെ നേതൃത്വത്തിൽ റജിസ്ററർ ചെയ്ത രണ്ട് ഡി.ഡബ്ലു.സി.ആർ.എ. യൂണിററുകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സഹകരണ രംഗം ഇന്ന് നേരിടുന്ന പ്രശ്നങ്ങളും പരിഹാരമാ

ർഗ്ഗങ്ങളും ഗ്രാമസഭകളിൽ സജീവമായി ചർച്ച ചെയ്യപ്പെടുകയുണ്ടായി. കാര്യമാ( പ്രസക്തമായ പ്രശ്നങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

## പ്രശ്നങ്ങൾ

1. കാർഷിക, വ്യാവസായിക മേഖലകളിൽ സഹകരണ സംഘങ്ങളുടെ സാധ്യതകൾ ർണ്ണമായും പ്രയോജനപ്പെടുത്തിയില്ല.
2. നിലവിലുള്ള സംഘങ്ങളിൽ മിക്കതിലും മാനേജ്മെന്റിന്റെ കാര്യക്ഷമതയില്ലായ്മ പ്രകട ണ്.
3. വായ്പാ സംഘങ്ങൾ മാത്രമേ പൊതുവെ നന്നായി പ്രവർത്തിക്കുന്നുള്ളൂ.
4. സഹകാരികളിലും ജീവനക്കാരിലും സഹകരണ വിദ്യാഭ്യാസത്തിന്റെ പോരായ്മ നില ൽക്കുന്നു.
5. പുതിയ മേഖലകളിലേക്ക് കടന്നു ചെല്ലുന്നതിലുള്ള അറച്ചു നില്പ്.
6. സഹകരണ നിയമത്തിലും ചട്ടത്തിലും ഉള്ള കാലോചിതമായ പരിഷ്കരണത്തിന്റെ അ വം.
7. സംഘം രൂപീകരണത്തിലും, പ്രവർത്തനങ്ങളിലും ഉള്ള രാഷ്ട്രീയ അതിപ്രസരം.
8. വായ്പേതര സംഘങ്ങളിൽ പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയും, വിപണിയു ലഭ്യതക്കുറവും.

## സാധ്യതകളും നിർദ്ദേശങ്ങളും

1. അർഹതയുള്ള മുഴുവനുള്ളുകളേയും പ്രാഥമിക സഹകരണ സംഘങ്ങളിൽ അംഗങ്ങ ക്കുക.
2. കേരകർഷകരെ സംഘടിപ്പിച്ചുകൊണ്ട് കേരോല്പന്നങ്ങളുടെ സംഭരണവും അവ അ സ്ഥാനമാക്കിയുള്ള വിവിധ ഉല്പന്നങ്ങളുടെ നിർമ്മാണവും വിപണനവും കൈകാര ചെയ്യാനുതകുന്ന സഹകരണ സംഘങ്ങളുടെ സാധ്യത പരിശോധിക്കപ്പെടണം.
3. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത അനുഭവപ്പെടുന്ന വായ്പേതര സംഘങ്ങൾ ഗവ: ഓഹരി വർദ്ധിപ്പിച്ച് കൊടുക്കുകയും, വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ ന്നോ സർക്കാറിൽ നിന്ന് നേരിട്ടോ വായ്പകൾ ലഭ്യമാക്കുകയും ചെയ്താൽ പ്രസ്തുത സ പനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താം.
4. സഹകരണ പരിശീലന കേന്ദ്രങ്ങളുടെ സഹായത്തോടുകൂടി സഹകാരികളുടേയും വനക്കാരുടെയും കാര്യക്ഷമത വർദ്ധിപ്പിക്കാനാവശ്യമായ പരിശീലനത്തിനും, പുനഃ ശീലനത്തിനുമുള്ള സംവിധാനമുണ്ടാക്കുക.
5. വ്യാവസായിക സഹകരണ സംഘങ്ങളിലെ തൊഴിലാളികളെ ആധുനിക വൽക്കരണ ന്റെ ആവശ്യകത ബോധ്യപ്പെടുത്തി അവർക്ക് വിദഗ്ദ്ധ തൊഴിൽ പരിശീലനം നൽകു
6. കശുവണ്ടി, കശുമാങ്ങ തുടങ്ങിയവയുടെ സംസ്കരണവുമായി ബന്ധപ്പെട്ട് സഹകര

സംഘങ്ങൾ രൂപീകരിക്കുക.

7. പുസ്തകനിർമ്മാണവുമായി ബന്ധപ്പെട്ട സഹകരണ സംഘങ്ങളുടെ സാധ്യത പരിശോധിക്കുക.

8. ആട്, കോഴി, പന്നി, മുയൽ തുടങ്ങിയവയുടെ ഫാമുകൾ സഹകരണാടിസ്ഥാനത്തിൽ രൂപീകരിച്ച് പ്രവർത്തിക്കാനുള്ള സാധ്യത പരിശോധിക്കുക.

9. വ്യവസായങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി എല്ലാ വാർഡുകളിലും സംഭരണ വിതരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക, മുഴുവൻ ക്ഷീരോല്പാദകരെയും സംഘത്തിന്റെ പരിധിയിൽ കൊണ്ടുവരിക.

10. ഭക്ഷ്യ വസ്തുക്കളുടെ സംസ്കരണവും വിപണനവും, വസ്ത്ര നിർമ്മാണ വിപണനവും നടത്താൻ പററുന്ന വനിത സഹകരണ സംഘങ്ങൾ രൂപീകരിക്കുയും അത്തരം പ്രൈമറി സംഘങ്ങൾക്ക് ബ്ലോക്ക് തലത്തിലോ ജില്ലാ തലത്തിലോ കേന്ദ്ര സംഘങ്ങൾ രൂപീകരിച്ച് അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും, ഉല്പന്നങ്ങളുടെ വിപണനവും, ഉറപ്പുവരുത്തുകയും ചെയ്യുക.

11. കെട്ടിട നിർമ്മാണ തൊഴിലാളികളെ സംഘടിപ്പിച്ച് ലേബർകോൺട്രാക്ട് സൊസൈററികൾ രൂപീകരിക്കുക. പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉല്പാദനവും ഏറെറടുത്ത് നടത്താവുന്നതാണ്.

12. എൻ.ആർ.ഇ. എക്കൗണ്ടുകൾ സഹകരണബേങ്കുകൾക്ക് കൈകാര്യം ചെയ്യുന്നതിനുള്ള അധികാരം ലഭിക്കുന്നതിന് റിസർവ്വ് ബേങ്കിലും, കേന്ദ്രസർക്കാറിലും സമ്മർദ്ദം ചെലുത്താൻ ഗ്രാമപഞ്ചായത്തുകൾ മുൻകൈ എടുക്കണം.

*''രാമരാജ്യം എന്നതിന്റെ അർത്ഥം ഏററവും ചുരുങ്ങിയ ഭരണവ്യവസ്ഥ എന്നാകുന്നു. അതിൽ ജനങ്ങൾ തങ്ങളുടെ മിക്ക പ്രവൃത്തികളും പരസ്പരം സഹകരിച്ചുകൊണ്ട് സ്വയം ചെയ്തുതീർക്കുന്നതാണ്''.*

*- ഗാന്ധിജി*

രാജ്യത്തിലെ ഏറ്റവും ഉയർന്നവരോട് തുല്യമായ സ്ഥാനം
ഹരിജനങ്ങൾക്ക് ലഭിക്കുന്നത് വരെ
ഇന്ത്യയുടെ സ്വാതന്ത്ര്യം അപൂർണ്ണമായിരിക്കം.

-ഗാന്ധിജി-

## 5-11 പട്ടിക ജാതി പട്ടികവർഗ്ഗക്ഷേമം

നൂറ്റാണ്ടുകളായി സാമ്പത്തികമായും സാമൂഹ്യമായും അവശത അനുഭവിച്ചിരുന്ന പട്ടിക ജാതിവിഭാഗത്തിൽ പെട്ട വിവിധസമുദായങ്ങളിലുള്ള കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ വലിയന്നൂർ വില്ലേജിലാണ് കൂടുതൽ കേന്ദ്രീകരിച്ചിരിക്കുന്നത്. ചേലോറ വില്ലേജിൽ താരതമ്യേന ഇവരുടെ ആവാസ കേന്ദ്രങ്ങൾ കുറവായിരുന്നു. എന്നാൽ എല്ലാ കരകളിലും ഒറ്റപ്പെട്ട പട്ടികജാതി കുടുംബങ്ങൾ ഉണ്ടായിരുന്നു. കാർഷിക തൊഴിലാളികളായ് ജന്മിമാരുടെ അടിയാളൻ മാരായി പണിയെടുത്തിരുന്ന സമുദായക്കാരാണ് വലിയന്നൂർ വില്ലേജിലെ പള്ളിപ്രം മേഖല കേന്ദ്രീകരിച്ച് താമസിച്ചിരുന്നത്. എന്നാൽ പാരമ്പര്യകുലത്തൊഴിലുമായി ബന്ധപ്പെട്ട്, തെയ്യം, തിറ, തയ്യൽ, മന്ത്രവാദം തുടങ്ങിയ തൊഴിലുകളിൽ ഏർപ്പെട്ട് ജീവിച്ചിരുന്ന ഒറ്റപ്പെട്ട കുടുംബങ്ങൾ ചേലോറ വില്ലേജിലും വലിയന്നൂർ വില്ലേജിലും ഓരോ കരയിൽ ഒന്ന്വീതം കൂട്ടുകുടുംബമായി ജീവിച്ചിരുന്നു.

ഭൂപരിഷ്കരണ നടപടികൾ, പുരോഗമന രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ വളർച്ച, വിവധ സാമൂഹ്യസംഘടനകളുടെ പ്രവർത്തനം എന്നിവ വഴി പട്ടികജാതി വിഭാഗങ്ങളുടെ സാമ്പത്തികവും സാമുഹ്യവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥക്ക് വമ്പിച്ച മാറ്റം ഉണ്ടായിട്ടുണ്ട്.

പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ ജനസംഖ്യ 1991 സെൻസസ് പ്രകാരം 1575 ആണ്. അതിൽ 778 പുരുഷൻമാരും 797 സ്ത്രീകളും ഉൾപ്പെടുന്നു. 91 ലെ ജനസംഖ്യയുടെ 5% വരുന്നതാണ് ഈസംഖ്യ. നമ്മുടെ പഞ്ചായത്തിൽ അംഗീകൃത പട്ടികജാതി കോളനികൾ അഞ്ച് എണ്ണമുണ്ട്. വാരം ലക്ഷം വീട്, വാരം ശ്രീ കുറുംമ്പക്കാവ് കോളനി, പള്ളിപ്രം ഹരിജൻ കോളനി, മേനോൻപറമ്പ് കോളനി, വാരം തക്കാളിപീടിക(അംബേദ്ക്കർകോളനി). എന്നാൽ നാലാം വാർഡിലെ വലിയകുണ്ട് നാല് സെന്റ് കോളനി, ചേലോറ നാല് സെന്റ് കോളനി, ഒൻപതാം വാർഡ് പട്ടികജാതി ക്കോളനി (നിർമ്മിതി), പള്ളിപ്രം സെറ്റിൽമെന്റ് കോളനി എന്നിവയും പട്ടിക ജാതി ക്കോളനികളാണ്. ഈവിഭാഗത്തിൽ ഏതാണ്ട് 375 കുടുംബങ്ങൾ കാണും. മേൽപറഞ്ഞ കോളനികളിൽ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നുണ്ട്. കിണറുകൾ ആവശ്യത്തിനില്ല. ഉള്ളവ തന്നെ വേനൽമദ്ധ്യത്തോടെ വറ്റിത്തുടങ്ങും. പള്ളിപ്രം കോളനിയിൽ വാട്ടർഅതോറിറ്റി

പൈപ്പുകൾ ഉണ്ടെങ്കിലും ആവശ്യത്തിന് വെള്ളം കിട്ടാറില്ല. പള്ളിപ്രം, വാരം ശ്രീ കുറുമ്പ, ശാസ്താംകോട്ടം, മേനോൻ പറമ്പ് എന്നിവിടങ്ങളിലേക്ക് പുതിയ പൈപ്പ്ലൈൻ ഇടുന്നജോലി നടന്ന് കൊണ്ടിരിക്കയാണ്. അംബേദ്ക്കർ കോളനിയിൽ സ്വന്തമായ ശുദ്ധജലവിതരണ സംവിധാനമുണ്ട്. ചേലോറ നാല് സെന്റ്,നിർമ്മിതി പട്ടിക ജാതി കോളനി,വലിയകുണ്ട് നാൽ സെന്റ് കോളനി എന്നിവിടങ്ങളിൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. ലമീപത്ത് കൂടി വൈദ്യുതി ലൈനുകൾ പോകുന്നുണ്ട്. 25% കുടുബങ്ങൾക്ക് കക്കൂസ് സൗകര്യമില്ല. ഈപഞ്ചായത്തിലെ പട്ടിക ജാതി വിഭാഗം ഉൾപ്പെടെയുള്ള ജനങ്ങൾക്കിടയിൽ ഉച്ചനിചത്വങ്ങളൊന്നുമില്ല. എല്ലാവിഭാഗം ജനങ്ങളും ഇടപഴകിക്കഴിയുന്നു. ഇവയിൽ ബഹുഭൂരിപക്ഷവും മുമ്പ് കർഷകത്തൊഴിലാളികളായിരുന്നു. ഇപ്പോൾ കൂടുതലും കെട്ടിടനിർമാണത്തൊഴിലുകളിലാണ് ഏർപ്പെട്ടിട്ടുള്ളത്. ഭൂരിഭാഗവും അന്നന്ന് അദ്ധ്വാനിച്ച് ഉപജീവനം കഴിക്കുന്നവരാണ്. സാമ്പത്തികമായി മുൻതൂക്കമുള്ളവർ ഇല്ലെന്നുതന്നെ പറയാം.കുടികിടപ്പ് പതിച്ച് കിട്ടിയവരും നാല് സെന്റ് കോളനികളിൽ കഴിയുന്നവരാണ് അധികവും. ഇവരിൽ കുടുംബവിഭജനം നടക്കുമ്പോൾ ഒരുവലിയ ഭാഗം ഭൂരഹിതരും ഭവനരഹിതരുമായി തീരുന്ന അവസ്ഥയാണുള്ളത്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾ പൊതുവെ വിദ്യാലയത്തിൽ പോകുന്നവരാണെങ്കിലും അപൂർവ്വം ചിലകോളനികളിൽ പതിവായി സ്കൂളിൽ പോകാത്ത അവസ്ഥയും ഉണ്ട്. വളരെ കാലത്ത് തന്നെ മുതിർന്നവർ ജോലിക്ക് പോകുന്നതിനാൽ കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിക്കാൻ കഴിയാത്തതും ആവശ്യകതാ ബോധത്തിന്റെ അഭാവവും ഇതിന് കാരണങ്ങളാണ്. വ്യവസായ തൊഴിലാളികൾ തീരെ കുറവാണ്. ഇവർക്കിടയിൽ ഒരു വലിയ വിഭാഗം വൃദ്ധജനങ്ങൾ നിരക്ഷരരാണ്. സാക്ഷരതാ പരിപാടിയോടനുബന്ധിച്ച് ഒരു നല്ല ശതമാനം അക്ഷരാഭ്യാസം നേടിയിട്ടുണ്ട്.

അൻപത് കുടുംബങ്ങളിലെങ്കിലും വാടകയ്ക്ക് കഴിയുന്നവരോ സ്വന്തം വീടില്ലാത്തവരോ ആണ്. രാഷ്ട്രീയപാർട്ടികളുടെയും ബഹുജനസംഘടനകളുടെയും നേതൃനിരയിൽ പ്രവർത്തിക്കുന്ന 14 പേർ ഈ പഞ്ചായത്തിലുണ്ട്. വിവാഹചടങ്ങുകളിലും മറ്റും എല്ലാ വിഭാഗം ആളുകളും പങ്കെടുക്കുന്നുണ്ട്. യാതൊരു തരത്തിലുള്ള വിവേചനവും നിലവിലില്ല.

പഞ്ചവൽസര പദ്ധതാകളിലൂടെ ലക്ഷക്കണക്കിന് രൂപ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിന് വേണ്ടി ചിലവഴിച്ചിട്ടുണ്ടെങ്കിലും ഉദ്ദേശിച്ച ഗുണഫലം ലഭിച്ചിട്ടില്ല. ഇതിനുള്ള പ്രധാന കാരണം പദ്ധതികളെല്ലാം കേന്ദ്രീകൃതമായിരുന്നു എന്നതാണ്. പ്രദേശങ്ങളുടെ പ്രത്യേകതകളോ ജനങ്ങളുടെ ജീവിത സമ്പ്രദായങ്ങളോ പരിഗണിച്ച് കൊണ്ടുള്ള വികേന്ദ്രീകൃത പദ്ധതികൾ നടപ്പിലാക്കപ്പെട്ടിട്ടില്ല.ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് ഈവിഭാഗത്തിന് വേണ്ടത്ര ധാരണഇല്ലായ്മ ഈനേട്ടം കൈവരിക്കാൻ കഴിയാത്തതിന് കാരണമായിട്ടുണ്ട്.

## ---പ്രശ്നങ്ങൾ---

അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത ഒരുപ്രധാന പ്രശ്നമാണ്. വെള്ളം, വെളിച്ചം, കക്കൂസ്, കുളിമുറികൾ, ഹൈസ്കൂൾതല വിദ്യാർത്ഥികൾക്ക് പഠനത്തിനുള്ള മേശ, കസേര മുതലായ ഉപകരണങ്ങൾ എന്നിവയില്ല.

വീടുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യാനുള്ള പദ്ധതിയില്ല.കോളനികളിൽ പൊതുവഴിഇല്ലാത്ത അവസ്ഥയുണ്ട്.

വിദ്യാഭ്യാസത്തിന് പൊതുവെ താത്പര്യമുണ്ടെങ്കിലും പ്രീ-ഡിഗ്രി കഴിയുന്നതോടെ പരാജയപ്പെട്ട് പഠിത്തം നിർത്തേണ്ട സ്ഥിതിയുണ്ട്.

വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ ലഭിക്കേണ്ട ജോലി വളരെ ദുർലഭമായെ നേടാൻ കഴിയുന്നുള്ളു.

അർഹമായ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിൽ തയസ്സങ്ങളുണ്ട്. മിശ്രവിവാഹിതരുടെ കുട്ടികൾക്ക് ജാതി സർട്ടിഫിക്കറ്റ് കിട്ടാൻ വിഷമം നേരിടുന്നുണ്ട്.

ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ നേടാനുള്ള പലതരം സർട്ടിഫിക്കറ്റുകൾ വാങ്ങേണ്ടതായിട്ടുണ്ട്. കൂലിവേല ചെയ്യുന്ന ഇവർ ഇതിന് വേണ്ടി പല ഓഫീസുകളിലും പലതവണ കയറിയിറങ്ങേണ്ടി വരുന്നു.

ഇന്ദിരാ ആവാസ്യോജനപോലെയുള്ള പദ്ധതികൾ തുകയുടെ അപര്യാപ്തതമൂലം മുഴുമിപ്പിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്.

പട്ടികജാതി വിഭാഗത്തിൽപെട്ടവർക്ക് സർക്കാർ ഐ.ആർ.ഡി.പി. പോലെയുള്ള പദ്ധതികളിലൂടെ സഹായധനം നൽകുന്നുണ്ടെങ്കിലും അവരുടെ സാഹചര്യത്തിന് യോജിക്കാത്തതിനാൽ ഗുണഫലം ലഭിക്കുന്നില്ല. ഉദാ:- 4 സെന്റ് തുണ്ടുഭൂമിയുള്ള ഇവർക്ക് പശുവിനെ വാങ്ങാൻ ലോൺ കൊടുക്കുക-വളർത്താൻ കഴിയുന്നില്ല. കൊല്ലം തോറും തെങ്ങിൻ തൈ കൊടുക്കുക, നടാൻ ഇടമില്ല.

സർക്കാറിന്റെ കണക്കിൽ ഇവരിന്ന് പലരും ദാരിദ്ര്യരേഖയ്ക്ക് മുകളിലാണ്. എന്നാൽ യാഥാർത്ഥ്യം മറ്റൊന്നാണ്. അവർക്ക് ഈ ആനുകൂല്യങ്ങളുടെ ഗുണഫലമൊന്നും കിട്ടുന്നില്ല.

## *സാധ്യതകൾ:- പരിഹാര നിർദ്ദേശങ്ങൾ*

1. കോളനികളിലെ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. അതായത് കുളിമുറി, കക്കൂസ്, വീട് തേക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഉള്ള സമ്പത്തിക സഹായം എന്നിവ ലഭ്യമാക്കുക.

2. കുടുംബ വരുമാനം വർദ്ധിപ്പിക്കാനും സ്വയം തൊഴിൽ കണ്ടെത്താനും പദ്ധതികൾ നടപ്പിലാക്കുക. തയ്യൽയന്ത്രം പോലെയുള്ള തൊഴിലുപകരണങ്ങൾ ലഭ്യമോക്കുക.

3. ഹൈസ്കൂൾ തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫർണിച്ചർ ലഭ്യമാക്കുക. സ്പെഷ്യൽ കോച്ചിംങ്ങ് ക്ലാസ്സുകൾ ഏർപ്പാടു ചെയ്യുക.

4. ആനുകൂല്യങ്ങൾ നേടാനുള്ള വിവിധതരം സർട്ടിഫിക്കറ്റുകൾപഞ്ചായത്ത്ഓഫീസിൽനിന്നു തന്നെ ലഭ്യമാക്കുക.

5. ഉയർന്ന കോളനി പ്രദേശങ്ങൾ തട്ടുകളാക്കി മണ്ണൊലിപ്പ് തടയുകയും ജലസംരംക്ഷണം

നടത്തുകയും ചെയ്യുക.

6. കോളനികളിലെ കിണറുകളുടെ അറ്റകുറ്റപ്പണി നടത്തുക, ആഴം കൂട്ടുക, പുതിയ കിണറുകൾ കുഴിക്കുക, സാധ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ്‌വെള്ളം ലഭ്യമാക്കുക.

7. പട്ടികജാതി കുടുംബങ്ങളിൽ അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനാവശ്യമായ സഹായം നൽകുക.

8. സായാഹ്ന ക്ലാസ്സുകളിൽ പഠിക്കുന്ന തൊഴിലാളികളായ പട്ടികജാതി പഠിതാക്കൾക്ക് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാക്കുക.

9. വൈദ്യുതീകരിക്കാത്ത വലിയകുണ്ട് കോളനി, നിർമിതി കോളനി, ചേലോറ ലക്ഷംവീട് കോളനി എന്നിവ ഉടനെ വൈദ്യുതീകരിക്കാനുള്ള നടപടി സ്വീകരിക്കുക.

10. രോഗ പീഡിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പതിനായിരം രൂപവരെയുള്ള ചികിത്സാസഹായം അനുവദിക്കുക.

11. ഈ വിഭാഗത്തിൽ പെട്ടവർക്ക് " റവന്യൂ കാർഡ്" സിസ്റ്റം ഏർപ്പെടുത്തിയാൽ സർട്ടിഫിക്കറ്റുകൾക്ക് വേണ്ടി അലയുന്നത് ഒഴിവാക്കാം.

12. ഐ.എ.വൈ, ജെ.ആർ.വൈ,പദ്ധതി പ്രകാരം നൽകിവരുന്ന ഗ്രാന്റ് തുക വർദ്ധിപ്പിക്കുക.

13. കോളനികളിലെ ആരോഗ്യകാര്യത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ കൂടുതൽ ശ്രദ്ധ പതിയേണ്ടതുണ്ട്.

*സോഷ്യലിസത്തിൻെറ അടിസ്ഥാനം സാമ്പത്തിക സമത്വമാണ്. ചുരുക്കം ചിലർ സമ്പത്തിൽ കൂത്താടുകയും ബഹുജനങ്ങൾ ആഹാരത്തിനുപോലും വകയില്ലാതെ വിഷമിക്കുകയും ചെയ്യുന്ന അന്യായമായ അസമത്വം അവസാനിപ്പിക്കണം*

*– ഗാന്ധിജി*

# 5–12 വിഭവസമാഹരണം

വികസന രംഗത്ത് പൊതുവെ പിന്നോക്കാവസ്ഥയിലുള്ള നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ സമഗ്രവികസനത്തിന് വിഭവങ്ങളുടെ ആസൂത്രിതമായ സമാഹരണവും, വിനിയോഗവും അത്യാവശ്യമാണ്. ഇതിന് പഞ്ചായത്തിൻെറ നിലവിലുള്ള ധനസ്ഥിതിയെപ്പറ്റിയും ലഭ്യമാക്കാവുന്ന മറ്റ് വിഭവസ്രോതസ്സുകളെ സംബന്ധിച്ചും വ്യക്തമായ ധാരണകൾ ഉണ്ടാവേണ്ടതാണ്.

പട്ടിക 1
വരവ് സംബന്ധിച്ച വിവരങ്ങൾ

| | ഇനം | 1990–91 | 1995–96 രൂ. |
|---|---|---|---|
| 1. | കെട്ടിട നികുതി | 155284 രൂ. | 292509 രൂ. |
| 2. | തൊഴിൽ നികുതി | 65111 | 142380 |
| 3. | വിനോദ നികുതി | 40783 | 41676 |
| 4. | അഡീ. വിനോദനികുതി | 24765 | 26125 |
| 5. | പ്രദർശന നികുതി | 1065 | 2906 |
| 6. | പ്രദർശന നികുതിയിന്മേൽ സർച്ചാർജ് | — | 726 |
| 7. | ലൈസൻസ് ഫീസ് | 8256 | 15063 |
| 8. | വസ്തുകൈമാറ്റ നികുതി 75% | 140433 | 258672 |
| 9. | വസ്തു കൈമാറ്റ നികുതി 25% | — | 400000 |
| 10. | ഗ്രാൻറ് ഒഴികെയുള്ള മറ്റ് വരവുകൾ | 237819 | 214477 |
| 11. | ഡപ്പോസിറ്റ് | 12575 | 15890 |
| 12. | മറ്റുള്ളവ | 483965 | 422769 |
| | ആകെ | 919662 | 1833196 |

**കെട്ടിട നികുതി :** പഞ്ചായത്തിൻെറ മുഖ്യ വരുമാന സ്രോതസ്സുകളിലൊന്ന് കെട്ടിട നികുതിയാണ്. നികുതി ചുമത്തലും, പിരിച്ചെടുക്കലും കൂടുതൽ ശാസ്ത്രീയമാക്കുകയും അഴിമതിരഹിതമാക്കുകയും ചെയ്താൽ ഈയിനത്തിൽ നിന്നുള്ള വരുമാനം ഇനിയും വർദ്ധിപ്പിക്കാൻ സാധിക്കും. ക്രമാനുഗതമായ വർദ്ധനവുണ്ട്.

**തൊഴിൽ നികുതി:** നമ്മുടെ പഞ്ചായത്തിൻെറ വ്യവസായ സ്ഥാപനങ്ങളും മറ്റ് തൊഴിൽ സ്ഥാപനങ്ങളും കുറവായതിനാൽ ഈയിനത്തിലുള്ള വരുമാനം പരിമിതമാണ്. മുഖ്യമായും വ്യാപാര സ്ഥാപനങ്ങളേയും, വിദ്യാലയങ്ങളേയും കേന്ദ്രീകരിച്ചാണ് ഇപ്പോൾ ഈ നികുതി പിരിക്കുന്നത്. വ്യാപാര സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽ നികുതി ശാസ്ത്രീയമാക്കിയാൽ ഈയിനത്തിൽ കുറച്ചുകൂടി വർദ്ധനവ് ഉണ്ടാകും.

**വിനോദ നികുതി:** നമ്മുടെ പഞ്ചായത്തിലുള്ള ഏക സിനിമാശാലയിൽ നിന്നുള്ള നികുതി മാത്രമാണ് ഈയിനത്തിൽ ലഭിക്കുന്ന വരുമാനം. കഴിഞ്ഞ കുറേ വർഷങ്ങളായി വിനോദ നികുതി ഇനത്തിൽ ആനുപാതിക വർദ്ധന കാണുന്നില്ല. (പട്ടിക 1 ശ്രദ്ധിക്കുക.) ശാസ്ത്രീയമായും, കാര്യക്ഷമമായും പിരിച്ചെടുത്താൽ പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

**മറ്റു വരുമാന മാർഗ്ഗങ്ങൾ:** കേന്ദ്ര സംസ്ഥാന സർക്കാറുകളിൽ നിന്ന്, വിവിധ പദ്ധതികളിലായി കാലാകാലങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ഗ്രാൻറുകളും, സ്റ്റാമ്പ് ഡ്യൂട്ടി, വാഹന നികുതി കോമ്പൻസേഷൻ തുടങ്ങിയ ഇനങ്ങളിലുള്ള വരുമാനമാണ് പഞ്ചായത്തിൻെറ മറ്റു മുഖ്യ വരുമാന മാർഗ്ഗങ്ങൾ.

**ചെലവിനങ്ങൾ:** പഞ്ചായത്ത് തനത് വരുമാനത്തിൻെറ സിംഹഭാഗവും, ഭരണച്ചെലവുകൾക്ക് നീക്കേണ്ടിവരുന്നു. ഓരോ വർഷവും ഇത് വർദ്ധിച്ചു വരികയാണ്. ജീവനക്കാരുടേയും, പുതിയ പഞ്ചായത്ത് രാജ് നിയമം വന്നതോടു കൂടി ഉണ്ടായ പഞ്ചായത്ത് ഭരണ സംവിധാനത്തിൻേറയും ചെലവ് വർദ്ധിച്ചത് ഇതിന് കാരണമാണ്. അതുപോലെ അടുത്ത പ്രധാന ചിലവിനം പൊതുമരാമത്താണ്. ഈ പ്രവർത്തനങ്ങൾ ഭൂരിഭാഗവും കോൺട്രാക്ട് രീതിയാലാണ് നടത്തുന്നത്. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നാമമാത്രമായ ജോലികളാണ് നടത്തിയിട്ടുള്ളത്. ചെലവു സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 2

ചെലവ് സംബന്ധിച്ച വിവരങ്ങൾ

| | ഇനം | 1990–91 | 1995–96 |
|---|---|---|---|
| 1. | ഭരണം | 279858 | 443150 |
| 2. | പൊതുമരാമത്ത് | 346590 | 411939 |
| 3. | വിദ്യാഭ്യാസം | 22946 | 40309 |
| 4. | ജലവിതരണം,ജനാരോഗ്യം | | 94702 |
| 5. | തെരുവു വിളക്കുകൾ കത്തിക്കുന്നത് | 37392 | 53292 |
| 6. | മറ്റുള്ളവ | 329549 | 670792 |
| | ആകെ | 1016235 | 1714285 |

## വിഭവ സ്രോതസ്സുകൾ

1. മനുഷ്യാദ്ധ്വാനം – മനുഷ്യാദ്ധ്വാനത്തെ ആസൂത്രിതമായ സന്നദ്ധ പ്രവർത്തനങ്ങളിലൂടെ പഞ്ചജായത്തിൻെറ സമഗ്രമായ വികതസനത്തിന് ഉപയോഗപ്പെടുത്താനുള്ള സാധ്യത വളരെ വലുതാണ്. ഇത് കാർഷിക, പൊതുമരാമത്ത് മേഖലകളിൽ പുതിയ ഉണർവ്വ് സൃഷ്ടിക്കും. കൂടാതെ സാക്ഷരതാ പ്രവർത്തനങ്ങൾ, പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ എന്നിവക്കും ഈ വിഭവം ഉപയോഗപ്പെടുത്താവുന്നതാണ്.

## ധനകാര്യ സ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിലെ ഓരോ റവന്യൂ വില്ലേജുകൾ പ്രവർത്തന പരിധിയായുള്ള രണ്ട് സർവ്വീസ് സഹകരണ ബാങ്കുകൾ പ്രവർത്തിക്കു

ന്നുണ്ട്. കൂടാതെ ചൊവ്വ കോ–ഓപ് റൂറൽ ബാങ്കി ൻെറ ഒരു ശാഖയും ദേശസാൽകൃ ബാങ്കായ സിണ്ടി ക്കേറ്റ് ബേങ്കിൻെറയും ഗ്രാമീൺ ബാങ്കിൻേറയും ഓ രോ ശാഖയും പ്രവർത്തിക്കുന്നു. സിണ്ടിക്കേറ്റ് ബാ ങ്കും ഗ്രാമീൺ ബാങ്കും സ്ഥിതി ചെയ്യുന്നത് നമ്മുടെ പഞ്ചായത്തിൽ അല്ലെങ്കിലും പ്രവർത്തന മേഖല ന മ്മുടെ പഞ്ചായത്താണ്,. ജനങ്ങളുടെ മുഴുവൻ സാമ്പ ത്തികാവശ്യങ്ങളും നിർവ്വഹിക്കാൻ മേൽ സ്ഥാപനങ്ങ ൾക്ക് സാധിക്കാതതത്തുകൊണ്ട് നാടൻ ഹുണ്ടിക വ്യാപാരികളും സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നു.

രണ്ട് സർവ്വീസ് ബേങ്കുകളിലെ നിക്ഷേപ വായപകളുടെ വിവരം ചുവടെ കൊടുക്കുന്നു.

നമ്മുടെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തി

| ബേങ്ക് | നിക്ഷേപം | വായ്പ |
|---|---|---|
| വലിയന്നൂർ സർവ്വീസ് സഹകരണബേങ്ക് | 1,78,35,036 | 1,62,33,957 |
| കാപ്പാട് സർവ്വീസ് സഹകരണബേങ്ക് | 73,26,083 | 73,01,559 |

ക്കുന്ന മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെ നിക്ഷേപങ്ങ ളുടേയും, വായ്പകളുടേയും വ്യക്തമായ കണക്കുകൾ ലഭ്യമല്ല. നമ്മുടെ പഞ്ചായത്തിലെ ധനമിടപാടുകൾ വലിയൊരു പങ്ക് മേൽ സ്ഥാപനങ്ങൾ നിർവ്വഹിക്കു ന്നുണ്ട്. സഹകരണ ബേങ്കുകളിലെ വായ്പകളുടെ സ്വഭാവം പരിശോധിച്ചാൽ വ്യാവസായിക മേഖല യിലും, കാർഷിക മേഖലയിലും ഉള്ള വായ്പയുടെ തോത് വളരെ കുറവാണ്.

ലഭ്യമായ വിവരങ്ങളനുസരിച്ച് ഏതാണ്ട് 1500 ഓളം ആളുകൾ വിദേശത്ത് ജോലിചെയ്യുന്നുണ്ട്. ഇവരിൽ വിരലിലെണ്ണാവുന്നവർ ഒഴിച്ച് ഗൾഫ് രാജ്യ ങ്ങളിലാണ്. 1970കളിലാണ് ഗൾഫ് കുടിയേറ്റം ആരം ഭിച്ചത്. വിദേശനാണയമായി വലിയൊരു സംഖ്യ നമ്മു ടെ നാട്ടിലേക്ക് ഒഴുകുന്നുണ്ടെങ്കിലും പ്രത്യുൽപാദ നപരമായ മേഖലകളിൽ ഇവരുടെ നിക്ഷേപം വളരെ കുറവാണ്. വലിയ ശതമാനം നിക്ഷേപം കെട്ടിട നിർമ്മാണ രംഗത്തും മറ്റു ആഡംബര വസ്തുക്കളുടെ ഉപയോഗത്തിനുമാണ് ചെലവഴിക്കപ്പെടുന്നത്. സമ്പാ ദ്യങ്ങളിൽ തന്നെ വലിയൊരു ഭാഗം വാണിജ്യ ബാങ്കു കളിലേക്കാണ് പോകുന്നത്. ഈ നിക്ഷേപം സഹ കരണ മേഖലയിലൂടെ സമാഹരിക്കാൻ കഴിഞ്ഞാൽ വായ്പയായി നമ്മുടെ പ്രദേശത്തു തന്നെ വിതരണം ചെയ്യാനും അതുവഴി കാർഷിക വ്യാവസായിക വിക സനത്തിന് ആക്കം കൂട്ടാനും സാധിക്കും. വാണിജ്യ ബേങ്കുകളുടെ നിക്ഷേപ വായ്പാ അനുപാതം നമ്മു ടെ സംസ്ഥാനത്ത് 30% ൽ ചുവടെയാണെന്ന വസ്തുത ഇവിടെ ഓർക്കേണ്ടതാണ്.

## പ്രധാന പ്രശ്നങ്ങൾ

1. പഞ്ചായത്തിൻെറ തനതു വരുമാന സാധ്യതകൾ. ഉദാ: കെട്ടിട നികുതി, വിനോദ നികുതി പൂർണ്ണ മായി ഉപയോഗപ്പെടുത്തിയിട്ടില്ല.
2. വരുമാനത്തിന് ആനുപാതികമല്ലാത്ത ഭരണച്ചെലവ്.
3. നിർമ്മാണ മേഖലയിലെ നിക്ഷേപത്തിൽ വലിയൊ രു ശതമാനം കോൺട്രാക്ടർമാരുടേയും ഇടത്തട്ടുകാ രുടേയും കൈകളിലെത്തുന്നു. നിർമ്മാണപ്രവർത്തന ങ്ങൾ ഏറ്റെടുത്തു നടത്തുന്നതിൽ ജനങ്ങൾക്കു വിമു ഖത.
4. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് പ്രത്യേകിച്ച് സർവ്വീസ് സഹകരണ ബേങ്കുകളിൽ നിന്ന് വായ്പ ലഭിക്കുന്നതിനുള്ള കാലതാമസവും, നടപടിക്രമങ്ങളി ലുള്ള സങ്കീർണ്ണതയും.
5. വിവധ ബേങ്കുകൾ നൽകുന്ന വായ്പകൾ നിർദ്ദിഷ്ട മേഖലയിൽ ഉപയോഗിക്കപ്പെടാതെ മറ്റ് താൽക്കാലിക സാമ്പത്തികാവശ്യങ്ങൾ നിർവഹിക്കാൻ വിനിയോഗി ക്കപ്പെടുന്നു.
6. വിദേശങ്ങളിൽ ജോലി ചെയ്യുന്നവരിലൂടെ എത്തു ന്ന പണം ശരിയായ രീതിയിൽ സമാഹരിക്കുന്നതിനും വിനിയോഗിക്കുന്നതിനും സാധിക്കുന്നില്ല.
7. വികസനമെന്നാൽ കേവലം റോഡുകളും പാലങ്ങ ളും നിർമ്മിക്കലാണ് എന്ന ജനങ്ങളുടെ പോതുവായ സങ്കല്പം.
8. കിട്ടാവുന്ന മനുഷ്യാധ്വാനം മറ്റുമേഖലയിലേക്ക് പ്രത്യേകിച്ച് കാർഷിക മേഖലയിലേക്ക് വിനിയോഗി ക്കാൻ കഴിഞ്ഞിട്ടില്ല.

## സാധ്യതകളും നിർദ്ദേശങ്ങളും.

1. കെട്ടിട നികുതി നിർണ്ണയിക്കുന്നതിനും പുനപരി ശോധിക്കുന്നതിനുമുള്ള അധികാരം പൂർണ്ണമായും പഞ്ചായത്ത് ഭരണസമിതിയിൽ നിക്ഷിപ്തമാക്കുക.
2. സിനിമാശാലയിൽ നിന്നുള്ള വിനോദനികുതി പി രിവ് കാര്യക്ഷമമാക്കുക.
3. ചെറുകിട നിർമ്മാണ പ്രവർത്തനങ്ങൾ പൂർണ്ണ മായും പ്രാദേശിക വികസന സമിതികളെ ഏല്പിക്കുക.
4. പഞ്ചായത്തിൻെറ വാരം ബസാറിലുള്ള മത്സ്യമാ

ർക്കറ്റ് വിപുലീകരിച്ച് ഷോപ്പിംഗ് കോംപ്ലക്സ് പണിയുക.

5. പഞ്ചായത്തിൻെറ പ്രധാന ബസാറുകളിലുള്ള റവന്യൂ പുറമ്പോക്കുകൾ പതിച്ചുവാങ്ങി ഷോപ്പിംഗ് കോംപ്ലക്സ് പണിയുക.

6. വാരം, വലിയന്നൂർ ബസാറുകളിൽ ടാക്സി സ്റ്റാൻറുകൾ നിർമ്മിക്കാനുള്ള സാദ്ധ്യത പരിശോധിക്കുക.

7. വട്ടപ്പൊയിലുള്ള മുനിസിപ്പൽ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ നിക്ഷേപിക്കുന്ന വസ്തുക്കൾ, ശേഖരിക്കുന്ന സ്ഥലത്തു വെച്ചു തന്നെ ജൈവ-അജൈവ വസ്തുക്കളായി തരം തിരിച്ച് ജൈവ വസ്തുക്കൾ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ സംസ്കരിച്ച് ജൈവവളമാക്കി മാറ്റുക.

8. നിർമ്മാണ പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പരമാവധി മനുഷ്യാധ്വാനം സമാഹരിക്കുക

9. ലിക്വിഡേഷനിലുള്ള വലിയന്നൂർ എണ്ണയാട്ട് സഹകരണ സംഘത്തിൻെറ ഭൂമി പതിച്ചുവാങ്ങുക.

10. വിവാഹ റജിസ്ട്രേഷന് ഫീസ് ഈടാക്കുക. - എല്ലാ വിവാഹങ്ങളും പഞ്ചായത്തിൽ റജിസ്റ്റർ ചെയ്യുന്നത് നിർബന്ധമാക്കുക.

11. കെട്ടിട നിർമ്മാണ നിയമം നടപ്പിലാക്കുക.

12. ആർഭാടത്തോടെയുള്ള കെട്ടിടങ്ങൾക്ക് സർചാർജ് ഏർപ്പെടുത്തുക.

# 6. ഉപസംഹാരം

രാഷ്ട്രത്തിന്റെ വികസന ചരിത്രത്തിലും നമ്മുടെ വികസന സംസ്കാരത്തിലും നിർണ്ണായകമായ വഴിത്തിരിവ് സൃഷ്ടിച്ചുകൊണ്ട് ജനകീയാസൂത്രണ പ്രസ്ഥാനം അതിന്റെ ലക്ഷ്യത്തിലേക്ക് മുന്നേറുകയാണ്. ധീരവും നൂതനവുമായ ഈ മഹാസംരംഭത്തിന്റെ രണ്ടാംഘട്ടത്തിലെ സിരാകേന്ദ്രമാണ് പഞ്ചായത്ത് വികസന സെമിനാർ.

1997 ഏപ്രിൽ 1 ന് ഇന്ത്യ 9-ാം പദ്ധതിയിലേക്ക് പ്രവേശിക്കുകയാണ്. കഴിഞ്ഞ 8 പദ്ധതികളുടെ നേട്ടങ്ങൾ പരിരക്ഷിക്കുകയും കോട്ടങ്ങൾ പരിഹരിക്കുകയും ചെയ്യുന്നതോടൊപ്പം 21-ാം നൂറ്റാണ്ടിലേക്ക് ഇന്ത്യയെ കൈപിടിച്ചുയർത്തുകയും ചെയ്യുന്ന വർഷങ്ങളായിരിക്കണം ഈ പദ്ധതി കാലയളവ്. ലക്ഷ്യപ്രാപ്തിക്ക് അടിത്തട്ടിൽനിന്നുള്ള ആസൂത്രണവും ജനപങ്കാളിത്തത്തോടുകൂടിയ നിർവ്വഹണവും അനിവാര്യമാണ്. കേന്ദ്രീകൃതവും ഉദ്യോഗസ്ഥ മേധാവിത്വപരവുമായിരുന്ന ആസൂത്രണത്തിന്റെ നിഗൂഢത ഇല്ലാതാകുക തന്നെ വേണം. ജനകീയാസൂത്രണത്തിന്റെ പ്രസക്തി ഇവിടെയാണ്.

ജനകീയാസൂത്രണ പ്രസ്ഥാനം നമ്മുടെ ഗ്രാമീണ ജനതയിൽ ആശയും ആവേശവും ആത്മവിശ്വാസവും വളർത്തിക്കഴിഞ്ഞിരിക്കുന്നു. പുനരർപ്പണ ദിനത്തിൽ വാർഡുകളിൽ ജനകീയ പങ്കാളിത്തത്തോടെ ഏറ്റെടുത്ത് തുടക്കം കുറിച്ച നിർമ്മാണ പ്രവർത്തനങ്ങളുടെ തിരഞ്ഞെടുപ്പിലും അവയുടെ ഉൽഘാടന പരിപാടികളിലും ഈ നവോൻമേഷം പ്രകടമാവുകയുണ്ടായി. കഴിഞ്ഞ ഒരു വർഷക്കാലത്ത് നമ്മുടെ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ജനങ്ങൾ സ്വയം ഏറ്റെടുത്ത് നടത്തിയ ഒട്ടേറെ നിർമ്മാണ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തിന്റെ കരുത്ത് തെളിയിച്ചിട്ടുണ്ട്.

9-ാം പദ്ധതിയുടെ മൊത്തം അടങ്കലിൽ 35-40% തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി വിനിയോഗിക്കപ്പെടുകയാണ്. പഞ്ചായത്തിന്റെ ഭൂപ്രകൃതിയും, വിഭവങ്ങളും, സാദ്ധ്യതകളും ജനങ്ങളുടെ ആവശ്യങ്ങളും കണക്കിലെടുത്ത് വിവിധ മേഖലകളുടെ പരസ്പര ബന്ധം മനസ്സിലാക്കി സംയോജിത വികസന പരിപാടികൾ അടിത്തട്ടിൽ നിന്ന് ആസൂത്രണം ചെയ്യാൻ നമുക്ക് കഴിയണം. കാർഷിക വ്യാവസായിക മേഖലകളുടെ വളർച്ചയും തൊഴിലില്ലായ്മയുടെ പരിഹാരവും സ്ഥായിയായ ജീവിത പുരോഗതിയും നമ്മുടെ ലക്ഷ്യങ്ങളാവണം. പ്രാദേശിക വിഭവ സമാഹരണം വഴി ഉന്നംവെച്ചതിലേറെ നേടാനും നമുക്ക് കഴിയണം. ഇതിനാവശ്യമായ പദ്ധതികൾക്ക് കർമ്മ സമിതികൾ രൂപംകൊടുക്കുന്നതും ഈ രേഖയെ ആസ്പദമാക്കി വികസന സെമിനാറിൽ നടക്കുന്ന ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കണം.

ഈ വികസനരേഖക്ക് പരിമിതികൾ ഏറെയുണ്ട്. ശാസ്ത്രീയമായ സാമൂഹിക സാമ്പത്തിക സർവ്വെ നടന്നിട്ടില്ലാത്തതിനാൽ സ്ഥിതി വിവരക്കണക്കുകൾ പലതും ദ്വിതീയ വിവരശേഖരണവേളയിൽ ലഭിച്ചവയാണ്. അതുതന്നെയും പൂർണ്ണമല്ല. എങ്കിലും ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ട ആവശ്യങ്ങളും പ്രശ്നങ്ങളും നിർദ്ദേശിക്കപ്പെട്ട സാദ്ധ്യതകളും ക്രോഡീകരിക്കാനുള്ള ആത്മാർത്ഥമായ ശ്രമം നടത്തിയിട്ടുണ്ട്. ഇത് തയ്യാറാക്കാൻ അർപ്പണ ബുദ്ധിയോടെ പ്രവർത്തിക്കുകയും ആവശ്യമായ സഹായസഹകരണങ്ങൾ നൽകുകയും ചെയ്ത വികസന തൽപ്പരരായ എല്ലാവരോടും കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് വിശദമായ ചർച്ചകളിലൂടെ ജനകീയാസൂത്രണ പ്രക്രിയക്ക് ആക്കംകൂട്ടാൻ ഈ രേഖ പരമാവധി പ്രയോജനപ്പെടുത്തണമെന്ന അഭ്യർത്ഥനയോടെ പഞ്ചായത്ത് വികസന സെമിനാറിന് മുമ്പാകെ ഈ വികസന രേഖ നിറഞ്ഞ പ്രതീക്ഷകളോടെ സമർപ്പിക്കുന്നു.

ഭരണസമിതിക്കുവേണ്ടി,

**സി. ചന്ദ്രൻ മാസ്റ്റർ**

പ്രസിഡണ്ട്

996 നവംബർ 16 ന് ചേർന്ന ചേലോറ ഗ്രാമ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച്
ശ്രീ പ്രിൻറേർസ്, ചൊവ്വയിൽ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുന്നത്.

## ജില്ലാതല പരിശീലകർ

1. പി. നാരായണൻ മാസ്റ്റർ
2. പി. കുഞ്ഞിക്കണ്ണൻ മാസ്റ്റർ
3. കെ. പവിത്രൻ
4. ടി. ഗിരീശൻ മാസ്റ്റർ
5. എ. പി. എം. ഫൽഗുനൻ
6. കെ. കെ. ലക്ഷ്മണൻ
7. വി. വി. ചന്തുക്കുട്ടി മാസ്റ്റർ
8. കെ. ബൈജു
9. ആർ. കെ. സുമ
10. എ. നളിനി

## പ്രാദേശിക പരിശീലകർ

1. ടി.രാഘവൻ മാസ്റ്റർ
2. കെ. വി. നാരായണൻ
3. എ. പങ്കജാക്ഷൻ
4. എം. പി. കരുണാകരൻ
5. പി. ഗോപാലൻ മാസ്റ്റർ
6. എ.രാഘവൻ
7. പി. പി. കുഞ്ഞിരാമൻ മാസ്റ്റർ
8. കെ. പവിത്രൻ മാസ്റ്റർ
9. എം. ഒ. സുരേഷ്ബാബു
10. എം. സുനിൽ കുമാർ
11. കെ.അനിത
12. കെ. കുഞ്ഞഹമ്മദ് മാസ്റ്റർ
13. കെ. പി.പ്രശാന്തൻ
14. സജിത്ത് കെ. പി.
15. എം. ശ്രീജിത്ത് കുമാർ
16. എ. കമാൽ
17. കെ. ബാലകൃഷ്ണപിള്ള മാസ്റ്റർ
18. മുനാസ് കെ. പി.
19. എം. അഷ്റഫ്
20. ടി. കെ. കരിം
21. എം. പി. മോഹനൻ മാസ്റ്റർ
22. ഒ. സന്തോഷ്കുമാർ
23. തൈക്കണ്ടി ചന്ദ്രൻ
24. പി. കെ. സുദീപ്
25. ടി. എം. ഫൽഗുനൻ
26. കെ.കെ. ഉദയഭാനു
27. ടി. എൻ. കൃഷ്ണൻകുട്ടി മാസ്റ്റർ
28. കെ. പി. മുരളീധരൻ
29. എം. വി. പ്രേമരാജൻ
30. എം. എൻ. ജനാർദ്ദനൻ
31. കെ. ജനാർദ്ദനൻ
32. വി. കെ. പത്മിനി
33. പി. കെ. ശോഭന
34. എം. കെ. ബേബി രമ
35. എ. ഹരീശൻ
36. ടി. സി. മനോജ്
37. കെ. പത്മിനി
38. വി. വി. കരുണാകരൻ
39. പി. കെ. പ്രമോദ് കുമാർ
40. സി.കെ. സുജിത്ത്
41. കെ. വി. സുരേഷ്ബാബു
42. ടി.കെ. ശശികുമാർ
43. പി. അനിൽകുമാർ

## വികസന രേഖ തയ്യാറാക്കുന്നതിൽ നേതൃത്വം നൽകിയവർ

ശ്രീ. പി. നാരായണൻ മാസ്റ്റർ (കൺവീനർ)
പി. കുഞ്ഞിക്കണ്ണൻ മാസ്റ്റർ
കെ. പവിത്രൻ
ടി. ഗിരീശൻ മാസ്റ്റർ
എ.പി.എം. ഫൽഗുനൻ
കെ.കെ. ലക്ഷ്മണൻ
വി.വി. ചന്തുക്കുട്ടി മാസ്റ്റർ
ബൈജു.കെ.
ആർ.കെ. സുമ
എ. നളിനി
ടി. രാഘവൻ മാസ്റ്റർ
കെ.വി. നാരായണൻ
എ. പങ്കജാക്ഷൻ
എം.പി. കരുണാകരൻ
കെ. പവിത്രൻമാസ്റ്റർ
കെ. അനിത
എം.സുനിൽ കുമാർ
ഡോ: സി.കെ. ഖലീൽ (വെറ്റിനറി സർജൻ)
എ. സാവിത്രി (കൃഷി ഓഫീസർ)
ഡോ: രാജീവ്. ആർ. (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.)

# അധികാരം ജനങ്ങളിലേക്ക്
# ഒൻപതാം പദ്ധതി ജനകീയ പദ്ധതി

ആസൂത്രണം അടിത്തട്ടിൽ നിന്ന് മുകളിലോട്ട്

ആസൂത്രണത്തിലും നിർവ്വഹണത്തിലും വിപുലമായ ജന പങ്കാളിത്തം

ഭിന്നതകൾ മറന്ന് ജനലക്ഷങ്ങൾ ഒരുമയോടെ കർമ്മരംഗത്തേക്ക്

ജനപ്രതിനിധികളും വിദഗ്ധരും ഉദ്യോഗസ്ഥരും അണിചേരുന്നു

വികസനാവശ്യങ്ങൾ പദ്ധതികളാക്കാൻ കർമ്മസമിതികൾ

പ്രാദേശിക വിഭവ സമാഹരണം വഴി പുതിയ ദിശാബോധം

അഴിമതിരഹിതവും കാര്യക്ഷമവുമായ പദ്ധതി നിർവ്വഹണം

## ചേലോറ ഗ്രാമ പഞ്ചായത്ത്
## വികസനരേഖ - 1996

SREE PRINTERS,CHOVVA, KANNUR-6